# എന്ത് ചെയ്യണം

# എവിടെ തുടങ്ങണം



**അലി ശരിഅത്തി**

# എന്ത് ചെയ്യണം

# എവിടെ തുടങ്ങണം


**അലി ശരിഅത്തി**

വിവർത്തനം

**എ.കെ അബ്ദുൽ മജീദ്**



ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്

അരീക്കോട് - 673 639

malayalam title
enthu cheyyanam, evide thudanganam
original title in persian
cheh bayed kerd, az kuja agaz kuneem
(what is to be done, where shall we begin)
author
ali shariati
translated by
a.k. abdul majeed
published by
islamic foundation press
paost box 508, areekode-673639
malapuram dist. kerala india
printed at
premier offset prints, calicut
type setting amanath d t p.
edition
december 1991
price Rs. 23/-
all rights reserved

---

22(i) M-2000/1412/1991

# <u>ഉള്ളടക്കം</u>


| | | |
|---|---|---|
| 1. | പ്രസാധകക്കുറിപ്പ് | 9 |
| 2. | എന്ത് ചെയ്യണം | 11 |
| 3. | കുറിപ്പുകൾ | 53 |
| 4. | എവിടെ തുടങ്ങണം | 59 |
| 5. | കുറിപ്പുകൾ | 89 |

# പ്രസാധകക്കുറിപ്പ്

ഇറാൻ വിപ്ലവത്തിന്റെ ധൈഷണികവും പ്രത്യായശാസ്തരപരവുമായ അടിത്തറ പണിത അലിശരിഅത്തി സമരോൽസുകവും പരിവർത്തന പ്രവണവുമായ വർത്തമാനകാല മുസ്ലിം മുസ് ലിം ലോകത്തിന്റെ ഉജ്ജ്വല പ്രതീകവും ആധുനിക ഇസ് ലാമിക ചിന്തക രിൽ നിസ്തുലനായ ഒരാഗോള വ്യക്തിത്വവുമാണ്. ശരിഅത്തി ചിന്തകൾ ഇന്ന് ലോക വ്യാപകമായി പ്രചരിക്കുകയും വായിക്കുകയുംസംവാദവിഷയമാവുകയും ചെയ്യുന്നു. ഇന്ന് കേരളത്തിലും ശരിഅത്തി ഏറെ പ്രിയത്തോടും താൽപര്യത്തോടം കൂടി വായിക്ക പ്പെടുന്നതിന്റെ തെളിവാണ് ' ഇസ് ലാമിക് ഫൗണ്ടേഷൻ പ്രസ്' ഇന്ന് കേളത്തിൽ മൊഴിമാര്റി പ്രസിദ്ധ പ്പെടുത്തിയ ്ദ്ധേഹത്തിന്റെ അഞ്ച് പുസ്തകങ്ങൾക്ക് അനുവാച കരിൽ നിന്നുണ്ടാ സ്വീകരണം. ' എന്ത് ചെയ്യണം, എവിടെ തുടങ്ങണം' എന്ന ഈപു സ്തകം ആറാമത്തേതാണ്.

അമേരിക്കയിലെ 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസ്ര്ച്ച് ആന്റ് ഇസ് ലാമിക സ്റ്റഡീസ്' പ്രസിദ്ധീ കരിച്ചതും ശരിഅത്തിയുടെ മൂന്ന് പ്രഭാഷണങ്ങൾക്കൊള്ളുന്നതുമായ ' വാട്ടിസ് റ്റുബി ഡൺ' എന്ന പുസ്തകത്തിൽ നിന്നുള്ള രണ്ട് പ്രഭാഷണങ്ങളാണ് ഇതിലുള്ളത്. ശരി അത്തി 1970 കളിൽ ചെയ്ത് പ്രഭാഷണങ്ങളാണിവ. ഇറന്ൽ അമേരിക്കൻ സാമ്രാജ്യത്വ ത്തിന്റ പാവയായ റിസാഷാ പഹ്ലവിയുടെ രാജവ്യാഴ്ചയും അത്ടിച്ചേൽപ്പിച്ച പാശ്ചാ ത്യൻ സാംസ്കാരിക മേധാവിത്വവും നിലനിന്നിരുന്ന ൊരു പ്രതിലോമ സാഹചര്യമാണ് അന്നുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അവിടെ നിലനിൽക്കുന്നത് ശരിഅത്തി ആഗ്ര ഹിച്ചതും ദർശിച്ചതുമായ സാഹചര്യമാണ്. ഈ പ്രസംഗത്തിന്റെ ഉള്ളടക്കം പ്രസംഗിച്ച സാഹചര്യമല്ല , ഇത് പ്രസിദ്ധീകരിക്കുമ്പോൾ ശരിഅത്തി ജീവിച്ചതും പ്രവർത്തിച്ചതു മായ രാജ്യത്തുള്ളത്. മറിച്ച അദ്ധേഹത്തിന്റെ ആഗ്പഹവും ദർശനവും സാക്ഷാൽകൃത മായ സാഹചര്യമാണ് എന്നർത്ഥം.

ഇതിലെ ആദ്യ പ്രഭാഷമത്തിൽ ആരാണ് ബുദ്ധിജീവിയെന്നും എന്താണ് സമൂഹത്തിൽ അയാൾക്ക് നിർവഹിക്കാനുള്ളതെന്നും വിവരിക്കുകയാണ് ശരിഅത്തിചെയ്യുന്നത്. സമൂഹത്തിന്ന് മാർഗദർശനം നൽകിസാവാതന്ത്ര്യത്തിലേക്കും പുരോഗതിയിലേക്കും വളർച്ചയിലേക്കും അതിനെ നയിക്കേണ്ട് പ്രബുദ്ധനായ ബുദ്ധിജൂവി ശരി്ത്തിയുടെ ദൃഷ്ടിയിൽ പൂർവകാലങ്ങളിൽ പ്രവാചകൻമർ നിർവഹിച്ച അതേ പങ്ക് നിർവഹിക്കേണ്ട വനാണ്. ബുദ്ധിജൂവി വിബാഗത്തെ ശരിഅത്തി രണ്ടായി വിലയിരുത്തുന്നു. : ഒന്ന് കേവല ബുദ്ധിജീവികൾ , രണ്ട് പ്രബുദ്ധചിന്തകർ. ആദ്യകൂട്ടർ തങ്ങളുടെ താത്വികമോ പ്രായോഗികമോ ആയ വിദ്യ പ്രയോഗിക്കുകയെന്ന ബുദ്ധികൊണ്ടുള്ള പ്രവൃത്തി മാത്രം ചെയ്യുന്നു. രണ്ടാം വിബാഗം സാമൂഹ്യോത്തരവാദിത്വമുള്ളവരാണ്. അവര് പ്രാവച കൻമാരെപ്പോലെ പ്രവർത്തിക്കുന്നു.. 'എവിടെ തുടങ്ങണം' എന്ന രണ്ടാം പ്രഭഷണ ത്തിൽ ഈ രണ്ടാം ഭാഗത്തിന്റെ സവിശേഷതകളാണ് വിഷയം.

ശരിഅത്തിയുടെ ഈ വിശിഷ്ട കൃതി മലയാളികൾക്ക് നൽകാൻ കഴിഞ്ഞതിൽ ചാരി താർത്ഥ്യമുണ്ട്. അല്ലാഹുവിന് സ്തുതി! വിവ്ര്ത്തകന് നന്ദി!

**ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്**

**അരിക്കോട്**

ഒന്ന്

# എന്ത് ചെയ്യണം

(ഹുസൈനിയാ ഇർശാദിൽ ചെയ്ത പ്രസംഗം)

ചിന്തയുടെയും സംസ്കാരത്തിന്റെയും ചരിത്രം മനസ്സിലാക്കുകയും ആധുനിക നാഗരി തകളിൽ കാണപ്പെടുന്ന മതങ്ങളെക്കുറിച്ച് പഠിക്കുകയും അതോടൊപ്പം വർത്തമാനകാല പരിചയം സ്വായത്തമാക്കുകയും ചെയ്തിട്ടുള്ളവർക്ക് സമകാലീന മനുഷ്യന്റെ ാത്മി യവും ബുദ്ധിപരവുമായദിശ എങ്ങോട്ടാണെന്നറിയാം. യൂറോപ്യൻമാരല്ലാത്ത, പൗര സ്ത്യരായ, വിശിഷ്യാ മിസ്‌ലിം രാജ്യക്കാരായ പ്രബുദ്ധതയും പ്രതിബദ്ധതയുമുള്ള വ്യക്തികൾ നിരീക്ഷിക്കുകയും തിരിച്ചറിയുകയും ചെയ്തിട്ടുള്ള ഒരു വസ്തുതയുണ്ട്. ആധുനിക ചൂഷണവ്യവസ്ഥയും സമ്പദ്‌വ്യവസ്ഥയെ പുജനീയമായി ഗണിക്കുന്ന ഘട നയും ലോകത്തെങ്ങുമുള്ള രാഷ്ട്രങ്ങളെ ചരക്കുകളും ഉുൽപന്നങ്ങളും വിറ്റയിക്കാ നുള്ള വിപണിയാക്കി മാറ്റുന്നതിന് കഴിയാവുയന്ന മുഴുവ്ൻ തന്ത്രങ്ങളും മനുഷ്യത്വഹീ നമായ പദ്ധതികളും ഉപയോഗിക്കുന്നു എന്ന കാര്യം. ' ഭൗതികവാപരമായ' പ്രചോദ നവും 'ഉപഭോഗസംസ്കാരദർശന'വുമാണ് യഥാക്രമം ന്ലവിലുള്ള സാമ്പത്തിക വ്യവ സ്ഥിതിയുടെ 'മത'വും 'സദാചാരക്രമ'വും. ശാസ്തരം, ദർശനം, സാങ്കേതിക വിദ്യ, കല,സാഹിത്യം, സാമൂഹ്യശാസ്തരം, ചരിത്രം,മനശ്ശാസ്തരം എന്നിവയെല്ലാം അതിന്റെ ആയുധങ്ങാണ്. എല്ലാവിധ രാഷ്ട്രീയായുധങ്ങളും യുദ്ധവും സമാധാനവുമുണ്ടാക്കാ നുള്ള മാർഗ്ഗങ്ങളും ്തുപയോഗിക്കുന്നു. പ്രസ്തുത ലക്ഷ്യം സാധിക്കണമെങ്കിൽ മുഴുവ്ൻ മനുഷ്യരും " ഉപഭോഗമൃഗങ്ങളാ"വുകയും രാഷ്ട്രങ്ങൾ അവയുടെ യാഥാർത്ഥ്യങ്ങളിൽ നിന്ന് ഉരിഞ്ഞ്മാറ്റപ്പെയുകയുംവേണം; സ്വന്തം വ്യക്തിത്വത്തെയും സ്വാതന്ത്ര്യത്തെയും രൂപപ്പെടുത്തുന്ന സവിശഷതകൾ അവർനഷ്ടപ്പെടുത്തണം; സർവോപരി മനുഷ്യരെല്ലാവരും ഒരേ മൂശയിൽ വ്ാർക്കപ്പെട്ടവരും അടിച്ചേൽപ്പിക്കപ്പെട്ട ഒരു മാതൃകയിൽ രൂപം കൊണ്ടവരുമാവണം. അങ്ങിനെയാവുമ്പോൾ പാശ്ചാത്യരെന്നോ പൗരസ്തര്യരെന്നോ മുസ്‌ലിങ്ങളെന്നോ ബൗദ്ധരെന്നോ ആപ്രക്കക്കാരെന്നോ ലാറ്റില്ന മേരിക്കൻ ക്രൈസ്തവരെന്നോവ്യത്യാസമന്യേ മനുഷ്യരൊന്നടങ്കം 'ലോകസാ മ്രാജ്യ'ത്തന്റെ ഉൽപാദനയന്ത്രത്തെ ആശ്രയിക്കുന്ന അടിമകളായിത്തിരും. മനു ഷ്യർക്കെല്ലാം ഒരേ ആകൃതി, ഒരേ ആത്മാവ്, തുല്യആവശ്യങ്ങൾ, അന്യോന്യസാദൃശ മായ ജീവിതരീതി, ഒരേ തരം ചിന്തയും ഭാവനയും-എങ്കിലേ അവർ ഖാറുനിയൻ ലോക ക്രമത്തിന്റെ 'തുല്യ'ഉപഭോക്താക്കളായിത്തിരുകയുള്ളു. ഭുമിലെ എല്ലാ ഗോപുരങ്ങളും നിലം പതിക്കുകയും എല്ലാ കോട്ടകളും തകർന്ന് വീഴുകയും, ചുരുക്കത്തിൽ പടിഞ്ഞാ റിന്റെ കൊള്ളയെ തടുക്കുന്ന വേലിക്കെട്ടകളെല്ലാം എടുത്തുമാറ്റപ്പെടുകയും വേണം.; ൊരു സമൂഹത്തിന് ഉന്നതമായ സ്വഭാവവിശേഷണങ്ങളും സുദൃഢമായ സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്നതും സ്വന്തം മൂല്യങ്ങളെ സംരക്ഷിച്ചു നിർത്തുവാനും ഇന്നത്തെ "പരി ഷ്കരിച്ച കാട്ടാളത്ത"ത്തിൻരെ ആക്രമണങ്ങളെ ചെറുക്കുവാനും അതിനെ സജ്ജമാക്കു ന്നതുമായ എല്ലാ ഘടകങ്ങെയും നശിപ്പിക്കുകയോ വികലപ്പെടുത്തുകയോ ചെയ്യണം.

ഒരു സമൂഹത്തിന് 'സാമ്പത്തികോൽപ്പാദനശേഷി" ഇല്ലാതാവുകയും പരിപൂർണ്ണമായും അത് മറ്റുള്ളവരുടെ ഭൗതികോൽപ്പന്നങ്ങളുടെ സ്ഥിരം ഉപപോക്താവായിത്തീരുകയും ചെയ്യണമെങ്കിൽ നേരത്തെ അതിന്റെ ബുദ്ധിപരമായ ഉൽപ്പാദനക്ഷമത നശിച്ചിരിക്കണം എന്ന് ചരിത്രപരവും ശാസ്ത്രീയപരവും സാമൂഹ്യശാസ്ത്രപരവുമായഅനുഭവങ്ങൾ സാമ്രാജ്യത്വവാദികളെ പഠിപ്പിച്ചിട്ടുണ്ട്. സ്വന്തം 'ബുദ്ധിപരമായ ഉൽപ്പാദനക്ഷമത' ആ സമൂഹം നിലപ്പിക്കണം. എന്നിട്ട് പൂർണ്ണമായും അതരൻമാരുടെ 'ബുദ്ധിപരമായ ഉൽപ്പ

ന്നങ്ങളുടെ' മൊത്തം ഉപപോക്താക്കളായിത്തീരണം. ഒടുവിൽ ശത്രുവുമായുള്ളഅഭിമുഖീകരണത്തിൽ അതിന്റെ മാനുഷികസ്വാതന്ത്ര്യം മുഴുവനായും അതിന് വിനഷ്ടമാവും. മതമാണ് ഇതരൻമാരുമായുള്ള പോരാട്ടത്തിൽ സമൂഹങ്ങൾക്ക് സവിശേഷമായ സ്വത്ത ബോധവും സ്വാസ്രയത്വവും വിശ്വാസവും സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്ന ഏറ്റവും ശക്തമായ ഘടകമെന്ന് ചരിത്രാനുഭവത്തിൽ നിന്ന് സാമ്രാജ്യത്വശക്തികൾ മനസ്സിലാക്കിയിട്ടുണ്ട്.

അന്യനാടുകളിലേക്കുള്ള രാഷ്ട്രീയ-സാംസ്ക്കാരിക അധിനിവേശത്തിനു മുമ്പിലെ പ്രധാന പ്രതിബന്ധം മതമാണെന്ന്, തങ്ങളുടെ ആഗോള ആക്രമണങ്ങൾക്കിടക്ക് സാമ്രാജ്യത്വശക്തികൾ പഠിച്ചു. വിശിഷ്യാ അപ്രാജീനമതമാതൃകകൾ നിലനിൽക്കുന്ന രാജ്യങ്ങളിൽ 'സാംസ്കാരിക യാഥാർത്ഥ്യവും'' '' ചരിത്രപരമായസവിശേഷതകളും'' ''സുശക്തമായ പാരമ്പര്യ അടി സ്ഥാനങ്ങളു''മാണ് സമൂഹത്തെ പുത്തൻ ഉപഭോഗ വിപണിയായി അനാ യാസം രൂപാന്തരപ്പെടുത്തുന്നതിനെതിരെയുള്ള പോരാട്ടത്തിന് കൂടുതൽ ഊർജ്ജവും പോഷകവും നൽകുന്നത് എന്നും അവർ ഗ്രഹിച്ചിട്ടുണ്ട്. പടിഞ്ഞാറൻ ഉൽപ്പന്നങ്ങളെ മാത്രം ആശ്രയിക്കുന്ന ആർത്തിപൂണ്ട വായകളുമായി നിൽക്കുകമാത്രം കർത്തവ്യമായുള്ള നിസ്സഹായജീവികളായി മാറുന്നതിൽ നിന്ന് ജനങ്ങളെ തടയുകയും ''പൊള്ളയായ ഉപഭോക്തൃനാഗരികത'' ''പൊതുവായ ലോകചൈതന്യത്തിൻരെ നിർമ്മാണം'' ''എല്ലാമനുഷ്യർക്കും ഒരേ നിലപാട് '' എന്നിങ്ങനെയുള്ള രോഗങ്ങളുടെ വ്യാപനം തടഞ്ഞ് നിർത്തുകയും ചെയ്യുന്നതും മേൽപറഞ്ഞ ഘടകങ്ങൾ തന്നെ.

നമുക്കറിയാവുന്നപോലെ, രാഷ്ട്രങ്ങളുടെ ചരിത്രവും സംസ്ക്കാരവും പാരമ്പര്യവും അവയുടെ മതചൈതന്യങ്ങളുമായി കൂടിക്കലർന്ന്കൊണ്ടാണുള്ളത്. എന്നല്ല, ഒരു രാഷ്ട്രത്തിന്റെ ചരിത്രം, സംസ്ക്കാരം, പാരമ്പര്യം എന്നിവയെ രൂപപ്പെടുത്തുന്നതു തന്നെ ചിലപ്പോൾ മതമായിരിക്കും. അതിനാൽ അവിടെയുള്ള ജനങ്ങൾ മതപരമായ അടിസ്ഥാനങ്ങൾക്കും ജീവിതരീതിക്കും അനുസൃതമായ ജീവിതം നയിക്കുന്ന സാമ്രാജ്യത്വശക്തികൾവിശേഷിച്ച് ആദ്യഘട്ടങ്ങളിൽ 'മതഭ്രാന്തിനെ എതിർക്കുക' യെന്ന നാട്യത്തിൽ മതത്തോടു പൊരുതുകയും 'പിന്തിരിപ്പത്തത്തെ അധിക്ഷേപിക്കുക' യെന്നപേരിൽ ചരിത്രത്തെ ആക്രമിക്കുകയും 'അന്ധവിശ്വസത്തെയും പഴമയെയും അറുത്തുകളയുക'യെന്ന ഭാവേന പാരമ്പര്യങ്ങളുടെ നേരെ കയ്യേറ്റം നടത്തുകയംമാണ്ചെയ്തത്. ചരിത്രവും പാരമ്പര്യവും സംസ്ക്കാരവും മതവും വ്യക്തിത്വവുമില്ലാത്ത ഒരുജനതയെ സൃഷ്ടിക്കലായിരുന്നു അവരുടെ ലക്ഷ്യം സാമ്രാജ്യത്വത്തിന്റെ മുമ്പിൽജനങ്ങൾ കുരങ്ങൻമാരെപ്പോലെയായി. ''പുത്തൻ ഉപഭോഗസംസ്ക്കാരത്തിന്റെ രൂപത്തിൽ ''തീവ്രമായ ആധുനികത'' നടപ്പിലാക്കുന്നതിലും തികഞ്ഞ അനുകരണവും വിലയനവും വഴി സ്വന്തം സംസ്കാരത്തെ നിഷേധിക്കുന്നതിലും അവർ അഭിമാനംകൊള്ളുന്നു. തന്മൂലം അന്യർ നിശ്ചയിച്ചവിധിക്ക് സോത്സാഹം കീഴടങ്ങുകയാണവർ. ആധുനികകാട്ടാളത്തത്തിന്റെ യുഗത്തിൽ മുഴുവൻ വാതിലുകളും അവർശത്രുക്കൾക്കായി തുറന്നിടുന്നു. പെട്ടന്നവർ നിരായുധരും പ്രതിരോധമില്ലാത്തവരുമായി ഭവിക്കുകയും 'പണത്തിന്റെ മത'ത്തിനും ഉപഭോഗ സംസ്ക്കാരത്തിന്റെ തത്വശാസ്ത്രത്തിനും വിടുവേലചെയ്യുന്ന ശാസ്ത്രത്തിന്റെ കൗശലവും കലയുടെ മായാജാലവും തത്വചിന്തയുടെ വഞ്ചനയും ജനാതിപത്യത്തിന്റെയും മാനവികതാവാദത്തിന്റെയും കാപട്യവും സാങ്കേതിക വിദ്യയും കൂടി ഒരുക്കുന്ന കെണിയിൽഇരകളായി വീഴുകയും ചെയ്യുന്നു.

പുതിയ യുഗത്തിന്റെ ആരംഭത്തിൽ അഥവാ 16,17 ശതകങ്ങളിൽ യൂറോപ്പിൽ കാലുറപ്പിച്ച ഉടനെ ബുർഷ്വാസി 'മനസ്ഥിതി' യുടെയും 'ശാസ്ത്രവാദ'ത്തിന്റെയും പേരിൽ മതത്തെ എതിർക്കാൻ തുടങ്ങിയത് ഇക്കാരണത്താലായിരുന്നു. അവർ സാമ്രാജ്യത്വഘട്ടത്തിലേക്ക് പ്രവേശിക്കുകയും പൗരസ്ത്യദേശത്ത്കാലൂന്നുകയും ചെയ്തതോടെ ദേശീ

യതാവാദം, ഉദാരചിന്ത, ആധുനികത, മാനവികതാവാദം മുതലായവയുടെ മറവിൽമഹാ മതങ്ങളെ അക്രമിക്കാൻ തുടങ്ങി. പ്രത്യേകിച്ചും അഭിജാതരിൽ നിന്ന് മതത്തെ തുടച്ചു നീക്കാൻ അവരാഗ്രഹിച്ചു. ജനങ്ങൾക്കിടയിൽ അറുപിന്തിരിപ്പിനും വികൃതവുമായ മതം പ്രോൽസാഹിപ്പിക്കപ്പെട്ടു. മതം എതിർപ്പൻരെയും ബോധത്തിന്റെയും സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെയും മാർഗ്ഗമായി മാറാതിരിക്കാനുള്ള അടവായിരുന്നു ഇത്. ജനങ്ങളെ മയക്കുകയും മരവിപ്പിക്കുകയും ചെയ്യുന്ന മതം അവരെ തിരക്കു പിടിച്ചഅവസ്ഥയിൽ നിനിർത്തും. തങ്ങൾക്ക് യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത് എന്ന് അവരറിയുകയില്ല. നിരർത്ഥകവും ജീവസ്സറ്റ തുമായ ആചാര കർമ്മങ്ങളിൽ മുഴുകിയിരിക്കുകയാവും അവർ അതേ പൊലെ കെട്ടുകഥകളിലും ഭവനാത്മക ചിന്തകളിലും വിഡ്ഢിത്തം നിറഞ്ഞ അന്ധവിശ്വാസങ്ങളിലും അവർ വ്യാപിക്കും. മതത്തെ വികൃതമാക്കുകയാണ് ഇതിന്റെയെല്ലാം ഉദ്ദേശ്യം. ഇതുമൂലം ഭിന്നിപ്പും വ്യജപ്പോരുകളും സൃഷ്ടിക്കപ്പെടുന്നു. തുറന്ന മനസ്ഥിതി തളരുന്നു. ബോധവൽക്കരണ ശ്രമങ്ങൾ പങ്കിലമാക്കപ്പെടുന്നു, വിശ്ഷ്യാ മതത്തിന്റെ ശരിയീയ ചൈതന്യം വീണ്ടെടുക്കാനുള്ള ശ്രമം.

ജനങ്ങളെ തമ്മിലടിപ്പിക്കുന്ന രീതിയിൽ മതത്തെ പ്രവർത്തിപ്പിക്കുന്നതിന് ബാഹ്യദൃഷ്യാ വിരുദ്ധ ചേരികളിൽ നിലകൊള്ളുന്ന രണ്ടു വിഭാഗങ്ങളെ സൃഷ്ടിക്കേണ്ടതാവഷ്യമായി വന്നു സാമ്രാജ്യത്വവാദികൾക്ക്. വിരുദ്ധമെന്ന തോന്നിപ്പിക്കുന്ന രണ്ടു ധ്രുവങ്ങളിൽ നിന്ന് പരസ്പരം ഏറ്റുമുട്ടുന്ന രണ്ട് വിഭാഗങ്ങളെ കപടവും ബഹിർഭാഗസ്ഥവുമായ അങ്കമായിരിക്കും അവരുടെത്. എന്നാൽ ഈ തട്ടിപ്പു യുദ്ധത്തിൽ ഇരു വിഭാഗത്തിന്റെയും നേതൃത്വം യഥാർത്ഥത്തിൽ ഒന്ന് തന്നെയാണ്. ഇരു വിഭാഗവും കൈവശപ്പെടുത്തുന്ന യുദ്ധമുതലുകളും കീഴടക്കുന്ന നിലങ്ങളും ചെന്നുചേരുന്നത് ഒരേ കമാൻഡറുടെ അടുത്തേക്കാണ്. ഈ വ്യാജയുദ്ധത്തിൽ പങ്കെടുക്കുന്ന ഒരുവിഭാഗം നടൻമാർ വസ്ത്രാലങ്കാരങ്ങളും മറ്റു ചമയങ്ങലും മുഖം മൂടികളുമണിഞ്ഞ് ശബ്ദക്രമീകരണം നടത്തി "പ്രബുദ്ധരുടെ" ഭാഗം അഭിനയിക്കുന്നു. മറ്റേ വിഭാഗം 'പുരോഹിതരു'ടെ ഭാഗവും.

'വ്യജപ്രബുദ്ധരു'ടെ ഭാഗമാണ് അഭിനയിക്കാൻ എളുപ്പം. തെരഞ്ഞെടുത്ത യൂറോപ്പ്യൻ ചിന്തകളും ആശയങ്ങളും വിതരണം ചെയ്യുകയും പടിഞ്ഞാറൻ ജീവിത രീതിയും സാമൂഹ്യ ബന്ധങ്ങലും പെരുമാറ്റ മര്യാദകളും പ്രചരിപ്പിക്കുകയുമാണ് അവരുടെ കർത്തവ്യം. ഈ കപട ബുദ്ധിജീവികൾ ജനങ്ങലെ 'ആധുനികരാ'ക്കുന്നു. യൂറോപ്യനല്ലാത്ത് സമൂഹങ്ങളിലെ പുരോഗമനേച്ഛുക്കളും വിദീ്യാസമ്പന്നരുമായ യുവാക്കളെയും അഭിജാതരെയും. യുറോപ്യൻ സംസ്ക്കാരത്തിലേക്ക് ആഗിരണം ചെയ്യുന്നു. ഇങ്ങനെ പാശ്ചാത്യൻ നുഴഞ്ഞു കയറ്റത്തിന് ഒരടിത്തറ ലഭിക്കുന്നു. പാശ്ചാത്യർക്ക് അപരിചിതരെ മനസ്സിലാക്കാനും അവരുമായുള്ള ആശയവിനിമയം എളുപ്പമാക്കാനും അവർ ഒരു പാലമായി വർത്തിക്കുന്നു. 'മതഭ്രാന്തിന്റെ അജ്ഞാത 'കോട്ടകളെ' സാംസ്ക്കാരികമായും സാമ്പത്തികമായും കീഴ്പ്പെടുത്തുതയാണ് ഈ ദൗത്യത്തിന്റെ അന്തിമഫലം. വ്യവസായ വത്കരണത്തിന്റെയും ആധുനികശാസ്ത്രിയ കാഴ്ചപ്പാട് ആർജിക്കുന്നതിന്റയും പ്രഥമവും പ്രധാനവുമായ ഉപാധി സ്വസംസ്ക്കാരത്തിനും ചരിത്രത്തിനുമെതിരെ കലഹം കൂട്ടുകയാറെന്ന് സ്ഥാപിച്ചു കൊണ്ടാമ് സാമ്രാജ്യത്വ ആഗിരണപ്രസ്ഥാനത്തിന്റെ ആരംഭം. പ്രബുദ്ധത, ആധുനികത, പുരോഗമനം ഇത്യാതി തലക്കെട്ടുകൾക്ക് കീഴിലാണ് ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം. ഒരു വിഭാഗം ജനതയുടെ കലാസാംസ്കാരിക ധാർമിക മൂല്ല്യങ്ങൾ സമ്പൂർണ്ണമായി നിഹനിക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. ഇതിന്റെ പ്രഥമവ പടിയായി6 പരിഗണിക്കപ്പെട്ടത് മതവിശ്വസത്തോടുള്ള പോരാട്ടവും കേവലമായനിസംഗതയുടെ അഥവാ 'സാംസ്കാരികമായ മുൻധാരണകൾഇല്ലാതിരി"ക്കലിന്റെ പ്രചാരണവുമായിരുന്നു. മതം ഒരു ഭൂതകാല വസ്തുവാണെന്ന് ശാസ്ത്രജ്ഞർ തെളിയിച്ചതായി താത്വികതലത്തിൽ പ്രചരിപ്പിക്കപ്പെട്ടു; ഭൂരിപക്ഷം പടിഞ്ഞാറൻ മനീഷികളും ശാസ്ത്രജ്ഞരും പര്യവേഷണക്കാരും ഗവേശകരും മതവിശ്വാസികളാണെന്ന വസ്തുതഉണ്ടായിരുന്നിട്ടു കൂടി . സമകാലിക മനുഷ്യ വിജ്ഞാനത്തെ വൻതോ

തിൽ ഉയർത്തുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട് ഇവരുടെ സംഭാവനകൾ. ദിനപ ത്രങ്ങൾ വായിക്കുകയും ഫർണ്ണീച്ചറോ വേഷവിധാനഹ്ങലോ ഉപയോഗിക്കുകയും ചെയ്യുന്ന നിലവാരത്തിലെത്തിക്കഴിഞ്ഞാൽ മുസ്‌ലിം സമൂഹങ്ങളിലെ അർദ്ധ ബുദ്ധിജീ വികളായ യുവാക്കൾ-വിശിഷ്യാ കണക്കും ജീവശാസ്ത്രവും പഠിച്ചവർ- ഉടനെ ദൈവ നിശേധികളാവും. എന്നാൽ മതചൈതന്യം ശാസ്ത്രിയന്വേഷണങ്ങളുടെ നട്ടെല്ലാണെന്ന് ഐൻസ്റ്റീൻ പറയാറുണ്ടായിരുന്നു. 'വിശ്വാസമില്ലാത്തവർ അകത്ത് പ്രവേശിക്കരുത്' എന്ന് ശാസ്ത്രത്തിൻരെ അഭിമാനമായ മാക്സ് പ്ലാൻക് വിളിച്ചു പറയുക പതിവായിരു ന്നു.എന്നാൽ നമ്മുടെ ഇസ്‌ലാമിക രാജ്യങ്ങളിലെ 'ആധുനികതലമുറ ഈ രണ്ട് ശാസ്ത്ര ജ്ഞന്മാരുടെ പേരുകേൾക്കുമ്പോഴത്തേക്കുതന്നെ അപ്പുറമോന്നും ചിന്തിക്കാതെ മതവിസ്വാസങ്ങൾക്ക് വഴങ്ങാത്തവരായിത്തീരാൻ വ്യഗ്രതകാട്ടുകയാണ്. ദൈവാ സ്തികൃം എന്ന പ്രശ്നത്തിൽ യൂറോപ്പിൽ പൂർണ്ണമായ ഉത്തരം നൽകപ്പെട്ടുകഴിഞ്ഞു വെന്ന് സമകാലീനശാസ്ത്രത്തിന്റെ പേരിൽ അവർ പ്രഖ്യാപിക്കുന്നു!.

സാർത്രിന്റെ ഭാഷയിൽ പറഞ്ഞാൽ പ്രബുദ്ധരായ ആധുനികരുടെ ഭാഗം അഭിനയിക്കുന്ന നടൻമാരിലൂടെ വാർത്തെടുക്കപ്പെട്ട ഈ കപട യൂറോപ്യൻ തലമുറ മർദ്ദക യൂറോപ്യൻ സാമ്രാജ്യത്വ ശക്തികൾക്കുവേണ്ടി ദല്ലാൾപണി നടത്തുന്നവരാണ്. ഷാൻഡെൽ പറയു ന്നതുപോലെ, ജനങ്ങളെ സ്വതന്ത്രമായി കൊള്ള ചെയ്യാൻവേണ്ടി അവരെ കൊല്ലുന്നത് നിർത്തിയ കള്ളന്മാർക്ക് വഴികാട്ടിക്കൊടുക്കുകയാണവർ. തങ്ങളുടെ ആധികാരിക സമൂ ഹത്തെ സ്വന്തം കരങ്ങൾ കൊണ്ട് ശിഥിലമാക്കുകയാണ് അവരുടെ പ്രധാനദൗത്യം. തങ്ങൾക്കുള്ളതും ഭൂതകാലത്തത്തനിന്ന് പൗതൃകമായി ലഭിച്ചതുമെല്ലാം അവർ തകർക്കു ന്നു. സാമ്രാജ്യത്വങ്ങളുടെ നേട്ടങ്ങൾക്കുവേണ്ടി പരമ്പരാഗതമായ സമൂഹത്തിൻമേൽ യൂറോപ്യൻ ജീവിതരീതിയും രാഷ്ട്രീയ ഭരണ നിർവ്വഹണ, സാമ്പത്തിക, സാംസ്കാരി ക, ധാർമ്മിക, പ്രത്യയശാസ്ത്രമാതൃകകളും അവർ അടിച്ചേൽപിക്കുന്നു. ഈ അഭ്യന്തര സാമ്രാജ്യത്വദല്ലാൾമാർ പരമ്പരാഗത സമൂഹങ്ങൾ ആധുനിക യൂറേപ്യൻ മനുഷ്യനെയും ശാസ്ത്രത്തെയും സംസ്കാരത്തെയും കുറിച്ചറിഞ്ഞത്. യൂറോപ്പിൽ പോലുമില്ലാത്തത്ര വൃത്തികെട്ട ആധുനികതയും നാഗരികതയും അവർ പഠിപ്പിച്ചു. കപട ആധുനികരു ടംയും പാശ്ചാത്യവൽകൃത ബുദ്ധിജീവികളുടെയും എണ്ണപ്പെരുപ്പത്തിന്റെ കാരണം ഇത് വിശദീകരിക്കുന്നു.

ഇസ്‌ലാമിക രാജ്യങ്ങളിസ് കപടപ്രബുദ്ധതാ പ്രസ്ഥാനത്തിന്റെയും ആധുനികലാദത്തി ന്റെയും മുന്നണ്പ്പോരാളികൽ ആരായിരുന്നു? മിർസാ മൽകുംഖാൻ (1833-1908) ആണ് ഇരാനിൽ തട്ടിപ്പു വാഗാവാദവേദിയിൽ കപട ആധുനിക ബുദ്ധിജീവിയുടെ ഭാഗമഭിന യിച്ചു ആദ്യം പ്രത്യക്ഷപ്പെട്ടത്. അയ്ൽ വീറോടെ പ്രചരിപ്പിച്ചു; "യിറോപ്യൻ ബാങ്കുകൾ ഇറാനിൽ ശാഖകൾ തുറക്കട്ടെ. വിദേശകമ്പനികൾ ഇറാനിലേക്ക് വരട്ടെ അങ്ങനെ രാജ്യം പുരോഗതി കൈവരിക്കട്ടെ..... അവരെ ഭയപ്പെടേണ്ട" സയ്യ്ദ് ഹസൻ തഖീസാദെ യായിരുന്നു മറ്റൊരാൽ. അയാളുടെ അവകാശവാദം കാണുക; " പുരോഗതി നേടാ നുള്ള ഏക മാർരം പരിപൂർണ യുറോപ്യൻ വൽക്കരണമാണ്. യുറോപ്യർക്ക് കീഴ്പ്പെ ടുക എന്ന ബോംബ് ആ ദിവസങ്ങളിൽ ഇറാനിൽ ആദ്യം വർഷിച്ചത് ഞാനായിരുന്നു..."

മതം തുടച്ചുനീക്കപ്പെട്ടെങ്കിലേ കീഴടങ്ങൽ ബോംബ് മുസ്‌ലിം സമൂഹത്തിന്റെ ഹൃജയ ത്തിൽ പതിക്കുകയുള്ളു. ഇസ്ലാം പിന്തിരിപ്പനും പുരോഗമനവിരുദ്ധവും ആധുനിക വൽക്കരണത്തിനെതിരുമാണെന്ന് ഇന്നത്തെ മൽകുമുമാർ പ്രചരിപ്പിക്കുന്നു. അത്കൊണ്ട് വിദേശബാങ്കുകൾക്കും കമ്പനികൾക്കും വ്യാപാരസംഘങ്ങൽക്കും എന്തെ ഹ്കിലും പ്രശ്നമോ തടസ്സമോ അഭിമുഖീകരിക്കാതെ കടന്നു വരാം! അതേ സമയം പഴയ മട്ടുകാരനായ ആയത്തുല്ലാ മിർസാ ഹസൻ ഷിറാസി തന്റെ മുഴുവൽ മതാധികാര

ത്തോടും അറിവോടും കൂടി ഈസ്റ്റിന്ത്യാകമ്പനിയുടെ സഹോദരിയായ റെജി കമ്പനിയെ വെറുത്തു "ഈ നിമിഷം മുതൽ പുകയില ഉപയോഗം ഇമാമിനെതിരെ യുദ്ധം ചെയ്യുന്തിന് സമമാണ്"എന്നദ്ധേഹം പ്രഖ്യാപിച്ചു. ഇതോടെ "മതഭ്രാന്തരായ" ജനങ്ങൾ കനപനിക്കെതിരെ ഇളകി. എത്രത്തോളമെന്നാൽ ഖാജർ രാജാവിന്റെ ഭാര്യമാർ രാജകൊട്ടാരത്തിൽ ആർക്കും പുകയില നൽകാൻ കൂടാടക്കിയില്ല.!" മതഭ്രാന്തൻ നുഴഞ്ഞ്കഴറ്റക്കാരനായ്" ജമാലുദ്ധീൻ അസദാബി ഭീഷണി മണത്തറിയുകയും വിളിച്ചുപറയുകയും ചെയ്തു: " ഇവരിവിടെ ഒരുബ്ങ്ക് സ്ഥാപിക്കാനുദ്ധേശിക്കുന്നു. എത്രസഹതാപാർഹം ഒരുബാങ്ക്. എന്താണ് ബാങ്ക് എന്ന് നിങ്ങൾക്കറിയാമോ?"

അതെ വരേണ്യരുടേയും കുലീനരുടേയും സമുഹത്തിലെ പുരോഗമനവിഭാഗങ്ങളുടേയും സ്മരണകളിൽ നിന്ന് മതം തുടച്ച് നീക്കണം. എങ്കിലേ ' വിപണിയുടെമത'മത്തിനും 'പുത്തൻ അടിമത്തത്തിനും' സാധ്യത ലഭിക്കു. മധ്യകാലത്തിന്റെ അന്ധകാരത്തിൻ സ്ന്തം സർശേഷിയും കൊണ്ട് ലോകത്തെ വിസമയിപ്പിച്ച രാഷ്ട്രം അന്തർ മുഖമാവുകയും അഗാധമായ ഗർത്തത്തിൽ നിപതിക്കുകയും ചെയ്തു. പുറമേക്ക് ജ്വലിക്കുന്നതും അകം പൊള്ളയായിത്തീർന്നതുമാവു. ഇപ്പോൾ നമ്മുടെ രാഷ്ട്രത്തിന് സ്വന്തമായി വീടുകൾ നിര്മിക്കുവാനോ സ്വന്തം വസ്ത്രങ്ങൾ ധരിക്കുവാനോ സ്വന്തമായി മുറികൾ അലങ്കരിക്കുവാനോ കഴവില്ല. എങ്ങനെ ഭക്ഷണം കഴിക്കണമെന്ന് തീരുമാനിക്കാൻ പോലും അത് ധൈര്യപ്പെടുന്നില്ല.

ഇതേസമയം നാടകശാലയുടെ എതിർ വശത്തേ വേദിയിൽ മറ്റൊരു കൂട്ടം നടന്മാരുണ്ട്. അവരുടെ ചമയങ്ങൾ വേറെയാണ്. നാടകവും വേറെ. എല്ലാ നടന്മാർക്കും പുണ്ണ്യ പുരുഷൻമാരുടെ മുഖമാണിവിടെ. വേഷവിധാനങ്ങളെല്ലാം മതകീയം. ദൈവം, പരലോകം, നരകം,സ്വർഗ്ഗം, സൽക്കർമം, പാവം, വെളിപാട്, പ്രവാചകൻ, ഖുർആൻ, ഇമാമത്, പരിശുദ്ധി, സൂക്ഷമത, ആത്മീയത, സദാചാരം, ധർമ്മനിഷ്ട, വിരക്തി, തുടങ്ങിയവയെ പറ്റിയാണ് അവിടെ സംഭാഷണങ്ങൾ, പിന്നെ ഇഹലോകം ഭൗതികാകർഷണങ്ങളിൽ നിന്ന് തിരിഞ്ഞു കളയുന്നത്നെക്കുറിച്ചും. ഏറെ ദുഷ്ക്കരമാണ് ഈ അഭിനേതാക്കളുടെ ജോലി. ദ്വന്ദാത്മകഭാഗമാണവരുടെത്. മതം പ്രചരിപ്പിച്ച്ക്കൊണ്ട് വേണംഇവർക്ക് മതത്തെനശിപ്പിക്കാൻ! മതാചാരങ്ങൾ അനുഷ്ഠിക്കുകയും ആദരിക്കുയും ചെയ്യുന്നുവെന്നാണ് ഇവരുടെ നാട്യം. മഹത്തുക്കളെ വാഴ്ത്തുന്നുവെന്നും വിശുദ്ധഗ്രന്ഥത്തിൽ നിന്ന് പരിശുദ്ധിയും അനുഗ്രഹവും സമ്പാദിക്കുന്നുവെന്നും ഭാവിച്ച് ഇവർ മതനേതാക്കളുടെ അധ്യാപനങ്ങളും ഖുർആനിന്റെ സത്തയും മറച്ചുവെക്കുന്നു. അത് ഗ്രഹിക്കുന്നതിൽ നിന്നും ജനങ്ങളെ തടഞ്ഞുനിർത്തുകയാണിവർ. ബാഹ്യരൂപവും ഉള്ളടക്കവും നിലനിർത്തുമ്പോൾ തന്നെ മതത്തെ അതിനെതിരെ തിരിച്ചുനശിപ്പിക്കുന്നു. ഇതിന് ഇറക്കുമത് ചെയ്ത മതവിരുദ്ധ ചിന്തകളുടെ സഹായവുമുണ്ട്. ഈ നാടകാഭിനയക്കാർ രൂപവും ഉളളടക്കവും തമ്മിൽ പൊരുത്തമില്ലാത്തഭാഗമാണ് കളിക്കുന്നത്. രണ്ട് വിരുദ്ധഘടകങ്ങളെ കൂട്ടിയിണക്കുകയാണ് അവരുടെ ചുമതല. പരിചയസനപന്നരും നിപുണരുമായ നടന്മാർ സാധിച്ച അസാദ്യകാര്യം!

ഇതരമതങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വിശയത്തിൽ ചരിത്രം തെളിഞ്ഞു കാണും വിധം ദുരന്തപൂർണ്ണമാണ്. ഇസ്ലാമിനെ മറ്റൊരു ഇസ്ലാംകൊണ്ട് നേരിടുന്നതിന് ഇസാലാമിന്റെ ശത്രുക്കൾ അവരുടെ മുഴുവൻ അദ്ധ്വാനവും പ്രതിഭയും വിജ്ഞാനവും വിനിയോഗിച്ചിട്ടുണ്ട. ആചാരാനുഷ്ഠാനങ്ങളെ കപടമായി പ്രകീർത്തിക്കുക വഴി ഇസ്ലാമിന്റെ സത്യത്തെ നശിപ്പിക്കുകയാണ് അവരുടെ ഉദ്ദേശ്യം. ഇസ്ലാമിനെ ഇസ്ലാം കൊണ്ട് നേരിടുക. കാരണം ആവിർഭാവം മുതലിന്നുവരെ ശത്രുക്കളുമായി മുഖാമുഖം നടത്തിയപ്പോഴൊക്കെ ഇസ്ലാം വിജയക്കൊടി നാട്ടി പുറത്തു വന്നതായാണ് ചരിത്രം, ഇസ്ലാം അതിന്റെ പ്രതാപത്തിന്റെ ഏറ്റം താഴ്ന്ന പടിയിലും ശത്രു

ക്കൾ ശക്തിയുടെ പരകോടിയിലും ആയിരുന്ന സമയങ്ങളിൽ പോലും. ശത്രു മിത്ര ത്തിന്റെ ഉടയാടകളണിഞ്ഞപ്പോഴും ബഹുദൈവത്വവും അഴിമതിയും നൻമയുടെയും ഭക്തിയുടെയും നീളക്കുപ്പായം ധരിച്ചപ്പോഴും ഇസ്‌ലാം, അകത്ത് നിന്ന് മലിനമാക്കപ്പെട്ടി ട്ടുണ്ട്. അതേസമയം അതിന്റെ ബാഹ്യശോഭയും ആചാരാനുഷ്ഠാനങ്ങളുടെ പുറം പ്രതാ പവും പരകോടിയിലായിരുന്നു താനും. ഇസ്‌ലാമിന്റെ തനിമയും ചൈതന്യവും അസ്ത പ്രഭമായി. അതിന്റെ ഏറ്റം പരിശുദ്ധരും ആത്മാർത്ഥയുള്ളവരുമായ അനുയായികളും നേതാക്കളും അതിന്റെ തന്നെ വാളിനാൽകുരുതികൊടുക്കപ്പെട്ടു.

അമവികൾ ലാത്തയുടെയും ഹുബലിന്റെയും വിഗ്രഹങ്ങൾ കൈയുലേന്തിയവരായിരു ന്നു. പ്രവാചകനെതിരെ വാളൂരിയപ്പോഴും ഖുർആനു നേരെ അമ്പയ്തപ്പോഴും ബദറിൽ പരാജയവും കിടങ്ങുയുദ്ധത്തിൽ അപമാനവുമായിരുന്നു അവര്ഡക്ക് വിധിച്ചത്. ശത്രു ക്കളിൽ നിന്ന് ഓരോ ആഗതമേൽക്കുമ്പോഴും ഇസ്‌ലാമിന് കൂടുതൽശക്തിയും തിള ക്കവും ലഭിച്ചു. ഒരു പടികൂടി മുന്നോട്ട് നീങ്ങി അബുസുഫ്യാന്റെ കഥയെടുക്കുക.ഇരു പത് വർശങ്ങളോളം ഇസ്‌ലാമിനെതിരെ ഗൂഢാലോചന നടന്നഅദ്ദേഹത്തിന്റെ വസതി ഇസ്‌ലാമിന്റെ അഭയസ്ഥാനമായി. അയാളുടെ രണ്ടു മക്കളിലൊരാളായ യസീദ് ഇസ്‌ലാമിന്റെ ധർമഭടനായി. ശാമിൽ ഇസ്‌ലാമിന്റെ പതാക ഉയർത്തുകയും ചെയ്തു. മറ്റെ മകൻ മുആവിയ പ്രവാചകന്റെ സഖാവും ഖുർആൻ ലേഖകനുമായി. അടവുമാറ്റി മിത്രവേശം ധരിച്ചു ശത്രുക്കളെ നേരിട്ടപ്പോൾ സിഫ്ഫീൻയുദ്ധത്തിൽ അവർ ബദറിലെ പരാജയത്തിനു പകരം വീട്ടി. ബദറിൽഹുബൽ വിഗ്രഹത്തിനു പ്രതിജ്ഞ ചെയ്യുക മൂലം അവർ ശത്രുക്കളായി തിരിച്ചറിയപ്പെട്ടിരുന്നു. സിഫ്ഫീനിൽ അവർ അല്ലാഹുവിനു പ്രതിജ്ഞ ചെയ്തുമിത്ര വസ്ത്രമമിഞ്ഞു ശത്രുക്കളായി. നേരതേതെയവർ ഖുർആനിനെ തിരെ അമ്പെയ്യുകയായിരുന്നു. ഇപ്പോഴവർ ഖുർആനെ അവരുടെ കൊടികളിൽ നാട്ടിയി രിക്കുകയാണ്. ഖന്തക്ക് യുദ്ധത്തിൽ കിടങ്ങിനപ്പുറമായാൽ അമവികൾക്ക് പരാജയം പിണഞ്ഞു. എന്നാൽ വെള്ളത്തിന്റെ ഇക്കരെ ഇഴഞ്ഞു വന്നതിനു ശേഷം, ഖന്തക്കിൽ അവരെ പരാചയപ്പെടുത്തിയ അതേ മനുഷ്യനോട് യൂഫ്രട്ടീസിൽ(കർബല) നിഷ്പ്ര യാസം പകരം വീട്ടി.

ഇസ്‌ലാമിനും മുസ്‌ലിം കൾക്കും ഏറ്റവും വലിയ അപകടം ബഹുദൈവവിസ്വാസി കളോ അവിശ്വാസികളോ വിഗ്രഹാരാധകരോ ഭൗതിക വാദികളോ അല്ല. മറിച്ച് “കപട ന്മാരാണ്” എന്ന് പ്രവാചകനും ഖുർആനും ദീർഘദർശനം ചെയ്തിട്ടുണ്ടെന്ന് പ്രവാച കനെയും ഖുർആനെയും പരിചയമുള്ളവർക്കൊക്കെ അറിയാം. ആദ്യം പറഞ്ഞ കൂട്ട രാരും ഇസ്‌ലാമിന്റെ പ്രധാനവെല്ലു വിളിയായിരുന്നില്ല് കാരണം അവരുമായുള്ള യുദ്ധ ങ്ങളിൽ ബൗദ്ധികമായും സൈനികമായും ഇസ്‌ലാമിനായിരുന്നു ജയം. ഇസ് ലാമിക നീതിയുടെ മേൽപ്പുടവ ധരിച്ച മർദ്ദകനും തൗഹീദിന്റെ മുദ്രാവാക്യം മുഴക്കുന്നവിഗ്രഹ-മനുഷ്യ-പണ-അധികാരാരാധകരുമാണ് ഏറെ അപകടം പിടിച്ചശത്രു. പരിവ്രാജകനായ പുണ്യവാളന്റെ ചമയങ്ങളണിഞ്ഞ അടിമവ്യാപാരി. ബഹുദൈവത്വത്തിൻരെ കൈക ളിലെ ഉപകരണം. ഇസ്‌ലാമിനെ ആയുധമാക്കുന്ന ശത്രു. അജ്ഞതയുടെയും നിദ്രയു ടെയും രക്ഷാധികാരി.അന്ധ വിശ്വാസങ്ങളും നുണകളും കെട്ടു കഥകളും പ്രചരിപ്പിക്കു ന്നവൻ. സാമൂഹികസതംഭനാവസ്ഥയുടെയും നീചത്വത്തിൻരെയും പ്രതിനിധി. ഇസ്‌ലാമിന്റെ പേരിൽ ജനങ്ങളെ ചതിക്കുന്നവൻ. ദുർവിധിയും ദാരിദ്ര്യവും നിന്ദ്യതയും മറന്നു കളയാനും ശത്രുക്കളുടെ ഗൂഢാലോചനകൾ അവഗണിക്കാനും ആവശ്യപ്പെടുന്ന വൻ ഭൂമിയിലെ വിഗ്രഹങ്ങളെ തൃപ്തിപ്പെടുത്താന്, ജൈവ പ്രീതിക്കു വേണ്ടിയുള്ള തെന്ന മട്ടിൽ, നിലവിലുള്ള വ്യവസ്ഥിതിയെ അംഗീകരിക്കാൻജനങ്ങളെ അവർ പ്രേരിപ്പി ക്കുന്നു. അജ്ഞതയും മർദ്ദനവും ദൗർബല്ല്യവും ദാരിദ്ര്യവും പിന്നോക്കാവസ്ഥയും രോഗങ്ങളും സഹിക്കുന്നവർക്ക് മാത്രം പ്രതിഫലം നൽകുന്ന പ്രതിഭാസമായി ഇസ് ലാമിലെ ദൈവത്തെ ചിത്രീകരിക്കുന്നവൻ കപടനാണ്. യഥാർത്ഥത്തിൽ ഇസലാമിലെ ദൈവം അന്തസ്സിനെ ആദരിക്കുന്നു. സമ്പത്ത് ഒരു നല്ല സംഗതിയാണ് ഖുർആന്റെ ദൃഷ്ടിയിൽ. ഇസലാം നീതിയുടെയുംശാസ്ത്രത്തിന്റെയും സൗന്ദര്യത്തിൻരെയും മതമാ ണ്. മുസ്‌ലിംകളുടെ അന്ധവിശ്വാസവും പിന്നോക്കാവസ്ഥയും ദാരിദ്രവും ചൂഷണം

ചെയ്യുന്നവരിൽ നിന്ന് പ്രതിഫലം ലഭിക്കും എന്ന കാരണത്താലാണ് കപടവിശ്വാസികൾ ഇതെല്ലാം ചെയ്യുന്നത്. ഇസ്ലാമിനെ പരസ്യമായി തള്ളിപ്പറഞ്ഞവരെക്കാൾകൂടുതലായി കപടവിശ്വാസികളെക്കുറിച്ചാണ് ഖുർആൻ അധികം ദേഷ്യത്തോടും വെറുപ്പോടും കൂടി സംസാരിക്കുന്നത്. ഇത് യാദൃശ്ചികമല്ല. ഇത്തരം മുസ്ലിംകളെ കുറിച്ചാണ് ഖുർആനിലെ ഒരദ്ധ്യായം തന്നെ.[9]

മക്കയുടെ ചുറ്റും ബഹുദൈവവവശ്വാസികളായിരുന്നപ്പോഴും മദീനയെ ശത്രുക്കൾ വളഞ്ഞപ്പോഴും പ്രവാചകൻ തെല്ലും ഭയം കൂടാതെ ബിംബങ്ങൾക്കെതിരെ ഗർജ്ജിച്ചു. നിശ്ചയദാർഢ്യത്തോടെ, ആത്മവിശ്വാസത്തോടെ, ശാന്തചിത്തനായി അദ്ദേഹം കിടങ്ങ് കുഴിച്ചു. ഇതൊരത്ഭുതമല്ല. അർദ്ധദ്വീപ് ഒന്നടങ്കം അദ്ദേഹത്തിന് കീഴ്പെട്ടു. ബാർബേറിയന്മാരുടെയും അയൽപക്കത്തെ ബഹുദൈവവിശ്വാസികളുടെയും അപകടം അദ്ദേഹം തുടച്ചുനീക്കി. വടക്കും തെക്കുമുള്ള രണ്ട് വലിയ സാമ്രാജ്യങ്ങളെ നിർവീര്യമാക്കി. ലോകത്തെ അമ്മാനമാടുകയായിരുന്നു ഈ സാമ്രാജ്യങ്ങൾ. വൻസൈന്യങ്ങൾക്കെതിരെ യുദ്ധം നടത്തിയ എല്ലാ അസന്തുലിത യുദ്ധങ്ങളിലും അദ്ദേഹം വിജയം കൊയ്തു. ചുരുക്കത്തിൽ ശക്തിയുടെ പരകോടിയിൽ എത്തി നിൽക്കെയാണ് അദ്ദേഹം അനുയായികളോട് വിടപറയാൻ ആഗ്രഹിച്ചത്. ആ സമയത്ത് പ്രവാചകന് വേവലാതിയുണ്ടായിരുന്നു. വളരെ കരുതലോടെയാണദ്ദേഹം സംസാരിച്ചത്. “അനുയായികളുടെ എണ്ണച്ചുരുക്കം മൂലം ഇസ്ലാം ഒരിക്കലും പരാജയപ്പെടുകയില്ല എന്നദ്ദേഹത്തിനറിയാമായിരുന്നു” തുറന്ന യുദ്ധത്തിൽ ഇസ്ലാം മുട്ടുമടക്കുകയില്ല. ബഹുദൈവവിശ്വാസികളുടേയോ അവിശ്വാസികളുടേയോ വാളുകൾക്ക് അതിനെ വെട്ടിമുറിക്കാനാവില്ല. തന്റെ സ്വന്തം മതത്തിന്റെ ‘ഔദ്യോഗിക’അനുയായികളും സംരക്ഷകരുമാവും തന്റെ വീട് പൊളിക്കുക എന്ന് പ്രവാചകനറിയാമായിരുന്നു. തന്റെ പ്രമുഖ സഖാക്കൾ അലിയെ പൊതുജീവിതത്തിൽ നിന്ന് പിൻവാങ്ങാൻ പ്രേരിപ്പിക്കുമെന്നും നമസ്ക്കരിക്കുകയും നോമ്പെടുക്കുകയും ചെയ്യുന്ന സൂക്ഷമാലുക്കളായ പരിശുദ്ധന്മാർ സഫ്ഫീൻ യുദ്ധത്തിൽ അലിക്ക് പിൻവലിക്കുമെന്നും നഹ്റവിൻ യുദ്ധത്തിൽ അവർ അലിക്കെതിരെ വാളൂരുമെന്നും ഒടുവിൽ മഹ്റുമിൽവെച്ച് അവരദ്ദേഹത്തെ വധിക്കുമെന്നും (എ.ഡി. 661) പ്രവാചകന് അറിയാമായിരുന്നു

സൈപ്രസ് കീഴടക്കുമ്പോഴോ ബഹുദൈവത്വത്തത്തിന്റെ വാളുകളാലോ ആവില്ല അബൂദർ വധിക്കപ്പെടുക എന്ന് പ്രവാചകൻ അറിഞ്ഞിരുന്നു. തന്റെ മഹാസഖാക്കളിലൊരാളായ ഉസ്മാന്റെ കൽപ്പനപ്രകാരം, ഇസ്ലാമിന്റെ ‘ഔദ്യോഗിക’ നിയമോപദേഷ്ടാവ് കഅബുൽ അഹബാറിന്റെ മതവിധിയെത്തുടർന്ന് റബ്ദാ മരുഭൂമിയിലേക്ക് നാടുകടത്തപ്പെട്ട് ഏകാകിയായി പട്ടിണികിടന്നാണ് അദ്ദേഹം മരിക്കുക എന്നും പ്രവാചകനറിയാമായിരുന്നു. അദ്ദേഹത്തിന്റെ ആത്മമിത്രമായ ഹുജ്റിന്റെ[12] കൊലപാതകത്തെ കുലീനരുടെ സാക്ഷിമൊഴികളും ഔദ്യോഗിക മുഫിതികളുടെ മതവിധികളും ന്യായീകരിക്കുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. തന്റെ കുടുംബം കൂട്ടക്കൊലചെയ്യപ്പെടുകയും ബന്ദികളാക്കപ്പെടുകയും ചെയ്യുന്ന മുഹറം പത്ത് ഖാദിസിയയിലോ യർമൂക്കിലേ[13]യോ യൂറോപ്പിന്റേയോ സീസറുടേയോ ഖഡ്ഗങ്ങളാലോ ആവില്ല ഉണ്ടാവുകയെന്നും സൊറാസ്ട്രിയൻ അഗ്നിയാരാധകനോ ക്രിസത്യൻ പാതിരിയോ ജൂതപുരോഹിതനോ ബ്രാഹ്മണ സന്യാസിയോ മതവിധി പ്രകാരമല്ല അത് നടക്കുകയെന്നും ഇസ്ലാമിക നിയമപണ്ഡിതന്മാരുടെ വിധിയനുസരിച്ച് ഇസ്ലാമിക ഖലീഫയായ ‘വിശ്വാസികളുടെ നേതാവും’ വിഖ്യാതനും വിജശ്രീലാളിതനനുമായ ധർമ്മയോദ്ധാവിന്റെ പുത്രൻ ഉബൈദുല്ലയുടെ ഉത്തരവുപ്രകാരമാണതുണ്ടാവുകയെന്നും ഇസ്ലാമിന്റെ സൈന്യമാണ് തന്റെ കുടുംബത്തെ അറുകൊലചെയ്യുകയെന്നും പ്രവാചകൻ അറിഞ്ഞിരുന്നു. സത്യനിഷേധികളുടെ ഭൂമികീഴടക്കുകയും അന്യമതദേവാലയങ്ങളുടെ സ്ഥാനത്ത് മസ്ജിദ് പണിയുകയും പ്രാർത്ഥനയിലേക്കു വരിക എന്ന ദൈവിക ക്ഷണം(അദാൻ) ലോകമാസകലം വിളിച്ചു പറയുകയും ഖുർആൻ ക്രോഡികരിക്കുകയും കോപ്പിയെടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന അതേ സൈന്യം! “മുഹമ്മദിന്റെ മതത്തിനെതിരെ കലാപമുണ്ടാക്കു

കയും ദൈവത്തിനെതിരെ പാപം ചെയ്യുകയും ദൈവദൂതന്റെ ഖലീഫയ്ക്കെതിരെ വിപ്ലവം നടത്തുകയും മുസ്ലിം സമൂഹത്തെ പിളർക്കുകയും ചെയ്ത വിദേശികളിൽ'' നിന്ന് ഇസ്ലാമിനെ രക്ഷപ്പെടുത്തുക വഴി 'ആശൂറ'യിലെ വിജയത്തിലൂടെ അല്ലാഹുവിനെ ആദരിക്കുകയാണവർ എന്നത് എത്ര വിചിത്രം!വിരോധാഭാസം! നോമ്പനുഷ്ഠിക്കുകയും നൂറുകണക്കിന് പള്ളികൾ പണിയുകയും ചെയ്ത സേനയാണത്. നോക്കുക. ഇസ്ലാമിന്റേതിനേക്കാൾ ദുരിതപൂർണ്ണവും വിസ്മയിപ്പിക്കുന്നതുമായ ചരിത്രം പേറെയില്ല. ബാഹ്യശത്രുക്കൾക്കെതിരെ ഈ മതം എപ്പോഴും വിജയം കൊയ്തു. പക്ഷെ മിത്രകരങ്ങളാൽ തോൽപിക്കപ്പെടുകയും ചെയ്തു. ഇസ്ലാമിന്റെ യാഥാർത്ഥ്യം അതിന്റെ കപട നേതാക്കളിൽ കൊല്ലപ്പെടുകയോ വിഷം തീറ്റപ്പെടുകയോ ചെയ്യുന്നത് ആർക്കാണ് സങ്കൽപ്പിക്കാൻ കഴിയുക?[14]

ശീഇസത്തിന്റെ ചരിത്രം ഇസ്ലാമിക ചൈതന്യത്തിന്റെ ചരിത്രമാണ്.സ്വന്തം ശരീരത്തിന്റെ ഇരയായിത്തീരുന്ന ആത്മാവ്. ജിഹാദിനെകുറിച്ച ഇസ്ലാമിക സൂക്തങ്ങൾ ഉല്ലേഖനം ചെയ്ത വാളുകൾകൊണ്ടും ഏകദൈവത്വത്തത്തിന്റെ മുദ്രാവാക്യങ്ങൾ കൊത്തിവച്ച ഖഡ്ഗങ്ങൽകൊണ്ടും മുഹമ്മദിന്റെ കുടുംബം മുഴുവൻ കൊലചെയ്യപ്പെട്ടു. പള്ളികൾ പണിതവർ, മതയോദ്ധാക്കൾ, ഇസ്ലാമിനുവേണ്ടി സത്യനിഷേധികളുടെ നിലം കീഴടക്കിയവർ- ഇങ്ങനെയെല്ലാം അറിയപ്പെടുന്നവരാണ്പ്രവാചക കുടുംബത്തെ കൊന്നത്. ഘാതകർ ഖുർആനിന്റെ ഔദ്യോഗിക ക്രോഡീകർത്താക്കളും പ്രചാരകരും സംരക്ഷകരുമായിരുന്നു. ഋജുവായ ഇസ്ലാമിനെ ഇന്നത്തെ പരിഹാസ്യ രൂപത്തിലാക്കിയത് ദാർശനിക സൈനിക ശത്രുക്കളല്ല. അനുയായികളാണ്. അബൂദർറാഇനെയും അബൂങുറാറയെയും പോലുള്ള ഹദീസ് നിവേദകർ, കഅ്ബുൽ അഹ്റാർ, അബൂമൂസ, ശുറൈറ തുടങ്ങിയ ന്യായാധിപന്മാർ, നിയമോപദേഷ്ടാക്കൾ, ദൈവശാസ്ത്രജ്ഞർ, ഖുർആൻ വ്യാഖ്യാതാക്കൾ, ഭരണാധികാരികൾ, മുഫിതികൾ, പ്രബോധികർ, ഖലീഫമാർ, ആത്മവിദ്യാവാദികൾ!

ഇസ്ലാമിന്റെ മേൽപ്പറഞ്ഞ രക്ഷാകർത്താക്കളാണ് ഇസ്ലാമികാചാരങ്ങളും ചടങ്ങളും പാരമ്പര്യങ്ങളും അവയുടെ മഹിമകൾ സഹിതംപ്രചരിപ്പിച്ചത്. അവർ ഇസ്ലാമിന്റെ പ്രതാപം ഉയർത്തി. അതിന്റെ ശാസ്ത്രവുംവ നാഗരികതയും സംസ്കാരവം ആഥ്മീയതയും നട്ടുപിടിപ്പിക്കുകയും വളർത്തുകയും ചെയ്തു. എന്നാൽ ഇതേ ആളുകൾതന്നെ ഇസ്ലാമിനെ അതിന്റെ അകത്തു നിന്നു നശിപ്പിക്കുകയായിരുന്നു. അതിന്റെ അകത്ത് നിന്ന് നശിപ്പിക്കുകയായിരുന്നു. അവരതിനെ ജീവസ്സുറ്റതാക്കി. ദിശാബോധം കെടുത്തി. ചലനമില്ലാതാക്കി. ഇതെല്ലാം ചെയ്തത് അവിശ്വാസികളോ ഭൗതികവാദികളോ അല്ല.

ഇസ്ലാമിന്റെത്പോലെ ചാക്രിക സ്വഭാവമുള്ള ചരിത്രമില്ല. ഇന്നുമില്ല ഈ സ്ഥിതിക്ക് മാറ്റം. മാത്രമല്ല കുറെകൂടി മോശവുമാണ്! ഇസ്ലാമിനെ ഉൻമൂലനം ചെയ്യാനാവശ്യപ്പെടുന്ന ആധുനികവാദികളും കപടബുദ്ധിജീവികളും യൂറോപ്യവൽകൃത മുസ്ലിംകളും ഇസ്ലാമിന്റെ പ്രത്യക്ഷ ശത്രുക്കളാണ്. ഇമാം ഹുസൈന്റെ മനോഹരമായ ഒരു വാക്യം പരാവർത്തനം ചെയ്തു പറഞ്ഞാൽ ''മതവിശ്വാസികളല്ലെങ്കിൽ ചുരുങ്ങിയ പഖ്ഷം ഇവർ സ്വതന്ത്രരും വിമോചിതരുമാകുന്നു'' അവർ സ്വയെ മറച്ചു വെക്കുന്നില്ല് എന്നതാണ് സത്യം. അവരുടെ വ്യക്തിത്വം, ലക്ഷ്യം, അഭിലാഷങ്ങൾ എന്നിവ അവരുടെ സ്വതന്ത്രാത്മാവിനെ വിളിച്ചറിയിക്കുന്നു. ഇവർ ഇസ്ലാമിനോരു ഭീഷണിയല്ല. ഇവരുമായുള്ള നേർയുദ്ധത്തിലാണ് ഇസലാം കൂടുതൽ ശക്തിയും വീര്യവും കൈവരിക്കുക. കാരണം ഇവർ ഇസ്ലാമുമായി ബുദ്ധിപരമായ യുദ്ധത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. അത്തരം സാഹചര്യത്തിൽ ഇസ്ലാമിന് അതിന്റെ ശക്തവും അജയ്യവുമായയുക്തികൊണ്ട് സദാ തിരിച്ചടി നൽകാൻ സാധിക്കും. ഭൗതിക വാദഗ്രന്ഥങ്ങൾക്കോ അനിസ്ലാമിക പരിഭാഷകനോ മതരഹിത ബുദ്ധിജീവിക്കോ ഇസ്ലാമിനെതിരെയുള്ള ആക്രമണത്തിൽ ഒരടി പോലും മുമ്പോട്ട് വെക്കാനായിട്ടില്ല. ഇസ്ലാമും ദൈവനിന്ദയും ഏറ്റു മുട്ടിയപ്പോ

ഴോക്കെ ആദരാ ശ പരവും താർക്കികവുമായിരുന്നു പോരാട്ടം. വിജയം ഇസ്ലാമിനും. നമ്മുടെ ദൗബല്ല്യത്തിന്റെയും അനൈക്യത്തിൻരെയും അധഃപതനത്തിന്റെയും യുഗമായ ഇക്കാലത്ത് പോലും ഇതാണ് സ്ഥിതി. ഉദാഹരണത്തിന് ആഫ്രിക്കയിൽ ഇസ്ലാം രാക്ഷസീയമായഭൗതികവാദ പ്രചരണത്തെയും കൈസ്തവ മിഷനറിമാരെയും ഒരേസമയം നേരിടുന്നു. എന്നിട്ടും പ്രഫസർ വിൻസന്റ് മോണി ചൂണ്ടികാണിക്കുന്നതുപോലെ മതം മാറുന്ന അഞ്ചിൽ നാലിലധികം പേരും വരുന്നത് ഇസ്ലാമിലേക്കാണ്. ഒന്നിൽ താഴെ ആളുകളെ ക്രിസ്തുമതം സ്വീകരിക്കുന്നുള്ളൂ. അവരാവട്ടെ അധികവും പാശ്ചാത്യൻ അസ്പത്രികളിലെയോ കമ്പനികളിലെയോ മിഷനറിമാരുടെയോ തദ്ദേശീയ വേലക്കാരുമാണ്. ക്രിസ്തു മത പ്രചാരത്തിനും വൻകരയുടെ ചരിത്രം, ഭാഷകൾ, സംസ്ക്കാരങ്ങൾ, ഗോത്രങ്ങൾ, മതങ്ങൾ, സാമൂഹ്യ രാഷ്ട്രിയ സാമ്പത്തിക സ്ഥാപനങ്ങൾ, മനശ്ശാസ്ത്രം, ഭൂമിശാസ്ത്രം ആധിയായവ പഠിക്കുന്നതിനുമായി ബില്യൻ കണക്കിൽ ഡോളറുകളും ഫൗണ്ടുകളുമാണ് പ്രതിവർഷം ചിലവഴിക്കുന്നത് എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഈ എണ്ണം ശ്രദ്ധയർഹിക്കുന്നു. മുഴുവൻ പ്രദേശിക ഭാഷകളിലേക്കും ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. മിശനറിമാർക്ക് "കറുത്തവൻകരയെ അവനവന്റെ കീശകളെപ്പോലെയറി.യാം". അവർ സ്വയം വ്യക്തമാക്കുന്നതാണിത്. സകലവിദുരഗോത്രങ്ങളും വിസ്മൃത സാമൂഹ്യപാരമ്പര്യങ്ങളും അവർക്ക് സുപരിചിതമാണ്.[16]

"ഇസ്ലാമിനെ നശിപ്പിക്കുന്നതിൽ" നേരിയ വിജയം നേടാനും ഗണ്യമായ ഒരു വിഭാഗം വിദ്യാസമ്പന്ന യുവാക്കളെ കെണിയിലാക്കാനും മതരഹിത കപട ബുദ്ധി ജീവികൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇസ്ലാമിനെ വികൃതമാക്കുക വഴിയുവാക്കളെ ഇസ്ലാമിൽ നിന്നകറ്റിയ "കപട മതനേതാക്കലോ"ടാണ് അവർ തങ്ങളുടെ വിജയത്തിന് തീർത്തും കടപ്പെട്ടിരിക്കുന്നത്. ഇവർ അകറ്റിയപ്പോൾ മറുഭാഗത്ത് കപടബുദ്ധിജീവികൾ യുവാക്കളെ വേട്ടയാടി. എല്ലാം സംവിധാനിക്കുന്ന സാമ്രാജ്യത്വ വാദി ആഗ്രഹിക്കുന്നതും മറ്റൊന്നല്ല. "മതനേതാക്കളുടെ ഭാഗം" അഭിനയിക്കുന്നവരുടെ കർത്തവ്യമാണ് ഇസ്ലാമിന്റെ വികൃതമാക്കൽ. ധാരാലമാളുകളെ ആകർശിക്കുന്നതിൽ അവർ വിജയിക്കുന്നു. കലാപരമായ ഇന്ദ്രജാലവും മാന്ത്രികവിദ്യയും കാണിച്ച് അവർ ജനങ്ങളെ വശീകരിക്കുകയും മാസ്മരിക നിദ്രയിലാക്കുകയും ചെയ്യുന്നു. കൽപ്പിതവും വ്യാജനിർമ്മിതവും രാഷ്ട്രിയ തന്ത്രങ്ങളടങ്ങിയതുമായവികാരങ്ങലഉം പ്രതീക്ഷകളും ഇഷ്ടങ്ങളും വെറുപ്പും വിദ്വേഷവും സൽക്കരിച്ചാണ് അവർ ജനങ്ങളുടെ ആത്മാവിനെ വിഷലിപ്തമാക്കിയത്. പല പേരുകളും വ്യാമോഹങ്ങളും ആഭിചാരഹ്ങളും പ്രയോഗിച്ച് അവർ ജനങ്ങളെ മുൻധാരണകളിൽ കുടുക്കിയിടുന്നു. പോള്ളയും നിരർത്ഥകവുമായ ശാലാനുഷ്ഠാനങ്ങളിൽ പാഴാക്കുന്നവരാക്കുന്നു. മതം എന്ന് വിളിക്കപ്പെടുന്ന എന്തോ സംഗതിയിൽ വ്യാപൃതരാവുകയാണ് ജനം. പ്രേമം, പ്രതീക്ഷ, വിദ്വേഷം, വിരക്തി തുടങ്ങിയ പ്രയോജന രഹിതമായഏതാനും ആമൂർത്ത കാര്യങ്ങളാണത്. അവർക്ക് അധികമൊന്നും അറിഞ്ഞ് കൂടാത്ത സംഭവങ്ങളും അതേചോല്ലിയുള്ള തേങ്ങലുകളിലും അവർ മുഴുകുന്നു. പരലോകം എന്ന ആശയം മൂലം ഭ്രമചിത്തരായിത്തീരുന്ന ഒരു ജീവിതത്തിലേക്ക്ശീലം ചെയ്തെടുക്കപ്പെട്ടിരിക്കയാണ് ജനങ്ങൾ. അതേ ലമയം അവരുടെ വർത്തമാന സ്ഥിതിയും ശത്രുക്കളും വിസ്മരിക്കപ്പെട്ടു. ഇസ്ലാമും മുസ്ലിംകളെ തങ്ങളുടെ വിധിയിൽ നിന്ന് വികർഷിക്കുന്ന ഉപകരണമായി. ശീയിസം സ്വർഗ്ഗത്തിലേക്കുള്ള കുറുക്കുവഴിയായിത്തീർന്നു. തങ്ങളുടെ ശ്രോദ്ധാക്കളെക്കൊണ്ട് ഈ ലോകത്തെ വിസ്മരിപ്പിക്കുകയായി മതദ്ധ്യക്ഷന്മാരുടെ തൊഴിൽ. തങ്ങളുടെ അഭിസംഭോതിതരെ 'ഇസ്ലാമി"ലേക്ക് കൊണ്ടുവരികയായിരുന്നു അവരുടെ പ്രധാനജോലി. എന്നു വെച്ചാൽ ജനങ്ങളെ ഭൂതകാലത്തെക്കുറിച്ചു മാത്രം ചിന്തിക്കുന്നവരാക്കുക. എന്തിനാണിതെന്നോ? പരലോക ജീവിതത്തിനു അവരെ തയാറാക്കാൻ! വർത്തമാനത്തെകുറിച്ച എന്താണ് പറയാനുളളത്? മരിക്കുന്നതിനു മുമ്പ് ഒരാൾക്കാവശ്യമായ ഇസ്ലാമിനെക്കുറിച്ച്? ഇപ്പോൾ ഇസ്ലാമാം കൊണ്ട് എനിക്ക് പ്രയോജനം ഉണ്ടായിക്കൂടെ? വർത്തമാന കാലത്ത് ജനങ്ങൾക്ക് അത്കൊണ്ട് ഗുണമൊന്നുമില്ലേ? നമ്മുടെ ഇപ്പോഴത്തെ അജ്ഞതയും പട്ടിണിയും മാറ്റാൻ അതിനെന്താണു ചെയ്യാൻ കഴിയുക? ഐഹികലോകത്തോടുള്ള ഭ്രമം

നിമിത്തമാണിതൊക്കെ എന്നാവും മതമേധാവികളുടെ മറുപടി. കൊള്ളരുതാത്തതാണ് ഈ ലോകം. 'കുപ്പായത്തിന്റെ ആവശ്യമില്ലാതിരിക്കാൻ ശരീരത്തെ അവഗണിക്കുക' എന്ന്!
മതത്തിന്റെ പേരിലുള്ള ഒരു തരം അസംബന്ധദർശനവും മതപരമായ ശൂന്യതാവാദവുമാണിത്. അത് മതത്തെ അധികാര ശക്തികളുടെ ഗുണത്തിനു വേണ്ടി ഉപയോഗിക്കുന്നു. ജനങ്ങൾ ഈ ലോകത്തെക്കുറിച്ച് ചിന്തിക്കാതാവുമ്പോൾ സ്വാഭാവികമായും പണത്തിന്റെയും അധികാരത്തിന്റെയും ആളുകൾക്ക് (ഖാറൂനും ഫറോവയും) തങ്ങളുടെ പദവിയെചൊല്ലി ഒട്ടും ഉൽക്കണ്ഠ ഉണ്ടാവില്ല. മതം ജനങ്ങളിൽ നിന്ന് ഭൂമിയുടെ ഐശ്വര്യം തട്ടിയെടുത്ത് അശുദ്ധമെന്നും വൃത്തികെട്ട ശവശരീരങ്ങൾ എന്നും മുദ്ര കുത്തി വലിച്ചെറിയുമ്പോൾ ആരാവും അത് കൈവശപ്പെടുത്തുത എന്ന് വ്യക്തം.

ചുരുക്കത്തിൽ വർത്തമാന സ്ഥിതിഗതികളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കുകയും അവരെ മയക്കിക്കിടത്തുകയുമാണ് 'മത നാടകശാല' യിലെ അഭിനേതാക്കൾ ചെയ്യുന്നത്. ജിഹാദിന്റെ ഉത്തരവാദിത്വത്തിന്റെ, ചലനത്തിന്റെ, ജീവിതത്തിന്റെ ഐഹികവും ഏനസ്വരവും സന്ദർഭോജിതവുമായ ഇസ്‌ലാമിനെ, ഭൂതകാലത്തേക്കോ പരലോകത്തേക്കോ ആത്മാനിനെ ആകർഷിക്കുന്ന ഒരു മതമായി മാറ്റാനാണവരുടെ ശ്രമം. നാടകശാലയുടെ സംവിധായകർ ഭൂതകാലത്തെയോ മരണാനന്തരകാര്യഹ്ങളെയോ ശ്രദ്ധിക്കുന്നില്ല. അവരുടെ ലഖ്ഷ്യങ്ങൾ ഈ ലോകത്തെയും ശ്രദ്ധിക്കാതിരിക്കാൻ മാത്രം അമൂല്ല്യമാണ് ഇസ്‌ലാം എന്ന് മതാഭിനയക്കാർ അവർക്കുവേണ്ടി പ്രചരിപ്പിക്കുന്നു.

മതാഭിനയക്കാർ അവതരിപ്പിക്കുന്ന ഈ ഇസ്‌ലാം ജനങ്ങളെ നിദ്രാധീനരാക്കുന്നു. വർത്തമാന കാര്യങ്ങൾ വിസ്മരിക്കുന്നു. ഇത്തരമൊരു ആത്മീയ നിവൃതിയിൽകൽപ്പനികമായ ഒരു പ്രഭയിലൂടെ ഭാവനാസൃഷ്ടമായ ലോകത്തേക്ക് ആരോഹണം ചെയ്യവെ മുസ്‌ലിം തിരിച്ചറിയിന്നില്ല. ശവം തീനികളായ കപട നാട്യക്കാരുടെ കൈകളിൽ തങ്ങളുടെ കീശയിലാണെന്ന്. ഇനി അവൻ ഇത് കണ്ടുപിടിക്കുന്നു എന്ന് കരുതുക. എന്താണവന് ചെയ്യാൻ സാധിക്കുക? എതിർക്കാനുള്ള ശക്തിയോ സമയമോ അവനില്ല. അത് എതിർപ്പാവശ്യപ്പെടുന്നതാണെന്ന ചിന്തപോലുംഅവനില്ല. കാരണം കപടനാട്യക്കാരുടെ അഭിപ്രായത്തിൽ മുസ് ലിം നേതൃഭക്തിയുമായി മാലാഖമാരുടെ ചിറകുകൾ ധരിച്ച് അല്ലാഹുവിനോട് കഴിയുന്നത്ര അടുത്ത് സ്വർഗ്ഗങ്ങളിൽ പാറിക്കളിക്കുകയാണ്. സർവ്വോപരി, ഈ ലോകത്തെ കഷ്ടപ്പാടുകൾ മൂലം വീഴ്ത്തുന്ന ഓരോ തുള്ളി കണ്ണുനീരും സ്വർഗ്ഗത്തിൽ തങ്ങൾക്കുവേണ്ടി മാണിക്യത്തിന്റേയോ പുഷ്യരാഗത്തിന്റെയും കൊട്ടാരങ്ങൾ പണിയുമെന്ന്ന കപടനാട്യക്കാർ അവരോട് പറയുന്നു. ഇങ്ങനെ നോക്കിയാൽ ഒരു ബാരൽ എണ്ണ മൂന്ന് സെന്റ് വിലകുറച്ച് കിട്ടാൻ വേണ്ടിമാത്രം ജീവിതകാലം മുഴുവൻ നുണപറഞ്ഞ് ചതിയും വഞ്ചനയും നടത്തി യുദ്ധം ചെയ്തഢ്ലാനിക്കുന്ന ഭൗതികവാദി, മുസ് ലിമായിരിക്കുക എന്നതിന്റെ അനന്തമായ ആത്മീയാഹ്ലാദം അനുഭവിക്കാൻ യോഗ്യമില്ലാത്ത നികൃഷ്ട വ്യക്തിയാണ് മുസ്‌ലിമിന്റെ ദൃഷ്ടിയിൽ.

ശ്രോതാക്കളിൽ ബുദ്ധിയുള്ള കുറേപോരെങ്കിലും മതാഭിനയക്കാരെ തുറിച്ചു നോക്കാനും തോരാട്ടുകേട്ടുറങ്ങാതിരിക്കാനും സാധ്യതയുണ്ട്. അവർ ആഭിചാരങ്ങൾ ശ്രദ്ധിക്കുകയാണെന്ന് വിചാരിക്കുക. അഭിനേതാക്കളുടെ മന്ത്രോച്ചാരണങ്ങൾ അവർക്ക് മനസ്സിലാവും. കൈയാംഗ്യങ്ങൽ അവർ വായിക്കും. സമൂഹത്തിൽ ആ മതം നിർവ്വഹിക്കുന്ന പങ്ക് എന്താണെന്നും അവർ തിരിച്ചറിയും. മുസ് ലിംകളുടെ കൈയിലുള്ള തുടുത്ത ആപ്പിൾ-അത് ദുർഗന്ധം വമിക്കുന്നതും പുഴുക്കൾ നിറഞ്ഞതുമാണെന്ന ഭാവന വലിച്ചെറിയണമെന്ന് ഇത്രയധികം വാശിപിടിച്ചു പറയുന്നതിന്റെ ഉദ്ദേശ്യം അവർക്ക് മനസ്സിലാവും. മറുഭാഗത്തുള്ള ഒരു വിഭാഗത്തിന് തട്ടിയെടുക്കാൻ വേണ്ടിയാണ് ഈ വലിച്ചെറിയൽ. തുടർന്നെന്താണുണ്ടാവുക? സന്ദർഭം മനസ്സിലാക്കുന്ന മനുഷ്യൻ എന്തു ചെയ്യും? 'മതത്തെയും അതിന്റെ മനുഷ്യവിരുദ്ധ ജീവിത നിഷേധ നിലപാടിനെയും വെറുത്ത് ബോധപൂർവ്വം ജാഗ്രതയോടെ അവൻ ഓടിപ്പോവും. എങ്ങോട്ട്? നാടകശാല

യുടെ മറുശത്തേക്ക്. അവിടെയവൻ പശ്ചാത്യവൽക്കരണ പ്രക്രിയയുടെ പ്രേക്ഷകനാവും.

പ്രധാന സംവിധായകനെ സംബന്ധിച്ചിടത്തോളം ഇതിൽ വ്യത്യാസമൊന്നുമില്ല. കാരണം പരസ്പര ഭിന്നമാണെനന്ന് തോന്നുന്ന ഇരു ഭാഗങ്ങളുടെയും ഉദ്ദേശ്യങ്ങലും ഒന്നുതന്നെയാണ് വഴി പോക്കനെ യാത്രയിൽനിന്നു തടയുക. ഇതിനായി ഉപയോഗപ്പെടുത്തുന്നത് മതത്തെയാണോ അല്ലയോ എന്നത് പ്രസക്തമല്ല. പേരുകൾക്കും തലവാചകങ്ങൾക്കും മുദ്രാവാക്യങ്ങൾക്കും സ്വന്തം നിലയിൽ എന്ത് വിലയാണുള്ളത്? ഇസ്ലാമിക നാടുകളിലേക്കുള്ള ബ്രിട്ടന്റെ കടന്നു കയറ്റത്തിന്റെ ആദ്യനാളുകളിൽ ബ്രിട്ടീഷ് പ്രധാന മന്ത്രി ഇവാർട്ട് ഗ്ലാഡ്സ്റ്റൺ(18091898) ബ്രിട്ടീഷ് പാർലമെന്റിൽ രോഷപൂർവ്വം അലറിയത് ഇതിന്റെയെല്ലാം രത്നച്ചുരുക്കമാണ്: "അവരുടെ കൈയിൽ ഖുർആനുളളേടത്തോളം കാലം നമുക്കൊന്നും ചെയ്യാൻ കഴിയുകയില്ല്" ഇസ്ലാമും പാശ്ചാത്യൻ സാമ്രാജ്യത്വവും തമ്മിലുള്ള ശത്രുതയെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴൊക്കെചില കപടബുദ്ധിജീവികൾ പ്രതിഷേധിക്കാറുണ്ട്. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധം സാമ്പത്തിക ചൂഷണത്തിന്റേതാണെന്നും രാഷ്ട്രിയ ചൈനിക പ്രശ്നങ്ങൾ അതിന്റെ ഉൽപ്പന്നമാണെന്നും മതത്തിന് അതിലുള്ള പങ്ക് വളരെ കുറവാണെന്നും അവർ പറയുന്നു. എന്നാൽ നാം എന്തിനാണ് ഈ ബന്ധത്തെ ആത്മീയ പ്രശ്നങ്ങളുടെയും മതശത്രുതയുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നത്?

ഒന്നാമതായി, കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിൽ കിഴക്കിനും പടിഞ്ഞാറിനും ഇടയിൽ സംഭവിച്ചത് പോലെയുള്ള കോളനിവൽക്കരണ പ്രതിഭാസത്തെ കുറിച്ച് ശാസ്ത്രിയവും സാമൂഹ്യശാസ്ത്രപരവുമായ ധാരണ ഈ ആളുകൾക്കില്ല എന്ന് തോനുന്നു. ദിനപത്രങ്ങളിൽ നിന്നും ബഹുജനമാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന അറിവ് മാത്രമാണ് കോളണിവൽക്കരണത്തെക്കുറിച്ച് കപടബുദ്ധിജീവികൾക്കുള്ളത്. അതിനാൽ സംസ്ക്കാരവും ധനശാസ്ത്രവും പരസ്പരം ബന്ധപ്പെട്ട ഒരു താൽക്കാലിക നിർവചനത്തിന്റെ ഘടകങ്ങളാണെന്നും അവയെ കാര്യകാരണബന്ധം കൂട്ടിച്ചേർക്കുന്നുണ്ടെന്നും അവർക്കറിയില്ല. പാരമ്പര്യ വാദികളെപ്പോലെ ഇത്തരം കപടബുദ്ധിജീവികളും ഭൗതികവാദം / ആത്മീയവാദം അല്ലെങ്കിൽ വസ്തുനിഷ്ഠത / ആത്മനിഷ്ഠത എന്നിവയെ സ്വതന്ത്രവും വ്യത്യസ്തവുമായ രണ്ടവസ്തകളായി കാണുന്നു. "മതം മനു,ഷ്യനെ മയക്കുന്ന കറുപ്പാണ്" തുടങ്ങിയ പറഞ്ഞുമടുത്ത വാക്യങ്ങൾ ആവർത്തിക്കുമ്പോൾ മതം മതം വെറുമൊരു ഉപരിഘടന അഥവാ ഉൽപ്പാദന രീതിയുടെയും സമൂഹത്തിലെ സാമ്പത്തിക ബന്ധങ്ങളുടെയും ഒരുൽപ്പന്നം അല്ലെന്ന് അനിവാര്യമായും സമ്മതിക്കുകയാണ് തങ്ങളെന്ന് അവരറിയുന്നില്ല. മതം എല്ലാത്തിന്റെയും അടിത്തറയും പ്ഥമ നിമിത്തവുമാണ്. മറ്റുവാക്കുകളിൽ, സമൂഹത്തിന്റെ സാമ്പത്തിക ആന്തരഘടനയിലേക്ക് വഴി കണ്ടുപിടിക്കാൻ സാധ്യമാക്കുന്ന ഒരാകസ്മിക പങ്ക് മതത്തിൽ അവർ അദ്ധ്യാരോപിച്ചിരിക്കുന്നു.

ഹൃദയവും കർത്താവും തമ്മിലുള്ള ബന്ധത്തിൽ മാത്രം പരിമിതമായ ഒരു സമ്പൂർണ്ണ ആദ്ധ്യാത്മിക സദാചാര വൈയക്തികമതമാണ് ക്രിസ്ത്യാനിസം. പടിഞ്ഞാറിൻരെ സാങ്കേതിക പുരോഗതിയും മുതലാളിത്തത്തിന്റെ ആവിർഭാവവും സാമ്പത്തിക വളർച്ചയും ഭൗതികനാഗരികതയും കണക്കിലെടുക്കുമ്പോൾ ക്രിസ്തുമതത്തിൽപോലും കത്തോലിക്കാ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ രണ്ട് വിരുദ്ധ പങ്കുകൾവഹിച്ചുട്ടുണ്ടെന്ന് മാക്സ്വെബർ വ്യക്തമാക്കിയിട്ടുണ്ട്. ഒന്ന് വ്ധ്യാത്മകതവും മറ്റത് നിഷേധാത്മകവും . മറ്റു വാക്കുകളിൽ, പടിഞ്ഞാറിന്റെ ഭൂമിശാസ്ത്രഭൂപടവും പരിഷോധിക്കുമ്പോൾമതത്തിനും സാമ്പത്തിക സാഹചര്യങ്ങൽക്കുമിടയിൽ ഒരു സഹവർത്തിത്വം കാണാവുന്നതാണ്. രണ്ട് സഹജ പ്രതിഭാസങ്ങൾക്ക് ഒരാകസ്മിക ബന്ധമുണ്ടായിരിക്കുമെന്ന സാർക് ഹെയ്മിയൻ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ പ്രൊട്ടസ്റ്റാന്റിസം ഐഹികവും യുക്തിപരവുമായ ക്രൈസ്തവതയാണ്. എന്തുകൊണ്ടെന്നാൽ എല്ലാ പ്രൊട്ടസ്റ്റന്റ് രാജ്യങ്ങളും ഭൗതിക പുരോഗതി നേടിയ മുതലാളിത്ത രാജ്യങ്ങളാണ്. അമേരിക്കയും ജർമ

നിയും ഉദാഹരണം. പരലോകകേന്ദ്രിതവും നിഷേധാത്മകവും പ്രഭുത്വപരവുമാണ് മറു ഭാഗത്തെ കാത്തോലിക്കാമതം. വ്യവസായ വൽക്കരണവും മുതലാളിത്തവും വച്ചു നോക്കുമ്പോൾ താരതമ്യേന പിന്നോക്കം നിൽക്കുന്നവയാണ് കാത്തോലിക്കാ സമൂഹ ങ്ങൾ. ഉദാഹരണം ഇറ്റലിയും സ്പെയിനും. രണ്ടു മതങ്ങളും പിന്തുടരുന്ന രാജ്യങ്ങൾ ഈ രണ്ടു ധ്രുവങ്ങൾക്കു മധ്യേ പ്രൊട്ടസ്റ്റന്റ് കത്തോലിക്കാ അനുപാദത്തിന്റെ ധനാത്മക പാരസ്പര്യത്തിലെ ഏതോ ഒരു ബിന്ദുവിലാണ് സ്ഥിതി ചെയ്യുന്നത്. ഫ്രാൻസ്, ഇംഗ്ലണ്ട് മുതലായ ഉദാഹരണം.

അനുധാവകരുടെ സാമ്പത്തിക ഭൗതിക ജീവിതം രൂപപ്പെടുത്തുന്നതിൽ സന്യാസിമഠങ്ങ ളുടെ മതം ശക്തമായ ഒരു ഘടകമായി വർത്തിക്കുന്നുവെങ്കിൽ വിശുദ്ധയുദ്ധം സന്യാ സിമഠമായ മതത്തിന്റെ കാര്യത്തിൽ അത് തീർച്ചയായും സത്യമാണ്! ആയുധധാരിയായ പ്രവാചകൻ സ്ഥാപകനും അലി അനുയായിയുമായമതത്തിന്റെ കാര്യത്തിൽ രാഷ്ട്രിയ ത്തിന്റെയും സമര(ജിഹാദ്)ത്തിന്റെയും നടുക്കാണ് അതിന്റെ ചരിത്രം ആരംഭിക്കുന്നത്. പ്രാർത്ഥനക്ക് സമമാണത്ന് നികുതി പിരിവ്. ഈ മതം ധാർമിക വിശുദ്ധിക്കും ആത്മീയ പ്രചരണത്തിനും സാംസ്ക്കാരിക പുരോഗതിക്കുമൊപ്പം രാഷ്ട്രി സാമ്പത്തിക വ്യവസ്ഥ കളും ഒരു നാഗരികതയും സ്ഥാപിച്ചിട്ടുണ്ട്, സന്യാസ ക്രൈസ്തവത അതിന്റെ അനുയാ യികളുടെ ഭൗതിക ജീവിതം ചിട്ടപ്പെടുത്തുന്ന ഒരു ശക്തിയാണെങ്കിൽ ഭഊമിയിൽ മർദ്ദ കർക്കെതിരെ പോരാടുക എന്നത് സദാമുദ്രവാക്യമാക്കിയിട്ടുള്ള ഇസ്‌ലാമും അങ്ങിനെ ത്തന്നെയാണ്. സാർവ്വലൗകിക ഭരണകൂടരൂപീകരണത്തിന് പ്രചോദനം നൽകുന്ന ഇസ്‌ലാം ഈ ലോകത്തെ പരലോകതേതെക്കുള്ള കൃഷിയിടമായികണക്കാക്കുന്നു. മർദ്ദി തരെ കലാപത്തിനും സായുധസമരത്തിനും ക്ഷണിക്കുന്നു. സമകാലീന ചൂഷണവിരുദ്ധ പ്രസ്ഥാനനായകർക്ക് സമശീർഷനായ അലി ഇസ്‌ലാമിന്റെ ഭയഭക്തിയുടെയും പരിശു ദ്ധിയുടെയും പ്രതീകവും ആത്മീയ സംസ്കരണത്തിന്റെ മൂലമാതൃകയുമാണ്. ഇസ്‌ലാം ധനശാസ്ത്രത്തെ ധാർമ്മികതയുടെ ആന്തരഘടനയായും ഭൗതികതയെ ആത്മീയതയി ലേക്കുള്ള സോപാനമായും പരിഗണിക്കുന്നു. അണികൾ എപ്രകാരം ജീവിക്കണമെന്ന് നിശ്ചയിക്കാൻ ക്രിസ്ത്യാനിസത്തിന് കഴിയുമെങ്കിൽ “സാമ്പത്തികോപാധികളില്ലാത്ത വൻ വിചാരണനാളിലും എല്ലാം നഷ്ടപ്പെട്ടവനാവും” എന്ന് സുവ്യക്തമായി പ്രഖ്യാപി ക്കുന്ന പ്രവാചകന്റെ ഇസ്‌ലാമിനും അത് കഴിയും. “മുഴുവൻ മൂലധനവും ജനങ്ങൾക്കിട യിൽ പുനർവിതരണം ചെയ്യണമെന്നും ചിലർ പൂഴ്ത്തിവെച്ചിട്ടുള്ള ധനശേഖരം കണ്ടു കെട്ടണം”[17] എന്നുമുള്ള തത്വത്തിനുവേണ്ടി ഇസ്‌ലാമിക ഖിലാഫത്തിനെതിരെ പടപൊരു താൻ ജീവിതം സമർപ്പിച്ച യേശുവിനെപ്പോലെ ഭക്തനായ അബൂദർറ് അനുയായിയായ മതമാണ് ഇസ്‌ലാം.ജനങ്ങളെല്ലാം സമൻമാരാണ് എന്നതത്വം ദൈവത്തിനുമുമ്പിൽ മാത്ര മല്ല ഭരണകൂടങ്ങൾക്കു മുമ്പിലും  വേണം. പരലോകത്ത് മാത്രമല്ല ഈ ലോകത്തും വേണമത്. “ദൈവത്തിന്റെ നീതിദണ്ഢി” നു മുമ്പിൽ മാത്രം പോര പൊതുസമ്പത്തിന്റെ കാര്യത്തിലും നിയമപ്രകാരം അത് ബാധ്യതയാവണം. ഈ ഇസ് ലാമിന്റെ ഉൽപ്പന്ന മാണ് അബുദർറ്. വീട്ടിൽഭക്ഷിക്കാൻ ഒന്നുമില്ലാഞ്ഞിട്ടും വാളൂരിയുദ്ധം ചെയ്യാൻ തയ്യാ റാവാത്ത മനുഷ്യരെ കണ്ടിട്ട് അബുദർറ് അതിശയം കൂറി. ദാരിദ്ര്യം മതത്തിൻരെ പരിച്ച രടാണെന്നും അത് മതത്തെ പോഷിക്കിക്കുമെന്നും അവകാശപ്പെടുന്ന ഇതര മതനേതാ ക്കളുടെ അദ്ധ്യാപനങ്ങൾക്ക് വിപരീതമായി “ദാരിദ്ര്യം ഒരുവാതിലിലൂടെ വീട്ടിനകത്ത് പ്രവേശിക്കുമ്പോൾ വിസ്വാസം മറ്റോറു വാതിലിലൂടെ പുറത്ത് പോവുന്നു” എന്നാണ് ഇസ്‌ലാമിന്റെ പ്രഖ്യാപനം. ദാരിദ്ര്യത്തെ ദൈവനിന്ദക്ക് തുല്ല്യമായിക്കാണുന്ന ഇസ് ലാമിനെ ക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇസ്‌ലാമിന്റെ അലി ഇങ്ങനെ പ്രഖ്യാപിച്ചു: “മതത്തിനു വേണ്ടി ഈ ലോകത്തെ ബലികൊടുത്തവൻ ഈ ലോകത്തിനു വേണ്ടി മതത്തെ ബലികൊടുത്തവനെപ്പോലെ തന്നെയാണ്. ഇരുകൂട്ടരും നമ്മുടെ കൂട്ടത്തിൽപെ ടുകയില്ല”. യാഥാർത്ഥ്യാധിഷ്ഠിത മതമാണ് ഇസ് ലാം. അത് പ്രകൃതിയെയും അധികാര ത്തെയും സൗന്ദര്യത്തെയും സമ്പത്തിനെയും സമൃദ്ധിയെയും പുരോഗതിയെയും മനു ഷ്യയാവശ്യങ്ങളുടെ പൂർത്തീകരണത്തെയും സ്നേഹിക്കുന്നു. എത്രത്തോളമെന്നാൽ

അതിന്റെ ദൈവം, സുന്ദരവും ഉപകാരപ്രദവുമായ ഭൗതികപ്രതിഭാസങ്ങളും സാധനങ്ങളും പ്രദാനം ചെയ്യാമെന്ന് പ്രതിജ്ഞ ചെയ്യുന്നു. അന്തസ്സിനെയും സന്തോഷത്തെയും മനുഷ്യ ജീവിതത്തിലെ ആശ്വാസത്തെയും പ്രകീർത്തിക്കുന്നു. അതിന്റെ പ്രവാചകൻ ജീവിതവും രാഷ്ട്രീയവും അധികാരവും സൗന്ദര്യം പോലുമുള്ള മനുഷ്യനാണ്. അതിന്റെ ഗ്രന്ഥം അഭൗതികകാര്യങ്ങളെയും മതത്തെയും കുറിച്ച് പറയുന്നതിനേക്കാളേറെ പ്രകൃതി, ഐഹികം, ലോകം, സമൂഹം, ചരിത്രം എന്നിവയെക്കുറിച്ചാണ് സംസാരിക്കുന്നത്. പ്രാർത്ഥനയ്ക്കു പകരം സമരത്തെക്കുറിച്ചത് പ്രതിപാധിക്കുന്നു. "ഭൂരിപക്ഷത്തിന്റെ ജീവിതത്തിനുമേൽ ആധിപത്യം പുലർത്തുന്ന ന്യൂനപക്ഷത്തിന്റെ" വിധിയെക്കുറിച്ച് അത് ചർച്ച ചെയ്യുന്നു. ദൈവത്തിന് സ്വയം സമർപ്പിക്കാൻ അത് ജനങ്ങളെ ക്ഷണിക്കുന്നു. മർദ്ദനത്തിനും അജ്ഞതയ്ക്കും അനീതിയ്ക്കും അസമത്വത്തിനുമെതിരെ കലാപം ചെയ്യാൻ പ്രേരണ നൽകുന്നു. ക്രൂരത കാണിക്കുന്നവർക്കും പമാധിപത്യത്തിനും പുരോഹിതന്മാർക്കുമെതിരെ പൊരുത് ആവശ്യപ്പെടുന്നു. ഇസ്‌ലാം കേവലം ഉപരി ഘടനയല്ല. നേതൃത്വവും (ഇമാമത്ത്) നീതിയും (അദ്ൽ) അതിന്റെ രണ്ട് സവിശേഷതകളും മുദ്രാവാക്യങ്ങളുമാണ്. അതിന്റെ ('തുടക്കവും വിശേഷണവും രക്തത്തിന്റേതാണ്' ജനങ്ങളെ അടിച്ചമർത്തുന്നതിനും യഥാർത്ഥ്യത്തെ വികൃതമാക്കുന്നതിനെതിരെയുമുള്ള കലാപത്തിനും സമരത്തിനും ഒപ്പമാണ് അതിന്റെ ചരിത്രം രചിക്കപ്പെട്ടിട്ടുള്ളത്, ചെറുത്തു നിൽപ്പിന്റെയും സമരത്തിന്റെയും പാതയിൽ അതിന്റെ നായകരെല്ലാം ജീവൻ ബലിനൽകിയിട്ടുണ്ട്.

ഷാൻഡെൽ പറയുന്നു: സോക്രട്ടീസ് തത്വചിന്തയെ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് കൊണ്ടുവന്നത് പോലെ മതത്തെ പരലോകത്ത് നിന്ന് ഈ ലോകത്തേക്ക് കൊണ്ടുവന്ന വിശ്വാസമാണിസ്‌ലാം" മുസ്‌ലിംകൾക്ക് ഭാരിച്ച സാമൂഹ്യ ഉത്തരവാദിത്തമുണ്ട്. തിന്മയ്ക്കെതിരെ പൊരുതുക. മനുഷ്യരാശിയുടെ വിജയവും സ്വാതന്ത്ര്യവും നീതിയും നന്മയും സാക്ഷാത്കരിക്കാനുള്ള സർവ്വലൊകിക ദൗത്യം പോലുമുണ്ട് മുസ്‌ലിംകൾക്ക്. നാഗരികത, അധികാരം, ബുദ്ധിപരവും ശാസ്ത്രീയവും കലാപരവുമായ ക്രിയാത്മകത, അന്തസ്സ്, വിജയം, സ്വാതന്ത്ര്യം എന്നിവയാൽ സമ്പുഷ്ടമാണ് മുസ്‌ലിം സമൂഹങ്ങൾ. അവരുടെ സംസ്കാരം ആത്മീയവും മൊതൃകായോഗ്യവും ജീവദായകവും ചലിപ്പിക്കുന്നതും നിർമ്മാണാത്മകവും പ്രബുദ്ധതപകരുന്നതും സ്വാതന്ത്ര്യം ശാസിക്കുന്നതുമായ വിഭവങ്ങൾ നിറഞ്ഞു തുളുമ്പുന്നതാണ്. മനുഷ്യസംവേദങ്ങളെ സമ്പന്നമാക്കുന്ന യുക്തി -കലാ-വൈകാരിക പ്രതിഭയുടെ അലറുന്ന തിരമാലകൾ നിറഞ്ഞ സമുദ്രം. ചുരുക്കത്തിൽ ഇസ്‌ലാമിക സംസ്കാരം മനുഷ്യവംശത്തിന് ആത്മബോധവും വ്യക്തിത്വവും സ്വാതന്ത്ര്യവും ഉദാരതയും മാനവിക ശക്തിയും പ്രദാനം ചെയ്യുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സാമ്രാജ്യത്വവാദികളുടെ ദൃഷ്ടിയിൽ ഇസ്‌ലാം, ഇന്ത്യൻ ബുദ്ധമതത്തിന്റെ നിർമ്മാണ സങ്കൽപത്തെപ്പോലെയോ ചൈനീസ് താവോമത്തിന്റെ ആഭിചാരത്തെപ്പോലെയോ ലാറ്റിനമേരിക്കൻ കത്തോലിക്കാമതത്തിന്റെ സന്യാസത്തെപ്പോലെയോ ആസ്ത്രേലിയയിലെയും ആഫ്രിക്കയിലെയും അർദ്ധ മതാത്മക നാട്ടാചാരങ്ങളെപ്പോലെയോ ഉള്ള അമൂർത്തവും ഇടുങ്ങിയതുമായ ഒരു മത രൂപമത്രെ.[18]

സാർവലൗകിക കോളനി വത്കരണത്തിന്റെയും സാമ്പത്തിക സാമ്രാജ്യത്വത്തിന്റെയും വാതിൽപ്പടിയിലെത്തുന്നതിനു മുമ്പേ പാശ്ചാത്യർക്ക് ഇസ്‌ലാമിനെ നന്നായറിയാമായിരുന്നു. യൂറോപ്പിൽ തന്നെ ഇസ്‌ലാം വിശ്വോത്തര നാഗരികതകലിലൊന്ന് സ്ഥാപിച്ചിട്ടുണ്ട്. സ്പെയിനിൽ ഇതിനുപുറമെ പലനൂറ്റാണ്ടുകളിലായി പല ഘട്ടങ്ങളിൽ കിഴക്കും പടിഞ്ഞാറും യൂറോപ്പ് ഇസ്‌ലാമുമായി എതിരിട്ടു. ഇസാലാമിക സമൂഹം സാമൂഹിക ബലഹീനതയും മതപരമായ വിഭാഗീയതകളും രാഷ്ട്രിയ ശൈഥില്ല്യവും മൂലം ഉഴലുകയായിരുന്ന(കുരിശുയുദ്ധം) സമയത്തുപോലും യൂറോപ്പിന് ഇസ്‌ലാമിൽ നിന്ന് മാരകമായ മുറിവുകളേറ്റിട്ടുണ്ട. ഇറാനിലും മെസപോട്ടേമിയയിലും സിറിയയിലും ഫലസ്തീനിലും ഏഷ്യാമൈനറിലും അനാതോലിയിൽപോലും ഇസ്‌ലാം യുറോപ്പിന്റെ മത സ്വാധീനം ഇല്ലാതാക്കി. സമീപ നൂറ്റാണ്ടുകളിൽപോലും യുറോപ്പ് ഇസാലാമിൻരെ മേധാവിത്വത്തിന്

സാക്ഷ്യം വഹിച്ചിട്ടുണ്ട്. കിഴക്കൻ യൂറോപ്പ്യൻ രാജ്യങ്ങളായ ഇറ്റലിയുടെയും ആസ്ത്രിയയുടെയും മേൽ ശക്തവും ഭീഷണവുമായ ആധിപത്യം ഉണ്ടായിരുന്നു അതിന്. പത്തൊമ്പതാം നൂറ്റാണ്ടിൽ രണ്ടു തവണ മുസ്‌ലിംകൾ വിയന്ന വളഞ്ഞു പിടിച്ചു അക്രമിക്കുകയുണ്ടായി. ലോകത്ത് എന്തു നടക്കുന്നുവെന്ന് ശ്രദ്ധിക്കാതെ അണികൾ ആരാധനാലയങ്ങളുടെ ഏകാന്തതകളിൽ ഒതുങ്ങിക്കൂടി നിഗൂഢമായ മന്ത്രോച്ചാരണങ്ങളിലും പവിത്രമായ ഇന്ദ്രിയ നിഗ്രഹത്തിലും വ്യാപൃതമാവുന്ന മതമല്ല ഇസ്‌ലാം എന്ന് ചരിത്രം യൂറോപ്പിനെ പഠിപ്പിച്ചു. ക്ഷിപ്രം ചലനമുണ്ടാക്കുകയും ശക്തി പകരുകയും ആത്മബോധം വളർത്തുകയും പ്രബുദ്ധത നൽകുകയും രാഷ്ട്രീയാവബോധം സൃഷ്ടിക്കുകയുംസാമൂഹ്യ ഉത്തരവാദിത്വം ഉണ്ടാക്കുകയും ചെയ്യുന്ന മതമാണ് ഇസ് ലാം. ഇസ്‌ലാം പള്ളിയുടെ അലങ്കാര വിളക്കല്ല. മനസ്സിനെ പ്രതീപ്തമാക്കുന്ന ശക്തി വിശേഷമാണത്. മർദ്ദിതരെ അത് കലാപത്തിന് ക്ഷണിക്കുന്നു. യുദ്ധക്കളത്തിന് വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ധൈര്യത്തിന്റെയും ചൈതന്യം പകരുന്നു. മുൻകാലത്തനുഭവിച്ച "ഇസ്‌ലാമിന്റെ കപട"ത്തെ കുറിച്ച് ഗൗരവപൂർവം ആലോചിക്കാതെ എങ്ങിനെയാണ് പാശ്ചാത്യൻ സാമ്രാജ്യത്വത്തിന് ഇസ്‌ലാമിക ഭൂമിയിലേക്ക് പ്രവേശിക്കാൻ കഴിയുക? ഇസ്‌ലാമിക സമൂഹത്തിന്റെ ഹൃദയത്തിലേക്ക് എങ്ങനെ കടന്നു കയറും? അണികളുടെ ജീവിതവും പരമ്പരാഗത സ്ഥാപനങ്ങളും തകർക്കുന്നതെങ്ങനെ? എങ്ങനെ വിഭവങ്ങൾക്കൊള്ളയടിക്കും? പട്ടണങ്ങൾ കമ്പോളമാക്കും? മുസ്‌ലിംകളെ ഒന്നുമില്ലാത്തവരും അസംബന്ധരും കൊള്ളരുതാത്തവരും അനുകർത്താക്കളുമാക്കും? കപടനേതാക്കൾ മുഖേന ഇസ്‌ലാമിനെ തീർത്തും ഉന്മൂലനം ചെയ്ത്കൊണ്ടോ അല്ലെങ്കിൽ മുസ്‌ലിംകളെ ഭാവനാ കാര്യങ്ങളിൽ കുരുക്കിയിട്ടുകൊണ്ടോ കൊളോണിയ ലിസ്റ്റുകൾ വിജയിച്ചിരിക്കുന്നു.

എന്താണ് പരിഹാരം?

പകുത് ജനങ്ങൾക്ക് മതത്തെകുറിച്ച് ഒന്നുമറിയില്ല. ബാക്കി പകുതിയുടെ ധാരണ വികൃതമാണ്. ഇത്തരമൊരു സമൂഹത്തിൽ ഒരു ബൗദ്ധിക- ആത്മീയ വിപ്ലവം അനിവാര്യമാകുന്നു. എങ്കിലെ അതൊരു മതനവോത്ഥാനമാകൂ. ചത്തു ജീർണ്ണിച്ചു വികൃതമായ സംസ്കാരത്തിന്റെ അസ്തികൂടത്തിന് ജീവൻ ലഭിക്കുകയും പുരോഗമനാത്മകമായ സ്വഭാവവിസേഷങ്ങളും ചലനാത്മവും മാർഗദർശകവും പ്രബുദ്ധവുമായ ഘടകങ്ങളും ഉണ്ടാവുകയും ചെയ്യൂ. അവ കഴിഞ്ഞകാലത്ത് ഒളിഞ്ഞു കിടക്കുന്നതും വർത്തമാന തലമുറക്ക് അറിഞ്ഞ് കൂടാത്തതുമായ ഘടകങ്ങളാവാം. ബാഹ്യവും ഭാവനാത്മകവും കൽപിതവും വിശലിപ്തവുമായ ചേരുവകളാൽ മിശ്രണം ചെയ്യപ്പെട്ടു കിടക്കുന്നതുമാവാം., ആരാധനകളെയും ചടങ്ങകളെയും ചിന്ത കൂടാതെ മഹത്വവൽക്കരിക്കുക വഴി വീര്യവും സാരവും ചലനവും ലക്ഷ്യവും ചോർന്നുപോയ ഘടകങ്ങളാവാം; അജ്ഞരായ സുഹൃത്തുക്കളുടെയും കപടരും നീതിരഹിതരുമായ നേതാക്കളുടെയും സഹായത്തോടെ കുഴിച്ച് മൂടപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്ത ഘടകങ്ങളവാം. സമൂഹം ഈ പ്രധാന ഘടകങ്ങൾ കണ്ടെത്തി അതേക്കുറിച്ച് ചർച്ച ചെയ്യണമെങ്കിൽവിപ്ലവം ആവശ്യമാണ്. അപ്പോഴെ സന്ദർഭത്തിന്റെ താൽപര്യത്തിനനുസരിച്ച് സമൂഹം നീങ്ങുകയുള്ളൂ. സമൂഹത്തെക്കുറിച്ച് നല്ല പിടിപാടുള്ള സത്യസന്ധരും ഉത്തരവാദിത്തബോധമുള്ളവരുമായ മുഴുവ് പ്രബുദ്ധ വ്യക്തികളുടെയും അകമഴിഞ്ഞ സഹകരണമാണ് ഇതിന് ഒഴിച്ച് കൂടാൻ പറ്റാത്ത ഉപാധി. അൽപ്പമെങ്കിലും ശാസ്ത്രിയ പാശ്ചാത്തലമുള്ള ആർക്കും ഇതുബോദ്ധ്യമാവും ഇസ്‌ലാമിന്റെ ജീവസ്ഫുരകവും ചലനാത്മകവും സക്രിയവുമായ ചൈതന്യം വീണ്ടെടുക്കാൻ വർത്തമാനകാല ഇസ്‌ലാമിന്റെ ദുരന്ത ചരിത്രമറിയുന്ന ബോധവും ഉത്തരവാദിത്വവുമുള്ള മുഴുവൻ പ്രബുദ്ധ വ്യക്തികളും തങ്ങളുടെ സമുദായം അനുഭവിക്കുന്ന "ദുശ്ശകുനം പിടിച്ച വൈരുദ്ധ്യവും" "വ്യാജദ്വന്ദാത്കത"യും പരിഹരിക്കുക മാമാണ് ഏകരക്ഷാമാർഗ്ഗം എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. യാഥാർത്ഥ്യഹ്ങളെ വികൃതമാക്കുന്നത് അവയെ ഉൻമൂലനം ചെയ്യുന്നത് പോലെ തന്നെ നശീകരണപരവും അർഥം കെട്ടതും ഭീഷണവുമാണെന്ന് മനസ്സിലാക്കുന്നവതെയാണ് ഞാൻ മനസ്സിൽ കാണുന്നത്. ഒരു വശത്ത്, വഴി വെട്ടിക്കൊടുക്കും വിധം മതം

ഗുരുതരമായി അക്രമിക്കപ്പെടുകയും, മറുവശത്ത്, ജനങ്ങളെ തമസ്സിൽ നിർത്തുന്നതിന് മതത്തെ ഉരിപ്ലവമായി വാഴ്ത്തുകയും ചെയ്യുന്നത് കാണുമ്പോൾ സാമൂഹികവും മനു,് യത്വ രഹിതവും പ്രത്യയശാസ്ത്രപരവുമായ ഉത്തരവാദിത്വം അനുഭവിക്കുകയും ബോധ്യപ്പെടുകയും ചെയ്യുന്നവരെ ജീവപ്രദായകവും സക്രിയവുമായ ഇസ്ലാമിക ചൈതന്യം എന്നത്കൊണ്ട് ഞാനുദ്ദേശിക്കുന്നത് അധപതനത്തിനും അജ്ഞതക്കും ശൈഥില്യത്തിനും ബലഹീനതയ്ക്കും കീഴടങ്ങലിനും ദാരിദ്രത്തിനും ഹീനതക്കും വിവേചനത്തിനും അർദ്ധമതാത്മക മൂഢ മതഭ്രാന്തിനും അന്ധവിശ്വാസത്തിനും അപരി ഷ്കൃതത്വത്തിനും മടുവിൽ ചുരുങ്ങിയ കാലംകൊണ്ട് ഒരു വിപ്ലവവും സംസ്കാരവും ചരിത്രവും സ്ഥാപിച്ച മനുഷ്യനെയും അതിന് പ്രേരണ നൽകിയ ചൈതന്യത്തെയു മാണ്.മഹോന്നതമായസ്നേഹവാൽസല്ല്യങ്ങളും ചിന്തകളും പ്രചോദനങ്ങളും വഴി ആചേതന ദീപോത്സവം ആരംഭിച്ചു. നിരന്തരമായ സമര (ജിഹാദ്) ത്തെയും രക്തസാ ക്ഷിത്വത്തെയും അടിസ്ഥാനമാക്കി സുശക്തമായ വിപ്ലവമുണ്ടാക്കി. സമ്പത്തും അധികാ രവും നിറഞ്ഞ നാഗരികത പടുത്തുയർത്തി. നവ്യവും വിസ്മയകരവുമായ ചിന്തകളും, ആത്മപരിശുദ്ധിയും ബുദ്ധികൂർമതയും ഹൃദയപ്രകാശവും പരിലസിക്കുന്നതും വികാര ങ്ങളും പ്രതിഭയും കവിഞ്ഞൊഴുകുന്നതുമായ സംസ്കാരത്തിനു ജന്മം നൽകി. സൗന്ദ ര്യം, സമത്വം, നീതി, ഐക്യം എന്നീ ആശയങ്ങളും നന്മയും ആത്മാർത്ഥയും തുളുമ്പു കയും മനുഷ്യകത്തിന്റെ ആന്തരിക വികാരങ്ങൾ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ഒരു സാഹിത്യം മാനവരാശിക്കായി അവശേഷ്പ്പിച്ചു.

കപടബുദ്ധിജീവികൾക്കും വ്യാജമതനേതൃത്വത്തിനുമിടയിലെ പൊയ്വഴക്കാണ് നമ്മുടെ സമൂഹത്തെ രണ്ടു വിഭാഗങ്ങളാക്കി പിളർത്തിയത്. ഒരുവിഭാഗം അനാസ്ഥയിലും മറ്റേവി ഭാഗം മതഭ്രാന്തിലും മുഴുകിയിരിക്കുകയാണ്. സാധാരണക്കാർക്കും പണ്ഡിതന്മാര്യക്കുമി ടയിൽ, വ്യാപാരികൾക്കും സർവകകാലക്കാർക്കുമിടയിൽ, പ്രായം ചെന്നവർക്കും ചെറുപ്പക്കാർക്കുമിടയിൽ, പഴയ സമ്പ്രദായത്തിൽ പഠിച്ചവർക്കുമിടയിൽ, മതപണ്ഡിത ന്മാർക്കും ശാസ്ത്രജ്ഞൻമാർക്കുമിടയിൽ, ഇത്രയേറെ അകൽച്ചയുണ്ടാവാൻ കാരണം ഈ വ്യാജ വാഗ്വാദമാണ്. ഈ വഞ്ചനമൂലം ശത്രുവിനെതിരെ യോജിച്ചു പൊരിതേണ്ട ഒരു ശരീരത്തിന്റെ ഇരു കൈകളും പരസ്പരം പൊരിതി. ഒരു പറവയുടെ രണ്ടു ചിറകു കൾ അന്യോന്യം അക്രമിച്ചു. ആധുനികതയും പാരമ്പര്യവും തമ്മിലുള്ള പരിഹാസ്യ മായ യുദ്ധത്തിലേക്കാണ് ഇത് നമ്മെ നയിച്ചത്. എന്നാൽ കിഴക്കും പടി്ഞാറും തമ്മി ലായിരുന്നു യഥാർത്ഥത്തിൽ അങ്കം നടക്കേണേടിയിരിക്കുന്നത്. ഉൽപ്പാദകനും ഉപഭോ ക്താവും തമ്മിൽ, ഉടമയും അടിമയും തമ്മിൽ. അപചയവും പുരോഗതിയും തമ്മിൽ. എന്നാൽ നാം ഏർപ്പെട്ടിരിക്കുന്നത് 'മതപരമായ പോരാട്ടത്തിലും' 'മതപരമല്ലാത്ത' വിവ രംകെട്ട വ്യാജ മതഭ്രാന്തൻ യുദ്ധത്തിലും കൂറെകൂടി വിവരം കെട്ട മതവിരുദ്ധ കലാപ ത്തിലുമാമ്. വസ്തു നിഷ്ഠയാഥാർത്ഥ്യങ്ങളിൽ നിന്നും വേദനകളിൽ നിന്നും നമ്മുടെ വിശ്വാസം, സമൂഹം, വർത്തമാന-ഭാവി ഭാഗദേയം എന്നിവയെ ഭീഷണിപ്പെടുത്തുന്ന ഗുരുതരമായ ചോദ്യങ്ങളിൽ നിന്നും ശ്രധ്ധതെറ്റിക്കാൻ രണ്ടാം കിട അമൂർത്ത പ്രശ്ന ങ്ഹളും ആത്മാർപ്പണത്തിന്റെ വിധികളും കപടവാഗ്വദം മന്നുടെ മുമ്പാകെ നിരത്തിവെ ച്ചിരിക്കുന്നു. അതിനാൽ മന്നുടെ അഭിനവബുദ്ധിജീവികൾ ൂ ുദ്ധിജീവി വാദത്തിന്റെ മറവിലും പരമ്പരാഗത ബുദ്ധിജീവികൾ 'മതത്തെ സംരക്,ിക്കുക' എന്നപേരിലും ധൃതി പിടിച്ചു കഴിയുകയാണ്.

പകുതി തളർവാതം പിടിച്ചതും ബാക്കി പൊള്ളയുമായ അസ്ഥികൂടത്തിലേക്ക് ഇസ് ലൈമിക ചൈതന്യം സന്നിവേശിപ്പിക്കയാണ് ഏകപോംവഴി. സ്വന്തത്തിൽ നിന്നന്യമായ, സ്വന്തം ആത്മീയ സാംസ്കാരിക അടിവേരുകളിൽ നിന്നകന്നുപോയ- ഈ അടിവേരുക ളാണ് വ്യക്തികൾക്കെന്നപോലെ ജനതക്കും സാമുഹ്യ വ്യക്തിത്വവും ശക്തിയും ഐക്യവും നൽകുന്നത്- അലഞ്ഞുതിരിയുന്ന തലമുറയെ സ്വന്തത്തിലേക്കും അതിന്റെ സാംസ്കാരിക പൈതൃകത്തിലേക്കും ചരിത്പുരവും ധാർമകവുമായ തനിമയിലേക്കും ' ആത്മബോധ 'തിരിച്ചുവരാൻ അതിടയാക്കിയേക്കും. അപ്പോൾ മാത്രമേ നഷ്ടപ്പെട്ട തല

മുറയെ ശ്യൂന്യതാ വാദത്തിൽനിന്നും അസംബന്ധങ്ങിൽനിന്നും പൊള്ളത്തരങ്ങ ളിൽനിന്നും ആത്മീയ ശ്യൂന്യതയിൽ നിന്നും ആശയകാലുഷ്യത്തിൽ നിന്നും ബുദ്ധിപ രവും ദാർശനികവുമായ നൈരാശ്യത്തിൽ നിന്നും രക്ഷപ്പെടുത്താൻ കഴിയു. അവർ ഋജുവും തെളിഞ്ഞതും ഉത്തരവാതിത്തം ജനിപ്പിക്കുന്നതുമായ ഏകത്വ (തൗഹീദി) ലേകവിക്ഷണത്തിലേക്ക് കടന്നുവരാം. സ്വത്വത്തിലേക്കുള്ള മടക്കം മാത്രമാണ് അല ഞ്ഞുനടക്കുന്ന തലമുറയെ പടിഞ്ഞാറൻ രക്ഷസനെതിരെ പിടിച്ചു നിൽക്കാൻ ശക്തമാ ക്കുന്ന ഒരേ ഒരു പ്രതീക്ഷ. കുത്തുകയും മോഹിപ്പിക്കുകയും ചെയ്യുന്ന പടിഞ്ഞാറൻ കഠിനവും സമ്പൂർണവുമായ സാസ്കാരിക, ധൈഷണിക, സൗന്ദര്യശാസ്ത്ര, ധാർമിക ബോംബു വർഷത്തിനുശേഷമാണ് അതിന്റെ സ്ഥാനം ഉറപ്പിച്ചിരിക്കുന്നത്; ആത്മിയവും മാനസികവുമായ ശേഷി നശിപ്പിക്കുകയും യുക്തിപരമായ ചെറുത്ത് നിൽപിനും വില യിരുത്തലിനും പരീക്ഷിക്കലിനും തെരഞ്ഞെടുപ്പിനും കണ്ടെത്തലിനുമുള്ള കഴിവ് കെടു ത്തിക്കളഞ്ഞ ശേഷവും. ഒറ്റവാക്കിൽ പറഞ്ഞാൽ, നമുക്ക് ാത്മിയ പതനം സംഭവിച്ചു. അതിന് ശേഷമാണ് പടിഞ്ഞാറ് നമ്മെ കീഴ്പ്പെടുത്തിയത്. സ്വന്തം കാലിൽ നിൽക്കാനും സ്വന്തം നിലക്ക് നടക്കാനും തകർന്നുപോയ അഭിമാനം പുനസ്ഥാപിക്കാനും പടിഞ്ഞാ റൻ ദുർഭൂതത്തെ ചെറുത്തുനശിപ്പിക്കാനുല്ള ഏകമാർഗം അല്ഞ്ഞുതിരിയുന്ന യുവതല മുറയുടെ സാംസ്കാരിക ആത്മിയ ജീവിതം പുനരുജ്ജീവിപ്പിക്കുകയും അവരം യഥാർത്ഥസ്വത്വത്തിലേക്ക് മടക്കുകയുമാണ്.

ജനങ്ങളെ സംബന്ധിച്ചെടത്തോളം ഇവിടെ പലപ്പോഴും പ്രബോധനം ചെയ്യപ്പെടുന്ന തര ത്തിലുള്ള മതം യുക്തിയെ തളർത്തുകയും മനസ്സിനെ മരവിപ്പിക്കുകയും ഇച്ഛയെ അധഃപതിപ്പിക്കുകയും ചെയ്യുന്നതാണ്. അത് സാമൂഹ്യമായഅശുഭ ചിന്തക്കും നിരാ ശക്കും കാരണമാകുന്നു. നിലവിലുള്ള വ്യവസ്ഥിതിക്ക് പൂർണ്ണമായും കീഴൊതുങ്ങാൻ ആവശ്യപ്പെടുകയും അതിനെ നീതിമത്ക്കരിക്കുകയും ചെയ്യുകയാണത്. അന്ധവിശ്വാസ ങ്ങൾക്ക് അത് പ്രോത്സാഹനം നൽകുന്നു. യുക്തിസഹമല്ലാത്ത ആവർത്തനങ്ങളെ സ്വീകാര്യമാക്കുന്നു. യുക്തിക്ക് നിരക്കാത്ത കർമ്മങ്ങളും ആചാരങ്ങളും അനുഷ്ഠിക്കാ നാവശ്യപ്പെടുന്നു. അടിസ്ഥാനമില്ലാത്ത ഭയങ്ങളും സംശയങ്ങളുമുയർത്തുന്നു.നിഷ്ഫല മായ സ്നേഹവും വിദ്വേഷവും പ്രചരിപ്പിക്കുന്നു. ഇല്ലാത്തതോ അജ്ഞതമോ ആയ മിത്രങ്ങളെയും ശത്രുക്കളെയും ചോല്ലി ജനങ്ങലെ തിരക്ക് പിടിപ്പിക്കുന്നു. ഇല്ലാത്ത സംഗതികളിൽ അവരെ അഭിരമിപ്പിക്കുന്നു. ഉള്ള കാര്യങ്ങലെ അഥവാ ശ്രദ്ധയർഹി ക്കുന്ന കാര്യങ്ങൾ ശ്രജ്ദ്ധിക്കുന്നതിൽ നിന്നും അത് ജനങ്ങളെ അവശ്യമില്ലാതെ തടയു ന്നു. ഇക്കാരണങ്ങളാൽ ജനകീയ മതം കൊണ്ട് പ്രയോജനം ലഭിക്കുന്നത് മൂന്ന് കൂട്ടർക്കാണ്: ഫറോവമാർ (രാഷ്ട്രിയ ശക്തികൾ), ഖാറൂൻമാർ (സാമ്പത്തിക ശക്തി കൾ), ബൽആമ്ബ്നു ബാഊറമാർ (കപടപുരോഹിതൻമാർ). എല്ലാറ്റിനും ഇര ഒരു വിഭാഗമാണ്- ജനങ്ങൾ.

ഇത്തരമൊരു ദയനീയ സാഹചര്യത്തിൽദാരിദ്ര്യത്തിന്റെയും അജ്ഞാനത്തിന്റെയും കേവല വിധേയത്വത്തിന്റേതുമായ മയക്കുന്ന മതത്തെ ഉച്ചഠാടനം ചെയ്യാനുള്ള അത്ഭു തകരമായ ഘടകം യഥാർത്ഥ മതമാണ്. ആത്മീയ തലത്തിലും ഭൗതിക ജീവിതത്തിലും വിരുദ്ധ വിഹിതങ്ങൾ വഹിക്കുന്ന അത്ഭുത പ്രതിഭാസമാണ് മതം. അത് നശിപ്പിക്കു കയും പുനർജീവിപ്പിക്കുകയും ചെയ്യുന്നു.ഉറക്കുകയും ഉണർത്തുകയും ചെയ്യുന്ു. കീഴൊതുങ്ങാനും കലാപം ചെയ്യാനും പഠിപ്പിക്കുന്നു. ചുരുക്കത്തിൽ 'മതത്തിനെതിരെ' നടത്തിയ യുജ്ജത്തിന്റെ ചരിത്രമാണ് മനുഷ്യരാശിയുടെ ചരിത്രം; മതം നിരീശ്വരവാദ ത്തിനെതിരെ നടത്തിയ യുദ്ധത്തിന്റേതല്ല, വിവിധ സാമൂഹ്യവർഗ്ഗങ്ങൾക്കിടയിൽ മതം വഹിച്ച വിരുദ്ധ വിഹിതങ്ങളുടെ കഥയാണ് ഇസ്ലാമിന്റെ ചരിത്രം. ഇസ്ലാം ഇസ്ലാമി നെതിരെ നടത്തിയ യുദ്ധം. ഖുർആൻ ഖുർആനിനെതിരെ-സിഫ്ഫീനിൽ-നയിച്ച യുദ്ധം. യുക്തിയുടെയും അഭിവൃദ്ധിയുടെയും ചലനത്തിന്റെയും ഇസ്ലാംഎപ്പോഴും എല്ലായി ടത്തും വഴിപിഴച്ച ഇസ്ലാമിനാൽപരാജയപ്പെടുത്തപ്പെട്ടിട്ടുണ്ട.അധപ്പതനത്തിന്റെയും സതംഭനത്തിന്റെയും അനുരജ്ഞനത്തിന്റെയും ഇസ്ലാമായിരുന്നു അത്. അടവുകളിൽ ഈ മതത്തെ കവച്ചു വെക്കാനും ജനമനസ്സിൽനിന്ന് ഇതിനെ പിഴുതെറിയാനുമുള്ളഏക

മാർഗ്ഗം ജീവദായകവും ആദ്യമേയുള്ളതുമായശരിയായ ഇസ്‌ലാമിനെ പകരം സ്ഥാപിക്കുകയാണെന്ന് യാഥാർത്ഥ്യ ബോധമുള്ള പ്രബുദ്ധർക്കറിയാം. ഇസ് ലാം എന്തെന്നറിയാത്ത ബുദ്ധിജീവികൾക്കോ കാലത്തെ അറിയാത്ത മതപണ്ഡിതന്മാർക്കോ ഈ സന്ദിഗ്ദഘട്ടത്തിൽ നമ്മുടെ സത്വരാവശ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയില്ല. പ്രബുദ്ധരായ ഇസലാം വാദികൾക്ക് മാത്രമെ പൊള്ളയും  അന്യവൽക്കരിക്കപ്പെട്ടതും മോഹങ്ങളില്ലാത്തതുമായ തലമുറയ്ക്ക് ആത്മബോധം പകരാനും അവരെ മുഖ്യധാരയിലേക്ക് കൊണ്ട് വരാനും കഴിയുകയുള്ളൂ. ഇതൊരുവശം. മറുവശത്ത് യഥാർത്ഥ ഇസ്‌ലാമിന്റെ ചിന്തയിലും സത്തയിലും പ്രകൃതിത്തലും അന്തർലീനമായ വിപ്ലവശക്തിയുടെ സഹായത്തോടെ അവരെ സംസ്കരിക്കാനും അവരുടെ കഴിവുകൾ പുത്തെടുക്കാനും സാധിക്കും. എന്നാൽ വിസ്തൃതമായ ഈ മതശക്തി കെണിയിൽ അകപ്പെട്ടിരിക്കുകയാണിപ്പോൾ. ഇക്കാലത്ത് മറവു ചെയ്യപ്പെടുകയോ വിസ്മരിക്കപ്പെടുകയോ പാഴാക്കപ്പെടുകയോചെയ്ത വിശ്വാസത്തിന്റെ ശക്തിയെക്കുറിച്ചാണ് എന്റെ സൂചന. ഉപയോഗപ്പെടുത്തുകയാണെങ്കിൽ അതു നമ്മുടെ ചരിത്രത്തെയും ആത്മാവിനെയും നാഗരികതയെയും ചിന്തകളെയും പ്രചോദിപ്പിക്കുകയും ചെയ്യും.

ആവശ്യം ഒരു ഭൗതിക വിപ്ലവമാണ്. ഒരു ഇസ്‌ലാമിക നവോത്ഥാനം. നമ്മുടെ വിശ്വാസങ്ങളുടെ ആഴമേറിയ അടിസ്ഥാനങ്ങളെ ആരാധിക്കുന്ന, നമ്മുടെ കൈവശമുള്ള സമൃദ്ധമായ വിഭവങ്ങളാൽ സുസജ്ജമായ ഒരു സാംസ്കാരിക ആദർശ പ്രസ്ഥാനം. ഒറ്റവാക്കിൽ നമുക്ക് ഇസ്ലാമാണാവശ്യം. കാലഘട്ടത്തിന്റെ തന്തതികൾക്കു മാത്രമെ, പാൻദേൽ പറയുന്നതു പോലെ, ജനതയുടെ ഭൂതകാലത്തിൽ അടഞ്ഞുകൂടിയ ചരിത്രം പുനരുജ്ജീവിപ്പിക്കാൻ കഴിയുകയുള്ളൂ. മൃതുവും മരവിച്ചതും ഇളക്കാൻ പറ്റാത്തതുമാണത്. സമൂഹ ജീവിതത്തെ അത് അസ്ഥിയാക്കി മാറ്റി. ജീവത്താകുന്നതിൽ നിന്നും അതിനെ തടഞ്ഞു. ഒരിക്കൽ കൂടി ചരിത്രം അതിന്റെ ഊർജസ്വലതയോടും വർത്തമാന കാലത്തേക്ക് പ്രവഹിക്കണം. എങ്കിലേ ഈ പാതയിൽ മുന്നേറുവാനും ലക്ഷ്യമില്ലാത്ത നമ്മുടെ കാലത്തിന് നേതൃത്വം നൽകുവാനും കഴിയുകയുള്ളൂ. ചരിത്രത്തത്തിന്റെ ഒഴുക്കിൽനിന്ന് ഏറെ വിദൂരമാണ് നമ്മുടെ കാലം. അത് വഴിപിഴച്ചു പോയിട്ടുണ്ട്. അധികാരികളുടെ കൈയിലെ കളിപ്പാട്ടമായിത്തീർന്നിട്ടുണ്ട്.

ഈ ഉത്തരവാദിത്തമേൽക്കാൻ പറ്റിയ ആളുകളെവിടെ? നമ്മുടെ സർവ്വകലാശാലകൾ പരമ്പരാഗത വിദ്യാഭ്യാസസമ്പ്രദായത്തിന് പുറത്താണ്. പിറക്കുകയും വളരുകയും ചെയ്തിട്ടുള്ളത്. മാത്രമല്ല അവ പരസ്പരം പോരടിക്കുകയും ചെയ്യുന്നു എന്നതാണ് നമ്മുടെ പ്രയാസങ്ങളിലൊന്ന്. നമ്മുടെ വിദ്യാഭ്യാസം പഴയതിന്റെ അനുപൂരകമോ തുടർച്ചയോ ആവുന്നില്ല. മുഖം പടിഞ്ഞാറോട്ടും പുറം നമ്മുടെ സംസ്കാരത്തിന് നേരെയുമാണ് അതാരംഭിച്ചത്. എന്തുകൊണ്ട് ഈ രണ്ട് വിദ്യാഭ്യാസസമ്പ്രദായങ്ങളും വേറിട്ടു നിൽക്കുന്നു എന്ന് ഇത് വിശദീകരിക്കുന്നു. യൂറോപ്യൻവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമമാണ് നമ്മുടെ സർവ്വകാലശാലകൾ. അവ സ്ഥാപിക്കപ്പെട്ടിട്ടുള്ളത് ചരിത്രമില്ലാത്ത ഏതോ ആഫ്രിക്കൻ അല്ലെങ്കിൽ ലാറ്റിനമേരിക്കൻ രാജ്യത്താണെങ്കിൽ പോലും ചുരുങ്ങിയത് ആയിരം വർഷത്തെ നിരന്തരമായ സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ തുടർച്ചയാണിത് എന്നും ആർക്കും തോന്നുന്നില്ല.

എന്നാൽ പരമ്പരാഗത വിദ്യാഭ്യാസസ്ഥപനങ്ങൾ (ഹൗസ) വാതിലുകൾ കൊട്ടിയടച്ചിരിക്കുകയുമാണ്. നവീന ബൗദ്ധിക ശാസ്ത്രിയ തരംഗങ്ങളിലേക്ക് ഒരു കിളിവാതിൽ പോലും അവതുറന്നുവെക്കുന്നില്ല. സർവകലാശാലകൾക്കൊപ്പം അരനൂറ്റാണ്ടു കാലം അവ പ്രവർത്തനനിരതമായിരുന്നു എന്നതിന്ന് സൂചനയൊന്നുമില്ല. പടിഞ്ഞാറിനാൽ വലയം ചെയ്യപ്പെട്ടതായി അവയ്ക്കൊരിക്കലും തോന്നീട്ടുമില്ല. എന്നതുകൊണ്ടെന്നതിനാൽ പരിശീലനംനേടുന്നതിനെതിരെ അവ അവയുടെ സാമ്പ്രദായിക സമീപനം ൊന്നും നിലനിർത്ിതയിരുന്നു.-ആധിുനിക സർവകലാശാലകളം പരമ്പരാഗത സർഡവകലാശാലകളും തമ്മിലുള്ള അകൽച്ചയും അന്യത്വവും നമ്മുടെ ബുദ്ധിജീവിക

ളുടെ സാംസ്കാരിക പരിശീലനത്തിലും സാമൂഹ്യഘടനയിലും സാരമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അത് നമ്മുടെ സമൂഹത്തിൽ അന്യവും പരസ്പര വിരുദ്ധവുമായ രണ്ട് ബൗദ്ധിക ശാസ്ത്രീയ അന്തരീക്ഷങ്ങൽക്ക് ജൻമം നൽകി. ഓരോ വിഭാഗത്തിന്റെയും അതിന്റെ സംസ്കാരത്തിന്റെയും ലോകവീക്ഷണത്തിന്റെയും അതിരുകളിലേക്ക് ചുരുക്കുകയും ചെയ്തു. പരമ്പരാഗത പാഠശാലകളിൽ മാത്രമേ ഇസ്ലാം ഇപ്പോഴും പഠിപ്പിക്കപ്പെടുന്നുള്ളു. അഭ്യസ്തവിദ്യരായ ആളുകൾ നവീന യീറോപ്യൻ സംസ്കാരം മാത്രം പഠിച്ചവരാണ്. അവർക്ക് ഇസ്ലാം അറിയില്ല. ഇസ് ലാം പഠിച്ചവരാകട്ടെ സമകാലീന കാഴ്ചപ്പാടം ലോകവീക്ഷണവും സമീപനരീതിയും ലോകാവസ്തയും മനസ്സിലാക്കുന്നിമില്ല. നമ്മുടെ കാലത്ത് ശരിയായ ഇസ് ലാമിനം വരച്ചു കാണിക്കാൻ ഈ രണ്ടു വിഭാഗങ്ങൾക്കും കഴിയുകയില്ല. രണ്ട് സംസ്കാരങ്ങളെയും പഠിച്ചവർവേണം അതിന്.

ഭാഗ്യവശാൽ ഈ രണ്ട് വിഭാഗങ്ങൾക്കിടയിലും തങ്ങളുടെ പരിതോവസ്ത അപ്പടി നിലനിൽക്കുന്നതിനെ ആംഗീകരിക്കാൻ കൂട്ടാക്കാത്തവരുണ്ട് അവർ സാമൂഹ്യഘടനയുടെ വെറും ഉൽപന്നങ്ങളല്ല. അവർ തങ്ങളുടെ ചുറ്റുപാട് നിർമ്മിക്കുകയും രൂപപെടുത്തുകയും ചെയ്യുന്നു. യൂറോപ്പിലും ഇറാനിലും പഠിച്ച സർവകലാശാല ശാസ്ത്രജ്ഞർ അവരുടെ കൂട്ടത്തിലുണ്ട്. നവീന സംസ്കാരം അവർക്കറിയാം. ശാസ്തരത്തിന്റെ ഏതെങ്കിലുമൊരു ശാഖയിൽ വിദഗ്ധരാണവർ. എങ്കിലും അവർ ഏക ദിശയിൽ ചിന്തിക്കുന്നവരല്ല, ഇറക്കുമതി ചെയ്ത സകല യൂറോപ്യൻ സാംസ്കാരികോല്പന്നങ്ങളും വിമർശനം കൂടാതെ വിഴുങ്ങുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ആവർത്തന പ്രിയരല്ല. യീറോപ്യൻ മൂല മാതൃകയിൽ വാർത്തെടുക്കപ്പെട്ട ബുദ്ധിജീവികളിമല്ല അവർ. ആഗിരണം ചെയ്യപ്പെടുന്നതിലും യൂറോപ്യവൽക്കരിക്കപ്പെടുന്നതിലും, തഖിസാദയുടെ വാക്കുകളിൽ പറഞ്ഞാൽ 'ആപാദചൂഡം' അവർസംതൃപ്തരല്ല. സാർത്രർ വിവരിച്ചപോലെയുള്ള പ്രബുദ്ധ വ്യക്തികളുടെ ഗണത്തിലാണവരുൾപ്പെടുക. സാർത്ര് പറഞ്ഞു; “ യൂറോപ്യരുടെ സമ്മതമില്ലാതെ ആരം വായ തുറക്കാത്ത പിന്നോക്ക സമൂഹങ്ങളിലും മൂന്നാം ലോകത്തും മനസ്സിലുള്ളത് നിർഭയം തുറന്നു പറയുന്നവരാണവർ. ഇറക്കുമതിചെയ്ത യീറോപ്യൻ വീക്ഷണത്തിനെതിരായി അവർക്ക് എന്തെങ്കിലും പറയാനുണ്ടാകും” തങ്ങൾക്കു വേണ്ടി സ്വയം ചിന്തിക്കുവാനും മനസ്സിലാകാനും സ്വന്തം നിലയിൽ തെരഞ്ഞെടുക്കാനും കഴിയുന്നവരാണവർ. പറയാൻ കൽപിക്കപ്പെട്ടകാര്യങ്ങൽ ആവർത്തിക്കുകയില്ല അവർ. പടിഞ്ഞാറൻ സംപ്രത്യാങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാധ്യമങ്ങളുമാവില്ല. അവർ സ്വജനതയ്ക്കു വേണ്ടി പരിഭാഷപ്പണി ചെയ്യുന്ന യന്ത്രങ്ങളുമല്ല. അവർ പ്രബുദ്ധരാണ്. അനുകരണത്തിന്റെ ദശ പിന്നിട്ടു ശാസ്ത്രീയവും ബുദ്ധിപരവുമായ പക്വത സമാർജിച്ച ആളുകൾ. അവർ കപട യൂറോപ്യരല്ല. യൂറോപ്യൻ നാഗരികതയിൽ നിന്ന് സമകാലീന ഗവേഷണ രീതിശാസ്ത്രവും ശാസ്തരീയ വീക്ഷണവും അവർ പഠിക്കുകയും സ്വയത്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരതുപയോഗിക്കുന്നത് സ്വന്തം സമൂഹത്തെയും ചരിത്രത്തെയും സംസ്കാരത്തെയും മനസ്സിലാക്കുന്നതിനാണ്. അവരുടെ മതത്തിന്റെയും ജനതയുടേയും ഭഗധേയത്തോടുള്ള ഉത്തരവാതിത്തം ഒരു വശത്തും സമകലീന ലോകവും കാലവുമായുള്ള പരിചയം മറുവശത്തും ഉള്ളതിനാൽ ശരിയും പുഷ്കലവുമായ ഇസ് ലാമിക സംസ്കാരത്തെയും വിശ്വാസത്തെയും അടിസ്ഥാനമാക്കി ഒരു സ്വതന്ത്രക്രിയാത്മക പ്രസ്ഥാനത്തിന് പ്തതുറക്കാൻ അവർ ശ്രമിക്കുന്നു. അവരുടെ ലക്ഷ്യത്തിന് രണ്ട് വശങ്ങളുണ്ട് (ഒന്ന്) വിദ്യാഭ്യാസം സിദ്ധിച്ച തലമുറയെ വനരതുല്യം അനുകരിക്കുന്നതിൽ നിന്നും സാമ്രാജ്യത്വത്തിനു ആത്മിയമായും ബൗദ്ധികമായും അടിമപ്പെടുന്നതിൽ നിന്നും മോചിപ്പിക്കുക. (രണ്ട്) സ്തംഭനാവസ്ഥയിൽ നിൽക്കുന്ന പഴയ മതസമൂഹത്തെ പിന്തിരിപ്പൻ ബന്ധങ്ങിൽ നിന്നും പഴകി മരവിച്ച പാരമ്പര്യങ്ങിൽ നിന്നും ബോധശൂന്യവും കപടവുമായ മതഭ്രാന്തിൽ നിന്നും അന്ധവിശ്വാസം അധപ്പതനം എന്നിവയിൽ നിന്നും മനസ്സിന്റെ ആർജിതവും പൈതൃകലബ്ധവുമായ ശീലങ്ങളിൽ നിന്നും മോചിപ്പിക്കുകയും ചലനം കൊള്ളിക്കുകയും ചെയ്യുക. സമൂഹത്തിന്റം അഗാധതയിൽ കുഴിച്ചുമൂടപ്പെട്ടിരിക്കുന്ന വിശാലമായ മതോർജത്തെ കഴിച്ചെടുത്ത് പരിഷ്കരിക്കുക. ന്ശ്ചലവും മരവിച്ചതുമായ ഊർജത്തിന്റെ രൂപത്തിലുള്ള

ഈ ശക്തി പൈതൃകത്തിന്റെയും അജ്ഞതയുടെയും കട്ടികൂടിയ പാളികൾക്കിടയിൽ അടക്കം ചെയ്യപ്പെട്ടിരിക്കുകയാമിപ്പോൾ. ഇതിനെ നിർമാണാത്മകവും ചലനാത്മകവുമായ ഊർജമാക്കുക അവരുടെ ലക്ഷ്യമാണ്. ബുദ്ധിജീവികൾക്ക് അതിൽ വിശ്വാസമർപ്പിക്കാനും മതജനതയ്ക്ക് ആത്മ ബോധം നേടാനും സാധിക്കുംവിധമാവും ഈ ഊർജസംസ്കരണം.

ഇക്കാലം വരെ സമൂഹത്തിന് പുറത്ത് ജീവിക്കുകയും സാംസ്കാരിക സാമ്രാജ്യത്വം പൊതിഞ്ഞു കൊടുത്തയച്ച അഭിപ്രായങ്ങളും ചിന്തകളും വിലക്കുവാങ്ങുകയും ചെയ്തിരുന്ന നമ്മുടെ ബുദ്ധിജീവികൾക്കിടയിൽ ഭാഗ്യവസാൽ ഒരു പ്രസ്ഥാനം ഇന്ന് രൂപം കൊണ്ടിട്ടുണ്ട്. കപടയുറോപ്യൻ ആധുനികതാവാധികളെ പ്രബുദ്ധരും നാഗരികരുമാക്കി മാറ്റാൻ പ്രയത്നിക്കുന്നു എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ സവിശേഷത. പടിഞ്ഞാരൻ ബാധയേറ്റ ആളുകൾ ഈ പ്രസ്ഥാനത്തിലൂടെ ബുദ്ധിപരമായ അടിമത്തിൽ നിന്നും വിദേശാനുകരണത്തിൽ നിന്നും സ്വയം വിമോചിപ്പിക്കുന്നു. +മധ്യവർത്തികളെ സൃഷ്ടിക്കുന്നതിന്നും 'യുറോപ്യർക്കും' 'തദ്ദേശിയർ' ക്കുമടയിൽ സംഘർഷവും അന്യതയും ഇല്ലാതാക്കുന്നതിനും ഈ നൂറ്റാണ്ടിൽ സാമ്രാജ്യത്വം ഏറ്റവുമധികം മുതൽ മടക്കിയത് ബുദ്ധിപരമായ അടിമത്തത്തിനു വേണ്ടിയാണ്. " മറ്റുള്ളവരെ പൂജിക്കുന്ന" അഥവാ " പാശ്ചാത്യരോട് സമപ്പെടാനുള്ള" രോഗത്തെ ജനഹൃദയങ്ങളിൽ നിന്ന് ഇച്ഛാടനം ചെയ്യുകയാണ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം. മൂന്നാം ലോകസമൂഹങ്ങളിൽവിശിഷ്യാ സാംസ്കാരിക കോളോണിയലിസത്തിന്റെ ആക്രമണത്തിന് മറ്റാരേക്കാളും ഇരയായ ആഫ്രിക്കക്കാർക്കിടയിൽ അത് വ്യാപകമായിട്ടുണ്ട് കലർപ്പില്ലാത്ത ബുദ്ധി ജീവികളായ ഫ്രാൻസ് ഫാനൻ, എയ്മെസിസെയ്ർ, ജൂലിയസ് നെരേരെ,കെൻയാറ്റ, ഉമർ മവ്ലൂദ് എന്നിവരെ പ്പോലെയുള്ളവരാണ് പ്രസ്ഥാനത്തിന്റെ ചുക്ാൻ പിടിക്കുന്നത്. ലോക കോളണി സമൂഹത്തിലെ കപട യൂറോപ്യൻ കപടബുദ്ധിജീവികളായ ആധുനികവാദികളെ സ്വന്തത്തിലേക്ക് തിരിച്ചുവിടുകയാണ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

സാംസ്കാരിക തലങ്ങളിലും മതധാരകളിലും രാഷ്ട്രീയ പരിപ്രേക്ഷ്യത്തിലും സാമൂഹിക ഉൾക്കാഴ്ചയിലും സാഹിത്യം, ചരിത്രം, കവിത, കല എന്നിവയിലും ധാർമികതയിലും മനുഷ്യബന്ധങ്ങളിലും മാത്രമല്ല ചിന്താ രീതികളിലും ജീവിതത്തെ നോക്കിക്കാണുന്ന രീതിയിലുമെല്ലാം ഈ പ്രസ്ഥാം വിപ്ലവം സൃഷ്ടിച്ചുട്ടുണ്ട്. സംസ്കാരത്തെ ഉൻമൂലനം ചെയ്യുകയും ആത്മാവിനെ ശ്വാസം മുട്ടിക്കുകയും ചെയ്യുന്ന പടിഞ്ഞാറൻ കോളനി വൽക്കരണത്തിന്റെ ഇരകളായിരുന്നു ഈ തലമുറ. സ്വത്വത്തിൽ നിന്ന് അന്യം നിർത്തപ്പെട്ടവർ. യുറോപ്യരെ കണ്ണടച്ചനുകരിക്കുന്നവർ. ദയയറ്റ കടത്ത മതഭ്രാന്ത് കൊണ്ട് മതമൂല്യങ്ങളും മഹത്വമാർജിക്കുന്നതിനുള്ള ചരിത്രപരമായ നിമിത്തങ്ങളും സാംസ്കാരിക സവിശേഷതകളുമെല്ലാം അവർ നശിപ്പിച്ചു കളഞ്ഞു. അത് കൊണ്ടാണല്ലോ ഇറക്കുമതി ചെയ്ത പടിഞ്ഞാരൻ മൂല്യങ്ങൾക്ക് ഇവിടെ ഇടം കിട്ടിയത്. ഇവർ കൂട്ടം കൂടിയിരുന്ന് സ്വയം ചെറുതാക്കുകയും സ്വന്തം മതങ്ങളെയും ദേശങ്ങളെയും ധാർമിക വ്യവസ്ഥകളെയും പരിഹസിക്കുകയും ചെയ്യുന്നു. സ്വന്തം മൂല്യങ്ങളെയും പാവന വസ്തുക്കളെയും അവമതിക്കുന്നതിലും യൂറോപ്യന്റെ ഉരിയാട്ടങ്ങളും വികൃതികൾ പോലും തെളിവായി സ്വീകരിക്കുന്നതിലുമാണ് അവർക്ക് ആഹ്ലാദം. വിദേശികളുടെ വേദനം പറ്റാത്ത സേവകർ. അപരിചിതവും തിളങ്ങുന്നതുമായ യൂരോപ്പുമായുള്ള ഏറ്റുമുട്ടലിൽ ആത്മാഭിമാനം നഷ്ടപ്പടുത്തിയവർ.ഗാന്ധിയെയും ടാഗോറിനെയും പോലുള്ള മഹദ് വ്യക്തിത്വങ്ങൽ വരെ തങ്ങളുടെ യജമാനൻ വരെ സ്തുതിച്ചിരുന്നു. അത്രത്തോളം വലുതായിരുന്നു അവരം തീണ്ടിയിരുന്ന അപകർഷതാബോധം നൂറ്റാണ്ടുകളായുള്ള കോളനി വൽക്കരണത്തിന്റെ ഇരുട്ടിനെ തങ്ങളുടെ സുധീരവും കണ്ണഞ്ചിപ്പിക്കുന്നതുമായ പ്രഭാവിലാസം കൊണ്ട് തകർത്ത പുതിയ മുഖങ്ങൾ ഈ തലമുറയിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്. അവർ മൂന്നാം ലോകത്തെ പ്രകാശമാനമാക്കുന്നു.

സാംസ്കാരിക കോളനി വൽക്കരണത്തിൽ നിന്ന് വിമോചനം നേടാനുള്ള ശ്രമം ഇസ് ലാമിക സമൂഹങ്ങളിലും ആരംഭിച്ചിട്ടുണ്ട്. മൂന്നാം ലോക കലാകാരൻ മാർക്കും എഴുത്തുകാർക്കും ബുദ്ധിജീവികൾക്കുമിടയിലെ "സ്വത്വത്തിലേക്ക് മടങ്ങൽ" പ്രസ്ഥാനത്തിൻരെ സ്വാധീനം ഇസ് ലാമിക സമൂഹങ്ങളിലെ നവ പാശ്ചാത്യ വൽകൃത വിദ്യാസമ്പന്ന വിഭാഗങ്ങൾ ക്കിടയിൽ തരംഗമുണ്ടാക്കിയിട്ടുണ്ട്. ഫാനനെയും സിഡെയ്റിനെയും പോലുള്ളവരുടെ ഇത്തരം പ്രസ്ഥാലങ്ങൾ വർഷങ്ങൾ ക്ക് മുമ്പെ മുസ് ലിം നാടുകളിൽ ഉടലെടുത്തിരുന്നു. യൂറോപ്യൻ ആക്രമണങ്ങളുടെ സാംസ്കാരിക മാനം നേരെത്തെ തിരിച്ചറിഞ്ഞ അവബോധമുള്ള മതചിന്തകറ്ക്കിടയിലായിരുന്നു ഈ ആദ്യ പ്രസ്ഥാനങ്ങളുടെ ജനനം. സയ്യ്ദ് ജമാലുദ്ദീൻ അസദാബാദിയുടെ " പൂർവീകരിലേക്ക് (സലഫികൾ) മടങ്ങുക" മുഹമ്മദ് അബ്ദുവിന്റെ 'ഖുർആനിലേക്ക് മടങ്ങുക' എന്നീ പ്രസ്ഥാനങ്ങളുടെ പാതയിലായിരുന്നു ഇവ. സ്വത്വത്തിന്റെ (ഖുദി) തത്വശാസ്ത്രം മുമ്പോട്ട് വെക്കുകയും എല്ലാ മത ചിന്തകളെയും ' ഇസ്‌ലാമിലെ മത ചിന്തകളുടെ പുനസംവിധാനത്തിലേക്ക്' ക്ഷണിക്കുകയും ചെയ്ത അല്ലാമാ ഇഖ്ബാലിന്റെ പാതയിലാണ് മറ്റൊന്ന്. ആശയക്കുഴപ്പത്തിലകപ്പെട്ട ഇസ ലാമിക സമൂഹങ്ങലെ വിളിച്ചുണർത്തുകയായിരു്നു ഈ ചിന്തകരുടെ ലക്ഷ്യം.

സയ്യിദ് ജമാലുദ്ദീന്റെയും അബ്ദുവിന്റെയും ഇഖാബാലിന്റെയും പ്രവർത്തനങ്ങൾ യാഥാർത്ഥവുമായി ബന്ധമിലാലാത്ത കപട ബുദ്ധിജീവികൾ ആരോപിക്കുന്നത് പോലെ പിന്തിരിപ്പനോ ഘടികാരത്തിന്റ സൂചി പിറകോട്ട തിരിക്കലോ ആയിരുന്നില്ല. ഈ വ്യക്തിത്വങ്ങലാണ് നവീന ശാസ്ത്രങ്ങളെ ആദ്യമായി സ്വാഗതം ചെയ്യുകയും മതപഠന കേന്ദ്രങ്ങളുടെ അടച്ചുപൂട്ടിയ ചുറ്റുപാടിനകത്തേക്ക് കാലിക ചൈതന്യവും പുത്തൻ പരിപ്രേക്ഷ്യവും നവയൂറോപ്പ്യൻ നാഗരികതയും പരിചയപ്പടുത്തുകയും ചെയ്തത്. അവർ പുരോഗമനവാദികളും പഴയ സാംസ്കാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ആധുനിക നായകരുമായിരുന്നു. മതബുദ്ധിജീവികൾക്കിടയിൽ 'സ്വത്തിലേക്ക് തിരിച്ചുപോവുക' ആരംഭിച്ചത് അവരാണ്. ഒരു ശതകത്തിന് മുമ്പ് ഇസ്‌ലാമിക ബുദ്ധിജീവികൾക്കും ആധുനിക ബുദ്ധിജീവികൾക്കുമടയിൽ ഈ പ്രസ്ഥാനം ഉടലെടുത്തത് രമ്ട് വ്യത്യസ്ത ധ്രുവങ്ങിൽനിന്നാണെന്ന് തോന്നുന്നു. എങ്കിലും ഇപ്പോൾ ഇരു പ്രസ്ഥലങ്ങളും ചലിക്കുന്നത് ഒരേ പാതയിലൂടെ ഒരേ ലക്ഷ്യസ്ഥാനത്തേക്കാണ്. അത് കൊണ്ടത്രെ അകന്ന് നിൽക്കുന് ഈ ധ്രുവങ്ങളിൽ നിന്നുള്ള പ്രബുദ്ധ വ്യക്തികൾ സമാനമായ ബോധത്ത്ലെത്തിച്ചേർന്നത്. സ്വാഭാവികമായും ഒരേ ബൗദ്ധിക സാമൂഹിക ഇത്തരവാതിത്തങ്ങളാണ് അവർക്കനുഭവപ്പെടുന്നത്. എന്നത്തേതിനേക്കാളുമധികം പരസ്പര സഹകരണത്തിന്റെയും ഐക്യത്തിന്റെയും ആവശ്യകത അവർക്കനുഭവപ്പെടുകയും ചെയ്യുന്നു. 'ബാഹ്യസാംസ്കാരിക സാമ്രാജ്യത്വ'വുമായി സഹകരിക്കുക വഴി 'ആദ്യന്തം പ്രവർത്ത്ന' ത്തിന്റെ ഇരയായിത്തീർന്നിട്ടുള്ള ജീവിതവും ചലനവും വീണ്ടെടുക്കുകയാണ് നമ്മുടെ പൊതു ലക്ഷ്യം. ചരിത്രവും സംസ്കാരവും സാമൂഹ്യവികാരവും സ്ഥാപനങ്ങളും മൂല്യങ്ങളും ഇസ്‌ലാമിനാൽ രൂപീകൃതമാകുന്ന ഇസ്‌ലാമിക സമൂഹങ്ങളിൽ വീണ്ടെടുക്കപ്പെടേണ്ട ഇസ്‌ലാമിനു നേരെയുള്ള ഒരു കാഴ്ചഇസ്‌ലാമിപ്പാടാണിത്. ഇസ്‌ലാമിലേക്കാണ് നാം മടങ്ങേണ്ടത്. നമ്മുടെ സമൂഹത്തിന്റെ മതവും ചരിത്രത്തിന്റെ ശിൽപിയും സംസ്കാരത്തിന്റെ ആത്മാവും ജനതയെ കൂട്ടിയിണക്കുന്ന ശക്തമായ പാശവും ആത്മീയതയുടേയും ധാർമികതയുടേയും അടിത്തറയും ഇസ്‌ലാമാണ് എന്നത് കൊണ്ട മാത്രമല്ല ഇത്. നമ്മുടെ ജനതയുടെ 'മാനുഷിക സത്വം' തന്നെ അതാണെന്നതു കൊണ്ട് കൂടിയാണിത്. പടിഞ്ഞാറൻ സാംസ്കാരിക കോളോണിയനിസത്തിനെതിരിൽ സാംസ്കാരികവും ആത്മിയവുമായ സമരത്തിലേർപ്പെടുമ്പോഴും, ആത്മിയ സ്വാതന്ത്ര്യവും വ്യക്തിത്വമില്ലാതെ അന്യരെ പൂജിച്ചു കഴിയേണ്ടി വരുന്നഗതികേടിൽനിന്ന് രക്ഷപ്പെടാൻ മാർഗമന്യേഷിക്കുമ്പോഴും, സ്വന്തം കാലിൽ നിൽക്കാനും മാനുഷിക ബോധം കെട്ടിപ്പടുക്കാനും സ്വന്തം ചരിത്ര സ്ംസ്കാരത്തെയും ധാഷണിക യാഥാർത്ഥ്യ

ത്തെയും പുനരുജ്ജീവിപ്പിക്കാനും ശ്രമുക്കുമ്പോഴം നാം സ്വാഭാവികമായും ഇസ്‌ലാമിലേക്കാണ് മടങ്ങേണ്ടത്. ദേശീയതയുടെ അതിർവരമ്പുകളെയും ചരിത്ര ഇസ്‌ലാമിത്തയും അതിവർത്തിക്കുന്ന മതമാണെന്നത്കൊണ്ടെങ്കിലും നാം ഇസ്‌ലാമിൽ അഭയം തേടേണ്ടതുണ്ട്. നമ്മുടെ ഇപ്പോഴത്തെ സാംസ്കാരിക ശൂന്യത ഇസ്‌ലാമിന്റെ സമ്പന്നമായ സംസ്കാരവും ആത്മീയതയും കൊണ്ട് നികത്തുക കൊളോണിയലിസത്തിന്റെ സംസ്കാര നിർമൂലന തന്ത്രങ്ങളോട് പൊരുതാൻ നാം ഇസ്‌ലാം ആയുധമാക്കുക. അതാകുന്നു നമുക്ക ഇസ്‌ലാം. നമ്മുടെ വീക്ഷണത്തിലും മാനുഷിക മൂല്യങ്ങളെക്കുറിച്ച് തങ്ങളുടേതായ കാഴ്ചപ്പാടിൽ നിന്ന് കൊണ്ട് ഇസ്‌ലാമിനെക്കുറിച്ച് പഠിച്ച അനേകം അമുസലിം ഇസ്‌ലാമോളജിസ്റ്റുകളുടെ അഭിപ്രായത്തിൽ ഇസ്‌ലാമിാണ് മാനവികതയുടെ മതം. യൂറോപ്യൻ സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയ സൈനിക നേതാക്കൾ സ്വയം സമ്മതിച്ചത് പോലെ ഇസ്‌ലാമിാകുന്നു ഏറ്റവും വലിയ സാമ്രാജ്യത്വ വിരുദ്ധ ഘടകം അത് സാമ്രാജ്യത്വത്തെ ചെറുക്കുക മാത്രമല്ല. അതിനെതിരെ കലാപം ഉയർത്തുകയും അതിൽനിന്ന് മോചനം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്.[20]

ക്ഷയോന്മുഖമായ നമ്മുടെ സമൂഹത്തെ സമുദ്ധരിക്കാനും വഴിമുട്ടി നിൽക്കുന്ന ജനതയെ ചലനംകൊള്ളിക്കാനും രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനും നാം ഇസ്‌ലാമിനെ ആശ്രയിക്കണം. നമ്മുടെ സാംസ്കാരികവും ചരിത്രപരവുമായ തനിമ കണ്ടെത്തുന്നതിനുള്ള മാർഗ്ഗമായി ചരിത്രപാരമ്പര്യങ്ങൾ വീണ്ടും യോജിപ്പിക്കുന്നതിന് ഇതാവശ്യമാണ്. മാത്രമല്ല ഇറക്കുമതി ചെയ്ത ഈ പടിഞ്ഞാറൻ മൂല്യങ്ങലുടെ നിർദ്ദാക്ഷിണ്യമായ ഈ കടന്നാക്രമണത്തെ ചെറുക്കുവാനും എല്ലാവശങ്ങളിൽ നിന്നുമുള്ള അതിന്റെ വലയം ചെയ്യലിനെ അതിജീവിക്കാനും നമുക്ക് ഇസ്‌ലാമാണ് ആശ്രയം. നമ്മുടെ മനുഷ്യാവശ്യങ്ങൾ നിവൃത്തിക്കാനും ദാർശനികമായ പ്രശ്നങ്ങൽക്ക് ഉത്തരം നൽകാനും കഴിവുള്ള സത്യം അതാണ്. അപായകരവും കലഹപ്രിയവുമായ പ്രത്യയശാസ്ത്രം. നിശ്ചിതതത്വങ്ങളിൽനിന്ന് അഭയമരുളാൻ അതിനേ കഴിയൂ. മൂല്യങ്ങലുടെ വർത്തമാനകാല അസ്ഥിരതയിൽനിന്നും സാമൂഹ്യവേദനകൾ, വൈരുദ്ധ്യങ്ങൽ, വിവേചനങ്ങൾ, പോരായ്മകൾ എന്നിവയിൽനിന്നും അത് മോചനം നൽകും. നമ്മുടെ മുമ്പാകെയുള്ള ആസന്ന അപകടങ്ങളിൽനിന്ന് രക്ഷപ്രാപിക്കാൻ നാം "അല്ലാഹുവിന്റെ പാശത്തെ മുറുകെപ്പിടിച്ചാൽ (3:103) മാത്രം പോര ഇസ്‌ലാമിനെ അവലംബമാക്കുകയും വേണം. കാരണം ഈ നൂറ്റാണ്ടിന്റെ ആത്മീയദാഹം, സമകാലിക മനുഷ്യന്റെ ബോധപ്രതിസന്ധി, ഇന്നത്തെ നാഗരികതയുടെ ദാർശനിക അന്ധാളിപ്പ്, ആധുനിക വ്യക്തിയുടെ പോരാട്ട ഫലങ്ങൾ എന്നിവയെല്ലാം പരിഗണിക്കുമ്പോൾ യോഗ്യത തെളിയിച്ച മതമാണ് ഇസ്‌ലാം. ശക്തിയുടെ പര്യമതയിലെത്തി നിൽക്കെ തളർവാതം പിടപെട്ടവരാണ് മനുഷ്യർ. അവന്റെ വിദ്യ അവനെ ബാഹ്യാകാശത്തിനും പുറത്തേക്ക് നയിച്ചിട്ടുണ്ടെന്നത് നേരുതന്നെ. എന്നാൽ ഈ ഭൂമിയിൽ അസംബന്ധവും നൈരാശ്യവും പ്രയോജന ശൂന്യതയും വന്നെത്തിയിരിക്കുന്നു. പഴയതും പുതുയതുമായ ചിന്താ പ്രസ്ഥാനങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടുമ്പോൾ മുമ്പത്തേതിനേക്കാളേറെ അവന് വിശ്വാസം ആവശ്യമായിത്തീരുന്നു. ശാസ്ത്ര പ്രതാപത്തിന്റെ പരകോടിയിലിരുന്ന് ഒരു പ്രത്യയസാസ്ത്രത്തിനുവേണ്ടി അവൻ ദാഹിച്ചു ഹതാശയനായി കണ്ണുനീട്ടുകയാണ്. തുറന്നതും സമഗ്രവും യഥാർത്ഥ്യാതിഷ്ഠിതവുമായ ലോക വീക്ഷണം എന്ന നിലയിലും വ്യത്യസ്ത കാലദേശ പരിതസ്ഥിതികൾക്കനുരൂപമായ പുരോഗമനപരവും പരിവർത്തനോന്മുഖവുമായ നിയമഘടന എന്നനിലയിക്കും ഇസ്‌ലാം മികവ് തെളിയിച്ചിട്ടുണ്ട്. തനതായ ഒരു ചരിത്രദർശനവുമുണ്ട് ഇസ്‌ലാമിന്. ഏകത, സാമാന്യമായ ശാസ്ത്രീയ നിർണ്ണയവാദം, മാനുഷികവും ചരിത്രപരവുമായ ശുഭാപ്തി വിശ്വാസം, മർദ്ദിതരുടെയും ദുർബ്ബലരുടെയും അനിവാര്യമായ അന്തിമവിജയം എന്നീ സങ്കൽപ്പങ്ങളെ ആധാരമാക്കിയുള്ളതാണത്. ജനകീയവും പുരോഗനാത്മകവുമായ ഒരു സാമൂഹ്യവീക്ഷണം ഇസ്‌ലാമിനുണ്ട്. നീതിയുടെയും സമത്വത്തിന്റെയും അർപ്പിത നേതൃത്വത്തിന്റെയും അടിസ്ഥാന മൂല്യങ്ങളിൽ അത് വിശ്വാമകർപ്പിക്കുന്നു. സത്യവും അതിക്രമവും തമ്മിൽ, മൗലികതയും ഉടമസ്ഥതയും തമ്മിൽ, സമൂഹവും

വ്യക്തിയും തമ്മിൽ ഉള്ള ഒഴിച്ചു കൂടാനാവാത്ത സംഘട്ടനത്തിൽ അത് വിശ്വസിക്കുന്നു. ഇസ്ലാമിന് പുരോഗനാത്മകമായ ഒരു നരവംശദർശനമുണ്ട് എന്നും തെളിയിക്കപ്പെട്ടിരിക്കുന്നു. മാനവികതയിലും മനുഷ്യന്റെ ദൈവസദൃശമായ സത്തയിലും അവന്റെ ഭൗതികാധീത അഭിരുചിയിലും ദൈവികവും സാർവത്രികവുമായ ഉത്തരവാദിത്തിലും സത്യത്തിലും അധിഷ്ഠിതമാണ് ആ നരവംശശാസ്ത്രദർശനം. മനുഷ്യൻറെ അനന്തമായ പരിണാമത്തിൽ അത് വിശ്വസിക്കുന്നു. പ്രകൃതിയിലൂടെയും പദാർത്ഥത്തിന്മേലുള്ള ആധിപത്യംവഴിയും പ്രകൃതി ശക്തികളെ ഉപയോഗപ്പെടുത്തിയും ദൈവസന്നിദ്ധിയിലേക്ക് ഉയർന്നുപോവാൻ അതവനെ ക്ഷണിക്കുന്നു. എല്ലാ വർഗ്ഗ,വംശ,ഗോത്ര,സാമ്പ്രദായിക മൂല്യങ്ങളുടെയും നിഷേധമാണിസ്ലാം. ഭൂമുഖത്ത് മാനവിക, സാമ്പത്തിക, സമത്വത്തിലും മഹോന്നത ദൈവിക ആശയങ്ങളിലും അധിഷ്ഠിതമായ ഒരു വിശാല മനുഷ്യസമുദായം (ഉമ്മത്ത്) സ്ഥാപിക്കുന്നതിലാണ് അത് വിശ്വസിക്കുന്നത്. ഇപ്രകാരം പ്രത്യയശാസ്ത്രവും ദിശയും മാർഗദർശനവും വിശ്വാസവും ലോകത്തിന്റെ ആത്മീയ വ്യാഖ്യാനവുമാണിസ്ലാം. സമകാലീന മനുഷ്യന്റെ ബാഷ്പപ്രായമായ ആത്മാവിനെ ഗ്രസിക്കുന്ന മിക്ക അടിസ്ഥാനചോദ്യങ്ങളുടെയും ഉത്തരവുമാണത്. അപ്പോൾ നാം എന്തുചെയ്യണം?

നമ്മുടെ സമൂഹത്തിന്റെ ബൗദ്ധികാന്തരീക്ഷം, വിശിഷ്യാ ആധുനിക ബുദ്ധിജീവികളുടെ മേഖല പടിഞ്ഞാറൻ ചിന്തയുടെയും അഭിരുചിയുടെയും വമ്പിച്ച സ്വാധീനത്തിലാണുളളത്. പടിഞ്ഞാറിൽ നിന്നും ഒരു സാംസ്കാരിക ശാസ്ത്രിയ സ്വാതന്ത്ര്യം ഇപ്പോഴും വിദൂരമായ ആഗ്രഹത്തിൽ കവിഞ്ഞ ഒന്നുമല്ല. നമ്മുടെ സർവ്വകലാശാലകളും ശാസ്ത്ര, വിദ്യാഭ്യാസ സ്ഥാപനങ്ങളും നമ്മുടെ എഴുത്തുകാർ, കലാകാരൻമാർ, പ്രത്യയശാസ്ത്രവിദഗ്ദ്ധർഎന്നിവരുടെ ശാസ്ത്ര ആദ്ധ്യാത്മിക ധാർമ്മിക പരിതസ്ഥിതികളും നിലനിർത്തുന്ന രണ്ട് പഴയ ലവിശേഷതകളുണ്ട്. 1. സ്വന്തം സംസ്കാരത്തോടും മതത്തോടും ആദ്ധ്യാത്മിക സ്വഭാവത്തോടും തങ്ങളോട് തന്നെയുള്ള അകൽച്ചയും വെറുപ്പും 2. പടിഞ്ഞാറിനോടുള്ള വിധേയത്വവും ആകർശണവും . പാശ്ചാത്യ വൽകൃത ആധുനിക അവർ അഹങ്കാരപൂർവ്വം പ്രദർശിപ്പിക്കുക പോലും ചെയ്യാറുണ്ട്. ഇത്തരമൊരന്തരീക്ഷത്തിൽഎല്ലാവരും ശ്വസിക്കുന്നത് പടിഞ്ഞാറൻ വായുവാണ്. പടിഞ്ഞാറ്നിന്ന് ഇറക്കുമതി ചെയ്ത ബൗദ്ധിക ബൗദ്ധിക, കലാ, സദാചാരഉൽപ്പന്നങ്ങൾ എല്ലാവരും ഉപഭോഗം ചെയ്യുന്നു. അന്യസംസ്കാരത്തിന്റെ കടന്നാക്രമണത്തിന്റെ ചെറുക്കാതെ എല്ലാവരും കുത്തിയിരിക്കുന്നു. കഷ്ടപ്പാട് കടുത്തതായിട്ടും കുറച്ചുപേർ മാത്രമാണ് എതിർത്തു നിൽക്കുന്നത്. നിരായുധരായ പ്രതിരോധ സന്നദ്ധമല്ലാത്ത തലമുറയെ ആയുധമണിയിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നവരും കുറവ്. ജനങ്ങളിൽ ശക്തവും യുവത്വം തുളുമ്പുന്നതുമായ ഒരു വിശ്വാസവും പുരോഗമനാത്മകവും സ്വതന്ത്രവുമായ വീക്ഷണവും കരുപ്പിടിപ്പിക്കുകയാണ് ഈ ന്യൂനപക്ഷത്തിന്റെ ലക്ഷ്യം; ഒപ്പം ഇപ്പോഴത്തെ സാംസ്കാരിക മതശൂന്യതയെ തങ്ങളുടെ യഥാർത്ഥ ആത്മീയ സാംസ്കാരിക വിഭവങ്ങൾകൊണ്ട്നിറക്കുകയും യാതോരിടപെടലും കൂടാതെ നമ്മുടെ സമൂഹത്തിൽ നിർലോഭം ഉപഭോഗം ചെയ്യപ്പെടുന്ന പടിഞ്ഞാറൻ ഉൽപ്പന്നങ്ങളെ-പുസ്തകങ്ങൾ, ഫീലിമുകൾ, റേഡിയോ, ടിവി പരിപാടികൾ, തിയേറ്റർ, ക്ലബ്ബുകൾ വെല്ലുവിളിക്കാനും കപട ബുദ്ധിജീവികളെയും സ്വാംശീകരണക്കാരെയും തടഞ്ഞു നിർത്താനും ആഴത്തിൽ വേരുകളുള്ളവിപ്ലവം തോടത്തുവിടേണ്ടതുണ്ട്. ഈ അഗുലീപരിമിതർക്ക് ബുദ്ധിപരവും പ്രത്യയശാസ്ത്രപരവുമായ കണ്ടെത്തലുകളും മനോബലവും തെരഞ്ഞെടുക്കാനുള്ളകഴിവും ഉണ്ടാക്കുന്ന യഥാർത്ഥ പ്രബുദ്ധ വ്യക്തികളെ വാർത്തെടുക്കാൻ സഹായകമായവ്യക്തിത്വം വളർത്തിയെടുക്കുകയും വേണം

ബോധം സമാർജിക്കുകയും തങ്ങൾക്കൊരു പ്രവാചക തൗത്യം നിർവ്വഹിക്കാനുണ്ടെന്ന്

തോനുകയും ചെയ്യുന്ന യഥാർത്ഥ പ്രബുദ്ധാത്മാക്കൾ –ഒറ്റപ്പെടുകയില്ലേ എന്ന പ്രശ്നമുണ്ട്. വർത്തമാന ശതകത്തിലെ കനകപ്പശുവിന്റെ സാന്നിദ്ധ്യത്തിൽ അവരുടെ സന്ദേശം ശ്രവിക്കപ്പെടുമോ? അവരുടെ ചിന്തകളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും പ്രചാരം അവരുടെ വർഗ്ഗങ്ങളുടെ അടച്ചു പൂട്ടിയ ചുമരുകൾക്കുള്ളിലും അവരുടെ ഗ്രന്ഥങ്ങള്ടെ

ഏതാനും താളുകളിലും ലേഖനങ്ങളിലും സമ്മേളനങ്ങളിലും മാത്രം പരിമിതമാവുകയില്ലേ? ചിതറിക്കിടക്കുകയും മാർഗ്ഗങ്ങളും പരിപാടികളും ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ എന്തെങ്കിലും മാറ്റമുണ്ടാക്കാൻ ഈ പ്രബുദ്ധ വ്യക്തികൾക്കാവുമോ? ആധുനിക ബുദ്ധിജീവികൾ ജീവിക്കുന്നത് അടിസ്ഥാനപരമായി അവരുടെ സമൂഹത്തിന്റെ അരുകുകളിലാണെന്ന വസ്തുത പരിഗണിക്കുമ്പോൾ ഈ ചോദ്യങ്ങൾ പ്രത്യേകമായും മനസ്സിൽ വെക്കണം. ജനങ്ങളുമായി അവർക്ക് ബന്ധമില്ല. തങ്ങളുടെത് മാത്രമായ വ്യക്തി നിഷ്ഠ ബൗദ്ധിക കലാസാമൂഹ്യ ലോകത്ത് ഒതുങ്ങിക്കഴിയുന്നവരാണവർ. അവർക്ക് അവരുടെത് മാത്രമായ ഭാഷയും മുദ്രാവാക്യങ്ങളും കലയും സാഹിത്യവും വികാരവും സാമൂഹ്യ സ്വഭാവവും സംവേദനങ്ങളും ആശയങ്ങളുമുണ്ട്. സാധാരണക്കാരുടേതുമായി അവയ്ക്ക് സാദൃശ്യമില്ല. സമൂഹത്തിന്റെ ചിന്താരീതിയിലും വീക്ഷണത്തിലും സാമൂഹ്യ പ്രത്യശാസ്ത്രബോധത്തിലും വിപ്ലവമുണ്ടാക്കാൻ ശ്രമിക്കുന്ന സക്രിയനും ആത്മബോധമുള്ളവനുമായ ചിന്തകൻ ബുദ്ധി ജീവികളുടെയും അഭ്യസ്ഥവിദ്യരുടെതുമായ ഒരു കൊച്ചു വൃത്തത്തിൽ ചെറിയൊരു സ്വാധീനമുണ്ടാക്കുന്നതിൽ തൃപ്തിയടയും. തന്റെ വർഗ്ഗത്തിന് കരഗതമായിട്ടുള്ള മാർഗ്ഗത്തിലൂടെ തന്റെ ചിന്തകൾ പകരുകയും അങ്ങിനെ തന്റെ വിദ്യാർത്ഥികളെ ചിന്താ രീതിയിൽ മാറ്റമുമ്ടാക്കുകയും ചെയ്തു എന്ന കാരണത്തിൽ അവന്ന് വിജയിച്ചു എന്നതോന്നലുണ്ടാവുന്നു. ബുദ്ധിജീവികൾക്കും വിദ്യാസമ്പന്നർക്കും വലിയ വായനക്കാർക്കും മാത്രമുള്ള ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ ഒരു ശാസ്ത്രപ്രബന്ധം പ്രസിദ്ധപ്പെടുത്തി എന്നത്കൊണ്ട് അയാൾ സന്തോശവാനാവും. ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയോ ഒരു പ്രസംഗം നടത്തുകയോ അല്ലെങ്കിൽ വളരെ കുറച്ചു പേർക്ക് മാത്രം മനസ്സിലാവുന്ന അലങ്കാരങ്ങളും ഉൽപ്രേക്ഷകളും ബിംബങ്ങളും നിറഞ്ഞ ദുർഗ്രഹമായ ഒരു കവിത എഴുതുകയോ ചെയ്താൽ അയാൾക്ക് തൃപ്തിയായി. പ്രബുദ്ധ വ്യക്തി വെറുമൊരു ദാർശനികനോ ശാസ്ത്രജ്ഞനോ കലാകാരനോ സാഹിത്യപണ്ഡിതനോ മാത്രമായിരിക്കുകയില്ല.

.ഷാൻഡൽ പറയുന്നത് പോലെ "പ്രബുദ്ധ ഒരു തരം പ്രവാചകത്വമാണ്". പ്രവാചകനായ മുഹമ്മദിനുശേഷം ചരിത്രത്തിൽ പ്രവാചകന്റെ ദൗത്യം പൂർത്തീകരിക്കുന്നത് പ്രബുദ്ധ വ്യക്തിയാണ്. ബോധമുള്ള വ്യക്തിയാണ് പ്രബുദ്ധൻ. ബോധത്തിലെക്കും സ്വാതന്ത്ര്യത്തിലേക്കും മാനുഷിക പൂർണ്ണതയിലേക്കും ജനങ്ങളെ നയിക്കുക എന്ന ദൗത്യവുമായി നിയോഗിക്കപ്പെട്ട ആൾ. അജ്ഞതയിൽ നിന്നും ബഹു ദൈവത്വത്തിൽനിന്നും മർദ്ദനത്തിൽ നിന്നും സ്വയം രക്ഷപ്പെടുന്നതിന് അവരെ അയാൾ സഹായിക്കും. ജനങ്ങളുമായി ഇടപഴകുകയും അടിമകളുടെയും മർദ്ദിതരുടെയും വിധിയോട് ഉത്തരവാദിത്വം അനുഭവപ്പെടുകയും ചെയ്യുക എന്നത് പ്രബുദ്ധയുടെ ആന്തരികസവിശേഷതയാണ്. എന്നാൽ അതിന്റെ ഉത്തരവാദിത്വവും ഭാരവും വഹിക്കുന്നപ്രവാചകനാണ്".

ജനങ്ങളിൽ നിന്നകന്ന് സമാനഹൃദയരോടൊപ്പംസമൂഹത്തിന്റെ അരികിൽ സർവകലാശാലകളിലോ ഗ്രന്ഥാലയങ്ങളിലോ പാഠശാലകളിലോ പർവ്വതങ്ങളിലോ ദേവാലയങ്ങളിലോ സ്വകാര്യ ഭവനങ്ങളിലോ കഴിയുന്നതത്വ ചിന്തകർ, സാഹിത്യകാരൻമാർ, ഷാസ്ത്രജ്ഞർ, സന്യാസികൾ, കലാകാരൻമാർ തുടങ്ങിയവരിൽ നിന്ന് വ്യത്യസ്തരാണ് പ്രവാചകൻമാരെപ്പോലെ പ്രബുദ്ധ ജനതയും, ആദ്യം പറഞ്ഞ വിഭാഗം ജനങ്ങളുടെ ചരിത്രത്തിൽ വിധിയെക്കുറിച്ചോ അവരുടെ കഷ്ടപ്പാടുകളെയും ആവശ്യങ്ങളെയും കുറിച്ചോ ഒന്നുമറിയാതെ ജോലി ചെയ്തു വലിയ തത്വചിന്തകരുടെയോ സ്ഥാനം നേടിയെടുക്കുന്നു. ഇതിനു വിരുദ്ധമായി പ്രവാചകൻ തന്റെ ദൗത്യം ഏറ്റെടുത്ത ഉടനെ ജനങ്ങളെ അന്വേഷിച്ച് സമൂഹത്തിന്റെ ഹൃദയത്തിലേക്ക് ഇറങ്ങിചെല്ലുകയാണ്. മുഹമ്മദ് നബിക്ക് ലഭിച്ച ആദ്യത്തെ ദിവ്യ സന്ദേശങ്ങൾ ഉദാഹരണമായെടുക്കുക. എന്തൊക്കെയായിരുന്നു അദ്ദേഹം കൽപ്പിക്കപ്പെട്ടത്? വ്യക്തിപരമായ ഒറ്റപെടലിൽ നിന്ന പുറത്ത്കടക്കുക. സ്വകാര്യ ജീവിതം മതിയാക്കി ജനങ്ങളിലേക്ക് ഉഴുകിച്ചേരുക. അവർക്ക് പ്രതീക്ഷയും മുന്നറിയിപ്പും നൽകുക. നുണകളുടെയും അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും പ്രതീകഹ്ങളെ ആക്രമിക്കുക. അവർ സ്വയെ ഉണ്ടാക്കിയ വ്യാജ ദൈവങ്ങളെ തകർക്കുക . പ്രതീക്ഷകളില്ലാത്തഅടിമകൾക്ക് ചെറുസംഗങ്ങൾ വലിയ സംഘങ്ങളെ അതിജയിച്ച സന്ദർഭങ്ങളം കുറിച്ചു സന്തോഷവാർത്ത നൽകുക. മർദ്ദിതർക്കും

നിന്തിതർക്കും ഭൂമിയുടെ അനന്തരാവകാശവും നേതൃത്വവും നൽകാനുള്ള അള്ളാഹുവിന്റെ തീരുമാനത്തെക്കുറിച്ച് അവർക്ക് വാക്ക് കൊടുക്കുക. നന്മകൽപിക്കാനും തിന്മ തടയാനും ജനങ്ങളെ ആഹ്വാനം ചെയ്യുക. മർദ്ദകരായ ഫറോവമാരുടെയും ഖാറൂന്മാരുടെയും ആഭിചാരക്കാരുടെയും കപടസന്യാസികളുടെയും രാജ്യത്ത് നിന്ന് അടിമകളെ മോചിപ്പിക്കുക. ജനങ്ങളെ സ്വാതന്ത്ര്യത്തിലേക്കും വാഗ്ദാത്ത ഭൂമിയിലേക്കും ഹമത്വത്തിലേക്കും നീതിയിലേക്കും നയിക്കുക. അവസാനം ഭൂമിയുടെ നികൃഷ്ടതയിൽനിന്ന് സ്വർഗ്ഗത്തിലേക്ക് ഉയർത്തിക്കൊണ്ടുപോവുക. വ്യക്തികൾക്ക് പകരം അല്ലാഹുവെ ആരാധിക്കുക. മറ്റുമതങ്ങളുടെ അനീതിക്കു പകരം ഇസ്‌ലാമിന്റെ നീതി സ്ഥാപിക്കുക.

'ഉമ്മിയ്യ്' എന്ന നാമവിശേഷണ പദത്തിന്റെ താൽപര്യം ജനങ്ങളുടെ ആളായിരിക്കുക, അവരിൽനിന്നുയർന്നു വരിക അവരോടൊപ്പം കഴിയുക എന്നൊക്കെയാണ് (ഉമ്മിയ്യ്: എഴുതാനും വായിക്കാനും അറിയാത്ത പ്രവാചകൻ 2:156) ജനങ്ങൽക്കുവേണ്ടി നിലകൊള്ളുക എന്നത് പ്രവാചകന്റെയും പ്രവാചക പിൻഗാമയായ പ്രബുദ്ധന്റെയും പ്രത്യേകമായ ഒരു സാമൂഹ്യ സ്വഭാവമാണ്. ഒറ്റപ്പെട്ട്, ജനങ്ങളിൽനിന്നകന്ന്, യൂറോപ്യൻ മട്ടിൽ പറഞ്ഞാൽ 'ദന്തഗോപുരത്തിൽ', ഖുർആന്റെ ഭാഷയിൽ 'മൂടുപടം പുതച്ചു തൻ കാര്യങ്ങൾ നോക്കി കഴിയുന്നവരായി' ജീവിക്കാൻ അവർക്ക് കഴിയുകയില്ല. പ്ലേറ്റോയ്ക്ക് തന്റെ വിദ്യാനികേതനത്തിന്റെ വാതിലുകൾ ജനങ്ങൾക്കുനേരെ കൊട്ടിയടയ്ക്കാൻ കഴിയും. "ക്ഷേത്ര ഗണിതമറിയാത്തവർക്ക് ഈ തോട്ടത്തിലേക്ക് പ്രവേശനമില്ല" എന്ന് പ്രഖ്യാപിക്കാൻ കഴിയും. ഏതാനും മഹാവിദ്വാന്മാരോട് മാത്രം അദ്ദേഹത്തിനു സംവാദിക്കാം. റിപ്പബ്ലിക്ക്, യുട്ടോപ്പിയ, കവിത സത്യം, തിന്മ, സദാചാര തത്വങ്ങൾ, നീതി, ധൈര്യം എന്നിവയെക്കുറിച്ച് ചർച്ചയാവാം. ഏതൻസിൽ അനേകായിരം അടിമകൾ കോവർകഴുതകൾക്ക് പകരം ഭാരം ചുമക്കുന്നുവെന്ന വസ്തുത അദ്ദേഹത്തിന് ശ്രദ്ധിക്കാതിരിക്കാം. മുപ്പതു പ്രഭുകുടുംബങ്ങൾക്ക് വേണ്ടിയാണ് ഈ അടിമകൾ ജോലിചെയ്യുന്നത്. പ്ലേറ്റോയുടെ അഭിമതപ്രകാരം ലോകത്തെങ്ങുമുള്ള മൊത്തം മനുഷ്യരിൽ നന്മയും കുലീനതയും രക്തത്തിൽ അലിഞ്ഞുചേർന്നത് ഈ പ്രഭുകുടുംബങ്ങളിൽ മാത്രമാണ്. പ്ലാറ്റോയെപ്പോലെ അടിമകളെ അവഗണിക്കാൻ മുഹമ്മദ് നബിക്ക് കഴിയുകയില്ല. പ്രവാചകൻ തന്റെ ആദ്യകാല ജീവിതം മരുഭൂമിയിൽ ആട്ടിടയനായും ഖദീജയുടെ വീട്ടിലും ഹിറാഗുഹയിൽ ധ്യാന്യത്തിലുമായി ഒറ്റയ്ക്ക് ചെലവയിച്ചു. പക്ഷെ പ്രവാചകനായി നിയോഗിതനായ ഉടനെ ഏകാന്തതയുടെ നിശ്ശബ്ദ പർവ്വതത്തിന്റെ ശിഖർതതിൽനിന്ന് അദ്ദേഹം ഇറങ്ങി വരികയും മക്കാ നഗരത്തിന്റെ ഹൃദയത്തിലേക്ക് ഗമിക്കുകയും ചെയ്തു. അഭിജതരുടെ സമ്മേളന കേന്ദ്രമായ ദാറുന്നദ്‌വയുടെ എതിർവശത്ത്, തന്റെ സമൂഹത്തിലെ വ്യാജദൈവങ്ങൾക്കെതിരെ, സഫാ മലയുടെ മുകളിൽ കയറി നിന്നുകൊണ്ട് അദ്ദേഹം തന്റെ സന്ദേശം വിളിച്ചു പറഞ്ഞു. വീടിന്റെ മറയുപേക്ഷിച്ചു അദ്ദേഹം പള്ളിയിൽ താമസമാക്കി. വാസസ്ഥലത്ത് നിന്ന് പള്ളിയിലേക്ക് അഥവാ ജനങ്ങളുടെ ഭവനത്തിലേക്ക് വാതിൽ തറന്നു. പ്രവാചകനായി നിയോഗിക്കപ്പെട്ടതു മുതൽ അദ്ദേഹം ജനങ്ങൾ മൂടിപ്പുതച്ചുറങ്ങാനുപയോഗിക്കുന്ന പുതപ്പിനുള്ളിൽ നിന്നു പുറത്തു വന്നു എന്നാണതിനർത്ഥം. കാരണം ഇപ്പോഴദ്ദേഹം ദൈവത്തിന്റെ സന്ദേശ വാഹകനാണ്. ഇന്ന് ഒരു ശാസ്ത്രജ്ഞനും തത്വചിന്തകനും മതഭക്തനും ലോക സംഭവവികാസങ്ങളിലേക്ക് ശ്രദ്ധകൊടുക്കാതെ തങ്ങളുടെ കാര്യാലയത്തിന്റെ മൂലയിലോ പാഠശലയിലോ ഗ്രന്ഥത്തിലോ വീടിന്റെ സൗകര്യങ്ങളിലോ ഒതുങ്ങിക്കഴിയാം.

എന്നാൽ സയ്യിദ്ദമാലുദ്ദീൻ അസദാബാദിയെപ്പോലുള്ള ഒരാൾക്ക് പാഠശാലകൾ കൊണ്ടോ ആരാധനകളിലോ നിഗൂഢ പ്രചോദനങ്ങളുടെ കുരുക്കഴിക്കലിലോ കർമ്മശാസ്ത്രത്തിന്റെയും സാഹിത്യത്തിന്റെ തത്വ ചിന്തയുടെയും തലനാരിഴ കീറി ശരീര പീഢയേൽപ്പിച്ചോ തൃപ്തിപ്പെടാൻ കഴിയുകയില്ല. അല്ലാമാ മുഹമ്മദ് ഇഖ്ബാലിന് പി. എച്.ഡി നേടി, സർവ്വകലാശാല ഉദ്യോഗം സ്വീകരിച്ച്, തന്റെ ചുറ്റും പഠിതാക്കളെയും വരേണ്യ ശാസ്ത്രജ്ഞരേയും ഒരുമിച്ചു കൂട്ടി, ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മേൽകൂരക്കു താഴെ ഒരു മൂലയിലൊതുങ്ങി, സാമൂഹ്യ പ്രശ്നങ്ങൾ അവഗണിച്ചു, വിശ്വ

ദാർശനികപട്ടംകൊണ്ട് സ്വയം ആവരണം സേവ ചെയ്തു നിൽക്കാൻ പറ്റുകയില്ല. തന്റെ ജ്ഞാനവും പ്രതിഭയും വിലമതിച്ചു സോക്രട്ടീസിന്റെയോ പ്ലാറ്റോയുടെയോ മുല്ലാസദ്റ യുടെയോ ജലാലുദ്ദീൻ മവ്‌ലവിയുടെയോ കൂടെ തത്വ ചിന്തയുടെ അനന്തവും ഉത്തുംഗ വുമായ വിഹായസ്സിൽ പാറിക്കളിക്കാൻ അദ്ദേഹതേതെ കിട്ടില്ല. അരിസ്റ്റോട്ടിലിനെ വെല്ലു വിളിക്കുന്നതോ ഇബ്നുസീനയെ ഖണ്ഡിക്കുന്നതിലോ മുല്ലാസദ്റയുടെ കൃതികൾക്ക് ഭാഷ്യം ചമക്കുന്നതിലോ മറ്റാർക്കും നേരത്തെ മനസ്സിലാക്കാൻ കഴിയാതിരുന്ന ഒരു കാര്യം കണ്ടെത്തി എന്നതിലോ ആഹ്ലാദം തോന്നുകയില്ല അദ്ദേഹത്തിന്. ഇന്ത്യയിലെ നിരക്ഷിത ജനതയും പിൻ നിലയിലുള്ള മുസ്‌ലിംകളും തന്റെ ആശയങ്ങൾ ഗ്രഹിക്കാൻ മാത്രം ത്രാണിയുള്ളവരല്ല എന്നദ്ദേഹം മനസ്സിലാക്കി എന്നുകരുതുക. എങ്കിൽ അദ്ദേഹ ത്തിന് ഒന്നുകിൽ ജനങ്ങളുമായുള്ള സമ്പർക്കം ഉപേക്ഷിച്ച് സ്വയം ഒറ്റപ്പെട്ടു തത്വ ചിന്ത യിലും പരമാനന്ദപ്രദവും നിഗൂഢവുമായ ആത്മജ്ഞാനത്തിലും വ്യാപരിക്കുക. അല്ലെ ങ്കിൽ ആർക്കെങ്കിലും വിൽക്കാനായി തന്റെ വിലപിടിച്ച രത്നങ്ങളെല്ലാമെടുത്ത് നാടുവി ടുക. പിന്നോക്കം നിൽക്കുന്ന സഹരാജ്യക്കാർക്ക് അദ്ദേഹത്തെ മനസ്സിലാക്കാൻ കഴി ഞ്ഞിട്ടില്ല എന്നത് സത്യമാണ്. അദ്ദേഹം പ്രബുദ്ധചിന്തകനായതാണ് ഇതിനുകാരണം. അദ്ദേഹം രക്ഷപ്പെടാനോ ഒറ്റപ്പെടാനോ ആഗ്രഹിച്ചില്ല.ജനങ്ങളിലേക്ക് ഒരു ദൗത്യവുമാ യാണ് താൻ നിയോഗിക്കപ്പെട്ടത് എന്നദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ “സ്വത്വ(ഖു ദി) തത്വശാസ്ത്രം ഒരുപ്രത്യേക സിദ്ധാന്തമായിരുന്നില്ല. തന്റെ സമൂഹത്തിൻരെ അസ്തി കൂടത്തിലേക്ക് സന്നിവേശിപ്പിക്കാൻ അദ്ദേഹമാഗേരഹിച്ച വിപ്ലവ ചൈതന്യമായിരുന്നു അത്. കോട്ടകൾക്കകത്ത് കഴിയുന്ന ബുദ്ധിജീവികളിൽ മാത്രം പരിമിതമാവരുത് ബുദ്ധി പരമായ പരിവർത്തനം. പ്രബുദ്ധ വ്യക്തി ദന്ത ഗോപുരത്തിൽ നിന്ന് പുറത്തേക്കിറങ്ങി വരണം . കാരണം ഷാൻഡൽ പറയുന്നത് പോലെ, ആരുമില്ലാത്തേടത്ത് നിന്ന് ജനങ്ങ ളെയും കുറിച്ച് സംസാരിക്കുന്നത് വ്യർത്ഥമാണ്, അല്ലെങ്കിൽ കാപട്യം. വടക്കൻ തെഹ്രാ നിലെ മനോഹരങ്ങളായ കാപ്പി കടകളിലിരുന്ന് സാമ്രാജ്യത്വത്തെയും മൂന്നാം ലോക ത്തെയും സംബന്ധിച്ചു വാചകമടിക്കുന്നവർക്ക് സാമൂഹ്യ ശാസ്ത്രജ്ഞർ, രാഷ്ട്രിയ ക്കാർ ,ശാസ്ത്രജ്ഞർ, ദാർശനികർ, എഴുത്തുകാർ കലാകാരൻമാർ,എന്നൊക്കെ സ്വയം അഭിമാനം കൊണ്ടാൽ മതി. അവർ പ്രബുദ്ധരല്ല.

വിദ്യാസമ്പന്നരായ വരേന്യർക്കിടയിൽ ആത്മബോധമുള്ള കുറെപേർതങ്ങളുടെ സവി ശേഷ സാമൂഹ്യ ചുറ്റുപാടിന്റെ അതിരുകൾക്കകത്ത് ഒതുങ്ങിക്കഴിയാൻ വിസമ്മദിക്കു ന്നു. പ്രബുദ്ധരായിരിക്കുന്നു എന്നതിൻരെ സഹജ ഭാഗമായ *+
സാമൂഹ്യോത്തരവാദിത്വം വൈയക്തതിതമോ വിഭാഗീയമോ ആയ താൽപ്പര്യങ്ങൾക്കതീ തമായി പ്രവർത്തിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. പ്രഫസർ വിദ്ധൻ, എഴുത്തുകാരൻ ശാസ്ത്രജ്ഞർ, ഗവേശകൻ, പരിഭാശകൻ, തത്വചിന്തകൻ, കലാകാരൻ തുടങ്ങിയ മേല ങ്കികൾ വലിച്ചു കീറാനും അത് ഹേതുവാകുന്നു. ഈ മാതിരി ആവരണങ്ങൾഒരാളെ തന്നിൽതന്നെ പൊതിഞ്ഞു നിർത്തുകയാണ്. വൈജ്ഞാനികോദ്ഗ്രഥനവും ശാസ്ത്രകാ രൻ എന്നടശ്ശസ്സും സംരക്ഷിച്ചു നിർത്താനും ജനങ്ങളുമായി ചേരുന്നതിനെ തടയാനുമാ ണത്. പക്ഷെ സാമൂഹ്യ ഉത്തരവാദിത്തം ആത്മബോധമുള്ള ബുദ്ധിജീവികളെ തങ്ങ ളുടെ ഒറ്റപ്പെട്ട ഗുഹകളിൽ നിന്ന്-ന്തസ്സാർന്ന ഉന്നത സാമൂഹ്യ പദവിയിൽ നിന്ന്- ജനങ്ങ ളുടെ നിലവാരത്തിലേക്ക് പ്രവാചകനെപ്പോലെ ഇറങ്ങിവരാൻ പ്രേരിപ്പിക്കുന്നു. അത് മൂലം തങ്ങളും മനുഷ്യർ തന്നെയാണ് എന്ന തിരിച്ചറിവ് അവർക്കുണ്ടാകുന്നു.സാധാരണ ജനങ്ങളുമായി ഇടപഴകാൻ അവർ നിർബന്ധിതരാകുന്നു. “സാധാരണക്കാരായ ലളിത ജീവികൾ” എന്നാണ് ജനങ്ങളെ വിളിക്കാറ്; അവരിൽ നിന്നാണ് അധികം നായകരും ഉയർന്നു വന്നത്. എന്നതാണ് വസ്തുതയെങ്കിലും സാമൂഹ്യഉത്തരവാദിത്തബോധം ആത്മബോധമുള്ള പ്രബുദ്ധ വ്യക്തികളെ സാധാരണക്കാരുമായി മൈത്രി സ്ഥാപിക്കാൻ നിർബന്ധിക്കുന്നു. നേരത്തെ പറഞ്ഞ അന്യേന്യം ഏറ്റുമുട്ടുന്ന ഇരു വ്യാജ വാഗ്വാദ ക്കാരും മെനഞ്ഞെടുക്കുന്ന കള്ളക്കഥകളും അവരിൽ നിന്ുണ്ടാകുന്ന അപമാനങ്ങളും ആരോപണങ്ങളും അവഹേളനകളും ഗൂഢാലോചനകളും ക്ഷമാപൂർവ്വം സഹിക്കാൻ അതവരെ പ്രാപ്തരാക്കുന്നു. ബുദ്ദി ജീവികളുടെ കീഴ്പണിയെടുക്കാൻപോലും യോഗ്യ തയില്ലാത്തവരായ , ശത്രുതയും അസൂയയും കലശാലായുള്ള രോഗബാതിതരായ

ആളുകളുടെ എണ്ണമറ്റ വിമർശനങ്ങൾ അവൻ സഹിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ശാസ്ത്രശാഖയുടെ സാധാരണ ശബ്ദാവലിയെക്കുറിച്ച് കേൾക്കുക പോലും ചെയ്തിട്ടില്ലാത്ത, ലളിതമായ ബാലപുസ്തകങ്ങളുടെ ഒരു ഖണ്ഡികപോലും വായിക്കാൻ കഴിവില്ലാത്ത നിരക്ഷര കക്ഷികളുടെ വിമർശനങ്ങൾ പോലും സഹിക്കണം.[20] പ്രബുദ്ധർ വിമർശകരുടെ 'ശാസ്ത്രിയവും' 'രേഖകളുള്ളമായ' വിമർശനങ്ങൾകേൾക്കുന്നു. അവർക്കു മറുപടി കൊടുക്കുകയില്ല. കാരണം അവർക്ക് അതിനേക്കാൾ പ്രധാനപ്പെട്ട സാമൂഹ്യ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനുണ്ട്.

നിലവിലുള്ള ശൂന്യതയും വിശ്വാസവിദ്വേഷവും അവഗണിച്ച് സമൂഹത്തിൽ ഒരു ബൗദ്ധിക മതവിപ്ലവം വളർത്തിയെടുത്ത് തങ്ങലുടെ തലമുറയുടെ ലോകവീക്ഷണത്തിലും ശാസ്ത്രകാഴ്ചപ്പാടിലും ആത്മീയ ദിശാബോധത്തിലും പരിവർത്തനമുണ്ടാക്കാൻ ഈ പ്രബുദ്ധ വ്യക്തികൾ ആഗ്രഹിക്കുന്നു. മതവിശ്വാസത്തിന്റേതായ വ്യക്തവും യുക്തിസഹവുമായ ഒരു തരംഗം സൃഷ്ടിക്കുക, വിസ്മൃതവും അന്യവൽകൃതവും വർത്തമാന പരിതോവസ്ഥയിൽ ശരിയായ ഇസ്‌ലാമിന്റെ ചിത്രം വരയ്ക്കുക. ഇസ്‌ലാമിക നവോത്ഥാനത്തിന് തുടക്കം കുറിക്കുക. തങ്ങളുടെ കലഘട്ടത്തിൽ തങ്ങളുടെ സമൂഹത്തിൽ യുക്തിഭദ്രവും പുരോഗമനാത്മകവുമായ ഒരു മത നവീകരണം ആരംഭിക്കുക. പ്രബുദ്ധർ ജനങ്ങളിൽ നിന്നകന്ന് അസംഘടിതരായി ചിതറിക്കിടക്കുന്ന അവസ്ഥയിൽ ഇതെല്ലാം എങ്ങനെ സാക്ഷാത്കരിക്കും എന്നതാണ് പ്രശ്നം. അവരെ വൈവിധ്യമാർന്ന സേവനങ്ങൾ ഏത് ദിശയിലാണ് കേന്ദ്രീകരിക്കുക? യുവതലമുറയിൽ തങ്ങളുടെ ആദർശം പ്രചരിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് അവർക്കുള്ളത്? ദന്തഗോപുരത്തിൽ നിന്ന് പുറത്തുകടക്കാൻ എന്താണു മാർഗം? ജനങ്ങളിൽ നിന്ന് തങ്ങളെ വേർതിരിക്കുന്ന ആഴവും പരപ്പുമുള്ള വിടവിനു മീതെ എന്ത് തരം പാലമാണ് അവർ പണിയുക? എന്ത് ചെയ്യാനാണ് അവരാഗ്രഹിക്കുന്നത്? എന്താണവരുടെ പരിപാടി? എന്തെല്ലാം വിഭവങ്ങളാണവരുടെ കൈയിലുള്ളത്? ആരെയാണ് അവർ ആശ്രയിക്കാനുദ്ധേശിക്കുന്നത്? പിന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം-ബൗദ്ധിക ജീവികളുടെ ഭാഗം അഭിനയിക്കുന്ന സാംസ്കാരിക സാമ്രാജ്യത്തിന്റെ സമ്പന്നവും ശക്തവുമായ കരങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ആകർഷവും നാനാവിധവുമായ "ബന്ദിപ്പിക്കുന്ന പുതുമാർഗങ്ങൾ" വിദഗ്ദമായി നടപ്പാക്കുന്ന പരിചയ സമ്പന്നരായ നടന്മാരുടെ കാര്യത്തിൽ എന്താണവർക്ക് ചെയ്യാൻ സാധിക്കുക? മറുഭാഗത്ത് അജ്ഞരായ ജനങ്ങളെന്ത് ചെയ്യും? മതനേതാക്കളുടെ ഭാഗം അഭിനയിച്ചു 'മന്ദിപ്പിക്കലിന്റെ പഴഞ്ചൻ മാർഗ്ഗങ്ങൾ' നടപ്പാക്കുന്ന വദഗ്ദനടന്മാരെ എങ്ങനെ കൈകാര്യം ചെയ്യും?

ആത്മബോധവും ഉത്തരവാദിത്തവുമുള്ള, ശക്തമായ മതവിശ്വാസത്തിലൂടെ പ്രബുദ്ധത നേടിയ ഇസ്‌ലാമിക സംസ്കാരത്തെ പുരോഗനാത്മകമായി മനസ്സിലാക്കിയത് മൂലം ഇസ്‌ലാമിനെക്കുറിച്ച് യുക്തി പൂർണ്ണമായ വീക്ഷണം പുലർത്തുന്ന, ഇക്കാരണങ്ങളാൽ ഇസ്‌ലാമിക പണ്ഡിതന്മാരെ മാർഗ്ഗദർശനം ചെയ്യുകയും പ്രബുദ്ധരാക്കുകയും ചെയ്യുക എന്ന ദൗത്യം ഏറ്റെടുത്ത വ്യകതിയുടെ ഉത്തരവാദിത്തം കുറേക്കൂടി ദുഷ്ക്കരമാണ്. കപട മതബുദ്ധികളുടെ റോൾ നാടകശാലയിലെ മറ്റേ ഭാഗത്തുള്ളവരേതിനേക്കാൾ കൂടുതൽ ബുദ്ധിമുട്ടുള്ളതാണല്ലോ. അതേപോലെ പരമ്പരാഗത മതപാഠശാലയിലെ(ഹൗസ) മതപരമായി പ്രബുദ്ധതനേടിയിട്ടുള്ള വ്യക്തികളുടെ ഉത്തരവാദിത്തവും കഠിനവും പ്രയാസവുമേറിയതാണ്. ഇസ്‌ലാം ഇല്ലാത്ത പരിസ്ഥിതിയിലല്ല മറിച്ച് വികൃതവും വ്യാജവുമായ ഇസ്‌ലാം നിറഞ്ഞു നിൽക്കുന്ന സ്ഥലത്താണ് അവർക്ക് പ്രവർത്തിക്കാനുള്ളത്. ബുദ്ധിജീവികൾ ജോലിചെയ്യുന്നത് മതത്തെ നിന്ദിക്കുന്നവരുടെ ഇടയിലാണ്. മതപ്രബുദ്ധർ ഇസ്‌ലാമിന്റെ ഹൃദയത്തിലും. ബുദ്ധീജീവികൾക്ക് നേരിടാനുള്ള ശത്രുക്കൾ ശൂന്യഹസ്തരോ ദൃഷ്ടിഗോചരമായ വിഗ്രഹം ചുമക്കുന്നവരോ ആണ്. അവരുടെ വഴി വളരെ വ്യക്തം. അതിരുകൾ ശരിയായി നിർവ്വചിക്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിനെയും അനിസ്‌ലാമിനെയും ഒരു പുഴ വേർതിരിക്കുന്നു. എന്നാൽ ഇസ്‌ലാമിക പാഠശാലകളിലെ ഖുർആൻ കൈവശമുള്ള മതപ്രബുദ്ധർ ഖുർആനിനെ കൊടികൾക്കും ബയനറ്റു

കൾക്കും ഉപരിയായി ഉപയോഗിക്കുന്ന ആളുകളോടാണ് പോരാടേണ്ടത്. തേനീച്ചക്കൂടുകളെന്നപോലെ തങ്ങളുടെ വീടുകളിൽനിന്ന് പ്രാർത്ഥനകളുടെയും ഖുർആൻ പാരായണത്തിന്റെയും മൂളൽ കേൾക്കാവുന്ന ആളുകളെയാണ് അവർക്ക് നേരിടേണ്ടത്. വളരെ പ്രയാസമുള്ള ജോലിയാണിത്. ആകയാൽ നാമെന്തു ചെയ്യും?

ലക്ഷ്യങ്ങൾ

1. സാമൂഹത്തിലെ മതനിഷ്ഠയുള്ളവരും സ്വതന്ത്രരുമായ ആളുകൾ ഒന്നിക്കുക.. ബോധവും മാനവികതയും നിമിത്തം "ജാഗരണത്തിന്റെയും മാർഗ്ഗ ദർശന"ത്തിന്റെയും നിർണ്ണായക ഉത്തരവാദിത്വം ഏറ്റെടുക്കുന്നവരെയാണ് ഞാനുദ്ദേശിക്കുന്നത്. അതേപോലെ മുഹമ്മദ് നബിയുടെ വിമോചന ഇസ്‌ലാമും അലിയുടെ നീതിതേടുന്ന ചിന്താസരണിയും (ശീഇസം) ഇസ്ലാമിക-മാനുഷിക-ദൈവിക മൂല്ല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഭാരിച്ച ഉത്തരവാദിത്വം ഏൽപ്പിച്ചിട്ടുള്ള ആളുകളും.

2. ഒരേ കൈകൾ വഴിയിൽ ഒരുക്കിവച്ച രണ്ടു ചതിക്കെണികളിൽ നിന്നും (നാടകശാലകൾ) ജനങ്ങളെ രക്ഷിക്കണം. മതത്തിൽറെ പേരിൽ ജനങ്ങൾ അജ്ഞതയുടെയും അന്ധവിശ്വാസത്തിൻരെയും വൈകാരികമോ അമൂർത്തമോ അപകടമോ പ്രയോജനരഹിതമോആയ പാരമ്പര്യങ്ങളുടെയും ഇരയായിത്തീരരുത്. സത്യസന്ധതയുടെയും മഹത്വത്തിന്റെയും മതം നുണകളുടെയും സതംഭിപ്പിക്കലിന്റെയും നിന്ദയുടെയും വാഹനമാവരുത്. നമ്മുടെ യുവതലമുറയും ബുദ്ധിജീവികളും ഒരുവശം ചരിഞ്ഞ യാഥാർത്ഥ്യങ്ങൾകണ്ട് മതത്തിൽ നിന്ന് ഓടിയകലാൻ പാടില്ല. രക്ഷപ്പെടൽ പ്രക്രിയക്കിടയിൽപ്രതിചി ബാധിത വേട്ടക്കാരുടെയും മർക്കട സദൃശ അനുകർത്താക്കളുടെയും കെണിയിൽ, സാംസ്കാരിക സാമ്രാജ്യത്വത്തിന്റെ സങ്കീർണ്ണമായ ചിലന്തിവലയിൽ അവരകപ്പെടും. ലോകശക്തികളുടെ പ്രചാരണ സമുച്ചയമാണത്. ശൂന്യതയിലേക്കും നിഷ്ഫലതയിലേക്കും  അവർ നയിക്കപ്പെട്ടുകൂടാ. തിരിച്ചറിയാനും തെരഞ്ഞെടുക്കാനും ചെറുത്തുനിൽക്കാനുമുള്ള അവരുടെ കഴിവ് നഷ്ടപ്പെട്ടുപോവും. അവരുടെ സാംസ്കാരികവും മാനുഷികവുമായ കഴിവ് ചോർന്ന് പോവും വാഗ്ദാനം ചെയ്യപ്പെടുന്ന ആത്മീയ ഭൗതിക ഉൽപ്പന്നങ്ങളേതും ഉപഭോഗിക്കുന്ന, സത്വമില്ലാത്ത, എളുപ്പം വഴങ്ങുന്ന ജീവികളായി മാറുമവർ. ഇതിനാൽ ജനങ്ങളെ രക്ഷിക്കേണ്ടതാവശ്യമാണ്.

3. ഇതുവരെ നമ്മുടെ ബുദ്ധിജീവികളെ പടിഞ്ഞാറ് ലോകത്തെക്കുറിച്ച് പഠിപ്പിക്കുകയായിരുന്നു. നാഗരികത അഥവാ സംസ്കാരം എന്താണെന്ന് അത് നമ്മോട് പറയുകയായിരുന്നു. പൗരസ്ത്യം, പാശ്ചാത്യം, ശാസ്ത്രം, മതം, തത്വചിന്ത, വിദ്യാഭ്യാസം, സാമൂഹ്യവ്യവസ്ഥ, രാഷ്ട്രിയ നേതൃത്വം,ജീവിതരീതികൾ, നവധാർമികത, സാഹിത്യം, കല, സൗന്ദര്യശാസ്ത്രം മുതലായവരെക്കുറിച്ചെല്ലാം അത് നമുക്ക് വിവരിച്ച് തരികയായിരുന്നു. അവരെക്കുറിച്ച് അവർ ചിന്തിക്കുകയും അവരെപറ്റിനാം ചിന്തിക്കണമെന്ന അവരാഗ്രഹിക്കുന്നതുമായ രീതിയിൽ  പടിഞ്ഞാറ് നമുക്ക് കാര്യഹ്ങൾ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തു. നമ്മുടെ മതവും ചരിത്രവും സാഹിത്യവും കലയും മാനുഷികമൂല്ല്യങ്ങളും പടിഞ്ഞാറ് നമുക്ക് വിശദീകരിച്ചു തന്നു. നമ്മെക്കുറിച്ച് പഠിക്കാനും നമ്മുടെ ചരിത്ര,മത, ആദ്ധ്യാത്മിക സ്വത്വങ്ങൾ ഗ്രഹിക്കാനും ഒന്നാമതായി ഈ "കുറ്റ അധ്യാപകന്" എന്താണതേക്കുറിച്ച പറയാനുള്ളത് എന്നറിയാൻ നാം കാത്തുനിന്നു. ഇസ്‌ലാമിക വിശയങ്ങളിലും പേർഷ്യൻ  കവിതയിലും പണിയെടുക്കുന്ന നമ്മുടെ ചിന്തകരും ശാസ്ത്രജ്ഞരും എഴുത്തുകാർ പോലും പടിഞ്ഞാറൻ സാംസ്കാരിക  യന്ത്രങ്ങൾ ഉൽപ്പാദിപ്പിച്ച ഇറക്കുമതിച്ചാക്കുകളുടെ ഉപഭോക്താക്കളാണ്. ഗവേശഷകർ  പടിഞ്ഞാറൻ സമ്പ്രദായത്തിന്റെ വിവർത്തകൻമാർ മാത്രമായിത്തീരുന്നു. ആഫ്രി, ഏഷ്യ, ലാറ്റിൻഅമേരിക്ക എന്നിവിടഹ്ങളിൽ നിന്ന് ചിലരെ പാശ്ചാത്യർയൂറോപ്പിലേക്ക് കൊമ്ടുവന്നു. പാരീസിലും ലണ്ടണിലും ആംസ്റ്റർഡാമിലും സവാരിചെയ്യിക്കാറുണ്ട് മൂന്നാം ലോകത്തേക്ക് പടിഞ്ഞാറ് കയറ്റി അയക്കാനാഗ്രഹിക്കുന്ന കാര്യങ്ങളുടെ പ്രചാരകരും മധ്യവർത്തികളുമായഭിനയിക്കാൻ ആവശ്യമായ യൂറോപ്പ്യൻ സ്വബാവ

വിശേഷങ്ങൾ പഠിപ്പിച്ച് കൊടുക്കാനാണിത് എന്ന് ഫാനന്റെ പുസ്തകത്തിനെഴുതിയത് ആമുകത്തിൽ സാർതൃർ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ എഴുതുമ്പോൾ സാർതൃ ഉദ്ദേശിച്ചതും മേൽപറഞ്ഞകാര്യമാണ്. സ്വന്തം നാട്ടിലേക്ക് തിരിച്ചെത്തുമ്പോൾ ഏഷ്യൻ ആഫ്രിക്കൻ ലാറ്റിനമേരിക്കൻ വിദൂരസ്ഥങ്ങളിൽ വെച്ച് അവർ പടിഞ്ഞാര് നിന്ന് പഠിച്ച കാര്യങ്ങൾ ആവർത്തിക്കും. ധൈര്യം പ്രദർശിപ്പിക്കാനും മനസ്സിലുള്ളത് തുറന്ന് പറയാനുള്ള സമയമായിരിക്കുന്നു. സാർതൃ പറയുന്നത്പോലെ, മാതൃരാജ്യത്ത് യൂറോപ്പ്യൻ ആശയങ്ങളും അനുഭങ്ങ്ളും ഛർദ്ദിക്കാനുള്ള തന്റേടം നാം കാണിക്കണം.

4. 'നാം നമ്മിലേക്ക് തന്നെ മടങ്ങുക'33. വർത്തമാനത്തെ തിരസ്കരിച്ചു ഭാവിയുടെ നേരെ പുറം തിരിച്ചു പുതിയ എന്തിനെയും മതഭ്രാന്തുകാട്ടി തള്ളിക്കളയണമെന്നല്ല. നമ്മുടെ സ്വന്തം മാനുഷിക സാംസ്കാരിക ധർമ്മാനുഷ്ഠന തത്വങ്ങളിലേക്ക് മടങ്ങുക എന്നതാണ് ഞാനർത്ഥമാക്കന്നത്. ഒരു പിന്തിരിപ്പൻ പ്രസ്ഥാനം ആരംഭിക്കാനുള്ള മുദ്രാവാക്യമല്ല ഇത്. കപട ബുദ്ധിജീവികൾ സങ്കൽപിക്കുന്നതിന് വിരുദ്ധമായി 'നമ്മിലേക്ക് തന്നെയുള്ള മടക്കം'. ഏതാനും പ്രാദേശിക പാരമ്പര്യങ്ങളുടെയും ആചാരങ്ങലുടെയും ഉപരിവിപ്ലവവും അനുകരണപരമായ പുനരുദ്ധാരണമോ ഭൂതകാലത്തെ ഛർദ്ധിക്കലോ അല്ല. "നമ്മുടെ മനുഷ്യാവസ്ഥയിലും സാംസ്കാരിക അധ്യാത്മിക സത്തയിലുമുള്ള അന്യവസ്തുക്കളെ നീക്കം ചെയ്യുക" വഴി 'ആത്മനിർമൂലന'ത്തിൽ നിന്ന് നമ്മെത്തന്നെ രക്ഷിക്കാനുള്ള പുരോഗനാത്മക പ്രസ്ഥാനമാണിത്. കൊള്ളയടിക്കപ്പെട്ട മൂല്യങ്ങളും വിനിഷ്ടമായ സത്യവും കണ്ടെത്താനുള്ള പ്രസ്ഥാനം. നമ്മുടെ സ്വന്തം വേരുകളെ ആശ്രയിക്കാനുള്ള ആഹ്വാനം. മറ്റുള്ളവരുടെ നാവുകൊണ്ട് സംസാരിക്കുന്നതും അന്യരുടെ പാദങ്ങൽകൊണ്ട് നടക്കുന്നതും തടയാനുള്ള പ്രസ്ഥാനം.

5. ചരിത്രത്തിന്റെ ഇരുൾപാളികളിൽ കുഴിച്ച് മൂടപ്പെടുകയും വിസാമൃതമാവുകയും ചെയ്ത പ്രവിശാലമായ ആധ്യാത്മിക സാംസ്കാരിക വിഭവങ്ങൾ നാം കുവിച്ചെടുക്കുകയും നവീകരിക്കുകയും വേണം. അതിന്റെ അനന്തരാവകാഴികൾക്ക് ആ വിഭവങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് നഷ്ടപ്പെട്ടു പോയിരിക്കുന്നു.. ഈ നഷ്ടത്തിൻരെ ഫലമായി മനുഷ്യ ചരിത്രത്തിൽ തുല്ല്യതയില്ലാത്ത വിശാലവും അനന്തവുമായ നിധിശേഖരങ്ങൾക്കു മീതെ അതിന്റെ അനന്തരാവകാശികൾ വിശന്നു പൊരിഞ്ഞു ദരിദ്രമായി വിദേശികളുടെ സഹായം ആവശ്യപ്പെട്ടുകഴിയുകയാണ്.

6. ശാസ്ത്രിയവും ബുദ്ധിപരവുമായി അന്ധവിശ്വാസങ്ങളോട് നാം പൊരുതുക സമൂഹത്തിന്റെ ചിന്തയെയും ചൈതന്യത്തെയും തടവിലാക്കുകയും തളർവാതം പിടിപ്പിക്കുകയും ചെയ്ത മനുഷ്യ വിരുദ്ധ അനിസാലാമിക വിശ്വാസാചാരങ്ങളെ നാം വെല്ലുവിളിക്കണം. ശാസ്ത്ര ഗവേഷണങ്ങളിലൂടെയും രാഷ്ട്രീയ മത,ദാർശനിക ദുരുദ്ദേശങ്ങളെ യുക്തിപരമായി വിശകലനം ചെയ്യും.ചരിത്രത്തിലുടനീളം പ്രവർത്തനനിരതമായിരുന്ന വർഗ്ഗ ഘടകങ്ങൾ വിശ്ലേഷണം ചെയ്യും. ഇത് നിർവ്വഹിക്കാവുന്നതാണ്. അതേപോലെ മതപരമായ കണ്ടെത്തലുകളെയും വ്യതിയാനഹ്ങളെയും ചരിത്രത്തിലെങ്ങും കാണാവുന്ന നിഷേധാത്മക ന്യായീകരണങ്ങളെയും അവയുടെ നിഷേധാത്മക സാമൂഹ്യ സ്വാധീനങ്ങളെയും മുസ് ലിംകളുടെ ജീവിതത്തിൽ അതുണ്ടാക്കിയ ദുശ്ശകുനം പിടിച്ച പ്രത്യയശാസ്ത്ര-പ്രായോഗിക പ്രത്യാഘാതങ്ങളെയും തിരിച്ചറിഞ്ഞ്കൊണ്ടും ഇത് നിർവ്വഹിക്കാൻ കഴിയും. "അധഃപതിച്ചതും മയക്കികിടത്തുന്നതുമായ മതത്തെ" ജനമനസ്സിൽ നിന്ന് നിർമാർജ്ജനം ചെയ്യാനുള്ള ഏറ്റവും ശക്തമായ മാർഗ്ഗം 'പുരോഗമനാത്മകവും സുജാഗ്രവുമായ' മതമാണ് എന്ന് കലഹസ്വഭാവമുള്ള പ്രത്യയശാസ്ത്രങ്ങളുടെ സമരമടക്കമുള്ള ചരിത്രാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.[23] ഇസ്ലാമിക ചരിത്രവും ഇതിനപവാദമല്ല. നമ്മുടെ വിശ്വാസ സംഹിതയിൽ ആശയക്കുഴപ്പം സൃഷ്ടിച്ചും പടിഞ്ഞാറിനെ നേരിടുന്നതിൽ നമുക്ക് സ്വാതന്ത്രവും മനുഷ്യ സ്വഭാവവും തരുന്ന ആത്മീയ കരാറുകളെ പിളർത്തിയും സാംസ്കാരിക വ്യതിയാനങ്ങൾ ഉണ്ടാക്കിയും നമ്മുടെ സമൂ

ഹത്തിന്റെ ഉത്തമാദർശങ്ങളെയും അതിന്റെ ബുദ്ധിജീവികളെയും നശിപ്പിക്കുക എന്ന ഉദ്ദേശത്തോടെ പ്രചരിപ്പിക്ക്പ്പെടുന്ന വിഷലിപ്തവും വഴി പിഴച്ചതുമായ ചിന്തകളുടെ ശക്തവും നിരന്തരവുമായ അതിക്രമത്തെ നാം ചെറുക്കണം സ്വതന്ത്രമായ ഒരു ബൗദ്ധിക പ്രസ്ഥാനം രൂപപ്പെടുത്തിക്കൊണ്ട് മാത്രമേ നമുക്ക് ചെറുത്തു നിൽക്കാൻ കഴിയുകയുള്ളൂ. ആവശ്യമുള്ള ബുദ്ധിപരവും പ്രത്യയശാസ്ത്രപരവുമായ വിഭവങ്ങൾ പ്രധാനം ചെയ്യണം. വിമർസന ശേഷി പരിപോശിപ്പിക്കുകയും വളർത്തിയെടുക്കുകയും വേണം. യുവാക്കൾക്കും ബുദ്ധിജീവികൾക്കുമിടയിൽ സ്വപ്രത്യയ സ്ഥൈര്യം വർദ്ധിപ്പിക്കണം.

7. നമ്മുടെ സമൂഹത്തിന്റെ, വിശേഷിച്ച് യുവാക്കളുടെയും ബുദ്ധിജീവികളുടെയും, ധാർമ്മികാധഃപതനം ലക്ഷ്യം വെച്ച് ആസൂത്രമം ചെയ്യപ്പെട്ട വിവിധ പദ്ധതികളും പരിപാടികളും പ്രക്രിയകളും നമ്മുടെ എതിർപ്പർഹിക്കുന്നു. കാരണം അവരുടെ ശക്തിയും ചിന്തിക്കാനുള്ള അവസരവും മാനുഷിക പ്രതിബദ്ധതയും ഉത്തരവാദിത്വവും ധാർമികാധപതനം മൂലം നഷ്ടപ്പെട്ടു പോവും. തത്ഫലമായി അവരുടെ വിശ്വാസവും ആദർശവും ആത്മ ബോധവും മാനവിക നൂല്യങ്ങലുമെല്ലാം അഴിമതിയുടെ ടളിസ്ഥലത്തേക്ക് വലിച്ച് വാവ്ത്തപ്പെടും . മൂർച്ചയുള്ള ഒരു ചിന്താപ്രസ്ഥാനം ആരംഭിക്കണം. ബോധത്തിൻരെ പരിദി വികസിപ്പിക്കണം. സാമൂഹ്യ ഉത്തരവാദിത്വങ്ങളും ബൗദ്ദിക പ്രശ്നങ്ങളും ചർച്ച ചെയ്യണം.അങ്ങിനെ തങ്ങളുടെ സ്ഥ്തിയെ കുരിച്ചാലോചിക്കാൻ ജനങ്ങളെ നിർബന്ധിക്കുക. ശക്തമായ അടിസ്ഥാനങ്ങളുമായും യുവതലമുറയെ ബന്ധപ്പെടുത്തുക. ഇങ്ങനെ ഈയുദ്ധം വിജയിക്കാം. ചുരുകികത്തിൽ ബുദ്ധിജീവികൾക്ക് “ലക്ഷ്യങ്ങൾ” ഉണ്ടാക്കിക്കൊടുത്ത് നമ്മുടെ ലക്ഷ്യം നിറവേറ്റാൻ കഴിയും എന്തുകൊണ്ടെന്നാൽ അലക്സിസ് കാറലിനെ പരാവർത്തനം ചെയ്തു പറയാം, ജീവിത ലക്ഷ്യമില്ലാത്ത ആളുകൾ മാത്രം ആണ്ടുപോവുന്ന ചതുപ്പു നിലമാണ് ആഹ്ലാദാന്വേഷണം.

8. ലോകത്തെയും ആധുനിക നാഗരികതയെയും പടിഞ്ഞാറൻ സംസ്കാരത്തെയും സാമ്രാജ്യത്ത്വ ശക്തികളെയും കിഴക്കും പടിഞ്ഞാറും തമ്മിലുള്ള പ്രത്യക്ഷ പരോക്ഷ ബന്ധങ്ങളെയും നാം കൃത്യമായി മനസ്സിലാക്കണം ഒരു മതം എന്ന നിലക്കും ഒരു സംസ്ക്കാരം എന്ന നിലക്കും മനുഷ്യ സമുഹത്തിന്റെ വലിയൊരു വിഭാഗത്തെ ബാധിക്കുന്ന ചരിത്രം എന്ന നിലക്കും ഇസ് ലാമിന്റെ ശത്രുക്കളുടെ സവിശേഷ ലക്ഷ്യങ്ങൾനാം തീർച്ചയായും അറിഞ്ഞിരിക്കേണ്ടതുണ്ട്. ലോകത്ത് ഇപ്പോൾ നിലവിലുള്ളപ്രവണതകൾക്ക് ജന്മം നൽകുന്ന എല്ലാ ബൗദ്ധിക പ്രശ്നങ്ങളും ചിന്താധാരകളും പ്രത്യയ ശാസ്ത്രങ്ങളും നാം ചർച്ച ചെയ്യണം . നമുക്ക് ഇഷ്ടമായാലും അവ നമ്മുടെ ചിന്തകളെയും വികാരങ്ങളെയുംസ്വാധീനിക്കുന്നുണ്ട്. പ്രതേയേകിച്ച് ബുദ്ധിജീവികളുടെ . വസ്തു നിഷ്ഠ അന്താരാഷ്ട്ര യാഥാർത്ഥ്യങ്ങളെയും അവയിലന്തർഭവിച്ചഘടകങ്ങളും ശക്തികളും ലഭ്യമായ വിഭവങ്ങളും നിലവിലുള്ള അവസ്ഥകളും നാം മനസ്സിലാക്കണം. ചുരുക്കത്തിൽ ‘നമ്മുടെ കാലത്തെ’ രൂപപ്പെടുത്തുന്നതും നമ്മുടെ വിധിയെയും വിശ്വാസത്തെയും സംസ്കാരത്തെയും ജീവിതത്തെയും അനുകൂലമായെ പ്രികൂലമായെ സ്പർശിക്കുന്നതുമായ മുഴുവൻ വിശയങ്ങളും നാം മനസ്സിലാക്ക്ണം കാരണം ഇന്ന് ബഹുജന മാധ്യമങ്ങളും ആശയവിനിമയ മാർഗ്ഗങ്ങളും ധ്രുതഗതിയിൽവ്യാപിച്ചു വരുന്ന ഒരു കാലത്ത് , അടച്ചു പൂട്ടിയ പാരമ്പര്യ ദുർഗ്ഗങ്ങൽ നിലം പൊത്തുകയാമ്. ജനതികളെയും രാഷ്ട്രങ്ങളെയും ഔപചാരികമായി ഏകരൂപമാക്കിയും അന്യമതങ്ങളുടെയും മതകീയമോ ദേശീയമെ ആയ സംസ്കാരങ്ങളുടെ മേൽ ആഗോള തലത്തിൽ സ്വന്തം സംസ്ക്കാരം അടിച്ചേൽപ്പിച്ച് കൊണ്ടും പടിഞ്ഞീറ് ഈ പ്രക്രിയയുടെ വേഗം കൂട്ടുന്നു. “സ്വന്തം അറിയുക”, “സ്വസംസ്ക്കാരത്തിലേക്ക് ബോധപൂർവ്വം തിരിച്ച് പോവുക.” അല്ലെങ്കിൽ ഇഖ്ബാൽ പറയുന്നത് പോലെ ഇസ്‌ലാമിലൂടെ മതചിന്തകളുടെ പുനസംവിധാനം” സാധിക്കുക- ഇതുമാത്രമോതുറന്നതും വിശാലവുമയാ ലോകവീക്ഷണവും കാലത്തെയും മനു,്യാവസ്ഥയെയും കുറിച്ച് കൃത്യമായ ധാരണയുള്ള ഒരു വിഭാഗത്തിന് പ്രായോഗികമായ ഒരു പ്രവർത്തന പദ്ധതി ഒരുക്കുകയുള്ളൂ.

9. നാം “ഇസ്ലാമിക നവോത്ഥാനത്തിന് മുൻകയ്യെടുക്കുക. അതായത് ഇസ് ലാമിന്റെ ഒരു പുനർ ജന്മത്തിന് അതിന്റെ വിപ്ലവ ചൈതന്യം, തെലിമ, പരിശുദ്ധി,മാനവികത, അന്തസ്സും ഉത്തരവാദിത്വവും ജനിപ്പിക്കുന്ന വിശ്വാസം എന്നിവയുടെ ഉണർവ്വിന് “യഥാർത്ത ഇസലാം’ യുക്തിപരവും യാഥാർത്ഥ്യാധിഷ്ടിതവും സാമൂഹികവുമായ വീക്ഷണംനിരത്തുകയും മാനവികാശയങ്ങൾ എടുത്തു കാട്ടിയും ചെയ്തിട്ടുണ്ട്. ഈ സന്ദേശം നാം വീണ്ടും പരിചയപ്പെടുത്തുക. മനുഷ്യ ചരിത്രത്തിന്റെ തകർന്നതും ക്ഷീണിതവും ഇരുളടഞ്ഞതുമായ ഹൃദയത്തിൽ അനശ്വരവും അടിസ്ഥാന പരവുമായ വിപ്ളവം പെട്ടന്ന സൃഷ്ടിച്ച സന്ദേശമാണത്. ജനങ്ങളുടെ ധാർമ്മിക മൂല്ല്യങ്ങൾക്കും ചിന്തകൾക്കും വികാരങ്ങൾക്കും അത് അധിയായ ഉത്തേജനം നൽകി. മരുഭൂമിയിൽ മഹാപ്രതിഭകളെ വാർത്തെടുത്തു. കാടത്തത്തിൽ നിന്ന് നാഗരികതകൾ നട്ടു വളർത്തി. സ്തംഭനത്തിൽ നിന്ന് ചലനമുണ്ടാക്കി. ബലഹീനതയിൽ നിന്ന് ശക്തി ജനിപ്പിച്ചു. അധമ ത്വത്തിൽ നിന്ന് മഹത്വവും അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യവും ഉണ്ടാക്കി മർദ്ദിതരിലും നിസ്സഹായരിലും ആത്മബോധവും നീതിദാഹവും അങ്കുരിപ്പിച്ചു. ആ സന്ദേശത്തെ യാണ്നാം പുനരവതരിപ്പിക്കേണ്ടത്.

ഈ ലക്ഷ്യങ്ങൾ നേടാൻ എന്ത് ചെയ്യണം എന്ന ചോദ്യം ഈ ഘട്ടത്തിൽ തീർച്ചയായും ഉന്നയിക്കപ്പെടും. കുറേകൂടി കണിശമായിപ്പറഞ്ഞാൽ “എവിടെയാണ് നാം ആരംഭി ക്കുക”[24] എന്ന്. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം സ്വാഭാവികമായും സാർവത്രികമോ സ്ഥിരമോ ആയ സൂത്രവാക്യമായിരിക്കുകയില്ല. കാരണം, ഒന്നമാതായി ഓരോ വ്യക്തിയും ഈ ചോദ്യത്തിനുത്തരം നൽകുക തന്റെ ലോകവീക്ഷണത്തിനും പ്രത്യേക ചിന്താധാരയ്ക്കും അനുസൃതമായിട്ടായിരിക്കും. രണ്ടാമതായി, ജനങ്ങളുടെ ഉത്തരവാദി ത്തങ്ങൾ അവരുടെ സാമൂഹിക വർഗ്ഗങ്ങളുമായിരിക്കും ഏറിയ കൂറും തീരുമാനിക്കുക എന്നാൽ ശ്രോതാവ വ്യക്തിയോ വിഭാഗമോ ഒരു പ്രത്യേക വർഗ്ഗമോ എന്നതിന്റെ അടി സ്ഥാനത്തിലും ഈ ചോദ്യത്തിനുള്ള ഉത്തരം വ്യത്യസ്തപ്പെടും. അതിനാൽ ഇവിടെ ഒരുത്തരം നൽകുന്നതിന് നാം നമ്മുടെ വീക്ഷണത്തെയും സാമൂഹ്യവർഗ്ഗത്തെയും വേർതിരിച്ചറിയേണ്ടതുണ്ട്. അതായത് ഏത് ചിന്താപ്രസ്ഥാനത്തിനനുരൂപമായും വർഗ്ഗവീ ക്ഷണത്തിൽ നിന്നുമാണ് നാം സംസാരിക്കുന്നത് എന്ന് നിശ്ചയിക്കുക. നാം സംസാരി ക്കുന്നത് ‘പ്രബുദ്ധ മുസ്ലിംകൾ’[25] എന്നനിലയ്ക്കാണ്.

‘ബോധമില്ലാത്ത ബഹുജനങ്ങളെ’ പരമ്പരാഗത സമൂഹത്തിൽ പ്രബുദ്ധവ്യക്തികളുടെ പ്രഥമ ഉത്തരവാദിത്വം തങ്ങളുടെ ജനങ്ങൾ ബോധം നൽകലാണെന്ന് ഒരു പൊതുത്വ ന്യമായി നാമെല്ലാവരും വിശ്വസിക്കേണ്ടതുണ്ട്26. ‘നാം എവിടെ തുടങ്ങും’ എന്ന ചോദ്യ ത്തിന് ഉത്തരം നൽകാൻ നാം ഇനിപ്പറയുന്ന അവസാന മുദ്രാവാക്യം നിർദ്ദേശിക്കുന്നു: “ഇസ്ലാമിന്റെ പുനർജ്ജന്മം”. ഈ പുനർജ്ജന്മം എങ്ങനെ സാധിതമാക്കാം എന്ന ചോദ്യം അവശേഷിപ്പിക്കുന്നു. ഇസ്ലാം തന്നെ അതിനുള്ള മറുപടി തന്നിട്ടുണ്ട്. ചരിത്ര ത്തിൽ വഴിതെറ്റിപ്പോവുമ്പോഴും നൂറ്റാണ്ടുകളുടെ തമസ്സിൽ വഴക്കടിക്കുന്ന വിഭാഗങ്ങ ളായി വിഭജിക്കപ്പെടുമ്പോഴും ആശയങ്ങളുടെ പരാവരത്തിൽ പരിഭ്രാന്തരാവുമ്പോഴും അവർ പ്രയാണം നിർത്തുകയും അനൈക്യത്തെ വെച്ച് പൊറുപ്പിക്കുകയും ഊർജ്ജം പാഴാക്കുകയും ചെയ്യരുതേ എന്ന് അത് അനുയായികളെ പഠിപ്പിക്കുന്നു. പകരം അവർ ഖുർആനിലേക്ക് മടങ്ങണം. മുസ്ലിം സമൂഹത്തിലെ ഓരോ വിഭാഗങ്ങളും തങ്ങളാണ് യഥാർത്ഥ ഇസ്ലാമിനെ പ്രതിനിധീകരിക്കുന്നത് എന്ന് വാദിക്കുന്ന ഇപ്പോഴത്തെ സാഹ ചര്യത്തിൽ നിസ്സംശയം നാം ഇസ്ലാമിന്റെ ആവിർഭാവകാലത്തെ ആദ്യ മുസ്ലിം കളുടെ അവസ്ഥയിലേക്ക് തിരിച്ചുപോവണം. തത്വചിന്തയുടേയോ നിഗൂഢവാദത്തി ന്റെയോ മറ്റു മത പാരതന്ത്ര്യ ചരിത്രഘടങ്ങളുടേയോ സഹായമില്ലാതെ ഇസ്ലാമിനെ മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞിരുന്നു. ഇവയെല്ലാം ഉടലെടുത്തത് പിൽക്കാല്തതാ ണ്. ഇനി ഒരു വിപ്ലവ ഉൾപ്പരിവർത്തനം വഴി കാലത്തിന്റെ തടസ്സങ്ങൾ തട്ടിനീക്കി ആ

അവസ്ഥയിലെത്താൻ കഴിഞ്ഞു എന്നു വെക്കുക. അപ്പോൾ മറ്റൊരു പ്രശ്നം. “ഏതു ഖുർആനിലേക്കാണ് നാം മടങ്ങേണ്ടത്?”28 ഖുറൈശി പ്രഭുത്വത്തെ പുനഃസ്ഥാപിക്കുകയും അബൂദർറിനെ കൊല്ലുകയും ചെയ്ത മൂന്നാം ഖലീഫ ഉസ്മാന്റെ കൊട്ടാരത്തിലുപയോഗിച്ച ഖുർആനിലേക്കോ? പ്രവാചകന്റെ പള്ളിയുടെ ഒരുമൂലയിൽ താമസിച്ച ശാന്തപ്രകൃതനായ ഇമാം അലിയുടെ കൊച്ചുകുടിലിൽ ഉപയോഗിച്ച ഖുർആനിലലേക്കോ? വംശീയവാഴ്ചയെയും പ്രഭുത്വത്തെയും സംരക്ഷിക്കുന്നതിനും വേണ്ടി അംറുബ്നു ആസ് കുന്തത്തിൽ കുത്തിയുയർത്തി ഖുർആനിലേക്കോ? ഇവയിൽ ഏത് ഖുർആനിലേക്കാണ് നാം മടങ്ങേണ്ടത്?

ഇതിനുള്ള ശരിയായ ഉത്തരം കണ്ടുപിടിക്കുമ്പോൾ നമുക്കു മനസ്സിലാവും എന്തുകൊണ്ടാണ് ഇറാൻ ജനത ആദ്യകാലത്ത് കൂട്ടത്തോടെ ഇസ്ലാം സ്വീകരിക്കാൻ ധൃതികൂട്ടിയത് എന്ന്. ഏത് ക്ഷണത്തോടുമുള്ള പ്രതികരണം ഒരാവശ്യത്തിന്റെയും നേട്ടത്തിന്റെയും നിർവ്വഹണമാണെന്ന കാര്യത്തിൽ സംശയമില്ല. വർഗ്ഗവിവേചനവും സാസാനി രാജാക്കന്മാരുടെ മർദ്ദനവും സൗരാഷ്ട്രിയൻ പൗരോഹിത്യത്തിന്റെ മരവിപ്പിക്കലും മൂലം കഷ്ടതയനുഭവിച്ച ഇറാൻ ജനത യാഥാർത്ഥ ഇസ്ലാമിന്റെ സന്ദേശത്തിൽ “വിശ്വാസിയും നീതിയും നേതൃത്വവും”ദർശിച്ചു. ശരിയായ ഇസ്ലാമിന്റെ ഈ മൂന്ന് ഘടകങ്ങൾ മുഴുവൻ ജനങ്ങളുടെയും ലക്ഷ്യങ്ങൾ രൂപീകരിക്കുന്നു. ഇക്കാലത്തുപോലും സത്യത്തിൽ സമകാലിക ലോകത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന സംഘർഷം ഈ തത്വങ്ങളുടെ ചുറ്റുമാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ മുസ്ലിംകളുടെ പ്രധാന ലക്ഷ്യങ്ങളെ അത് ഉന്നം വെക്കുകയും ചെയ്യുന്നു.

അവ്യക്തമായ ഒന്നും അവേശേഷിക്കാതിരിക്കാൻ ഏതാനും ‘ഉത്തമ മാതൃകകളുടെ’ ഉദാഹരണം കാണുക. ഒന്നാമത്തേത് ഇമാം അലി. ‘വിശ്വാസം, നീതി, നേതൃത്വം’ എന്നിവയിൽ അധിഷ്ഠിതമാണ് അദ്ദേഹത്തിന്റെ മതം. ‘അലി ആവുക’ എന്നാൽ ജനങ്ങളുടെ യഥാർത്ഥ നേതൃത്വത്തിന്റെ വിളംബരം എന്നാണർത്ഥം. അദ്ദേഹത്തിന്റെ പ്രവർത്തനം ഇങ്ങനെ സ്വത്വപ്രദിപാദനം നടത്തുന്നു. ആദ്യത്തെ 23 വർഷം അദ്ദേഹം വിശ്വാസത്തിനുവേണ്ടി പൊരുതി. അടുത്ത 25 വർഷം അദ്ദേഹം ‘മുസ്ലിം സമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി’ സഹനം ചെയ്തു. അവസാനത്തെ അഞ്ചുവർഷം നീതിക്കുവേണ്ടി യുദ്ധം ചെയ്തു. ഇമാം ഹുസൈനാണ് രണ്ടാമത്തെ മാതൃക. അദ്ദേഹം ‘മാർഗ്ഗ ദർശനത്തിന്റെ പ്രകാശനവും’ ‘വിമോചനത്തിന്റെ വാനവും’ ‘ജീവിക്കുന്ന രക്തസാക്ഷിയുമാണ്’-എല്ലാ കാലത്തേക്കും എല്ലാ തലമുറകൾക്കും. മാതൃയോഗ്യമായ ജീവിതത്തിലൂടെ തന്റെ സമകാലത്തും പ്രദേശത്തും ഉത്തരവാദിത്ത ബോധമുള്ള ആർക്കും സ്വീകരിക്കുന്നതിന് വേണ്ടി അലിയുടെ ഇസ്ലാമിന് വ്യാഖ്യാനം നൽകിയതും അത് ജീവിച്ചു കാണിച്ചു തന്നതും അദ്ദേഹമാണ്.[29] ഒരു ‘മുസ്ലിം ബുദ്ധിജീവി’ തന്റെ കാലത്തെയും സ്ഥലത്തെയും ജീവിതത്തെയും ജോലിയെയും ഇമാം നിലവാരം വെച്ച് തിട്ടപ്പെടുത്തണം. ഇതുവരെ നമ്മെ അനുധാവനം ചെയ്ത ഒരു ബുദ്ധിജീവി നമുക്കൊരു ഇസ്ലാമിക നവോത്ഥാനം ആവശ്യമാണ് എന്ന കാര്യത്തെക്കുറിച്ച് ബോധവാനായിരിക്കും. നമ്മിലേക്ക് തന്നെയുള്ള തിരിച്ചു പോക്കിന്റെ സിദ്ധാന്തവും യഥാർത്ഥ ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകതയെയും അവന് ബോധ്യമായിട്ടുണ്ട്. ഒരിസ്ലമിക സമൂഹത്തിൽ എന്തെങ്കിലും ലക്ഷ്യം സാധിക്കണമെങ്കിൽ ഖുർആനിലേക്ക് മടങ്ങേണ്ടതുണ്ട്. ഇമാം അലി മനസ്സിലാക്കിയ ഖുർആനിലേക്ക്-എന്ന കാര്യം അയാൾക്ക് ബോധ്യമായിട്ടുണ്ട് എന്ന് നാം പ്രതീക്ഷിക്കുന്നു. അവസാനമായി നമ്മുടെ ബുദ്ധിജീവി സുഹൃത്ത്, നമ്മുടെ കാലഘട്ടത്തിൽ അലിയുടെ ഖുർആനിലേക്കുള്ള മടക്കം ‘വിശ്വാസം, സിന്താദ്ധം, ഐക്യം, നീതി, നേതൃതം’ എന്ന വളരെ അടിസ്ഥാനപരമായ മുദ്രാവാക്യം ഉൾക്കൊള്ളുന്നതാണ് എന്ന് അംഗീകരിക്കുമെന്നും നാം പ്രതീക്ഷിക്കുന്നു. ഇങ്ങനെ ജീവിതം ‘പ്രത്യയശാസ്ത്രപരവും’ ‘സമരവുമായ’ ജനങ്ങളെ

ഉൽബോധിപ്പിക്കൽ ദൗത്യമായി സ്വീകരിച്ച പ്രബുദ്ധ ബുദ്ധിജീവിയുടെ ഉത്തരവാദിത്വം എന്തെന്ന് വ്യക്തമായി തിരിച്ചറിയപ്പെട്ടിരിക്കുന്നു.

## കുറിപ്പുകൾ

1. ഇസ്ലാമിന്റെ പ്രവാചകൻ പറഞ്ഞു: 'ഓരോരുത്തരും താൻ സാദൃശ്യപ്പെടുന്ന വിഭാഗത്തോടൊപ്പമാണ്'. സാമൂഹ്യ ശാസ്ത്രജ്ഞരും പ്രബുദ്ധരായ സാമ്രാജ്യത്ത വിരുദ്ധരും ആഗിരണം എന്ന് വിളിക്കുന്ന സംഗതിയുമായി ഈ നബിവചനത്തിന്റെ രൂപവും ഉള്ളടക്കവും യോജിക്കുന്നു. യൂറോപ്പ്യൻ സാമ്രാജ്യത്വ വാദികൾ കോളണി ജനതയെ വളരെ കൃത്യമായും ചടുലമായും രണ്ട് വിഭാഗമായി തിരിച്ചിട്ടുണ്ട്. മറ്റു രീതിയിൽ പറഞ്ഞാൽകോളനികളിലെ ജനങ്ങൾ യൂറോപ്പ്യൻ ശക്തികളോടുള്ള സമീപനം വെച്ചു നോക്കിയാൽ രണ്ടു് തരക്കാരാണ്. ഒന്നുകിൽ അവർ തങ്ങളുടെ പരമ്പരാഗത മൂല്ല്യ വ്യവസ്ഥയോട് കൂറു പുലർത്തി പഴയ മട്ടിൽ കഴിയുന്നു. അല്ലെങ്കിൽ മറ്റുള്ളവരുടെ മൂല്ല്യ വ്യവസ്ഥയിലേക്ക് ആഗിരണം ചെയ്യപ്പെടുന്നു. ആധുനികർ, ആധുനിക വാദികൾ, പാശ്ചാത്യ വൽകൃതർ, ബുദ്ധി ജീവികൾ എന്ന് പോലും, വിളിക്കപ്പെടുന്നത് ഇവരെയാണ്. എന്നാൽ കുറെകൂടി കണിശമായ വിശേഷണം 'ആഗിരണം ചെയ്യപ്പെട്ടവർ' എന്നതാണ്.

2. ശരീഅത്തിയുടെ കൃതികളിൽ ആവർത്തിച്ചു വരുന്ന ഒരാശയമാണ്. 'സാംസ്കാരിക വ്യതിരിക്തത'. തഅസ്സുബെ ഫർഹൻഗി (സാംസ്കാരിക ആവേശം) എന്ന ആശയം കൊണ്ട് അദ്ദേഹം ഇത് പ്രകടിപ്പിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സഹിഷ്ണുതയെക്കുറിച്ച തർക്കവും സാംസ്കാരിക വ്യതിരക്തതയിലുള്ള കുറഞ്ഞ ഊന്നലും പാശ്ചാത്യരല്ലാത്ത ജനങ്ങളുടെ വ്യക്തിത്വം നശിപ്പിക്കാനുള്ള പാശ്ചാത്യരുടെ ഒരു മാർഗ്ഗമാണ് (എഡി).

3. ഫാനന്റെ The Wretched of the Earth എന്ന പുസ്തകത്തിന് സാർത്ര് എഴുതിയ മുഖവുര (Newyark: Grove press Inc 1963) യിൽ ഇക്കാര്യം വിവരിച്ചിരിക്കുന്നു.

4. പാരീസ് തടവറയിലെ സംഭാഷണങ്ങൾ' കാണുക.

5. ഹാമിദ് അൽഗാറിന്റെ 'Mirza Malkumkhan: A study in the History of Iranian modernism എന്ന പുസ്തകത്തിൽ നിന്ന് മൽകുംഖാന്റെ ജീവിതവും പ്രവർത്തനവും മനസ്സിലാക്കാവുന്നതാണ്. (Berkely and Los Angeles: Universityof California Press)- എഡിറ്റർ

6. ഈ പ്രശ്നത്തിൽ പോലും അദ്ദേഹം പറയുന്നത് നുണയാണ്. കുപ്രസിദ്ധിയിലും അപമാനത്തിലും കൂടി തഖിസാദക്ക് വിശ്വാസ്യതയില്ല എന്ന് ഇത് കാണിക്കുന്നു. മീർസാ മൽകും ഖാനാണ് ഇതാദ്യം പറഞ്ഞത്. തഖി സാദയല്ല.

7. ഇറാൻ ചരിത്രത്തിൽ 'പുകയില പ്രതിഷേധം' എന്നറിയപ്പെടുന്ന കാലഘട്ടത്തെ (1891–1892) യാണ് ശരീഅത്തി സൂചിപ്പിക്കുന്നത്. പുകയില വ്യാപാരത്തിന് ഒരു ബ്രിട്ടീഷ് കമ്പനിക്കനുവദിച്ച ഇളവിനെതിരെ ജനങ്ങൾ ശബ്ദിച്ചു. മീർസാ ഹസൻ ശീറാസിയുടെ ഫത്വയാണ് പുകവലി നിർത്താൻ കാരണമായത് (എഡി).

8. ശ്രദ്ധേയനായ ഒരാഫ്രിക്കൻ കവിയും വിപ്ലവകാരിയും. ആഫ്രിക്കൻ രാജ്യങ്ങൾ സ്വാതന്ത്ര്യം നേടുകയും ഫ്രഞ്ച് സൈന്യം പിൻമാറുകയും ചെയ്യുന്നതോടെ ആഫ്രിക്കയിലെ ഫ്രഞ്ച് കൊലോണിയലിസം അവസാനിക്കുകയില്ല, വിദേശ ബാങ്കുകൾ ഇവിടെ നിന്ന് അപ്രത്യക്ഷമാവുന്നതോടെ മാത്രമേ അതവസാനിക്കു എന്നദ്ദേഹം പറയാറുണ്ടായിരുന്നു.

9. ഖുർആനിലെ 'കപടവിസ്വാസികൽ' (മുനാഫിഖുൻ) എന്ന 63-ാം അദ്ധ്യായമാണ്സൂചന. ഹിജ്റ 4-ാം വർഷം മദീനയിൽ അവതരിച്ച സൂറത്താണിത്. (എഡി)

10.പ്രവാചകൻ പള്ളിയിൽ വച്ചു ചെയ്ത അവസാനത്തെ പ്രഭാഷണത്തിൽ ഇങ്ങനെ പറഞ്ഞു: "ജനങ്ങളെ, ഇരുണ്ട കാലങ്ങൾ ഒന്നിനുപിറകെ ഒന്നായി വന്നു കൊണ്ടിരിക്കുകയാണ്".

11. പന്ത്രണ്ടായിരം ഭടന്മാരുമായി ബുവാസാൻ ഗോത്രത്തോട് യുദ്ധം ചെയ്യാൻ പോകവെ നബി അരുളിയതാണിത്.

12. ഹുജ്ർബിൻ ആദി ഇമാം അലിയുടെയും ഇമാം ഹസന്റെയും ഒരു പ്രധാന സഖാവായിരുന്നു.

13. ഖാദിസയയിൽ ഇസാലാമിന്റെ സൈന്യവും സാസാനികളും ഏറ്റുമുട്ടി. ഇതിൽ സാസാനികൾ പരാജയപ്പെടുകയും നശിക്കുകയും ചെയ്തു. യർമൂകിൽ വെച്ചാണ് ബൈസൻന്റെൻ സാമ്രാജ്യവുമായി മുസ്ലിംകൾ ഏറ്റുമുട്ടിയത് (എഡി)

14."തടവറയിലോ വാളുകളിലോ അല്ലാതെ നമുക്ക് മരണമില്ല" ഒരു ശിയാഇമാം പറഞ്ഞിട്ടുണ്ട്.

15. "നിങ്ങൾക്ക് മതവും വിശ്വാസവുമില്ലെങ്കിൽ ചുരുങ്ങിയ പക്ഷം ഈ ലോകത്ത് സ്വതന്ത്രാത്മാക്കളുള്ള ആളുകളെങ്കിലും ആവുക" എന്ന് ആശുറാ ദിവസം ഇമാം ഹുസൈൻ പറഞ്ഞതായി റിപ്പോർട്ടുണ്ട്.

16. ഹജ്ജ് വേളയിൽ മക്കയിൽ ബലികൊടുക്കപ്പെടുന്ന ദശലക്ഷക്കണക്കിന് ടൺ മാംസം അഗ്നിക്കിരയാക്കി കുഴിച്ചുമൂടുന്നതിന് പകരം എന്ത് കൊണ്ട് സുഡാനിലേക്ക് കൊടുത്തയച്ച്കൂടാ എന്ന് ചോദിച്ചപ്പോൾബലിമാംസം അമുസ്ലിംകൾക്ക് വിതരണം ചെയ്യാൻ പാടില്ല എന്ന തത്വം മറുപടിയായി പറഞ്ഞവരുണ്ട്. സുഡാൻ മുസ്ലിം ഭൂരിപക്ഷനാടാണെന്ന കാര്യം പോലും ഈ മാതിരി ഗ്രന്ഥകർത്താക്കൾക്കറിയില്ല.

17. നിയമവിധേയവും (ഹലാൽ) നിയമ വിരുദ്ധവു (ഹറാം) മായ ധനത്തെ കുറിച്ചല്ല അബുദർറ് പറഞ്ഞത്. മതപരമായ അനുവാദമുള്ള മാര്ഗ്ഗങ്ങളിലൂടെയാണോ അല്ലേ ധനം സമ്പാദിച്ചത് എന്ന അദ്ദേഹം ചർച്ച ചെയ്തിട്ടില്ല. അബുഹുറൈറയെയും കഹ്ബുൽ അഹ്ബാറിനെയും പോലുള്ള ആളുകൾ ഉസ്മാന്റെ കോടതിയിൽ ഈമാതിരി ചർച്ചകൾ നടത്താറുമ്ടായിരുന്നു. അബുദർറിന്റെ അഭിപ്രായത്തിൽ ഏത് തരത്തിലുള്ള ധനവും ഉടമയുമായ മുഖത്ത് പൊള്ളുന്ന വ്രണമാണ്. കാരണം മതപരമോ അല്ലാത്തതോ ആയ തന്ത്രങ്ങളിലൂടെ ജനങ്ങളിൽ നിന്ന് കവർന്നെടുത്തതുമാവുമത്. അലിയുടെ അഭിപ്രായത്തിൽ കൂട്ടിവെക്കപ്പെട്ടിട്ടുള്ള ഏത് ധനവും ആരുടെയോ അവകാശം ലംഘിക്കപ്പെട്ടിട്ടുണ്ട് എന്നതിന്റെ സൂചനയാണ്. വ്യക്തിയുടമയിൽ ധനശേഖരവും മൂലധനവും ഉണ്ടാവുന്നത് കുർറകരമാണെന്ന് ഖുർആനിലുണ്ട്. നിയമപരമായ തന്ത്രങ്ങൾപിന്നീട് കണ്ടുപിടിച്ചതാണ്.

19. ഈ നാലു വിഭാഗങ്ങൾ (അധികാരികൾ, സമ്പന്നർ, കപടബുദ്ധിജീവികൾ, ബഹുജനങ്ങൾ) ശരീഅത്തി ചിന്തയിൽ പ്രധാന പങ്ക് വഹിക്കുന്നു. ആദ്യത്തെ മൂന്ന് വിബാഗവും

നാലാമത്തെ കൂട്ടർക്കെതിരെ സംഘടിപ്പിച്ചിരിക്കുകയാണ്. ഇവർക്കിടയിലുള്ള നില ക്കാത്ത സമരമാണ് ചരിത്രത്തിന്റെ ചാലകശക്തി (എഡി.)

20. ശരീഅത്തിയുടെ ‘പിദർമാദർമാമുത്തഹമീം’ എന്ന കൃതിയിൽ ഇക്കാര്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

21. ഈമാതിരി കഥാപാത്രങ്ങളെക്കുറിച്ച പറയുമ്പോൾ ശരീഅത്തിയുടെ മനസ്സിൽ അദ്ദേ ഹത്തിന്റെ വിമർശകരുടെ വ്യക്തമായ ചിത്രമുണ്ട്. അദ്ദേഹത്തിന് വളരെ വെറുപ്പുളള വരും വളരെ മോശം അഭിപ്രായമുളളവരുമായ ആളുകൾ (എഡി)

22. സ്വന്തത്തിലേക്ക് മടങ്ങുക. ദേസീയവും ചരിത്രപരവുമായ പാരമ്പര്യത്തെ ആശ്രയി ക്കുക” ഇതാണ് ആഫ്രിക്കൻ ബുദ്ധിജീവികൾ മുമ്പോട്ട് വെച്ച മുദ്രാവാക്യം കറുത്ത വർഗ്ഗത്തിന് സാംസ്കാരിക ക്രിയാത്മകതയില്ല എന്നും അത് സ്വന്തമായ സംസ്കാരം ഒരിക്കലും ഉണ്ടാക്കിയിട്ടില്ല എന്നും ആയതിനാൽ യൂറോപ്പ്യർക്കു വേണ്ടി പണിയെടു ക്കുകയും പടിഞ്ഞാറിന്റെ സാംസ്കാരികഅനുകർത്താക്കളാവുകയുമല്ലാതെ അവർക്ക് വേരെ മാർഗ്ഗമില്ല എന്നും ചിത്രികരിക്കുന്ന പാശ്ചാത്യരെ നേരിടാനുള്ള ഒരു മാർഗ്ഗമാണി ത്. അതിനാൽ സ്വന്തം ആദി സംസ്കാരത്തിലേക്ക് തിരിച്ചുപേവുക എന്ന ആഫ്രിക്കൻ ബുദ്ധിജീവികളുടെ മുദ്രാവാക്യം പുരോഗമനപരമാണ്. മർഹും ജലാൽ അലി അഹ ദിന്റെ ഗർബ്സദഗി (പാഷ്ചാത്യബാധ) എന്ന ഗ്രന്ഥത്തിലെ നിർദേശവുമായി ഇറാനി യൻ സാഹചര്യത്തിൽ ഇത് താരതമ്യപ്പെടുത്തുന്നതാണ്.

നമ്മുടെ അഭിപ്രായത്തിൽ, എന്തായ്ലും, അസ ലാമും ഇറാനുമായുള്ള ഏറ്റുമുട്ടലിൽ നമ്മുടെ പ്രാമ്പര്യ സംസ്കാരത്തിന്റെ അസ്തിത്വം അവർ നിഷേധിച്ചിട്ടില്ല. അവർ നമ്മുടെ സംസ്കാരത്തെ അംഗീകരിച്ചു വളരെ പെരുപ്പിച്ചു കാട്ടിയ രീതിയില് തന്നെ അവരത് ചെയ്തിട്ടുണ്ട്. തെരഞ്ഞെടുത്ത ചില വശങ്ങൾ മാത്രം ഉയർത്തിക്കാണിച്ചുകൊ ണ്ടാണ് അത് നമ്മുടെ സംസ്കാരത്തെ ഉപയോഗപ്പെടുത്തുന്നത്. നമ്മുടെ സാംസ്കാരിക ഭൂതകാലത്തിന്റെ മഹത്വവൽക്കരണം നാം ചെയ്യണമെന്ന് പടിഞ്ഞാറാഗ്രഹിക്കുന്നതാണ് -നമ്മുടെ ഒരു പ്രശ്നങ്ങളും പരിഹരി
ക്കുന്നില്ല. ൊന്ന് മാത്രമല്ല പടിഞ്ഞാറിന് ദുരപയോഗംപ്പെടുത്താനുള്ള പുതിയ തലങ്ങൾ സൃഷ്ടിച്ചു എന്നുംവരും. നമ്മുടെ ദേശീയപൈതൃകങ്ങളും സ്വഭാവങ്ങളും വീണ്ടെടു ക്കുക എന്ന വ്യാജേന നമ്മുടെ വംശപ്രമ്പര്യങ്ങളും ആചാരങ്ങളും പുനരുദ്ധരിക്കുക എന്ന പേരിൽ പടിഞ്ഞാറ് നമ്മെ ഒരു പുതിയ ‘ പിന്തിരിപ്പൻ’ ഘട്ടത്തിലേക്ക് തള്ളിവിട്ടേ ക്കാം. ശൃംകാരത്തിന്റെയും അനുകരണപരമായ പഴഞ്ചൻ സ്വഭാ്വത്തിന്റെയും പടി ഞ്ഞാറൻ രീതിയിലുള്ള ചുണകെട്ട കമ്മ്യൂണിസത്തിന്റെയും രൂപത്തിൽ പുതിയ ‘പിന്തി രിപ്പത്തത്തിന്റെ’ ചില സ്വഭാവങ്ങൾ നേരെത്തെ തന്നെ പ്രകടമായിട്ടുണ്ട്. പാശ്ചാത്യബാ ധിതരുടെ യുക്തിയില്ലായ്മയുടേയും വിഡ്ഢിത്തത്തിന്റെയുംസൂചകങ്ങളായ വൈരുദ്ധാ യങ്ങളാണ് ഇവയെല്ലാം. ഈകൃത്രിമ പൗരസ്ത്യവൽകരണം പടിഞ്ഞാറാവശ്യപ്പെടുന്ന തെന്തും ഓക്കാനിക്കുന്ന ആളുകളെ ഓർമയിലുണർത്തുന്നു. സുർക്ക മതുരമുള്ളതാണ് എന്ന് ഒരു പാശ്ചാത്യൻ പറഞ്ഞഥ് കൊണ്ട് മാത്രം സുർക്കയുടെ ‘മാധുര്യം’ രുചിച്ച പൗരസ്ത്യനെ അതോർമ്മപ്പെടുത്തുന്നു. ചുരുക്കത്തിൽ ഇറാനിലും മറ്റിഇസ ലാമിക നാടുകളിലും ഈ രീതിയിലുള്ള പാരമ്പര്യത്തിലേക്കുള്ള തിരിച്ചുപോക്ക്- “അമേരിക്കൻ പിന്തിരിപ്പത്തം” എന്നു വിളിക്കാം ഇതിനെ സ്തംഭനത്തിൻരെ ഒരു പുതിയ രൂപമാണ് ഇതാകട്ടെ അങ്ങേയറ്റം വൃത്തികെട്ടതും.

നമ്മിലേക്കുതന്നെയുള്ള മടക്കം എന്ന് നാം പറയുമ്പോൾ നമ്മുടെ പിന്തിരിപ്പൻ ഭൂതകാ ലത്തേക്കുള്ള എന്നല്ല നാം അർത്ഥമാക്കുന്നത്. പ്രാചീന മിത്തുകളിലേക്കും അവയുടെ

ദ്രവിച്ച അസ്ഥികളെ മഹത്വവൽക്കരിക്കുന്നതിലേക്കും മടങ്ങുക എന്നും നാം അർത്ഥമാക്കുന്നില്ല. അത്തരം മടക്കങ്ങളെല്ലാം ഇസ ലാം തള്ളിക്കളയുന്നു: " നിങ്ങൾ പിന്തിരിഞ്ഞോടുകയാണോ?" (3:144) നമ്മുടെ മാനവിക സ്വത്വങ്ങളിലേക്ക് മടങ്ങുക എന്നാണ് നാം ഉദ്ധേശിക്കുന്നത്. നമ്മുടെ വ്യക്തിത്വവും സ്വഭാവവും കണ്ടുപിടിക്കുന്ന തിനു വേണ്ടി നമ്മുടെ ചരിത്പരവും സേദ്ധാന്തികവുമായ സ്വത്വങ്ങളിലേക്കുള്ള മടക്കം. നമ്മുടെ ക്രായാത്മക ആത്മാവിന്റെയും ഉദാത്ത ആത്മീയ മൂല്യങ്ങളുടെയും പുനരുജ്ജീ വനം. ഇപ്രകാരം 'നമ്മിലേക്ക് മടങ്ങുക' എന്ന മുദ്രാവാക്യത്തിൽ നാം ചോദിക്കണം: ഏതേ സ്വത്വം ? ഇതിഹാസപരവും പുരാണപരവുമായ സ്വത്വത്തെ കുറിച്ചാണോ നാം പറയുന്നത് ? വംശീയ സ്വത്വം ? ചരിത്രസ്വത്വങ്ങൾ ? പരമ്പരാഗതവും ജന്മദേശിയവു മായ സ്വത്തവങ്ങൾ? പ്രാചീന സ്വത്വങ്ങൾ ? മതപരമായ സ്വത്വങ്ങൾ ? നമ്മുടെ മത സ്വത്വങ്ങളെക്കുറിച്ചാണ് നാം പറയുന്നതേങ്കിൽ ഏതേ മതത്തെയാണ് നാം ഉദ്ധേശിക്കു ന്നത്? സൊറാസ്ട്രീയനസം ? മജൂസിമതം? അല്ലെങ്കിൽ ഇസ് ലാം മതം? ഇസലാമിനെ ക്കുറിച്ചാണെങ്കിൽ ഏത് ഇസ്‌ലാം? ശിയ ? സുന്നി? ശി ആണെങ്കിൽ ഏത് ശിയ ? അലവി? സലവി?

സ്വത്വത്തിലേക്കുള്ള മടക്കം എന്നാൽ ചരിത്രത്തിലുടനീളം രൂപീകൃതമായിട്ടുള്ളതും നമുക്ക് ആത്മീയ വ്യക്തിത്വവും സാംസ്കാരിക വ്യക്തിത്വവും നൽകിയിട്ടുള്ളതും നമ്മുടെ ബുദ്ധിപരമായ ദിശയ്ക്ക് രൂപം നൽകിയതുമായ നമ്മുടെ സവിശേഷമായ മാനുഷിക സ്വത്തവം എന്നാണർത്ഥ എന്ന് 'ഏത് സ്വത്വത്തിലേക്കാണ് ?' എന്ന എന്റെ നിബദ്ധത്തിൽ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. ചരിത്രാവശിഷ്ടങ്ങൾക്കും സംഭവ ങ്ങൾക്കും രംഗങ്ങൾക്കും താഴെ കുഴിച്ചുമൂടപ്പെടുകയും ഭൂതകാലത്തിന്റെ ഭാരവും വർത്തമാനത്തിന്റെ കുഴപ്പങ്ങളും മൂടുകയും ചെയ്തിട്ടുണ്ടെന്നും സമകാലികരിലേക്കെ ത്തുന്ന ' ഇടതടവില്ലാത്ത ചലനമായ' നൈരന്തര്യമുള്ള യഥാർത്ഥ ചൈതന്യമാണത്. നമ്മുടെ ഒഴുച്ചുകൂടാനാവാത്ത മനുഷ്യത്വവും ഉദാത്ത പ്രത്യായ ശാസ്ത്ര ചൈതന്യവും നമ്മുടെ അദ്ധ്യാത്മിക മൂല്യങ്ങളും സൗകര്യങ്ങളുമെല്ലാം വഹിക്കുന്ന ആ യാഥാർത്ഥ്യ ത്തെയാണ് ഞാനർത്ഥമാക്കുന്നത്. വർത്തമാനമായ ഭൂതമാണത്. ജീവിക്കുകയും ചലി ക്കുകയും ചെയ്യുന്ന ചരിത്രം. മരിച്ചുപോയ മതത്തിലേക്കോ ശാസ്ത്രജ്ഞരും ചരിത്ര കാരൻമാരും അവരുടെ പുസ്തക താളുകളിലും രേഖകളിലും പുരാണങ്ങളിലും ഓർത്തുവെക്കുന്ന തകർന്നകൊട്ടാരങ്ങൾക്കകത്ത് നൂറ്റാണ്ടുകളുടെ താഴ്ചയിൽ മറഞ്ഞു കിടക്കുന്ന പ്രാചീന തത്വങ്ങളിലേക്കോ ഉള്ള മടക്കമല്ല അത്. പുരാവസ്തു ശ്സ്തര ജ്ഞർ ഖനനം ചെയ്തെടുത്ത് ജീവനും ചലനവും കൊടുത്ത ഭൂതകാലത്തിന്റെ ശവപ്പറ മ്പിലെ മൃതദേഹവുനല്ല. എന്റെ മനസ്സിലുള്ള സ്വത്വം "ഒരനശ്വര മനുഷ്യമാ"ണ്. പലനൂ റ്റാണ്ടുകളിൽ ജീവിക്കുകയും മാറ്റങ്ങൾക്കും വിപ്ലവങ്ങൾക്കും ബഹുവിധ സംസ്കാര ങ്ങൾക്കും സാക്ഷിയാവുകയും ചെയ്ത ദശലക്ഷക്കണക്കിന് നമുഷ്യരുമായി സാത്മീക രണം നേടിയ പ്രായം ചെന്ന ഒരു വ്യക്തിയാണ്ത്. ഇക്കാലത്ത് നാമാണാ വ്യക്തി..

ഈ എല്ലാ അനുഭവങ്ങളോടും കൂടി ഈ 'സ്വത്വം' ഒരു വെതിരക്തത നേടുകയും നഹത്തായ ഒരു ചൈതന്യവും പ്രവിശാലവും കവുഞ്ഞൊഴുകുന്നതുമായ വിഭവങ്ങളും സൗകര്യങ്ങളും സ്വന്തമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുത ശക്തികളോട് കൂടിയ യേശുവിനെപ്പോലെ! അതെസമയം സാംസ്കരിക സാമ്രാജ്യത്വവാദികൾക്കും അവരുടെ മൂടുതാങ്ങികൾക്കും അവനെ ഭയമാണ്. അവനെ നിർവീര്യമാക്കാനും നശിപ്പിക്കുനും അവർശ്രമിക്കുന്നു.. നാം അവനം തിരിച്ചറിഞ്ഞുപോവും എന്നതാണ് പടിഞ്ഞാറിന്റെ ഭീതി. അവരെ ആരാധിക്കുന്നതിന് പകരം നാം അവരിൽ അഭയം തേടും. ജീവിത ത്തിന്റെ ഓടുവിലത്തെ അദ്ധ്യയത്തിൽ ഇസ്‌ലാമിലേക്ക്- ഇമാം അലിയുടെ- പരി വർത്തനം ചെയ്തവനാണവൻ. അവൻ നമ്മുടെ സ്വന്തം സ്വത്വമാണ്. പടിഞ്ഞാറിനും സാംസ്ക്രിക സാമ്രാജ്യത്തവത്തിനും പിന്തിരിപ്പത്തത്തിനും വികൃത മതത്തിനും അജ്ഞതയ്ക്കും ബലഹീനതയ്ക്കും അന്ധമായ പ്രമ്പര്യാനുകരണങ്ങൾക്കും മത

ഭ്രാന്തിനും വ്യാജ ആധുനികതയ്ക്കുമെതിരെ നിലക്കൊള്ളുന്ന നമ്മുടെ 'സ്വത്വം'. നാം പൊരുതേണ്ട എല്ലാ അന്യ വസ്തുക്കൾക്കുമെതിരെ നിലനിൽക്കുന്ന 'നാം' ആസ്വത്വത്തി ലേക്കാണ് നമ്മുടെ മടക്കവും.

23. എന്റെ 'മതത്തിനെതിരെ' എന്ന കൃതി കാണുക
24. ഈ പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായം ോക്കുക.
25. ' റുശൻഫിക്ർ വ മസ്ഊലിയ്യാത്ത്' ( പ്രബുദ്ധരും ഉത്തരവാദിത്തങ്ങളും) െന്ന കൃതിയിൽ ഇത് വിവരിച്ചിരിക്കുന്നു.
26. സാമൂഹ്യസാഹചര്യങ്ങൾ, ചരിത്രഘട്ടം, ഓരോ സമൂഹത്തിന്റെയും സംസ്കാരം എന്നിവ ആശ്രയിച്ച് ഈ ബോധത്തിന് ' ദേശിയ, സാംസ്കാരിക' 'വർഗ', 'രാഷ്ട്രിയ' പ്രസ്ഥാനങ്ങളുടെ രൂപമുണ്ടാവും. ഉദാഹരണത്തിന് ലാറ്റിനമേരിക്ക യിൽ അതിനുള്ളത് ഒരു 'സാമൂഹ്യരാഷ്ട്രിയ' സ്വഭാവമാണ്. അതേ സമയെ വംശവിവേചനം ഒരു സങ്കൽപമാവുന്ന കോളനികളിൽ അതിനൊരു 'ദേശിയ' സ്വരമാ.യിരിക്കും ഉണ്ടാവുക. ആഫ്രിക്കയിൽ 'സാംസ്കാരിക ബോധ'ത്തിന്റെ രൂപമാണതിന്.
27. പരമ്പരാഗത ഇസ് ലാമിക സമൂഹങ്ങളിൽ മതവാദിയോ മതേതരനോ ആയ പ്രതി ബദ്ധതയുള്ള ഏതൊരു ബുദ്ധിജീവിയും നിർബന്ധമായും അസ ലാമിനെ ആശ്ര യിക്കേണ്ടി വരുന്നതിന്റെ കാരണമിതാണ്. മതബുദ്ധിജീവികൾ അതിനെ ഒരു പ്രത്യേശാസ്തരമായും മതേതരബുദ്ധിജീവികൾ ഒരു സംസ്കാരമായും കാണു ന്നു.
28. ഒന്നിധികം ഖുർആനുണ്ടെന്നല്ല സുചന.ഖുർആന്റെ പലതരം ഉപയോഗങ്ങളും വ്യാക്യാനങ്ങളുമാണ്.(ഡി)
29. ഇമാം അലിയും ഇമാം ഹുസൈനും ശരിഅത്തിയുടെ രണ്ട് പ്രധാന നായകരാണ്.

രണ്ട്

# എവിടെ തുടങ്ങണം

(1971 നവമ്പർ മാസത്തിൽ ടെഹ്റാനിലെ ടെക്നിക്കൽ സർവ്വകലാശാലയിൽ നടന്ന പ്രഭാഷ ണം).

അബുദർറാണ് എന്റെ ആചാര്യൻ. ഇസ്ലാമിനെയും ശീയിസത്തെയും സംബന്ധിച്ച അദ്ദേഹത്തിന്റെ ചിന്തയും അറിവും ആവേശവും ആദർസ ലക്ഷ്യങ്ങളും സ്വായത്തമാക്കാൻ ഞാൻ തീവ്രമായി ശ്രമിക്കുന്നു. അദ്ദേഹത്തിന്റെ പാരമ്പര്യ മനുസരിച്ച് ഞാൻ എന്റെ സംസാരം മർദ്ദിതരുടെ1 ദൈവത്തിന്റെ നാമത്തിൽ ആരംഭിക്കട്ടെ.

ഒരു പ്രത്യേക വിശയത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. പ്രശ്നങ്ങളെ ശാസ്ത്രീയമായ രീതിയിലും ഭാഷയിലും സമീപിക്കാത്ത ആളുകൾ, എന്റെ പ്രഭാഷണ വിഷയവുമായി നേരിട്ടു ബന്ധപ്പെട്ടതെന്ന് അവർ കരുതുന്ന ചില പ്രശ്നങ്ങൾസംസാരത്തിൽ ഉൾപ്പെടുത്താത്തതിന്റെ പേരിൽ പല്ലപ്പോഴും എന്നെ വിമർശിക്കാറുണ്ട്. എന്നാൽ ഒരു പ്രഭാഷകനോ എഴുത്തുകാരനോ ഒരു വിഷയം തെരഞ്ഞെടുത്താൽഅയാളുടെ ബാദ്ധ്യത ആ വിഷയത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് താൻ മുമ്പോട്ടുവെക്കുന്ന ആശയത്തെ കണിശമായി അപഗ്രഥിക്കുകയും അതിന് തെളിവുകൾ നൽകുകയുമാണെന്ന് നിങ്ങൾക്കറിയാം. ഉദാഹരണമായി,ഇസ്ലാമിനെതിരിൽ അതിന്റെ ശത്രുക്കളും അതിനെക്കുറിച്ചറിയാത്തവരും ഉന്നയിക്കുന്ന ആരോപണങ്ങളാണ് പ്രതിപാദ്യ വിശയമെന്ന് കരുതുക. അവരുടെ ആരോപണങ്ങളോട് യുക്തിപൂർവ്വകമായും ശാസ്ത്രിയമായും പ്രതികരിക്കാനാഗ്രഹിക്കുന്ന എഴുത്തു കാരനോ പ്രഭാഷകനോ നിർബന്ധമായും തന്റെ വിഷയത്തിലേക്ക് സ്വയം ഒതുങ്ങി നിൽക്കണം. ഇസ്ലാമികമായ മുഴുവൻ ചിന്താ വിഷയങ്ങളും ആലോചനയിൽ വരുംവിധം ഇസ്ലാമിനൊരാമുഖവും സമഗ്ര പരിചയവും നൽകുന്നതായിരിക്കരുത് അയാളുടെ എഴുത്ത്, അല്ലെങ്കിൽ പ്രഭാഷണം. ചില പ്രത്യേക വിഷയങ്ങളിൽ ഇസ്ലാം തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ടെന്ന് മാത്രമേ അയാൾ അവകാശപ്പെടേണ്ടതുള്ളൂ. ആ തെറ്റിദ്ധാരണകൾ നീക്കം ചെയ്യുന്നതിൽ വിജയിച്ചാൽ അയാളുടെ ഉത്തരവാദിത്വം തീർന്നു. ബഹുജനങ്ങൾക്കിടയിൽ പൊതുവിലും പ്രബുദ്ധർക്കിടയിൽ വിശേഷിച്ചും ഉന്നീതമായിക്കൊണ്ടിരിക്കുന്ന ഒരു നിശ്ചിത ചോദ്യത്തിനുള്ള ഉത്തരമാണ് എന്റെ പ്രഭാഷണ വിശയം. ചോദ്യമിതാണ്: “എവിടെയാണ് നാം ആരംഭിക്കുക?”

ചോദ്യം സാർവ്വലൗകീകമായ ഒന്നാണ്. അതോടൊപ്പം വളരെ അഗാധവും അടിസ്ഥാനപരവും.. എന്റെ സ്വന്തം പഠനത്തെയോ വ്യക്തിപരമായ അഭിരുചിയെയോ ഭാവനയെയോ ആസ്പദമാക്കി ഞാനുന്നയിക്കുന്നതല്ല ഈ ചോദ്യം. നമ്മുടെ കാലഘട്ടത്തിന്റെ ചോദ്യമിതാണ്. അത്നൊരുത്തരം നൽകാനാണ് എന്റെ ശ്രമം.

വിശ്വ സാമൂഹിക വികാസചരിത്രം പരിശോധിക്കുമ്പോൾ “നാം എവിടെനിന്നാരംഭിക്കും?”. എന്നോ “ എന്താണ് ചെയ്യേണ്ടത്?”. എന്നോ ശീർഷകമുള്ള അനേകം കൃതികൾ രചിക്കപ്പെട്ട ഒരു ചരിത്ര ഘട്ടത്തെ നാം  കണ്ടെത്തുന്നു. ചുരുങ്ങിയത് ഒരഞ്ചാറ് ഗ്രന്ഥങ്ങൾ എന്റെ ഓർമ്മയിൽ ഇപ്പോവുണ്ട. എല്ലാറ്റിൻരെയും പേർ “എവിടെ നിന്ന് തുടങ്ങണം?” അല്ലെങ്കിൽ “എന്ത് ചെയ്യണം?” എന്നു തന്നെ. സാമൂഹ്യ പരിവർത്തനങ്ങളിലൂടെ ചില പ്രത്യേക ഘട്ടങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടതാണാ ഗ്രന്ഥങ്ങളിൽ മിക്കതും. അവർക്ക് സമാനമായ തല വാചകമുള്ള ഒരു കൃതിയും മദ്യകാഘട്ടങ്ങളിൽ വെളിച്ചം കണ്ടിരുന്നില്ല. സമൂഹം ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് സംക്രമിക്കുന്ന പ്രക്രിയക്കിടക്കാണ് ആ വക ചോദ്യങ്ങൾ ഉയർത്തപ്പെ◌ുക. അതായത് സമൂഹത്തിനും

കാലഘട്ടത്തിന്റെ ചേതനക്കും അതിന്റെചിന്ത, വിശ്വാസം, ബാഹ്യജീവിതം എന്നിവയെ സ്വാധീനപ്പെടുത്തിയ വ്യവസ്ഥിതിയും സാഹചര്യവും കൊണ്ടുവരേണ്ടതിന് വല്ലതും ചെയ്യണമെന്നആവശ്യം അനുഭവപ്പെടുന്ന ഘട്ടത്തിൽ. അപ്പോൾ 'എവിടെ തുട ഹ്ങമ'മെന്ന ചർച്ച സാമൂഹ്യ തന്ത്രപരമാണ്. പ്രത്യയശാസ്ത്രപരമല്ല. അതിനാൽ ഞാൻ ഒരു ചിന്താ സരണിയയോ മതത്തെയോ സാമൂഹ്യശാസ്ത്രത്തെയോ ചിന്താരീതി യെയോ സംബന്ധിച്ച്സംസാരിക്കേണ്ടതില്ല. ഒരു നിസ്ചിത കാലഘട്ടത്തിൽ നമ്മുടെ സമൂഹത്തിൽ നാം പങ്കുവെക്കുന്ന ലക്ഷ്യങ്ങൾ നേടുന്നതിനും വർത്തമാനകാലത്ത് സാമൂഹികവും സാംസ്കാരികവും ബുദ്ദിപരവുമായിആക്രമിക്കപ്പെടുന്ന നമ്മുടെ മൂല്ല്യങ്ങൾ പരിരക്ഷിക്കുന്നതിനും വേണ്ടി സാമൂഹ്യ തന്ത്രത്തിന്റെ അടിസ്ഥാനത്തിൽ നാം എവിടെ ആരംബിക്കമം എന്നതിലേക്ക് ശ്രധദ്ധക്ഷണിക്കുകയാണ് എന്റെ ഉദ്ദേശ്യം. അഭ്യസ്ഥവിദ്യർക്കും പൊതുജനങ്ഹൾക്കുമിടയിൽ വീക്ഷണവിത്യാസവും ആശയവിനി മയ രാഹിത്യവും നിലനിൽക്കുന്നു. പരമ്പരാഗത സമൂഹങ്ങളിൽ പൊതുവേയും മുസ് ലാം സമൂഹങ്ങളിൽ വിശേഷിച്ചും ദൃശ്യമാകുന്ന ഏറ്റവും വലിയ ദുരന്തമിതാണ്. പാശ്ചാത്യ വ്യവസായ നാടുകളിൽ വിദ്യാഭ്യാസവും അക്ഷരാഭ്യാസവും ബഹുജനമാധ്യ മങ്ങളും വൻതോതിൽ പ്രചരിക്കുക വഴി  പൊതുജനങ്ങളും ബുദ്ധിജീവികളും ഏറെ ക്കുറെ നല്ല നിലയിൽ പരസ്പരം മനസ്സിലാക്കുകയും താരതമ്യേന സമാനമായ കാഴ്ച്ച പാട് പങ്കുവെക്കുകയും ചെയ്യുന്നുണ്ട്. യൂരോപ്പിലെ ഒരു സർവ്വകലാശാലാ പ്രൊഫ സർക്ക് 'അക്ഷരാഭ്യാസമില്ലാത്ത' പൊതുജനങ്ങളുമായി അനായാസം ആശയവിനിമയം നടത്താൻ സാദിക്കും .പ്രൊഫസർ തന്നെ സ്വയം ഒരു വലിയ വ്ഗ്രഹമായി കാണുകയി ല്ല. ജനഹങ്ങളും അദ്ദേഹത്തെ അപ്രാപ്യമായി കണക്കാക്കുകയില്ല.

ബുദ്ധിജീവികൾക്കും[2] പൊതുജനങ്ങൾക്കുമിടയിൽ ഇപ്പോൾ കാണുന്ന വൻ വിടവ് ആദികാല ഇസ് ലാമിക സമൂഹങ്ങളിൽ ഉണ്ടായിരുന്നില്ല. കർമ്മശാസ്ത്രപടുക്കൾ (ഫുഖ ഹ), ദൈവശാസ്ത്രജ്ഞാനികൾ (മുതകല്ലിമുൻ), ഖുർആൻ വ്യാഖ്യാതാക്കൾ(മുഫസ്സിറു കൾ), തത്വചിന്തകർ, സാഹിത്യകാരൻമാർ എന്നിവരടങ്ങിയ മഹത്തായ പരമ്പരാഗത മുസ്ലിം ബുദ്ധിജീവി വിഭാഗം-ഉലമ-മതം വഴി പൊതുജനങ്ങളോട് ഗാഢ സമ്പർക്കമുള്ള വരായിരുന്നു. സമൂഹവുമായി വേർപ്പെട്ടുനിൽക്കുന്നതെന്ന് തോന്നിപ്പിക്കുന്ന മതപാടശാ ലകളിൽ അധ്യാപനവും പഠനവുമായിക്കഴിയുകയായിരുന്നിട്ടു കൂടി അവർ ജനസ മ്പർക്കം ഇല്ലാതായിപ്പോവുന്നതിനെ വിജയകരമായി ഒഴിവാക്കി. ഇക്കാലത്ത് പോലും 'ഉലമ' യും ജനതയും തമ്മിൽ ഊഷ്മളമായ പരസ്പരബന്ധം നിലനിൽക്കുന്നുണ്ട്. നിശാപഠനക്ലാസുകളിൽപോലും പോകാത്ത ഭൂരിപക്ഷം വരുന്ന നമ്മുടെ വിദ്യാഭ്യാസമി ല്ലാത്ത ജനങ്ങൾക്ക് അത്യുന്നതമായ പാണ്ദിത്യം കരസ്ഥമാക്കിയ ഉലമയുടെ സമീപമി രുന്ന് തങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ സാധിക്കും. തഹ്ങളുടെ ആവശ്യങ്ങളും പരാദികളും വ്യക്തിപരമോ കുടുംബപരമോ ആയ പ്രശ്നങ്ങളും പണ്ഡിതശ്രേഷ്ഠൻമാ രോട് ആലോചിക്കുവാനും അവരുടെ അടുത്തിരുന്ന് മതപരമായ നുകുതികൾ കണക്കാ ക്കുവാനും പുസ്തകജ്യേത്സ്യം 3 നോക്കുവാനും നിയമോപദേശം തേടുവാനും ആവ സ്യമായ ആശ്വാസം അവർക്കനുഭവപ്പെടുന്നു.

ദൗർഭാഗ്യവശാൽ ഗോപ്യവും ബന്തവസ്സാക്കിയതുമായ കോട്ടകൾക്കകത്താണ് ആധു നിക സംസ്ക്കാരത്തിന്റെയും വിദ്യാഭ്യാസവ്യവസ്ഥയുടെയും കീഴിൽ നമ്മുടെ യുവാ ക്കൾ വിദ്യയഭ്യസിക്കുന്നും പരിശീലനം നേടുന്നതും .ഒരിക്കൽ സമൂഹത്തിലേക്ക് തിരിച്ചു വരുമ്പോൾ ജനങ്ങളിൽ നിന്ന് പരിപൂർണ്ണമായും അകന്ന തൊഴിൽ മേഖല യിലോ സാമൂഹ്യപദവികളിലോ ആണ് അവർ പ്രതിഷ്ടിക്കപ്പെടുക. ഈ ബുദ്ധിജീവി വിബാഗം ജീവിക്കുന്നതും ചലിക്കുന്നതും ഫലത്തിൽ ജനങ്ങളോടൊപ്പം തന്നെ; പക്ഷെ തങ്ങളുടെത് മാത്രമായ വൃത്തങ്ങൾക്കുള്ളിലെ അടച്ചു പൂട്ടിയ "കാഞ്ചനക്കൂടുക"ളിലാ ണവർ. തത്ഫലമായി, ഒരു വശത്ത് ബുദ്ധിജീവി വർഗ്ഗം തങ്ങളുടെ സ്വന്തം സമൂഹത്തെ കുറിച്ച് യാതൊരു ധാരണയുമില്ലാതെ ദന്തഗോപുരത്തിൽ ജീവിതം നയിക്കുന്നു. മറുവ

ശത്ത് അക്ഷരാബ്യാസമില്ലാത്ത ജനത തങ്ങൾ(പരോക്ഷമായെങ്കിലും ) വളർത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്ന ബുദ്ധജീവികളുടെ വിജ്ഞാനത്തിൽ നിന്നും അറിവിൽ നിന്നും അകറ്റി നിർത്തപ്പെടുകയും ചെയ്യുന്നു.

സമൂഹത്തെ പുതുക്കിപ്പണിയണമെന്നും ശിഥിലമായിക്കിടക്കുന്ന, ചിലപ്പോഴൊക്കെ ശത്രുതാപരമായി പെരുമാറുന്ന, വിവിധ സാമൂഹ്യഘടകങ്ങളെ താളൈക്യമുള്ള ഒരു സാകല്ല്യത്തിലേക്ക് ഇണക്കിച്ചേർക്കണമെന്നും ആഗ്രഹിക്കുന്നവരുടെ ഏറ്റവും വലിയ ഉത്തരവാദിത്വം ഈ രണ്ടുധ്രുവങ്ങൾക്കിടയിലെ -സിദ്ധാന്തധ്രുവവും പ്രയോഗധ്രുവവും -വിടവ് നികത്തുകയും ജനങ്ങളും ബുദ്ധിജീവികളും തമ്മിലുള്ള ഗംഭീരമായ അന്യത്വം ഇല്ലാതാക്കുകയുമാണ്. പ്രത്യയശാസ്ത്രവിശ്വാസം എന്തു തന്നെ ആയാലും,വല്ലതും സാധിക്കണമെന്നാഗ്രഹിക്കുന്ന ഏതൊരു ബുദ്ധിജീവിയുടെയും കർത്തവ്യമാണ് ബുദ്ധി ജീവികളുടെ മനോഹരവും അമൂല്ല്യ നിധികളുള്ളതും നിഗൂഢവുമായ ദ്വീപിനെ ജനങ്ങ ളുടെ കരയുമായി യോജിപ്പിക്കുന്ന പാലം നിർമ്മിക്കുക എന്നത്-ജനങ്ങൾക്കും ബുദ്ധിജീ വികൾക്കുംപരസ്പരം ഇടപഴകാൻ സഹയകമാവുന്ന കുറുകനെയുള്ള പാലം. "നാം എവിടെ തുടങ്ങും" എന്ന ചോദ്യത്തിനുള്ള എന്റെ ഉത്തരവും എന്റെ ഉത്തരത്തെടുള്ള നിങ്ങളുടെ പ്രതികരണവും എന്തുതന്നെയായാലും ഈ അടിസ്താന വസ്തുത അംഗീക രിക്കാതെ നിവൃത്തിയില്ല. ഒന്നാമതായി ചെയ്യേണ്ടത് മേൽപറഞ്ഞഥുപോലെയുള്ള ഒരു പാലം പണിയുകയാണ്.

"നാം എവിടെ തുടങ്ങും"എന്ന ചോദ്യം ചോദിക്കുന്ന വ്യക്തിയും അയാളുടെ ശ്രോതാ ക്കളും "ആര് തുടങ്ങും" "എന്തിന്?" എന്നീ രണ്ടു ചോദ്യങ്ങൾക്ക് മുൻകൂട്ടി സമാധാനം കണ്ടിരിക്കും എന്ന കാര്യം ആ ചോദ്യത്തിൽ അന്തർലീനമാണ്. തങ്ങളുടെ കാല ത്തെയും സമൂഹത്തെയും സമബന്ധിച്ച് ഉത്തരവാദിത്ത ബോധമുള്ളവരും അത് സംബ ന്ധമായി എന്തെങ്കിലും ചെയ്യണമെന്നാഗ്രഹിക്കുന്നവരുമാണ് "എവിടെ തുടങ്ങും?" എന്ന ചോദ്യം ചോദിക്കുക എന്നും വ്യക്തം. അവർ പ്രബുദ്ധരാത്മാക്കളാണെന്ന കാര്യ ത്തിൽ സന്ദേഹമില്ല. എന്തുകൊണ്ടെന്നാൽ അത്തരം വ്യക്തികൾക്ക് മാത്രമേ സാമൂഹ്യ ഉത്തരവാദിത്തം അനുഭവപ്പെടുകയും സാമൂഹ്യ ദൗത്യത്തെക്കുറിച്ച് ബോധം ഉണ്ടായിരി ക്കുകയുമുള്ളൂ. പ്രബുദ്ധനല്ലാത്ത വ്യക്തിക്ക് ഈ ഉത്തരവാദിത്തമോ ബോധമോ ഉണ്ടാ യിരിക്കുകയില്ല.

ബിരുദം സമ്പാദിച്ചവർക്കല്ല, പ്രബുദ്ധർക്കാണ് ഞാൻ ഊന്നൽ നൽകുന്നത് എന്ന കാര്യം ശ്രദ്ധിക്കുക. "പ്രബുദ്ധൻ" എന്നതിന് "ബുദ്ധിജീവി" എന്നർത്തമില്ല. ബുദ്ധിജീവി യെന്നർത്ഥമുള്ള 'ഇന്റ്ലക്ചൽ' എന്നപദം 'പ്രബുദ്ധൻ' (റൂശൻ ഫിക്ർ) എന്ന് പേർഷ്യൻ ഭാഷയിലേക്ക് തെറ്റായി പരിഭാഷപ്പെടുത്താറുണ്ട്. മാനസികമായി (ശാരീ രികം എന്നതിന്റെ വിപരീതാർത്ഥത്തിൽ) അധ്വാനിക്കുന്നയാളെയാണ് ബുദ്ധിജീവി എന്ന പദം സൂചിപ്പിക്കുന്നത്. അങ്ങിനെയുള്ള ഒരാൾ പ്രബുദ്ധൻ ആവുകയോ ആവാതിരിക്കു കയോ ചെയ്യാം. ഉദാഹരണമായി, ഫാക്ടരിയിൽ പണിയെടുക്കുന്ന ഒരാൾ ബുദ്ധിജീവി യാകണമെന്നില്ല. എങ്കിലും അയാൾ ൊരു പ്രബുദ്ധനാകാം. ഇവ രണ്ടിനുമിടയിലെ ബന്ധം പരസ്പരം ബന്ധപ്പെട്ട രണ്ടാശയങ്ങൾക്കിടയിലുള്ളതല്ല. എല്ലാ ബുദ്ധിജീവി കളും പ്രബുദ്ധരാവുന്നില്ല. പക്ഷെ ചിലരാവുന്നു. മറിച്ചും. വളരെ കുറച്ചുപേർ രണ്ടുമാ ണ്. സത്താർഖാൻ പ്രബുദ്ധനായിരുന്നു, ബുദ്ധിജീവിയായരുന്നില്ല. അല്ലാമാ മുഹമ്മദ് ഖസ്വിനി ബുദ്ധിജീവിയായിരുന്നു, പ്രബുദ്ധനായിരുന്നില്ല. ദെഹ്ഖുദാ രണ്ടുമായിരുന്നു. പലരും രണ്ടുമല്ല. അവരാണ് "അവരാണ് ബഹുമാന്യരും മഹത്തുക്കളു"മെന്ന് വിളി ക്കുന്ന മാന്യൻമാർ!

ആരാണ് പ്രബുദ്ധൻ? താൻ ജീവിക്കുന്ന കാലം ചരിത്ര സാമൂഹ്യ വിന്യാസം എന്നിവ യിൽ തന്റെ 'മനുഷ്യാവസ്ഥ'യെക്കുറിച്ച്ബോധമുള്ള, ആബോധത്തിന്റെ ഫലമായി അനി

വ്യ്യമായും സാമൂഹ്യ ഉത്തരവാദിത്തം ഉണ്ടാവുന്ന വ്യക്തിയാണ് ചുരുക്കുപ്പറഞ്ഞാൽ പ്രബുദ്ധൻ. അയാൽ വിദ്യാസമ്പന്നനാണെങ്കിൽ കൂടുതൽ കാര്യക്ഷമതയുണ്ടാവും. അല്ലെങ്കിൽ അതിൽ കുറവും. എന്ാൽ ിതൊരു പൊതു നിയമമല്ല. കാരണം വിദ്യാഭാ യസമില്ലാത്ത ആൽ ചിലപ്പോൾ കറേകൂടി പ്രധാനപ്പെട്ട പങ്ക് വഹിച്ചെന്നിരിക്കും. സാമ്രാജ്യത്വ ബാധയേറ്റ അവസ്ഥയിൽ നിന്ന് നേരെ പുരോഗമനാത്മകവും ബോധവും ഊർജസ്വലവുമായ അവസ്ഥയിലേക്ക് കുതിച്ചുചാടിയ സമൂഹങ്ങളെക്കുറിച്ച് പഠിക്കു മ്പോൽ അവരുടെ നേതാക്കളും, വിപ്ലവനായകരും ശാസ്ത്രസാമൂഹ്യ പ്രസ്ഥാന സാരഥി കളും പലപ്പോഴും ബുദ്ധിജീവികളായിരുന്നില്ല എന്ന് കാണാവുന്നതാണ്. വളരെ കുറച്ച് അപവാദങ്ങളുള്ള ഈ തത്വം ആഫ്രിക്കയിലെയും ലാറ്റിൻ അമേരിക്കയിലെയും ഏഷ്യ യിലെയും സാമൂഹ്യ പ്രസ്ഥാനങ്ങൾ ക്ഷിപ്രം തെളിയിച്ചിട്ടുണ്ട്. അപൂർവ്വമായേ വിപ്ലവ നായകർ അഭ്യസ്തവിദ്യരുടെ വർഗത്തിൽ നിന്ന് വന്നിട്ടുള്ളൂവെന്ന് ഉറപ്പിച്ച് തീരുമാനി ക്കാവുന്നതാണ്.

മനുഷ്യൻ തന്റെ സാമൂഹ്യ പരിണാമത്തിന്റെ ചലനമറ്റ ഒരറ്റത്ത് എത്തിപ്പെടുകയും അവി കസിത രാജ്യങ്ങൾ അസംഖ്യം ബുദ്ധിമുട്ടികളോടും പോരായ്മകളോടും മല്ലടിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ജനങ്ങളിൽ ഉത്തരവാദിത്തവും ബോധവും അങ്കുരിപ്പിക്കാനും അവർക്ക് ബുദ്ധിപരവും സാമൂഹികവുമായ മാർഗ്ഗദർശനം നൽകാനും കഴിയുന്ന വ്യക്തിയെയാണ് ആധുനിക കാലത്ത് പ്രബുദ്ധൻ എന്നു പറയുക. ഗലീലിയോയു ടേയോ കോപ്പർനിക്കസിന്റേയോ സോക്രട്ടീസിന്റേയോ അരിസ്റ്റോട്ടിലിന്റേയോ ഇബ്നു സീനയുടെയോ പണികൾ അന്തരമെടുക്കുകയും പിന്തുടരുകയും ചെയ്യുന്ന ആളാവണം പ്രബുദ്ധൻ എന്ന് നിർബന്ധമില്ല. ഐൻസ്റ്റീനെയും വോൻ ബ്രൗനെയും പോലുള്ള ആധുനിക ശാസ്ത്രജ്ഞർ അവരുടെ നേട്ടങ്ങൾ നിലനിർത്തുകയും പരിപോഷിപ്പിക്കു കയും ചെയ്യുന്നുണ്ട്. ഇക്കാലത്തെ പ്രബുദ്ധരുടെ പങ്കും ഉത്തരവാദിത്തവും പ്രവാചക ന്മാരുടേതിനും മതാചാര്യന്മാരുടേതിനും, തത്വത്തിൽ, സദൃശമാണ്. കഴിഞ്ഞകാലത്ത് അടിസ്ഥാനപരമായ ഘടനാമാറ്റങ്ങളുണ്ടാക്കിയ സാരഥികളാണവർ. പ്രവാചകന്മാർ തത്വ ചിന്തകരുടേയോ ശാസ്ത്രജ്ഞരുടേയോ സാങ്കേതിക വിദഗ്ദരുടേയോ കലാകാരന്മാരു ടേയോ ഗണത്തിലല്ല. സാമാന്യജനതയിൽ നിന്നാണ് മിക്ക പ്രവാചകൻമാരും ഉയർന്ന് വന്നത്. അവർ നവീന ലക്ഷ്യങ്ങൽ പരിചയപ്പെടുത്തി. പുത്തൻ ദർശനം അവതരിപ്പി ച്ചു. പുതിയ പ്രസ്ഥാനങ്ങൾ ആരംഭിച്ചു. തങ്ങളുടെ കാലങ്ങളിലെയുംപ്രദേശങ്ങളി ലെയും ജനങ്ങളുടെ ബോധമണ്ഡലത്തിൽ നവഊർജം സൃഷ്ടിച്ചു. ഇതിനെല്ലാം വേണ്ടി ബഹുജനങ്ങളുമായി ആശയവിനിമയം നടത്താൻ അവർക്ക് കഴിഞ്ഞിരുന്നു. പ്രവാചകൻമാർ നയിച്ച മഹദ്വിപ്ലവം മൂലെ മരവിച്ചതും സ്തംഭിച്ചുകിടക്കുന്നതുമായ സമൂഹങ്ങളുടെ ദിശ, ജീവിത ശൈലി,വീക്ഷണം, സംസ്കാരം,ഭാഗദേയം എന്നിവ മാറ്റിമ റിക്കപ്പെട്ടു. ഇക്കാരണത്താൽ,ഈപ്രവാചകൻമാർ കഴിഞ്ഞ കാലത്തെ ശാസ്ത്രജ്ഞരു ടെയോ തത്വതിന്തകരുടെയോ കൂട്ടത്തിൽ പെടുന്നില്ല. ബോധം നശിച്ച സാധാരണ ജന ത്തിന്റെ ഗണത്തിലുമല്ല അവർ. അവര് അവരുടേത് മാത്രമായ ഒരു വിഭാഗത്തിലാണ്. പൊതുവെ പഴയ പാരമ്പര്യങ്ങളുടെയും സാമുഹ്യ മതൃകകളുടെയും ഘടനകളുടെയും ഇൽപന്നങ്ങലും തടവുകാരുമായ് സാധാരണരുടെ കൂട്ടത്തിലും അവരുൾപ്പെടുന്നില്ല. അമൂർത്ത ആശയങ്ങളുടെ തടവുകാരം തങ്ങളുടെ ശാസ്തരീയമോ അന്തരികമോ ആയ പ്രയവേക്ഷണങ്ങളിലും സണ്ടെത്തലുകളിലും മതിമറക്കുന്നവരുമായ ശാസ്തരജ്ഞർ, ദാർശനികർ, കലാകരൻമാർ,മിസ്റ്റിക്കുകൾ സന്യാസിമാർ, പുരോഹിത്ൻമാർ െന്നിവ രുടെ സമൂഹത്തിലും അവരില്ല. പ്രവാതകൻമാരെപ്പോലെ പ്രബുദ്ധാത്മാക്കളും സാശ്ത രജ്ഞ സമൂഹത്തിലെ ബോധമറ്റതും നിഷ്ചേഷ്ടവുമായ പൊതുജനങ്ങളുടെ ലാവണ ത്തിലോ അല്ല. ്വർ ബോധമുല്ളവരും ഉത്തരവാദിത്തമുള്ളവരുമാണ് മഹത്തും ദൈവ സിദ്ധിവുമായ “ ആത്മബോധം” പോതുജനങ്ങൽക്ക് പകർന്ന്കൊടുക്കുകയാണ് അവ രുടെ ഏറ്റവരും പ്രധാനപ്പെട്ട ലക്ഷ്യവും ഉത്തരവാദിത്തവും. നിശ്ചലവും മലിനവുമായ ജനതയിൽനിന്ന് മഹാ ജനിപ്പിക്കുന്നതും വൻ കുത്ച്ചുചാട്ടങ്ങൽ നടത്തുന്ന ൂർജസ്വലത യുള്ള ക്രിയാത്മകശക്തിയായി അവരെ പരിവർത്തിപ്പിക്കുന്നതും “സ്വബോധം” മാത്രമാ

ണ്. അങ്ങനെയത് നാഗരികതയുടെയും സംസ്കാരത്തിന്റെയും മഹാസാരഥികളുടെയും ആവിർഭവത്തിനുള്ള പ്രഗതിസ്ഥാനമായിത്തീർന്നു.

പ്രബുദ്ധാത്മാക്കളാണ് തുടക്കം കുറിക്കേണ്ടതെന്ന് ഇതിൽ നിന്ന് സ്പഷ്ടമാവുന്നു. "എന്തുദ്ദേശത്തിന്" എന്നചോദ്യത്തിലേക്ക ഇനി നാം തിരിയുക. ഇവിടെ ഞാൻ അതിന്റെ ഒരു വുശദീകരണത്തിലേക്ക് മാത്രമേകണ്ണോടിക്കുന്നുള്ളു. ഈ വിഷയവുമായി നല്ല പരിചയമുള്ള ശ്രോതാക്കൾക്ക് അതേക്കുറിച്ച് സ്വയം ആലോചിക്കാവുന്നതാണ്. പ്രബുദ്ധാത്മാവ് പ്രവാചകനല്ലെങ്കിലും തന്റെ സമൂഹത്തിന് വേണ്ടി പ്രവാചകന്റെ ഭാഗം നിറവേറ്റണം. ബോധത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും മോചനത്തിലേക്കുമുള്ള ക്ഷണം ജനങ്ങളുടെ കർണങ്ങളിൽ അയാൾ പ്രബോധനം ചെയ്യണം. അവരുടെ ഹൃദയങ്ങളിൽ പുതിയ വിശ്വാസത്തിന്റെ അഗ്നി അയാൾ ഊതിക്കത്തിക്കണം നിശ്ചലമായ സമൂഹത്തിൽ ്യാൾ സാമൂഹിക മാർഗദർശനമരുളണം. ഇത് ശാത്രകാരൻമാരുടെ ജോലിയല്ല. കാരണം അവർക്ക് വ്യക്തായ മറ്റൊരുത്തരവാദിത്തമുണ്ട്. നിലവിലുള്ളതിനെ മനസ്സിലാക്കുക, ജനങ്ങളുടെ ഭൗതിക ജീവിത പുരോഗതിക്കായി മനുഷ്യന്റെയും പ്രകൃതിയുടെയും ശക്തിയുറവകളെ കണ്ടെത്തുകയും പ്രടോജനപ്പെടുത്തുകയും ചെയ്യുക എന്നവയാണത്. മനുഷ്യവംശത്തിനും തങ്ങളുടെ നാടുകൾക്കും ശാസ്ത്രസഹായം നൽകുകയാണ് ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ദരും കലാകാരന്മാരും ചെയ്യുന്നത്. പുരോഗതി കൈവരിക്കുന്നതിനും 'തങ്ങളുടെ സ്ഥിതി' മെച്ചപ്പെടുത്തുന്നതിനും അവരെ സഹായിക്കാൻ വേണ്ടിയാകുന്നു ഇത്. മറുവശത്ത് പ്രബുദ്ധാത്മാക്കൾ തങ്ങളുടെ സമൂഹത്തെ എങ്ങനെ, ഏത് ദിശയിൽ 'മാറണം' എന്ന് പഠിപ്പിക്കുന്നു. "ആയിത്തീരലി"ന്റെ ഒരു ദൗത്യം അവർ വളർത്തിയെടുക്കുന്നു. "നാം എന്തായിത്തീരണം" എന്ന ചോദ്യത്തിന് ഉത്തരം നൽകിക്കൊണ്ട് ഒരു മാർഗ്ഗം സജ്ജമാക്കുകയാണവർ.

ശാസ്ത്രജ്ഞൻ സമ്പന്നവും ശക്തവും പരമാവധി വിശ്രമവേള ലഭിക്കുന്നതുമായ ജീവിതത്തിനാവശ്യമായ സാഹചര്യങ്ങളൊരുക്കുകയും ചെയ്യുന്നു. കവിഞ്ഞാൽ അയാളുടെ ജോലി "വസ്തുതകൾ" കണ്ടെത്തുകയാണ്. അതേ സമയം പ്രബുദ്ധാത്മാവ് "സത്യം" തിരിച്ചറിയുന്നു. തെറ്റോ ശരിയോ ആയ ഉദ്ദേശങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന വെളിച്ചം ശാസ്ത്രജ്ഞൻ ഉൽപാദിപ്പിക്കുന്നു. 'ഗോത്രമാർഗ ദർശി' (റാഇൗദ്)[7] യെപ്പോലെ, മനുഷ്യകത്തിന്റെ സാർത്ഥവാഹകസംഘത്തിന് പാതയൊരുക്കുന്ന മുന്നണിപ്പടയെപ്പോലെ, പ്രബുദ്ധവ്യക്തി നമുക്കു വ്യക്തമായ വഴി കാണിച്ചു തരുന്നു. ഒരു യാത്രയ്ക്ക് ആരംഭം കുറിക്കാൻ അയാൾ നമ്മളെ ക്ഷണിക്കുന്നു. നമ്മുടെ അന്തിമ ലക്ഷ്യസ്ഥാനത്തേക്ക് നമ്മെ നയിക്കുന്നു. ശാസ്ത്രം ശക്തവും പ്രബുദ്ധത പ്രകാശവുമാണ. ശാസ്ത്രജ്ഞൻ എപ്പോഴുംമർദ്ദനത്തിന്റെയും അജ്ഞതയുടെയും താൽപര്യങ്ങളെ സേവിക്കുന്നു. എന്നാൽ പ്രബുദ്ധ വ്യക്തി അനിവാര്യമായും ഏകാധിപത്യത്തെയും അന്ധകാരത്തെയും എതിർക്കുന്നു. ഇസ്ലാമിക സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ പ്രബുദ്ധതയ്ക്ക് നാം കൽപിച്ച അർത്ഥം തന്നെയാണ് കാണാൻ കഴിയുക. ഖുർആനിലെ 'ഹികമത്'[8] (ജ്ഞാനം) എന്ന പദം ആ അർത്ഥമാണ് ദ്യോതിപ്പിക്കുന്നത്. വിജ്ഞാനത്തെ(ഇൽമ്) കുറിച്ച് ചർച്ച ചെയ്യുമ്പോൾ പോലും അത് സാങ്കേതികമോ ശാസ്ത്രീയമോ തത്വചിന്താപരമോ ആയ പഠനങ്ങളെ കുറിക്കുന്നില്ല. മതപരമായ അറിവുമല്ല (മതവിദ്യാർത്ഥികൾ പഠിക്കുന്ന കർമ്മശാസ്ത്രം, നബിചര്യ, പ്രവാചക ജീവിതം, ഖുർആൻ വ്യാഖ്യാനം, സദാചാര തത്വങ്ങൾ, ദൈവശാസ്ത്രം മുതലായവ) അർത്ഥമാക്കുന്നത്. അത് ലൗകിക വിജ്ഞാനവുമല്ല (സാമൂഹ്യ, ശാസ്ത്ര-പ്രകൃതി ശാസ്ത്ര വിദ്യാർത്ഥികളുടെ പഠന വിഷയങ്ങളായ ഊർജ്ജതന്ത്രം, വൈദ്യം, സാമൂഹ്യശാസ്ത്രം, സാഹിത്യം, മനശാസ്ത്രം, ചരിത്രം തുടങ്ങിയവ). ഒരു പ്രത്യേക വിദ്യാഭ്യാസ വ്യവസ്ഥയിൽ സവിശേഷ പാഠ്യപദ്ധതികളുടെ അടിസ്ഥാനത്തിൽ പഠിപ്പിക്കപ്പെടുന്ന പ്രത്യേക വിവരങ്ങളുടെയും സാംസ്കാരിക വിജ്ഞാനത്തിന്റെയും സമാഹാരങ്ങളാണവ. മതപ

രവും മതേതരവുമായ അറിവ് പ്രബുദ്ധാപബോധത്തിന് സഹായകമായി വർത്തിക്കണം. പ്രബുദ്ധവ്യക്തികളുടെ കൈയിൽ അത് വിലമതിക്കാനാവാത്ത ഉപകരണങ്ങളായിത്തീരു കയും ചെയ്യാം. എന്നാൽ അവ സ്വന്തം നിലയിൽ നാം ആഗ്രഹിക്കുന്ന 'പ്രകാശമോ' ബോധമോ അല്ല. ഇസ്ലാം ഊന്നൽ നൽകിയ ആയിനം വിജ്ഞാനം മനുഷ്യന് മനു ഷ്യന് മാത്രമുള്ള ഒരു ബോധമാകുന്നു. ഒരു ദിവ്യ പ്രകാശം; സാമൂഹ്യബോധത്തിന്റെ ഉറവിടമായ ചേതന. പ്രസിദ്ധമായ ഒരു ഹദീസ് അതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: "താൻ ഇഷ്ടപ്പെടുന്നവരുടെ ഹൃദയത്തിൽ ദൈവം കൊളുത്തുന്ന വെളിച്ചമാകുന്നു അറിവ്." വിളിച്ചുണർത്തുകയും ദീപാലംകൃതമാക്കുകയും വഴികാട്ടുകയും ഉത്തരവാദി ത്തബോധം ജനിപ്പിക്കുകയും ചെയ്യുന്ന ഈ അറിവിനെയാണ് നാം 'ദിവ്യപ്രകാശം' എന്ന് വിളിക്കുന്നത്. അല്ലാതെ ഊർജ്ജ തന്ത്രത്തിന്റേയോ രസതന്ത്രത്തിന്റേയോ സാഹി ത്യത്തിന്റേയോ നിയമശാസ്ത്രത്തിന്റേയോ അധ്യാപനങ്ങളെയല്ല. ആദ്യം പറഞ്ഞ വിധ മുള്ള അറിവ് വിദ്യാഭ്യാസമില്ലാത്ത അബൂദർറിന് ഉണ്ടായിരുന്നത് പോലെയുള്ള വിശ്വാ സവും ഉത്തരവാദിത്തവും ഉണ്ടാക്കുന്നു. ഇബ്നുസീനയ്ക്കോ മുല്ലാസദിറക്കോ അത് ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ചില സ,ന്ദർഭങ്ങളിൽ അഭ്യസ്ഥവിദ്യനല്ലാത്ത ഒരാൾ ഉയർന്നുവരികയും നിശചലമല്ലാത്ത സമൂഹത്തിനു ജീവൻ പകർന്നു അതിനെ ഒരു ലക്ഷ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നത്. അതേസമയം എത്രയോ ശാസ്ത്രജ്ഞർ തങ്ങളുടെ സമൂഹത്തിന്റെ ബോധപഥത്തിന് മാറ്റങ്ങളുടെ സ്വബോധവും സൃഷ്ടിക്കുന്ന തിനോ അവർക്കുവേണ്ടി ഒരു പൊതുലക്ഷ്യം രൂപവൽക്കരിക്കുന്നതിനോ, അവരിൽ പുതിയൊരു വിശ്വാസവും സിനേഹവും കരുപ്പിടിപ്പിക്കുന്നതിനോ ഒറ്റ ചുവട് പോലും വെച്ചിട്ടുണ്ടാവില്ല. നേരെ മറിച്ച് ശാസ്ത്രജ്ഞർ തങ്ങളുടെ ദേശീഹസമൂഹങ്ങളുടേയെന്ന പോലെ മനുഷ്യകത്തിന്റെയും പുരോഗതിയെ തടസ്സപ്പെടുത്തും വിധം പ്രവർത്തിക്കാം[9] അതുകൊണ്ട് പ്രബുദ്ധാത്മാക്കളുടെ ചുമതല തങ്ങളുടെ സമകാലികരായ സഹമനു ഷ്യർക്ക് ചലനാത്മകമായ ഒരു പൊതുവിശ്വാസം പ്രദാനം ചെയ്യുകയും സ്വബോധം നേടുന്നതിനും ലക്ഷ്യങ്ങൾ രൂപീകരിക്കുന്നിനും അവരെ സഹായിക്കുകയുമാണ്.

എങ്ങനെ?

ഇനി നാം എങ്ങിനെ എന്ന ചേദ്യത്തിലേക്ക് പ്രവേശിക്കുന്നു. ഒന്നാമതായി പ്രധാനപ്പെട്ട ഒരു വിശദീകരണം നൽകുകയാണ്. "പ്രബുദ്ധത" എന്നതിന് കൃത്യമായ ഒരു നിർവ്വചന മില്ലാത്തതും തുളഴാക്കുന്ന ഉത്തരവാദിത്തങ്ങളുടെ അവ്യക്തമായ ഹേതുവായി മാനവ രാശിക്ക് പൊതുവെയും പൗരസ്ത്യർക്ക് വിശേഷിച്ചും കനത്ത വില നൽകേണ്ടി വരു ന്നു. സർവ്വാതിശായിയായ ഒരു മനുഷ്യൻ ഇല്ലങ്കിൽ പൊതുമൂല്യങ്ങളും സ്വഭാവവിശേ ഷങ്ങളുമുള്ള പ്രബുദ്ധതയുടെ പ്രാപഞ്ചികമായ ഒരാദി മാതൃകഉണ്ടാവുക സാധ്യമല്ല. പൊതുസവിഷേശതകളും നിർണ്ണിത മൂല്യങ്ങളുമുള്ള സർവ്വാതിശായിയായ ശാസ്ത്ര ജ്ഞരെക്കുറിച്ച് പറയാൻ സാധിക്കും. എന്നാൽപൊതു ലക്ഷണമുള്ള പ്രബുദ്ധവ്യക്തി കൾ ഉണ്ടാവുകയില്ല. സർവകലാശാല വിദ്യാഭ്യാസത്തെത്തുടർന്ന് അഭ്യസ്ത വിദ്യനായ ഒരുവ്യക്തി അവൻ പഠിച്ചത് എഞ്ചിനായറിംഗോ വൈദ്യമോ ജ്യോതിശാസ്ത്രമോ ആവ ട്ടെ-ശാസ്ത്രജ്ഞനായിത്തീരുന്നു. അവൻ ആഫ്രിക്കൻ ഗോത്രവർഗ്ഗക്കാരനോ ഇസ്ലാമിക ലേകത്ത് നിന്നുള്ള ആളോ ബുദ്ധനിവാസിയോ വെളുത്തവനോ മഞ്ഞ നിറ ക്കാരനോ ചുവന്ന് നിവാസിയോ മുതലാളിത്ത സമൂഹത്തിൽ പെട്ടവനോ സോഷ്യലിസ്റ്റ് ജനതയിൽ പെട്ടവനോ വ്യാപാരിയോ ബൂർഷയോ ആരായിരുന്നാലും ശരി. ചുരുക്ക ത്തിൽ അവൻ ഏത് പശ്ചാത്തലത്തിൽ നിന്ന് വരുന്ന ആളായാലും പ്രശ്നമില്ല. മനുഷ്യ നെയും പ്രകൃതിയെയും ഭരിക്കുന്ന പൊതു നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ശാസ്ത്രം എന്നതാണ് അതിന്റെ കാരണം. ഇവ അഭ്യസിക്കുന്ന ആർക്കും ഏത് ചട്ടക്കൂ ടിലും സാഹചര്യത്തിലും അത് ഉപകാരപ്പെടും. കാല, ദേശ രാഷ്ട്രീയാധിപ ത്യഭേദങ്ങൾക്കതീതമായ പ്രയോഗിക്കാവുന്ന ഒരു കൂട്ടം നിശ്ചിത തത്വങ്ങളാണ് ശാസ്ത്ര ജ്ഞന്റെ പഠന വിഷയം എന്ന് ചുരുക്കം.. പ്രബുദ്ധവ്യക്തികളുടെ കാര്യത്തിൽ ഇങ്ങനെ സംഭവിക്കുക സാധ്യമല്ല.

യൂറോപ്പിൽ പോവുകയും ഒരു പ്രത്യേക ചിന്താധാര പഠിക്കുകയും ഒരു ഡിപ്ലോമ പഠിക്കുകയും ചെയ്ത ആളെയല്ല പ്രബുദ്ധ വ്യക്തി എന്നു പറയുക. "പ്രബുദ്ധത നേടിയവൻ", "ശാസ്ത്രജ്ഞൻ", "ബുദ്ധിജീവി" എന്നിവ പരായപദങ്ങളാണെന്ന നമ്മുടെ സങ്കൽപം ആറാണ് പ്രബുദ്ധൻ എന്ന് നമ്മെ അപ്രാപ്തരാക്കുമാറ്, നമ്മെ ആശയക്കുഴപ്പത്തിൽ ചാടിച്ചിട്ടുണ്ട്. തങ്ങൾ ഏത് കൂട്ടത്തിലാണുൾപ്പെടുകയെന്ന് പ്രബുദ്ധവ്യക്തികൾക്കറുയുമില്ല. പ്രതാപമുള്ള ഒരു സർവകലാശാലയിൽ നിന്ന് പഠിക്കാൻ കഴിയുന്നതല്ല പ്രബുദ്ധ ഗുണങ്ങൾ. പ്രബുദ്ധൻ അഭ്യസ്തവിദ്യൻ കൂടിയാണെന്നു വരികിൽ സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ഫലമായി സിദ്ധിച്ചതാവില്ല അയാളുടെ പ്രബുദ്ധത. പ്രത്യുത, സർവകലാശാലാ പഠനത്തിനു മുമ്പുതന്നെ പ്രബുദ്ധഥനേടിയവനായിരിക്കും അയാൾ.

ഒരാൾ വിദേശത്ത് പോവുകയും വിവിധ സാമൂഹ്യ രാഷ്ട്രീയ-പ്രത്യയശാസ്ത്ര ചിന്താധാരകൾ പഠിക്കുകയും ചെയ്താൽ അയാൾ പ്രബുദ്ധനായി എന്നതാണ് മറ്റൊരു തെറ്റിദ്ധാരണ. എന്നാൽ അങ്ങനെയല്ല. അയാൾ മാർക്സ്, സാർത്ര, റൂസ്സോ, സെന്റ് സൈമൺ മുതലായവരെ പഠിപ്പിച്ചിട്ടുണ്ടെന്ന് അംഗീകരിക്കുക. (പതിനെട്ട്-ഇരുപത് ശതകങ്ങളിൽ യൂറോപ്പിലെ പ്രബുദ്ധവ്യക്തികളുടെ പ്രചോദന കേന്ദ്രങ്ങളായിരുന്ന, യൂറോ സമൂഹങ്ങളിൽ രചനാത്മകവും വിപ്ലവാത്മകവുമായ പങ്ക് വഹിച്ച പ്രത്യയശാസ്ത്രങ്ങലുടെയും സാമൂഹ്യസിദ്ധാന്തങ്ങളുടെയും ഉപജ്ഞാതാക്കളായിരുന്നു ഇവർ). ഈ പഠനം അയാളെ ഒരു സ്പെഷലിസ്റ്റ് ആക്കുക മാത്രമേ ചെയ്യുന്നുള്ളൂ. വൈദ്യശാസ്ത്രത്തിലും പ്രത്യയശാസ്ത്രത്തിലും പഠനം നടത്തിയവരെപ്പോലെത്തന്നെ. സർവകലാശാലകളിൽ ഈ ചിന്താപദ്ധതികളും പ്രത്യയശാസ്ത്രങ്ങളും പഠിപ്പിക്കാൻ കഴിയുന്ന ഒരുസാമൂഹ്യ ശാസ്ത്രജ്ഞനാണയാൾ. ഈ ആദർശ പദ്ധതികൾ പഠിച്ചിട്ടുണ്ട് എന്നതുകൊണ്ടു മാത്രം തന്റെ സമൂഹത്തിൽ ഒരു പ്രബുദ്ധവ്യക്തിയായിരിക്കുക എന്ന ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന് അയാൾ കഴിവുനേടുന്നില്ല. സർവകലാശാലാ പഠനം താൻ ചെല്ലുന്നേടത്തെല്ലാം ആ വിഷയം പഠിപ്പിക്കാൻ യോഗ്യനായ ഒരു സാമൂഹ്യശാസ്ത്രജ്ഞനാക്കുകയാണയാളെ. പക്ഷെ തന്റെ സമൂഹത്തിന്റെ ഉൾ നോവുകൾ മനസ്സിലാക്കാൻ കഴിയുന്ന വിധത്തിലേക്ക് അയളെ അതുയർത്തുന്നില്ല. ജനങ്ങളിൽ സ്വബോധം വളർത്താനും അയാൾ കഴിവാർജ്ജിക്കുന്നില്ല. പൊതു ലക്ഷ്യങ്ങളും മാതൃകകളും രൂപീകരിക്കുന്നതിൽ ജനങ്ങളെ സഹായിക്കാനും അയാൾക്ക് കഴിയുകയില്ല.

ചുരുക്കിപ്പറഞ്ഞാൽ "പ്രബുദ്ധനായി"രിക്കുക എന്നതിനു സർവ്വാതിശായിയായ ഒരു മൂല മാതൃകയില്ല. പലതരം പ്രബുദ്ധരുണ്ട്. കറുത്ത ആഫ്രിക്കയിൽ പ്രബുദ്ധാത്മാവാകുന്ന ആൾ ഇസ്ലാമിക സമൂഹത്തിൽ അങ്ങിനെയാവണമെന്നില്ല. ഫ്രാൻസിലോ യുദ്ധപൂർവ്വ വ്യവസായിക യൂറോപ്പിലോ പ്രബുദ്ധനായി പരിഗണിക്കപ്പെടുന്ന ആൾ തന്റെ സമൂഹത്തിൽ പരിവർത്തനങ്ങളുണ്ടാക്കിയ സത്യസന്ധനായ യഥാർത്ഥ പ്രബുദ്ധൻ തന്നെ. എന്നാൽ ഇന്ത്യയിൽ അയാൾ പ്രബുദ്ധനായിരിക്കുകയില്ല. അവിടെ ഒരു പ്രബുദ്ധന്റെ പങ്ക് വഹിക്കാൻ അയാൾക്ക് കഴിഞ്ഞുകൊള്ളണമെന്നില്ല.. ഴാങ് പോൾ സാർത്ര് ഉദാഹരണം. അദ്ദേഹത്തിന്റെ തത്വചിന്തയെയും വ്യക്തിത്വത്തെയും ഞാൻ അങ്ങേയറ്റം ബഹുമാനിക്കുന്നു. എന്റെ പ്രത്യയശാസ്ത്രങ്ങളെ ആധാരമാക്കി ഞാനവയെ ആക്ഷേപിക്കുകയില്ല. പുരോഗമിച്ച മുതലാളിത്ത വ്യവസ്ഥയും പ്രത്യേക സാമൂഹിക തട്ടുതിരിവുകളുമുള്ള, ശതാബ്ദങ്ങലായി മധ്യകാല മതചരിത്രത്തിൽനിന്ന് വഴി മാറി നടക്കുന്ന, വ്യവസായിക യൂറോപ്പിൽ സാർത്ര ഒരു പ്രബുദ്ധാത്മാവാണ്. അഹമഹിമകയാ സാത്രിന്റെ ദർശനം അംഗീകരിക്കുകയും അസ്തിത്വവാദം എന്ന അദ്ദേഹത്തിന്റെ പ്രപഞ്ചവീക്ഷണവും സാമൂഹ്യ സാമ്പത്തിക അപഗ്രഥന സമ്പ്രദായങ്ങളും അനുധാവനം ചെയ്യുകയും ചെയ്യുന്ന-ചുരുക്കത്തിൽ സാർത്രിന്റെ കാർബൺ പതിപ്പായ ഒരാൾ മറ്റൊരു രാജ്യത്ത് ചെന്നാൽ അവിടെയും പ്രബുദ്ധവ്യക്തിയായി കണക്കാക്കപ്പെടുമോ? ഫ്രാൻസിലും ജർമ്മനിയിലും ഇംഗ്ലണ്ടിലും അമേരിക്കയിലും അയാൾ പ്രബുദ്ധനായിരിക്കും. എന്തുകൊണ്ടെന്നാൽ അവിടങ്ങളിലെ പ്രശ്നങ്ങളും കാഴ്ചപ്പാടുകളും ആദർശ

ങ്ങളും ജനങ്ങളും രഷ്ട്രീയവ്യവസ്ഥയും ചരിത്ര സാഹചര്യങ്ങളും സദൃശങ്ങളാണ്. ഈ പടിഞ്ഞാറൻ സമൂഹങ്ങൾക്ക് പൊതുവെ ആവശ്യമാണ് സാർത്രിന്റെ വിപ്ലവം.10 മനുഷ്യൻ ഉപഭോഗസംസ്കാരത്തിന്റെ ഇരയായിത്തീരുകയും സാധനങ്ങളുടെ ഉൽപ്പാദനം എല്ലാ മാനുഷിക മൂല്യങ്ങളെയും സാധ്യതകളെയും നിയന്ത്രിക്കുകയും, അമിതോപഭോഗം, ലൈംഗികസ്വാതന്ത്ര്യം എന്നില നിലനിൽക്കുകയും ചെയ്യുന്ന സ്ഥാലങ്ങളിൽ സാർത്രും അദ്ദേഹത്തിന്റെ ദർശനങ്ങൾ പിന്തുടരുന്നവരും പ്രബുദ്ധരാവുന്നു. ഉപഭോഗാസക്തിയിൽ നിന്ന് മോചിപ്പിക്കുന്ന രക്ഷകനെയാണ് ഈ സമൂഹങ്ങളൽക്കാവശ്യം. ഇങ്ങനെയുള്ള ഒരു പ്രബുദ്ധ രക്ഷകനാണ് സാർത്ര്.

ജനങ്ങൾ ദാർദ്രവും വിശപ്പും അജ്ഞതയും മറ്റ് ഇല്ലായ്മകളും തുടച്ചു നീക്കാനുള്ള പോരാട്ടങ്ങളിലേർപ്പെട്ടിരിക്കുന്ന, വ്യവസായിക വളർച്ച നേടിയിട്ടില്ലാത്ത ഏഷ്യനാഫ്രിക്കൻ-ലാറ്റിനമേരിക്കൻ നാടുകളിൽ സാർത്രിനെപ്പോലുള്ള ഒരു രക്ഷകനുണ്ടാവുന്നത് ദുരന്തമായിരിക്കും സാർത്രോളജിസ്റ്റോ സാർത്രിയൻ ദർശനം പിന്തുടരുന്ന ആളോ ഈ സമൂഹത്തിൽ പ്രബുദ്ധനായിരിക്കുകയില്ല. അയാലുടെ സദുദ്ദേശത്തോടെയുള്ള ത്യാഗം ഉപദ്രവമായി ഭവിക്കും. ദാർശനികസ്തംഭമാവസ്ഥ നേരിടുന്നത് മധ്യകാലാനന്തര സമകാലീന വ്യവസായിക സമൂഹങ്ങൽ മാത്രമാണ്. അവർ അവസ്ഥക്ക് എന്തെങ്കിലും തരത്തിലുള്ള ൊരു വിശദീകരണെ അന്യേഷിക്കുകയാണ്. അവർക്ക് ാത്മീയത ആവശ്യമുണ്ട്; അല്ലെങ്കിൽ മതാത്മകമായ ഒരു നിഗൂഢവാദം. തങ്ങളുടെ സങ്കുചിതവും പരമിതവുമായ പദാർഥവാദ ലോകവീക്ഷണത്തെ മറികടക്കുന്നതിന് വേണ്ടിയാണിത്. ഈ സന്ദർഭം ഉൾകൊണ്ട് തന്റെ ജനതയ്ക്ക് ധർാധിഷ്ഠിതവും അവലംബനീയവും ഉപഭോഗ സംസ്കാര വിരുദ്ധവുമായ ജീവിത രീതി വളർത്താൻ അനുയോജ്യമായ മാർഗസൂചനകനളും ലക്ഷ്യങ്ങളും മുദ്രാവാക്യങ്ങളും പ്രദാനം ചെയ്യേണടതിന്റെ അടിയന്തിരാവശ്യം ഉൽക്കൊള്ളുന്ന വ്യക്തിയാണ് പടിഞ്ഞാറ് പ്രബുദ്ധനാവുക. അത്തരമൊരു വ്യക്തി ആത്മീയയും ജ്ഞാനോദയദർശനവും സ്വീകരിക്കണം. മാത്രമല്ല യാന്ത്രികകതയെയും കാർട്ടിഷ്യൻ യിക്തിവാദത്തെയും എതിർക്കുകയും വേണം.

ഇന്ത്യയിൽ സാർത്രിന്റെ ഒരുപിൻഗാമിയെ സങ്കൽപിച്ചു നോക്കുക. അയാളുടെ വാക്കുകളും പ്രവൃത്തികളും ഇന്ത്യയിലെ പട്ടിണിപ്പാവങ്ങളായ ജനങ്ങളോട് ഉപഭോഗം അവസാനിപ്പിക്കാൻ ആവശ്യപ്പെടുകയും ഭൗതിക വസ്തുക്കൾ കൈവെടിഞ്ഞു ആന്തര ചേതനകളിലും ആവശ്യങ്ങളിലും ശ്രദ്ധയൂന്നാൻ അവരെ ക്ഷണിക്കുകയും ചെയ്യുന്നു. വറുതിയും പട്ടിണിയും നിമിത്തെം മരിച്ചുകൊണ്ടിരിക്കുന്ന ആ ജനതയെ ഭൗതികലോകത്ത് നിന്ന് പിൻവാങ്ങാൻ ആഹ്വാനം ചെയ്യുന്ന കാഴ്ചപ്പാടും മതവുമാണ് അവർ വെച്ചു പുലർത്തുന്നത്. ആ ജനതയെ സംബന്ധിച്ചിടത്തോലം സാർത്രിയൻ പ്രവചനങ്ങൾ ഒരു ദുരന്തഹാസ്യമായിരിക്കും. നമ്മുടെ ചുറ്റുപാടുകളിൽ തന്നെ ഇതിനു സമാനമായ സംഭവങ്ങൾ കാണാം. ടെഹ്റാനിൽ നല്ല ആശയ സംവേദകനാവുന്ന മത പ്രഭാഷകൻ മറ്റു പ്രദേശങ്ങളിൽ അങ്ങിനെയാവണമെന്നില്ല. ടെഹ്റാനിലെ പ്രശ്സ്തനായ ഒരു മതപ്രഭാഷകനെ മത്സരിപ്പിക്കുന്ന ഒരാളുടെ പ്രസംഗം ഒരു കൊച്ചു പട്ടണത്തിൽനിന്ന കുറച്ചു മുമ്പു കേൾക്കാനിടയായി. അയാൾ ആവർത്തിച്ചു: “മഹിളകളെ, മാന്യന്മാരെ, വലിയ കാഡിലാക്കുകളിൽ സവാരി ചെയ്ത് ഈ തെരുവകളിലൂടെ ഓടിച്ചു പോകുന്ന നിങ്ങൾക്കറിയാമോ നല്ല ഒരു ജോഡി ഷൂ പോലുമില്ലാത്ത ആളുകൾ ഈ നാട്ടിലുണ്ടെന്ന്? നിങ്ങളെ സഹായിക്കുന്നില്ലെങ്കിൽ അവരെ ബുദ്ധിമുട്ടിക്കാതിരിക്കാനെങ്കിലും ശ്രദ്ധിക്കുക. വൻ സദ്യ.കളിൽ പങ്കെടുക്കുകയും വിസ്കിയിൽ വേവിച്ച താറാവിറച്ചി തിന്നുകയും ചെയ്യുന്ന നിങ്ങൾ ചൂടുള്ള അത്താഴം കഴിക്കുന്നതിനെക്കുറിച്ച് കഥാപുസ്തകങ്ങലിൽ മാത്രം വായിച്ചറിഞ്ഞവരുണ്ടെന്ന് ഓർമിക്കുക”. മനസ്സിൽ തട്ടുന്നവയാണ് ഈ വാക്കുകൾ. പക്ഷെ ടെഹ്റാനിൽ മാത്രമേ അതിന് അർത്ഥമുള്ളൂ. കൊച്ചു പട്ടണങ്ങളിൽ ഇല്ല. ആ പട്ടണങ്ങളിൽ ഈ പ്രസംഗം നടത്തിയ മനുഷ്യൻ തന്റഎ പ്രസംഗപീഢത്തെ ഒരു ദുരന്തഹാസ്യമാക്കിക്കലഞ്ഞു.

മതപ്രഭാഷകൻ പ്രബുദ്ധവ്യക്തിയാണ്. അങ്ങിനെ ആവുകയും വേണം. എന്നാൽ അതേ പ്രബുദ്ധവ്യക്തി ടെഹ്റാനിൽ മാത്രം ഫലപ്രദമായ സാരോപദേശ പ്രസംഗങ്ങൾ വിവധ സ്ഥലങ്ങളിലേക്ക് കൊണ്ടു പോവുമ്പോൾ അയാൾ ആരുമായും സംവധിക്കാൻ കഴിയാത്ത അന്യനായിത്തീരുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ പ്രഭാഷകൻ സർവ്വലൗകികനല്ല. അയാൾ ഏതു നാ്ടടുകാരനാണെന്നു നാം ചോദിക്കേണ്ടതുണ്ട്. അതേപോലെ, സർവ്വലൗകികനായ പ്രബുദ്ധ വ്യക്തിയുമല്ല. ചുരുക്കത്തിൽ പ്രബുദ്ധത എന്നത് കാലം, ദേശം, സാമൂഹ്യപരിതോവസ്ഥ, ചരിത്ര സാഹചര്യം എന്നിവയുമായി ബന്ധപ്പെട്ടതാണ്. ഉദാഹരണമായി ഫ്രാൻസിസ് ബേക്കൺ മനുഷ്യ ചിന്താചരിത്രത്തിലെ ഒരു മഹാവ്യക്തിത്വമാണെന്ന് നമുക്കൊക്കെ അറിയാം. അന്ധവിശ്വാസങ്ങൾ കൈവെടിയണമെന്ന ആശയം അദ്ദേഹം ഉച്ചത്തിൽ പ്രഖ്യാപിച്ചു. ശാസ്ത്രത്തെ ആത്മ നിഷ്ഠതയിൽ നിന്നും പരലോക സിദ്ധാന്തത്തിൽ നിന്നും വേർപെടുത്തണമെന്നും അദ്ദേഹം വാദിച്ചു. അതിലുപരി പ്രകൃതിയെ അറിയുന്നതിലൂടെ ശാസ്ത്രം ഭൗതികജീവിതവും ജനങ്ങളുടെ ജീവിത നിലവാരവും പോഷിപ്പിക്കുന്നതാവണമെന്നും അദ്ദേഹം പറഞ്ഞു.

തന്റെ കാലത്ത് ബേക്കൺ ഒരു പ്രബുദ്ധ വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ കാലഘടച്ടത്തിലും സമൂഹത്തിലും അമൂർത്തമായ ആശയങ്ങലും അപഗ്രഥനങ്ങളും ന്യായീകരണങ്ങളും മതപ്രമാണങ്ങളും പുരോഹിതന്മാരുടെ നിവേദനങ്ങളുമായിരുന്നു ശാസ്ത്രം. ഈ സാഹചര്യത്തിൽ ശാസ്ത്രത്തെയും, യുക്തിയെയും ജനങ്ങളെയും പള്ളിയുടെ നിയന്ത്രണ്തതിൽ നിന്ന് മോചിപ്പിക്കുക വഴി ബേക്കമ് മനുഷ്യ സമൂഹത്തെ വൻതോതിൽ സഹായിച്ചു. ബേക്കൺ ഇന്നു ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം അന്നു പറഞ്ഞതിന്റെ വിപരീതം പറയേണ്ടി വരുമായിരുന്നു (പ്രബുദ്ധവ്യക്തിയായി പരിഗണിക്കപ്പെടാൻ അദ്ദേഹം ആഗ്രഹിക്കുന്നുവെങ്കിൽ). ബേക്കന്റെ കാൽപാടുകൾ പിന്തുടർന്ന് ഇന്നത്തെ യൂറോപ്പിൽ ശാസ്ത്രം സാമ്പത്തിരവും, പദാർത്ഥികവുമായ ഉൽപന്നത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും ഉഫഭോഗ സംസ്കാരം ഊട്ടി വളർത്തുന്നതിനു വേണ്ടി കൂടുതൽ ശക്തിസംഭരിക്കുന്നതിനാണ് മനുഷ്യശേഷി വിനിയോഗിക്കേണ്ടത് എന്നുംപറയുന്നവർ തീരെ പ്രബുദ്ധരല്ല. ബക്കോണിയൻ തത്വശാസ്ത്രം പ്രചരിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവർ നന്നെ കഴിഞ്ഞാൽ നിലവിലെ വ്യവസ്ഥിതിയെ സഹായിക്കുന്ന ശാസ്ത്രജ്ഞർ മാത്രമാണ്. എന്തുകൊണ്ടെന്നാൽ ശാസ്ത്രം മാറിപ്പോയിരിക്കുമന്നു. ആവശ്യങ്ങൾ വ്യത്യസ്തമാണ്. ഇന്നത്തെ പ്രശ്നങ്ങളും പ്രതിസന്ധികളും വ്യത്യസ്തമായ പരിപ്രേക്ഷ്യവും സമീപനവുമാണ് വർത്തമാന കാല യൂറോപ്യൻ രക്ഷകനിൽ നിന്നും ആവശ്യപ്പെടുന്നത്.

പ്രബുദ്ധ ചിന്തകർ (എന്നു വിളിക്കപ്പെടുന്നവർ) വ്യതിയാനങ്ങൾക്കും പിഴവുകൾക്കും മൂന്നാം ലോകരാജ്യങ്ങൾ, വിശ്ഷ്യാ ഇസ്ലാമിക സമൂഹങ്ങൾ, സാക്ഷ്യം വഹിച്ചിട്ടുണ്ട്. നിർഭാഗ്യത്തിൻറെ വളർച്ചയാണിത്). "പ്രശ്നങ്ങളെ കൂട്ടിക്കുഴയ്ക്കുന്നതിന്റെ" ചരിത്രം എന്നു ഞാനിതിനെ വിളിക്കുന്നു. മുസ്ലിം വിദ്യാസമ്പന്നരും, മറ്റു പൗരസ്ത്യ സമൂഹങ്ങളും ചെയ്ത അടസ്ഥാനപരമായ തെറ്റിന്റെ കഥയാണിത്. തങ്ങളുടെ നാട്ടിലേക്ക് മരുന്ന് ഇറക്കുമതി ചെയ്യുന്ന ഇറക്കുമതിക്കാരെപ്പോലെ പ്രബുദ്ധരും ഇറക്കുമതി ചെയ്യാമെന്ന് ഈ ആളുകൾ വിശ്വസിക്കുന്നു. അവർ സ്വയമേവ പ്രബുദ്ധ വ്യക്തികളുടെ ഭാഗം അഭിനയിക്കുകയാണ്". പൗരസ്ത്യ ഇസ്ലാമിക സമൂഹങ്ങൾ തങ്ങളുടെ ഏറ്റവും നല്ല മനസ്സുകളിൽനിന്ന്-തങ്ങളുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് സഹായിക്കാൻ കെൽപുറ്റ വ്യക്തികളിൽ നിന്ന്-അകറ്റി നിർത്തപ്പെടുന്നു എന്നതാനിതിന്റെ ദുരന്തപൂർണ്ണമായ പരിണാമം. മോചനത്തിലേക്കുള്ല പാത കാണിച്ചു തരികയാണെന്ന വിചാരത്തിൽ തെറ്റായ സന്ദേശങ്ങൾ എത്തിച്ചു തന്ന ഈ "പ്രബുദ്ധ"രായിരുന്നു വർഷങ്ങളോളം ന്മമുടെ ജനതയുടെ വികാലങ്ങളും ബോധവും ചിന്തയും സംവിധാനിച്ചിരുന്നത്. അവരുടെ തെറ്റായ രേഗനിർണ്ണയവും സമരരീതികളും പിന്തുടരുക മൂലം അവസരങ്ങൾ നഷ്ടമായി. ജനങ്ങളുടെ ശക്തി വ്യർത്ഥമാവുകയും ചെയ്തു. നിസ്സഹായതാ ബോധവും നൈരാശ്യവും വെറുപ്പും ഉത്തരവാദിത്തത്തോടുള്ള വിമുഖതയും ഒറ്റപ്പെടലും നിഗൂഢവാദവും പലതരം അസ്തിത്വവാദാഭാസങ്ങളുമായിരുന്നു ഒടുവിലത്തെ ഫലം. തെറ്റായ

മറ്റൊരു ദിശ, ഉചിതമല്ലാത്ത മറ്റൊരു ലക്ഷ്യം, അല്ലെങ്കിൽ ശരിയല്ലാത്ത രോഗനിർണ്ണയം ഇവ പകരം വരുന്നത് വരെ ക്രപ്രവൃദ്ധമായി തുടർന്നുകൊണ്ടിരുന്നു ഇത്. ഈ സാമൂഹ്യ വെളിപാടുകാരുടെയ ചുറ്റും കൂടിനിന്ന് ജനങ്ങൾ തങ്ങളുടെ കഴിവുകൾ പഴാക്കി.

മാഹാനായ പീറ്റർ ഉദാഹരണം. നെതർലാന്റിലെ പഠനാനന്തരം തന്റെ ജനതയുടെ ക്ഷേമ ത്തിനുവേണ്ടി പ്രവർത്താൻ പീറ്റർ മോസ്കോയിലേക്ക് തിരിച്ചു. അദ്ദേഹം പ്രബുദ്ധനാ യിരുന്നു. പക്ഷെ വഴി ശരിയായിരുന്നില്ല. അയൽക്കാരാൽ നിരന്തരംതോൽപിക്കപ്പെട്ട രാജ്യമായിരുന്നു റഷ്യ. ഇറാൻ ആ രാജ്യത്തെ പലവട്ടം തോൽപിച്ചു. നെതർലാണ്ടുകാർ കരയും കടലും അടക്കി ഭരിക്കുന്നു. റഷ്യ വളരെയേറെ പിന്നോക്കം നിൽക്കുന്നു. ഇതെ ന്തുകൊണ്ട്? മഹാനായ പീറ്റർ സ്വയം ചോദിച്ചു. സുദീർഘമായ ആലോചനയ്ക്ക് ഷേശം അദ്ദേഹം കാരണം കണ്ടെത്തി. താടി! ഭരണാധികാരം ഏറ്റെടുത്തപ്പോൾ അദ്ദേഹം മുഴുവനാളുകളോടും താടിവടിക്കാൻ ആജ്ഞാപിച്ചു. ഡാനിഷ് ജനത ദിനേന താടിവടിച്ചത് കൊണ്ടാണ് അവർ പുരോഗതി നേടിയത് എന്നായിരുന്നു അദ്ദേഹത്തിൻറെ വാദം. റഷ്യക്കാർ ഡാനികളെപ്പോലെ കാണാൻ തുടങ്ങിയെങ്കിലും അടിസ്ഥാനപരമായ ഒരു മാറ്റവും സംഭവിച്ചില്ല. താടി അപ്രത്യക്ഷമായി. റഷ്യക്കാർ ഒരടി മുന്നോട്ടു നീങ്ങിയി ല്ല.

എന്റെ സ്കൂൾ ജീവിതകാലത്തെ ഒരനുഭവം മറ്റൊരുദാഹരണമായി പറയാം. മശ്ഹദ് നഗരത്തിൽ ഞങ്ങളുടെ ഒരധ്യാപകനുണ്ടായിരുന്നു. താനൊരു പ്രബുദ്ധ സാമൂഹ്യ ചിന്ത കനാണെനന്നു അദ്ദേഹം കരുതി. ചിത്രരചനയായിരുന്നു അദ്ദേഹം പഠിപ്പിച്ചിരുന്നത്. നമ്മുടെ പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരം ചിത്രരചനയാണ് എന്നദ്ദേഹം വാദിക്കാണു ണ്ടായിരുന്നു. സമൂഹത്തിൻറെ ബുദ്ധിമുട്ടുകളും അവയുടെ പരിഹാരവും ഞങ്ങൾക്ക് കാട്ടിത്തരാൻ ചിത്ര രചനയ്ക്ക് കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. തന്റെ ആശയം അവതരിപ്പിക്കുന്നതിന് അദ്ദേഹം മാതൃകകൾ തരിക പതിവായിരുന്നു. ഇറാനിൽ സഹവി ദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നു അദ്ദേഹത്തിന്റെ ഇതിനിവൃത്തങ്ങൾ ഏഷ്യയുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണം സഹവിദ്യാഭ്യാസ ത്തിന്റെ അഭാവമാണെന്ന് അദ്ദേഹം ചിന്തിച്ചു. യൂറോപ്യൻ സ്കൂൾ സമ്പ്രദായം അദ്ദേഹം തെളിവായി ചൂണ്ടിക്കാട്ടി. സ്ത്രീ പുരുഷ സ്വതന്ത്രമായി ഇടപഴകുന്ന മിശ്ര സ്കൂളുകളും ക്ലബ്ബുകളും സംഘടനകളും ഇറാൻ പ്രോത്സാഹിപ്പിക്കണെമെന്നും അദ്ദേഹം പറഞ്ഞു. തന്റെ പ്രേമനൈരാശ്യം തനിക്കു വരുത്തിയ വിന സമൂഹത്തിനൊ ട്ടാകെ ബാധമാക്കുകയായിരുന്നു അദ്ദേഹം.

ലൈംഗക നിയന്ത്രണങ്ങളാൽ ഇസ്ലാമിക സമൂഹങ്ങളിലെ ദുരിതങ്ങൾക്ക് ഹേതുവെന്ന് രക്ഷിതാക്കളെയും യുവാക്കളെയും വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന എഴുത്തുകാരും ചിന്തകരും ഇക്കാലത്തുമുണ്ട്. വേലിക്കെട്ടുകൾ നീക്കം ചെയ്തു സ്ത്രീ പുരുഷന്മാർ സ്വതന്ത്രമായി ഇടപഴകിയാൽ പൗരസ്ത്യ സമൂങ്ങളുടെ സകല ദുരിതങ്ങളും തീരുമെ ന്നാണ് അവരുടെ വാദം. എത്ര അഗാധമാണ് ഈ ദുരന്തമെന്നും യുതലമുറയുടെ ശ്രദ്ധ എത്രമാത്രം ഇതിലേക്ക് തിരിഞ്ഞിട്ടുണ്ടെന്നും ഇതിലേക്ക് നോക്കുക. രക്ഷിതാക്കൾ നിയ ന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെറുപ്പക്കാർ ശഠിച്ചു നിൽക്കുകയും ചെയ്യുമ്പോൾ സമൂഹം ലൈംഗിക സംഘർഷം നിമിത്തം പീഢിപ്പിക്കപ്പെടുന്നു. ലൈംഗികമായ സ്വതന്ത്ര്യമാണ് എല്ലാ കഷ്ടപ്പാടുകളുടേയും വേര് എന്ന് രക്ഷിതാക്കൾ കരുതുന്നു. അവരുടെ ആൺമക്കളും പെണ്ഡമക്കളും അതിനെ വിമോചനത്തിന്റെയും പുരോഗതി യുടെയും നാഗരികതയുടെയും സ്വാതന്ത്ര്യത്തിന്റെയും നിമിത്തമായി കാണുന്നു. ഈ നേട്ടങ്ങൾ “കൊളോണിയലിസ”ത്തിന് ഗുരുതരമായ പരിക്കുകളേൽപ്പിക്കുന്നു എന്നത്രെ സങ്കൽപ്പം! ആഫ്രിക്കയിലും ഏഷ്യയിലും വിശിഷ്യാ ഇസ്ലാമിക സമൂങ്ങളിലും ലൈംഗിക സ്വാതന്ത്ര്യത്തിനായുള്ള സമരം വമ്പിച്ച പ്രാധ്ന്യം നേടിക്കഴിഞ്ഞു. യഥാർത്ഥ ത്തിൽ സംഭവിക്കേണ്ട സാമ്രാജ്യത്വ വിരുദ്ധ സമരത്തെ തടഞ്ഞുനിർത്തുന്നതിനുള്ള ഒരു ജാടയാണ് വാസ്തവത്തിലിത്. ലോകം ഭരിക്കുന്ന ശക്തികൽക്ക് അപാരകമാവുന്ന പോരാട്ടം ഉയർന്നു വരാതെ അടക്കി നിർത്തുന്നതിന് വേണ്ടി ഒരുക്കിയതാണ് ലൈംഗിക

സ്വാതന്ത്ര്യ സമരം. മറ്റുതരത്തിലുള്ള സ്വാതന്ത്ര്യങ്ങൾക്ക് ബദലായി ലൈംഗിക സ്വാതന്ത്ര്യത്തെ ഉപയോഗിക്കുക. യുവതലമുറയുടെ ശ്രദ്ദ തെറ്റിച്ചും രാഷ്ട്രീയ, സാമ്പത്തിക സ്വാതന്ത്ര്യത്തിന് വേണ്ടി പരിശ്രമിക്കുന്നതിൽ നിന്നും അവരെ നിരുത്സാഹപ്പെടുത്തിയും കൊണ്ടാണ് അത് സാധിക്കുന്നത്.

തലയ്ക്ക് സ്വാതന്ത്ര്യം നൽകാതെ കാലിന് സ്വാതന്ത്ര്യം നൽകലാണ് ലൈംഗിക സ്വാതന്ത്ര്യം. ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ ഈ വിധമുള്ള സ്വാതന്ത്ര്യവം വന്നു കഴിഞ്ഞു. എന്നിട്ടും സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ ശേഷിക്കുന്നു. സൗന്ദര്യ സംവർദ്ധക വസ്തുക്കളുടെ ഉൽപാദനത്തിൽ ഇതിന്റെ സ്വാധീനം പ്രകടമാണ്. 1955 മുതൽ 1965 വരെയുള്ള കാലയളവിൽ സൗന്ദര്യ സംവർദ്ധക വസ്തുക്കളുടെ ഉപഭോഗം അഞ്ഞൂറ് മടങ്ങ് വർദ്ധിച്ചു. പക്ഷെ എന്തുകൊണ്ട്? ഉത്തരമിതാണ്. ഒരു പെൺകൊടി പാഠശാലയിൽ പോകുന്നു. പുസ്തകങ്ങൾ വായിക്കുന്നു. അറിവ് വർദ്ധിപ്പിക്കുന്നു. സാമൂഹ്യ-മാനവിക മൂല്യത്തിൽ ഒരു ബിരുദം നേടുന്നു. ആധുനിക മനുഷ്യന്റെ ഉത്തര വാദിത്തങ്ങളെ കുറിച്ച് ഒരു ധാരണയുണ്ടാക്കുന്നു. അവളുടെ മനസ്സിൽ മാനവിക മാതൃകകൾ വിടർന്നു വരുന്ന സമയം. അവളുടെ ബുദ്ധിപരമായ വളർച്ച മുരടിക്കുന്നു. "കീഴ്ഭാഗ"ത്തേക്ക് മാത്രം തിരിഞ്ഞുനിൽക്കുന്നവയാണ് അവളുടെ മാതൃകകൾ. ലൈംഗിക സ്വാതന്ത്ര്യത്തെക്കുറിച്ച് എഴുതിയും പ്രസംഗിച്ചും അവളുടെ ഊർജ്ജം പാഴാവുന്നു. ലൈംഗികതയെ കുറിച്ചുമാത്രം വ്യാകുലപ്പെടുന്ന ഒരു വിഭാഗം മറുവശത്ത് അവളെ എതിർക്കാൻ വരുന്നു. സമൂഹത്തിന് പത്തോ പതിനഞ്ചോ വർഷം പാഴാവുന്നു എന്നതാണ് ഇതിന്റെ അനന്തരഫലം.

പേർഷ്യൻ അക്ഷരമാലയുമായി ബന്ധപ്പെട്ടതാണ് മറ്റൊരുദാഹരണം. 1941– 53 കാലഘട്ടത്തിലെ ഇറാനിയൻ രാഷ്ട്രീയ സംഘർഷങ്ങളുടെ മൂർദ്ധന്യവേളയിൽ 11 ഒരുകൂട്ടം ബുദ്ധിജീവികൾ ഇങ്ങനെ പ്രചരിപ്പിച്ചു: "ഏഷ്യക്കാരേ! മുസ്‌ലിംകളെ, ഇറാനികളെ, പിന്നോക്കാവസ്ഥയും അധോഗതിയും കഷ്ടപ്പാടം വിശപ്പും രോഗവും അനുഭവിക്കുന്നവരെ, ഒന്നാമതായി നിങ്ങളെ ഗ്രസിച്ച ദുരിതങ്ങളുടെ മൂലകാരണം നിങ്ങൾ മനസ്സിലാക്കുക." പക്ഷെ അവർ പരിഗണിച്ച അടിസ്ഥാന കാരണം എന്താണ്? പേർഷ്യൻ അക്ഷരമാല എന്ന് ഉത്തരം. ചില പദങ്ങളിലെ അക്ഷരങ്ങൾ ആശയക്കുഴപ്പമുണ്ടാക്കുകയും സമയം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഇതായിരുന്നു അവരുടെ പ്രധാന എതിർപ്പ്. എഴുത്തിന് അൽപം സമയം വിനിയോഗിച്ചാൽ,, ആവിധം, വിനാശകരമായ ഫലങ്ങളുളവാക്കാൻ മാത്രം അത്ര കണിശമായി വകയിരുത്തിയതാണോ നമ്മുടെ സമയം? പേർഷ്യൻ അക്ഷരമാല കുറ്റമറ്റതാണെന്നല്ല ഞാൻ പറയുന്നത്. അക്ഷരമാലയിലെ ന്യൂനതകളാണ് സകല ദുരിതങ്ങൾക്കും പിന്നാക്കാവസ്ഥയ്ക്കും കാരണം എന്നവാദം ജനങ്ങളുടെ നിരക്ഷരതയാണ് റോഡിലെ കുഴികൾക്ക് കാരണം എന്നു കരുതുന്നതു പോലെയാണെന്നാണ് ഞാൻ പറയുന്നത്. കുഴികൾ നിലനിർത്തണമെന്ന് ഇതിനർത്ഥമില്ല. നമ്മുടെ ബുദ്ധിജീവികൾ തെറ്റായ വിഷയങ്ങളിലും ആശയക്കുഴപ്പം ബാധിച്ച പ്രശ്നങ്ങളിലും ഊർജ്ജം തുലച്ചിട്ടുണ്ടെന്നേ ഇതിനർത്ഥമുള്ളൂ. ഇനി നാം അക്ഷരമാല മാറ്റിയെന്ന് സങ്കൽപിക്കുക. എങ്കിൽ നാം മറ്റൊരു തുർക്കിയായി തീരും. നമ്മുടേതിനാക്കാൾ നന്നോ തുർക്കികളുടെ സ്ഥിതി? തുർക്കിയേക്കാൽ ഏറെ പിറകിലാണോ നാം? ആണെന്നു വെക്കുക എന്നാലതിന്റെ കാരണം നമ്മുടെ അക്ഷരമാലയാണ? അക്ഷരമാലയാണ് പിന്നോക്കാവസ്ഥയ്ക്ക് ഹേതുവെങ്കിൽ ജപ്പാനും ചൈനയുമാകേണ്ടിയിരുന്നു ലോകത്തിലെ ഏറ്റവും പിന്നോക്ക രാജ്യങ്ങൾ.

ഇറാനിലെ മുഴുവൻ പ്രശ്നങ്ങളുടെയല്ലെങ്കിലും ചുരുങ്ങിയ പക്ഷം നിരക്ഷരതയുടെയെങ്കിലും അടിസ്ഥാന കാരണം നമ്മുടെ അക്ഷരമാലയാണെന്ന് പോലും ചിലർ പറഞ്ഞു. ജനങ്ങളെ നിരക്ഷരരാക്കി നിലനിർത്തുന്നതിൽ സ്ഥാപിത താൽപര്യമുള്ള ആളുകളാണ് നിരക്ഷരതയ്ക്ക് കാരണം. എന്ന് ഞാൻ വാദിക്കുന്നു. ആയിരത്തിലേറെ അക്ഷരങ്ങളുള്ള ഭാഷകളുണ്ട്. പക്ഷെ അവ സാക്ഷരതയുടെ വഴിയിലെ പ്രതിബന്ധമായിട്ടില്ല. സ്പെയിൻ

ഇസ്‌ലിമിന്നതീതമായിരുന്ന മൂന്നു മുതൽ ഒമ്പതു വരെയുള്ള ശതകങ്ങളിലെ ഇസ്‌ലാമിക ചരിത്രം ഉദാഹരണമായെടുക്കുക. നിരക്ഷരത ആ കാലത്ത് പൂർണ്ണമായി തുടച്ചു നീക്കപ്പെട്ടിരുന്നു. ആയിരം വർഷം മുമ്പ് കൊർഡോവയിൽ ഒരൊറ്റ നിരക്ഷരനും ഉണ്ടായിരുന്നില്ല. ലിപിയുടെ സങ്കീർണ്ണതയാണ് ദുരിതങ്ങളുടെ നിമിത്തം എന്ന് ആരോ പിക്കുന്നവർ ജനശ്രദ്ധ യതാർത്ഥ പ്രശ്നങ്ങളിൽ തിരിച്ചു വിടാൻ ശ്രമിക്കുകയാണ്. നിര ക്ഷരതയിൽ നിന്ന് മുതലെടുക്കുന്നവരാണവർ.

“പുസ്തകം കത്തിക്കൽ” പ്രശ്നമാണ് മറ്റൊരുദാഹരണം. ഈ പ്രശ്നം കുറച്ചു കാല ത്തേക്ക് നമ്മുടെ സമൂഹത്തെ ആ കുലപ്പെടുത്തി.12 നമ്മുടെ പ്രശ്നങ്ങൾ ഭൂ പ്രഭുത്വത്തി ന്റേയോ ബാഹ്യ സാഹചര്യങ്ങളുടേയോ ആന്തരികാധഃപതനത്തിന്റേയോ സൃഷ്ടിയല്ല. എന്ന് വാദിക്കുന്ന ബുദ്ധിജീവികൾ ഉണ്ടായിരുന്നു. കവികൾ തങ്ങളുടെ യജമാനത്തി കളെ വർണ്ണിച്ച രീതിയാണ് ദുരിതങ്ങളുടെ നിമിത്തം പക്ഷക്കാർ നമ്മുടെ കവികളുടെ, വിശ്ഷ്യാ, ഹാഫിസിന്റെ, വികാരവർണ്ണങ്ങൾ നമ്മുടെ സമൂഹത്തെ അലക്ഷ്യഭാവത്തി ലേക്കും ഭാവഗീതികളിലേക്കും കവിതയിലേക്കും സാഹിത്യത്തിലേക്കും നയിച്ചിട്ടുണ്ടെ ന്നതാണ് അവരുടെ ന്യായം. ഇതിന്റെ പരിഹാരാർത്ഥം ഈ ആളുകളും അവരുടെ അനു യായികളും ആഴ്ചയിൽ ഒരിക്കൽ ഒരുമിച്ചു കൂടി തെരഞ്ഞെടുത് പുസ്തകങ്ങൾ കത്തി ച്ചു. പ്രസംഗങ്ങളും ആവേശപ്രകടനങ്ങളും ഉത്സവപ്രതീതിയുടെ അകമ്പടിയുമുള്ള ചട ങ്ങായിരുന്നു ഇത്. പരമ്പരാഗത ഇറാനിയൻ കവിതയെ ന്യായീകരിക്കുകയല്ല എന്റെ ലക്ഷ്യം. ഇറാനിലെ പ്രശ്നങ്ങളുടെ യഥാർത്ഥ കാരണങ്ങൾ വിസ്മൃതമാക്കുന്നതിന് വേണ്ടി തെറ്റായ മാർഗ്ഗസൂചന നൽകുക എന്ന ഉദ്ദേശ്യത്തോടെ ഉയർത്തിക്കൊണ്ടു വന്ന താണ് ഈ പ്രശ്നം എന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ് എന്റെ ഉദ്ദേശ്യം. പുസ്തകം കത്തിക്കലിനെ ന്യായീകരിച്ചും അധിക്ഷേപിച്ചും മികച്ച അവസരങ്ങളും മികച്ച പ്രതിഭ കളും പാഴായി. അതേസമയം യഥാർത്ഥ കുറ്റവാളികൾ സമാധാനത്തോടെ സുരക്ഷിത മായി ജീവിക്കുകയാണ്.

ശ്രീമാൻ കിസ്റവിയെക്കുറിച്ച് ഒരിക്കൽ എന്നോടാരോ അഭിപ്രായം ചോദിച്ചു. എനിക്കേ തൊരു കാര്യവുമ മാറ്റുരച്ചു നോക്കുവാൻ തത്വമുണ്ടെന്നു ഞാൻ മറുപടി പറഞ്ഞു. ഈ യാളുകളുടെ എല്ലാ ആശയങ്ങളും ഞാൻ ചർച്ച ചെയ്യുന്നില്ല. ആറാമത്തെ ശിയാ ഇമാം ജഅ്ഫർ സ്വാദിഖിനെ കുറിച്ചോ സുന്നിസത്തെകുറിച്ചോ ശീഇസത്തെ കുറിച്ചോ ഇസ് ലാമിനെയും അതിന്റെ ചരിത്രത്തെയും സാഹ്ത്യത്തെയും കുറിച്ചുള്ള സിസ്റവിയുടെ വിമർശനങ്ങൾ സാധുവാണോ അല്ലേ എന്നു ഞാൻ അന്വേഷിക്കുന്നില്ല. അവ സാധുവാ ണെന്ന് തന്നെ ഞാൻ സങ്കൽപിക്കുന്നു. 1941-49കാലയളവിലെ നമ്മുടെ സമൂഹത്തിന്റെ സവിശേഷമായ ചിരിത്രദശയും കിസ്റവി കൃതികൾ നമ്മുടെ യുവ തലമുറ യിലുണ്ടാക്കിയ ആഴമുള്ള സ്വാധീനം കണക്കിലെടിക്കുമ്പോൾ അദ്ദേഹം വിവരിച്ച സംഗ തികൾ ഉയർത്തിയ വിഷയങ്ങളുമായിരുന്നോ ഏറ്റം ആവശ്യവും അടിസഥാന പരവു മായ പ്രശ്നങ്ങൾ എന്നതാണ് പ്രശ്നം. ആ പ്രത്യേക സമയത്ത് (1949നു ശേഷം) എല്ലാ ആക്രമണങ്ങളും മതപരമായ കാര്യങ്ങൾക്കെതിരെയും ഹാഫിസ്റ്റെ ജീരിണിക്കെതി രെയും തിരിച്ചു  പിടിച്ചതെന്തിനായിരുന്നു? നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയ ദുരന്തം അതാണെന്ന മട്ടിൽ? ആംഗ്ലോ ഇറാനിയൻ ഓയിൽ കമ്പിനിയെക്കുറിച്ച് ഒരു സൂചന പോലും ഉണ്ടായില്ല.. ഇതെന്തുകൊണ്ട്? താരതമ്യേന ജനാധിപത്യാഭിമുഖമായ ഇക്കാലഘട്ടത്തിൽ ഉയർത്തപ്പെടേണ്ടിയിരുന്ന ഏറ്റവും അനിവാര്യമായ അടിസ്ഥാന പ്രശ്നം എന്തായിരുന്നു? ഇറാനിൻരെ ദുരന്തങ്ങളുടെ മുഴുവൻ ഹേതു ഹാഫിസ് കണ്ടെ ത്തുകയായിരുന്നോ? അതോ ലോകത്ത് നിലനിന്നിരുന്ന സാമ്പത്തിക, രാഷ്ട്രീയ, സാമ്രാജ്യത്വ സാഹചര്യങ്ങളെ വിലയിരുത്തുകയോ? രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനുള്ള സന്ദർഭം പലപ്പോഴും സ്വയം സംജാതമാവുകയില്ല.

മേൽ ചർച്ചയിൽ നിന്ന് ഒരു പൊതുതത്വം നിർദ്ധാരണം ചെയ്തെടുക്കാം. ശാസ്ത്രീ യവും ദാർശനികവും സാങ്കേതികവും കലാപരവും തത്തുല്യവുമായ വേറെയും പ്രശ്ന ങ്ങളെ കുറിച്ച വാദപ്രതിവാദങ്ങൾ താർക്കികമായ വിലയിരുത്തലിനും പുനപരിശോധ

നയ്ക്കും വിധേയമാക്കുക എന്ന ധാരാളിത്തം അക്കാദമിക സ്ഥാപനങ്ങളിൽ നടക്കാറുണ്ട്. ഓരോരുത്തരും തങ്ങളുടേതായ പ്രത്യേകാഭിമതം പ്രകടിപ്പിക്കും. പരീക്ഷണങ്ങൾ ബലപ്പെടുത്തുകയും ശാസ്ത്രീയ നിയമങ്ങളുടെ പരീക്ഷയെ അതിജീവിക്കുകയും ചെയ്യുന്ന കാഴ്ചപ്പാടാണ് നിലനിൽക്കുകയും സ്വീകരിക്കപ്പെടുകയും ചെയ്യുക. സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ച സിദ്ധാന്തങ്ങൾക്ക് യുക്തിപരമായഘനം മാത്രം മതിയാവുകയില്ല. വാദം അഥവാ സിദ്ധാന്തത്തിന്റെ സന്ദർഭം കൂടി പരിഗണിക്കേണ്ടതുണ്ട്. അനുയോജ്യമല്ലാത്ത സമയത്തും കാലഘട്ടത്തിലുമാണ് പ്രകടിപ്പിക്കുന്നതെങ്കിൽ അന്യത്ര ശരിയും പ്രസ്താവന തന്നെ നിഷ്ഫലമായി ഭവിക്കാം. തെളിവിൻരെ പിന്ബലമില്ലാത്ത വാദം ചില പ്രത്യേക അന്തരീക്ഷത്തിൽ പ്രസക്തമായ ഫലമുണ്ടാക്കിയെന്നു വരും. ആഫ്രിക്കയിലെ സമീപകാല സമരങ്ങളിൽ അവിടത്തെ നേതാക്കളും പ്രബുദ്ധ വ്യക്തികളും തങ്ങളുടെ ലക്ഷ്യം നേടുന്നതിന് ജനങ്ങളുടെ നാടോടിക്കഥതോതിൽ ആശ്രയിച്ചത് ഉദാഹരണം. ഒരുവൻ തന്റെ ശത്രുവിനെ പരിക്കേൽപിച്ചു വിടുക മാത്രം ചെയ്താൽ ആത്മാവ് പകരം വീട്ടുമെന്നും മുറിപ്പെടുത്തിയവനെ കൊല്ലുമെന്നുമുള്ള ബഹുജന വിശ്വാസം അവർ മുതലെടുത്തു. ശത്രു ആത്മാക്കളുടെ പ്രതികാരം ഒഴിവാക്കുന്നതിന്, സ്വാഭാവികമായും ആഫ്രിക്കക്കാരൻ തന്റെ ശത്രുവിനെ കൊല്ലാൻ തന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചു. ശാസ്ത്രീയട്ശാനമില്ല ഈ വിശ്വാസത്തിന്. യുക്തിപരമായി നോക്കിയാൽ വ്യാജവുമാണത്. എന്നിട്ടും സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിൽ പ്രബുദ്ധ വ്യക്തികൾ അതിനെ ഫലപ്രദമായ ഒരായുധമായി ഉപയോഗിച്ചു. ദേശീയതയാണ് മറ്റൊരു ഉദാഹരണം. മധ്യകാലഘട്ടത്തിന്റെ അവസാനത്തിൽ യൂറോപ്യന രാജ്യങ്ങളിൽ വളരെ ക്രിയാത്മകമായ പങ്കാണ് വഹിച്ചത്. എന്നാൽ ആഫ്രിക്കയിലത് ഇപ്പോൾ നിഷേധാത്മകമായ പങ്ക് വഹിക്കുന്നു. പൊതുവായ വിധിയെ അഭിമുഖീകരിക്കയാൽ ഒറ്റക്കെട്ടായി നിൽക്കേണ്ട വൻ കരയായ കറുത്ത ആഫ്രിക്കയെ ദേശീയത, സാമ്രാജ്യത്വത്തിന്റെ മൂക്കിനു മുമ്പിൽ വെച്ച്, കഷണം കഷണമാക്കുന്നു. ഇതിനു വിപരീതമായി യൂറോപ്പിനെ കീഴടക്കുന്നതിനുവേണ്ടി ക്രൈസ്തവതയെ ആയുധമാക്കിയ പോപ്പിന്റെ നുകത്തിൽ നിന്നും ദേശീയത യൂറോപ്യൻ സമൂഹത്തെ മധ്യകാലഘട്ടങ്ങളുടെ അന്ത്യത്തിൽ വിമോചിപ്പിച്ചു.

1950കളിൽ അൾജീരിയയിൽ ജനങ്ങൾ ഭിന്നിപ്പിക്കുകയും വിവിധ വിഭാഗങ്ങളാക്കുകയും അങ്ങിനെ ഉത്തരാഫ്രിക്കയിൽ വൻ നാശം വിതയ്ക്കുകയും ചെയ്യുന്നതിനായി സാമ്രാജ്യത്വ ശക്തികൾ റൂസ്സോ, വോൾട്ടയർ, മോറിസ് തുടങ്ങിയ ചിന്തകരുടെപുരോഗമനാത്മകമായ ചിന്തകൾ പ്രചരിപ്പിച്ചു. ശാസ്ത്രീയവും ദേശീയതയിൽ ഊന്നിന്നവയുമായിരുന്നു ആ ചിന്തകൾ. ഓരോ ദോശീയതയ്ക്കും സ്വന്തമായ രാഷ്ട്രമുണ്ടാവണമെന്ന ദേശീയവാദത്തിന്റെ കേന്ദ്രസിദ്ധാന്തം, അതുവരെ ഇസ്ലാമിക വിശ്വാസം മൂലം ഐക്യത്തിലായിരുന്ന അറബികളെ ഭിന്നിപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തി. അങ്ങനെ അവർ ഫ്രഞ്ച് സാമ്രാജ്യത്വത്തിന്റെ ഇരകളായിത്തീർന്നു. പൊതുശത്രുവിനെതിരെ അണിനിരക്കുന്നതിനു പകരം അരബ്-ബെർബർ ദേശീയവാദികൾ അന്യോന്യംപൊരുതികയാണ്[14]. ചുരുക്കത്തിൽ ഒരു സാമൂഹ്യ സിന്ധാന്തം അവതരിക്കപ്പെടുമ്പോൾ, അതിന്റെ വിധ്യാത്മകവും ധ്യണാത്മകവുമായ വിലയിരുത്തുന്നതിന് മുമ്പായി, അത് മുമ്പോട്ട് വെക്കപ്പെട്ട സന്ദർഭവും അതിന്റെ പ്രത്യാഘാതങ്ങളും മനസ്സിലാക്കേണ്ടതുണ്ട്. "വ്യാജകരാറുകൾ" അല്ലെങ്കിൽ"വ്യാജസമഛേദം" എന്ന സംഗതിയാണ് എന്റെ ചർച്ചയിലെ മറ്റൊരുദാഹരണം. ബന്ധുക്കളായ രണ്ടു വിഭാഗങ്ങൾക്കിടയിൽ ഉപരിതലത്തിലുള്ള അല്ലെങ്കിൽ തെറ്റായ കണ്ണികളുണ്ടാക്കാനും സാധിക്കും. ആഫ്രിക്കയിലും ലാറ്റിനമരിക്കയിലും ഇസ്ലാമിക പൂർവ്വ ദേശങ്ങളിലും പറ്റിയ തന്ത്രമാണത്. പൊതുവായ മതം, ദേശീയത, മാനവികതാവാദം, എന്നീ തത്വങ്ങളെ ദുരുപയോഗിച്ചുകൊണ്ടിരുന്നു ഇത്. നിയമാനുസൃതമാണ് ഈ മൂന്നു ചിന്തകളും എന്നാൽ തെറ്റായ സമയത്തും സ്ഥലത്തും പ്രയോഗിച്ചാൽ പരസ്പരം പൊരുതേണ്ട ജനവിഭാഗങ്ങൾക്കിടയിൽ ഐക്യമുണ്ടാക്കാനുള്ള ഉപകരണമായി അവ എളുപ്പം മാറ്റിയെടുക്കാം. ദേശീയതാ വാദവുമായി ഏറ്റുമുട്ടുന്നതിനുപയോഗിക്കുന്ന ചിന്താപദ്ധതിയാണ് മാനവികതാവാദം. ആഫ്രിക്ക, ഏഷ്യ, ലാറ്റിനമേരിക്ക എന്നിവിടങ്ങളിൽ ദേശീയതാവാദം പുരോഗനാത്മകമായ സാമ്രാജ്യത്വ വിരുദ്ധമു

ന്നണിയായിത്തീർന്നതാണ് ഇതിന് കാരണം. മൂന്നാം ലോകത്ത് വിശിഷ്യാ ആഫ്രിക്കയിൽ മാർകിസിസത്തേക്കാൾ  പുരോഗനാത്മകമാണ് ദേശീയതാ വാദം. ഔദ്യോഗിക മാർക്സിസത്തിൽ നിന്ന് അത് സ്വാതന്ത്ര്യസമര നായകത്വം കൈവശമാക്കിയിരിക്കുന്നു.

ഇതര രാഷ്ട്രങ്ങളുടെ ഭാഗധേയം നിയന്ത്രിക്കുന്ന വിശ്വശക്തികൾ മാനവികതാ വാദത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. കോളണി രാജ്യങ്ങൾക്കും സാമ്രാജ്യത്വ ശക്തികൾക്കുമിടയിൽ വ്യാജവും ബഹിർ ഭാഗസ്ഥവുമായ ബന്ധം സ്ഥാപിക്കുന്നതിന് വേണ്ടിയാണിത്. ഈ രണ്ട് എതിർ ധ്രുവങ്ങൾ തമ്മിൽ പ്രകൃത്യായുള്ള വൈരവും സംഘർഷ ശത്രുതകളും ഇല്ലാതാക്കുകയും അവയ്ക്കിടയിൽ നിഗൂഢാത്മകവും മാനവികതാവാദപരവും സാമാന്യവുമായ സമാധാനമുണ്ടാക്കുകയാണ് അതിന്റെ ഉദ്ദേശ്യം. മാനവികതാവാദത്തിന്റെ ദാർശനികമോ ശാസ്ത്രീയമോ ആയ വശങ്ങളെക്കുറിച്ചല്ല, തീർച്ചയായും, ഞാൻ സംസാരിക്കുന്നത്. മാനവ വംശത്തിന്റെ ഏകത പാവനമായ ഒരു സത്യമാണ്. ഈ പാവന സത്യത്തെ ആർ എപ്പോൾ എന്തുദ്ദേശ്യത്തിന് ഉപയോഗപ്പെടുത്തുന്നു എന്നീ ചോദ്യങ്ങളാണ് ഞാനുന്നയിക്കുന്നത്. പാശ്ചാത്യരും പൗരസ്ത്യരും, കോളനിയുണ്ടാക്കുന്നവരും കോളനിയാക്കപ്പെട്ടവരും ഒരേ ലാവണത്തിലെ അംഗങ്ങളാവുമോ?

ഒരു പ്രത്യേക ദേശത്തെ ഉദ്ദേശിച്ച് തെറ്റായ രീതിയിൽ പ്രയോഗിക്കുമ്പോൾ ദേശീയതാ വാദം ഒരു മറയായി ഭവിക്കുന്നു. ചോരയുടെ അടിസ്ഥാനത്തിൽ കൃതിമമായ ഐക്യവും ബന്ധവും സ്ഥാപിക്കുന്നതിനുള്ള ഒരു മാർഗ്ഗം. എന്നാൽ യഥാർത്ഥത്തിൽ അവരീ ആശയത്തിൽ വിശ്വസിക്കുന്നില്ല. ദേശീയതാ വാദത്തിന്റെ പേരിൽ ജനങ്ങലുടെ രക്തം കുടിക്കുകയാണവർ. ഇതിൽ ഒരു പ്രച്ഛന്ന ഹാസ്യമുണ്ട്. രക്തത്തിന്റെ മാത്രം അടിസ്ഥാനത്തിലാണല്ലോ ഈ ബന്ധം. അട്ടയുടെയും അതിന്റെ ഇരയുടെയും രക്തം ഒന്നു തന്നെയാണ്.

പൊതുവായ മതവിശ്വാസങ്ങളും ആചാരങ്ങളും നിലനിൽക്കുന്നു എന്ന ഭാവേന ചൂഷകർക്കും ചൂഷിതർക്കുമിടയിൽ വ്യാജവും കൃതിമവുമായ ബന്ധം സൃഷ്ടിക്കുന്നതിനു വേണ്ടി മതത്തെ ഉപയോഗപ്പെടുത്താറുണ്ട്. മതാചാരങ്ങളും മുദ്രാവാക്യങ്ങളും തെറ്റായ സിദ്ധാന്ത പ്രബോധനവും ഈ ഉദ്ദേശ്യ സാധ്യത്തിനുവേണ്ടി എളുപ്പം ദുരിപയോഗപ്പെടുത്തപ്പെടുന്നു. തത്ഫലമായി യഥാർത്ഥത്തിൽ ശത്രുക്കളായി വർത്തിക്കേണ്ടവർ "മതസാഹോജര്യം" എന്ന വ്യാജസങ്കൽപ്പത്തിൽ അന്യോന്യംബന്ധിക്കപ്പെടുന്നു.

ഈ പറഞ്ഞതിൽ നിന്നെല്ലാം പ്രബുദ്ധാത്മാക്കളുടെ ഏറ്റവും വലിയ ഉത്തരവാദിത്തം തന്റെ സമൂഹത്തിന്റെ സമൂഹത്തിന്റെ പിന്നോക്കാവസ്ഥയുടെ കാരണങ്ങൽ തിരിച്ചറിയുകയും തന്റെ ചുറ്റുപാടിലെ ജനങ്ങളുടെ അധഃപതനത്തിന്റെയും സ്തംഭനാവസ്ഥയുടെയും ശരിയായ കാരണം കണ്ടെത്തുകയുമാണെന്ന് സിദ്ധിക്കുന്നു. അതിലുപി, നിദ്രാധീനരും അജ്ഞരുമായ സമൂഹത്തെ അതിന്റെ ദുശ്ശകുനം ബാധിച്ച ചരിത്ര സാമൂഹ്യപരിതാവസ്ഥയുടെ അടിസ്ഥാന കാരണം പഠിപ്പിച്ചു കൊടുക്കണം അയാൾ. തുടർന്ന് തന്റെ സമൂഹത്തിന്റെ വിഭവങ്ങളെയും ഉത്തരവാദിത്തങ്ങളെയും ആവശ്യങ്ങളും കഷ്ടപ്പാടുകളെയും അടിസ്ഥാനപ്പെടുത്തി തന്റെ ജനതയെ നിലവിലുള്ള വ്യവസ്ഥയിൽ നിന്ന് മോചിപ്പിക്കാനുതകുന്ന പരിഹാരങ്ങളും കാണണം. സമൂഹത്തിന്റെ വിഭവങ്ങൾ ഉചിതമായി പ്രയോജനപ്പെടുത്തിയുംദുരിതങ്ങൾ കൃത്യമായി നിർണ്ണയിച്ചും പ്രബുദ്ധവ്യക്തി ദുരിതങ്ങൾക്കും സാമൂഹ്യദീനങ്ങൾക്കും വിലക്ഷണതകൾക്കുമിടയിലെ ആകസ്മിക ബന്ധവും മറ്റനവധി ആഭ്യന്തര-ബാഹ്യ ഘടകങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കണം. അവസാനമായി തന്റെ കണ്ടെത്തലുകൾ സഹപ്രവർത്തകരുടെ പരിമിതമായ വൃത്തത്തിനു പുറത്തെ മൊത്തം സമൂഹത്തിലേക്ക് സാംക്രമിപ്പിക്കുകയും വേണം.

ഏത് സമൂഹത്തിലും പ്രവർത്തനക്ഷമമായ ദ്വന്ദാത്മക വൈരുധ്യങ്ങൾ സമൂഹത്തെ നിർബന്ധമായും സ്വാതന്ത്ര്യത്തിലേക്കും വിപ്ലവത്തിലേക്കും നയിക്കുമെന്നും അങ്ങിനെ ഒരു പുതിയ അവസ്ഥ പിറവിയെടുക്കുമെന്നും സമകാലികരായ ബുദ്ധിജീവികൾ

പൊതുവെ വിശ്വസിക്കുന്നു. ഈ ന്യായപ്രകാരം 'ദാരിദ്ര്യം' അഥവാ വർഗ്ഗ വ്യത്യാസങ്ങൾ സാമൂഹ്യ സംഘർഷങ്ങൾ നിലനിൽക്കുന്നു എന്നതിന്റെ പ്രതീക സൂചനയാണ്. ഇത് ഇനിവാര്യമായും ഒരു ദ്വന്ദാത്മക വൈരുധ്യത്തിലേക്ക് വഴി തുറക്കുന്നു. തൽഫലമായി സമൂഹത്തിൽ ചലനമുണ്ടാവുന്നു. വാസ്തവ്തതിൽ വലിയൊരു മിഥ്യയാണിത്. വർഗ്ഗ വ്യത്യാസങ്ങൾ നിലനിൽക്കുന്നുവെന്നതുകൊണ്ടു മാത്രമോ സമ്പന്നർക്കും ദരിദ്രർക്കുമിടയിൽ വമ്പിച്ച അസമത്വം ഉണ്ട് എന്നതിനാലോ ഒരു സമൂഹവും ചലിക്കപ്പെടുകയോ സ്വാതന്ത്ര്യം നേടുകയോ ചെയ്യുന്നില്ല. ഘടനാപരമായ യാതൊരു പരിവർത്തനത്തിനും കാരണമാവാതെ ദാരിദ്രവും വർഗ്ഗസംഘർഷവും ഒരു സമൂഹത്തിൽ സഹസ്രാബ്ദങ്ങളോളം നിലനിൽക്കുന്നു. ദ്വന്ദാത്മകതയ്ക്ക് ആന്തരിക ചലനം ഉണ്ടാവില്ല.

സാമൂഹ്യ സംഘർഷത്തെ സമൂഹത്തിനകത്ത് നിന്ന് അതിലെ അംഗങ്ങളുടെ ബോധതലത്തിലേക്ക് സാംക്രമിപ്പിക്കുമ്പോഴാണ് ചലനമുണ്ടാവുക എന്ന വസ്തുത പരിഗണിക്കുമ്പോൾ പ്രബുദ്ധ വ്യക്തിയുടെ ഉത്തരവാദിത്തം എന്തെന്ന് വ്യക്തമാവുന്നു. ചുരുക്കത്തിൽ "തന്റെ സമൂഹത്തിന്റെ പോരായ്മകളും വിലക്ഷണതകളും സമൂഹത്തിലെ അംഗങ്ങളുടെ ബോധത്തിലേക്കും മനസ്സിലേക്കും സാംക്രമിപ്പിക്കലാണത്." സമൂഹം അവിടെ നിന്ന് അത് ഏറ്റെടുത്തുകൊള്ളും. നിലനിൽക്കുന്ന സാമൂഹ്യ സംഘർഷങ്ങളെയും അവയുടെ ശരിയായ കാരണങ്ങളെക്കുറിച്ചും ബോധമുള്ള, തന്റെ കാലഘട്ടത്തിന്റെയും തലമുറയുടെയും മനസ്സിലാക്കുന്ന, സമൂഹത്തെ മോചിപ്പിക്കുന്നതിനാവശ്യമായ പരിഹാര മാർഗ്ഗങ്ങൾ പ്രദാനം ചെയ്യാനുള്ള ഉത്തരവാദിത്തമേൽക്കുന്ന, സമൂഹത്തെ അതിന്റെ പൊതുലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും രൂപ പ്പെടുത്തുന്നതിനുംനിർവചിക്കുന്നതിനും സഹായിക്കുന്ന, അവസാനമായി വഴി മുട്ടി നിൽക്കുന്ന വിവരമില്ലാത്ത സമൂഹത്തെ പഠിപ്പിക്കുന്നതിലും ചലിപ്പിക്കുന്നലും പങ്കു വഹിക്കുന്ന വ്യക്തിയാണ് പ്രബുദ്ധൻ. ഇത് വേറൊരു നിർവ്വചനമാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ സമകാലിക പ്രബുദ്ധ വ്യക്തി പ്രവാചകന്മാരുടെ പാതകളിലൂടെയാണ് മുമ്പോട്ട് നീങ്ങേണ്ടത്. "മാർഗ്ഗദർശനം" അരുളുകയും നീതിക്കുവേണ്ടി പ്രവർത്തിക്കുകയുമാണ് അയാളുടെ ദൗത്യം. തന്റെ കാലത്ത് ചേർന്ന ഭാഷയായിരിക്കും അയാളുടേത്. സമൂഹത്തിന്റെ സാംസ്കാരിക മൂല്യങ്ങൾക്ക് അനുരൂപമായിരിക്കും അയാൾ നിർദ്ദേശിക്കുന്ന പരിഹാരങ്ങൾ.

" നാം എവിടെ തുടങ്ങണം" എന്ന ചോദ്യം ഇക്കാരണത്താൽ അപ്രസക്തമാവുന്നു. "നമ്മുടെ സമൂഹത്തിൽ നാം എവിടെ നിന്നു തുടങ്ങണം" എന്നാണ് ചോദിക്കേണ്ടത്. ചരിത്രപരമായി പറഞ്ഞാൽ മുസ്ലിം സമൂഹം എവിടെ എത്തിനിൽക്കുന്നു എന്നു നോക്കുകയാണ് നമ്മുടെ ഏറ്റം വലുതും ഒഴിച്ചു കൂടാനാവാത്തതുമായ ഉത്തരവാദിത്തം. ഇരുപതാം നൂറ്റാണ്ടിലെ യൂറോപ്പിലെ അതേ സാഹചര്യത്തിലാണോ മുസ്ലിംകൾ ജീവിക്കുന്നത്? യൂറോപ്യൻ പരിഹാരങ്ങളും പ്രത്യയശാസ്ത്രങ്ങളും എഴുത്തുകാരുമൊക്കെ മുസ്ലിം കൾക്ക് പ്രയോജകീഭവിക്കുമോ? മുസ് ലിംകൾ നിലകൊള്ളുന്നത് വ്യവസായി കാലഘട്ടത്തിലാണോ? വ്യവസായിക സമൂഹങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ തന്നെയാണോ മുസ്ലിംകളുടേതും? ആധുനിക ബൂർഷ്വാ കാലഘട്ടത്തിലെത്തിയിട്ടുണ്ടോ മുസ്ലിംകൾ? മതഭരണത്തിന്റെ യുഗം അവർ പിന്നിട്ടു കഴിഞ്ഞുവോ? ഏതെങ്കിലും തരത്തിലുള്ള മതനവീകരണം അവരിൽ നടക്കുന്നുവോ? നവോത്ഥാന കാലത്തോ ഫ്രഞ്ചു വിപ്ലവകാലത്തോ യൂറോപ്പിലുണ്ടായിരുന്ന സാഹചര്യം തന്നെയാണോ മുസ്ലിംകളുടേത്? മുസലിം സംസ്കാരത്തിന്റെ സവിശേഷത എങ്ങനെ നിർണ്ണയിക്കും? മുസ്ലിം സമൂഹത്തിന്റെ ചരിത്ര സാഹചര്യവും സംസ്കാരവും ഒരിക്കൽ മനസ്സിലാക്കിയാൽ തങ്ങളുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും എന്താണെന്ന് പ്രബുദ്ധരും സാധാരണക്കാരും മനസ്സിലാക്കും.

മധ്യകാലഘട്ടിത്തിലെ അന്ത്യത്തിലും നവോത്ഥാനത്തിന്റെ ആരംഭദശയിലും പാശ്ചാത്യർ എവിടെയായിരുന്നുവോ അവിടെയാണ്, ചരിത്രപരമായി പറയുകയാണെങ്കിൽ, ഇക്കാലത്തെ മുസ്ലിംകൾ. അന്നത്തേതുപോലെ സാമൂഹുകവും ബുദ്ധിപരവപമായ പരി

വർത്തനത്തിന്റെ ദശയാണിത് മുസ്ലിംകൾക്ക്. സാമ്പത്തികമായി "കാർഷിക വിപണി" അഥവാ ഇടത്തരം ബൂർഷ്വാ സമ്പ്രദായമാണ് ഇസ്ലാമിക സമൂഹങ്ങളിൽ പ്രമുഖം. മറ്റു വാക്കുകളിൽ, കാർഷികോൽപ്പാദനമാണ് സമ്പദ്വ്യവസ്ഥയുടെ ഏറ്റം വലുതും അടി സ്ഥാനപരവുമായ അടിത്തറ. അല്ലാതെ പൊതുവെ മനസ്സിലാക്കപ്പെടുന്നതു പോലെ നഗ രവിപണി സമ്പദ്വ്യവസ്ഥയോ മുതലാളിത്തമോ അല്ല. കാരണം ഫ്രഞ്ച് വിപ്ലവത്തിന് വലിയ സംഭാവനകൾ നൽകിയ യൂറോപ്യൻ ബൂർഷ്വാസി ഇന്നത്തെ ഇറാനിലേയോ മറ്റെവിടത്തേയോ ഇസ്ലാമിക സമൂഹങ്ങളിൽ നിന്നും വ്യത്യസ്തമാണ്. ചന്തയിലം കച്ച വടക്കാരനാണ് ഇസ്ലാമിക സമൂഹങ്ങളിൽ ബൂർഷ്വ; നവീന വ്യവസായ ബാങ്കിംഗ് പ്രമാണിമാരല്ല. കുറേകൂടി കൃത്യമായിപ്പറഞ്ഞാൽ അങ്ങാടിയിലെ വ്യാപാരികൾക്ക് ആധുനിക ബൂർഷ്വാസിയുടെ വീറും ചുണയുമില്ല. കാർഷിക മേഖലയ്ക്കും ഉപഭോക്താ വിനുമിടയിൽ മധ്യവർത്തികൾ മാത്രമാണവർ. പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ ഉണ്ടായിരുന്നതിന് സമാനമായ ഒരു പുതിയ ബൂർഷ്വാവിഭാഗം ഉണ്ടായിരുന്നുഎന്നതിൽ സംശയമില്ല. പക്ഷെ അതിന് അക്കാലത്തെയത്ര സ്വാധീനമില്ല. ഇറാനിലെ പുതിയ ബൂർഷ്വകൾ തങ്ങളുടെ പഴയ പീടികകൾക്ക് പകരം പുതിയവ സ്ഥാപിച്ചു. പരമ്പരാഗത സമൂഹങ്ങളിൽ പടിഞ്ഞാറൻ സംസ്കാരം പ്രചരിപ്പിക്കുന്നതിനുള്ള ഇടനിലക്കാരായി ത്തീരുക മാത്രമാണ് അവർ ഇതിലൂടെ. ഗ്രാമീണോൽപ്പാദനത്തിന്റെ ചെലവിൽ നഗ രോൽപാദനം വർധിപ്പിച്ച പതിനെട്ടാം നൂറ്റാണ്ടിലെ തങ്ങളുടെ യൂറോപ്യൻ മറുപക്ഷ ത്തെപോലെയല്ല അവർ. നഗരോല്പാദനത്തിന് ഒരു മുതൽക്കൂട്ടുമുണ്ടാക്കാതെ നഗരോഭ പോഗം വർദ്ധിപ്പിക്കുക മാത്രമാണ് ഇറാനിയൻ ബൂർഷ്വാകൾ ചെയ്തത്. നഗരോൽപാദ നത്തിന് തുടക്കമിട്ട വ്യക്തികളുമുണ്ട് എന്ന് തീർച്ച. പക്ഷെ അവർ ചിതറിക്കിടക്കുകയാ ണ്. ദേശീയ ആധുനിക ബൂർഷ്വാ എന്ന് അതിനെ വിളിക്കാൻ പറ്റില്ല.

നമ്മുടെ "സാംസ്കാരിക വർഗീകരണ തന്ത്രം-കൾച്ചറൽ ടെക്സോണമി- കൂടി നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. ഉദാപരണത്തിന് ഗ്രീസിന്റേത് ദാർശനിക സംസ്കാരമാണ്. റോമിന്റേത് സൈനികവും കലാപരവും. അധ്യാത്മികമാണ് ഇന്ത്യയുടേത്. നമ്മുടെ സമൂ ഹങ്ങൾക്ക് മതപരവും ഇസ് ലാമികവുമായസംസ്കാരമാണുള്ളത്. ഒരു നിശ്ചിത സമൂ ഹത്തിലെ ജനങ്ങളുടെ വിജ്ഞാനം സവിശേഷതകൾ, വികാരങ്ങൽ പാരമ്പര്യം വീക്ഷ ണങ്ങൾ എന്നിവയെ ഭരിക്കുന്ന പ്രബലമായ ചെതന്യം എന്നാണ് "സംസ്കാരിക വർഗീ കരണതന്ത്രമെന്നത്കൊണ്ടർത്ഥമാക്കുന്നത്.സമൂഹത്തിന്റെ മേൽചൊന്ന സവിശേഷതകളെ കൂട്ടിയിണക്കുന്നതും അവയ്ക്ക് അർത്ഥം നൽകുന്നതുമായ പൊതപ ചൈതന്യം സംസ്കാരമാണ്.ജനങ്ങൾ അതിൽനിന്ന് പ്രാണവായുവും പോഷകാഹാ രവും സ്വീകരിച്ചു വളരുന്നു. ഒരു സമൂഹത്തിന്റെ സംസ്കാരം മനസ്സിലാക്കുകയെന്നാൽ അതിന്റെ ആന്തരിക സംവേദനങ്ങളെയും വികാരങ്ങലെയും അറിയുക എന്നാണർത്ഥം. ഉദാഹരണമായി തത്വചിന്തയെക്കുറിച്ച് പിടിപാടുംവിവരവുമില്ലാതം ഗ്രീക്ക് സംസ്കാര ത്തെക്കുറിച്ചറിയാമെന്നവകാശപ്പെടുക അസാധ്യമാണ്. അതേപോലെ ബുദ്ധദർശനവും വേദാന്തവുമറിയാതെ ഇന്ത്യൻ സാമൂഹ്യശാസ്ത്രരത്തിൽ വിദഗ്ദനാണെന്നവകാശപ്പെ ടാനും പറ്റില്ല. തന്റെ സമൂഹത്തെ ബോധത്തെസംബന്ധിച്ച് അറിവും അതിൽ സാനിധ്യ വുമില്ലാത്ത ആൾ പ്രബുദ്ധ വ്യക്തിയാണെന്ന അവകാശവാദം സ്വീകാര്യമാവുന്നില്ല. പ്രബുദ്ധമായ ഇന്ത്യക്കാരന് ബുദ്ധദർശനത്തിലും വേദാന്തത്തിലും പൂർണജ്ഞാനം ഉണ്ടാവണം. ഇനത്യൻ സംസ്കാരം വൈദികമായതിനാൽ ആധുനിക പാശ്ചാത്യ വിദ്യാ ഭ്യാസംസിദ്ധിച്ച സാമൂഹ്യ ശാസ്തരജ്ഞന് ഇന്ത്യയിൽ വളരെ കുറഞ്ഞ പ്രസകതിയേ ഉണ്ടാവു. തന്റെ സമൂഹത്തെയും തന്റെ സഹ ഇന്ത്യക്കാരുടെ മനസ്സും മനസ്സിലാക്കാൻ കഴിഞ്ഞത് കൊണ്ട് ഒരു ഗന്ധിക്ക് മറ്റുള്ളവരേക്കാളേറെ സമൂഹത്തെ മുന്നോട്ട് സഹി ക്കാൻ കഴിഞ്ഞു. ഒരു പ്രബുദ്ധ ഇസ്ലാമിന്റെ കാര്യത്തിലും ഇത് ശരിയാണ്. തന്റെ സംസ്കാരത്തിന്റെ മുഖ്യ സവിശേഷത ഇസ്ലാമിക ചൈതന്യമാണെന്നും തന്റെ സമൂഹ ത്തിന്റെ ചരിത്ര പ്രക്രിയയും അതിന്റെ നിയമാവലിയും ഇസ്ലാം ചിട്ടപ്പെടുത്തിയതാ ണെന്നും അവൻ മനസ്സിലാക്കണം. ഇത് മനസ്സിലാക്കുന്നതിൽ പരാജയപ്പട്ടാൽ, നമ്മുടെ ബഹുഭൂരിപക്ഷം ബുദ്ധിജീവികളെയും പോലെ, അയാൽ തന്റെ അപ്രസക്തമായ ചുറ്റുവ ട്ടത്തിലേക്ക് ചുരുണ്ടുകൂടിയവനും നിയന്ത്രിതനുമായിത്തീരും. ഇത്തരക്കാർക്ക്

പൊതുവേ മതവിശ്വാസം ഉണ്ടായിരിക്കുകയില്ല. യൂറോപ്പ്ൻ വിദ്യാഭ്യാസ പശ്ചാത്തല്ത തിന്റെയും അനുഭവങ്ങളുടെയും അതിരുകൾക്കകത്താണ് അവൻ പെരുമാറിന്നത്. അക്കാരണത്താൽ തന്റെ സ്വന്തം ജനതയുമായി ബന്ധം സ്ഥാപിക്കാൻ അവന് കഴിയാതെ പോവുന്നു. സമൂഹത്തിൽ അവനൊരിക്കലും സ്വീകാര്യനാവുന്നില്ല.

ഫ്രാൻസ് ഫാനനെ എനിക്ക് നേരിട്ടറിയാം. അദ്ദേഹത്തിന്റെ കൃതികൾ ഞൻ പേർഷ്യനിലേക്ക് ഭാഷാന്തരം ചെയ്തിട്ടുണ്ട്. സാമൂഹ്യ പ്രസ്ഥാനത്തിന് മതം നൽകിയ വിധ്യാത്മക സംഭവനകളെക്കുറിച്ച് അദ്ദേഹത്തിന് ശുഭാപ്തി വിശ്വാസമുണ്ടായിരുന്നു. സംസ്കാരത്തിൽ മതം പ്രധാന ഘടകമായി ചില സമൂഹങ്ങളിൽ മതത്തിന്, അതിന്റെ വിഭവങ്ങളിലൂടെയും മാനസിക പ്രഭാവങ്ങളിലൂടെയും പ്രബുദ്ധ വ്യക്തികളെ ഉപകരണമാക്കി, സമൂഹത്തെ, അദ്ദേഹം തന്റെ ഒട്ടും മതപരമല്ലാത്ത മാർഗ്ഗിത്തിലൂടെ എത്തിക്കുന്ന അതേ ലക്ഷ്യസ്ഥാനത്തേക്ക് നയിക്കാൻ കഴിയുമെന്ന് ഞാൻ ബോധ്യപ്പെടുത്തിക്കൊടുക്കുന്നതുവരെ ഫാനന് മതവിരുദ്ധമായ കാഴ്ചപ്പാടായിരുന്നു ഉണ്ടായിരുന്നത്. മധ്യകാലഘട്ടത്തിലെ യൂറോപ്പിന്റെ അനന്യമായ മതാനുഭവത്തിൽ നിന്നും അതിന്റെ ഫലമായി പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിൽ യൂറോപ്യൻ സമൂഹം കൈവരിച്ച സ്വാതന്ത്ര്യത്തിൽ നിന്നുമാണ് ഫാനന്റെ മതവിരുദ്ധ വികാരം ഉത്ഭവിച്ചതെന്നും ഞാൻ കൂട്ടിച്ചേർത്തു. ഈ അനുഭവത്തെ ഇസ്‌ലാമിക ലോകത്തേക്ക് വ്യാപിപ്പിക്കുക സാധ്യമല്ല. കാരണം ഇസ്ലാമിക സമൂഹത്തിന് ഉത്ഭവം നൽകിയ സംസ്കാരവും പൈതൃകവും മധ്യകാലഘട്ടത്തിൽ മതത്തിന്റെ പേരിൽ യൂറോപ്പിൽ നിലനിന്നിരുന്നതിൽ നിന്നും സത്തയിൽ അങ്ങേയറ്റം ഭിന്നമാണ്. രണ്ടു മതത്തെയും ഒരേ തലത്തിൽ നിന്നുകൊണ്ട് വിലയിരുത്തുന്നതും അധിക്ഷേപിക്കുന്നതും യുക്തിയല്ല. ആഫ്രിക്കയിൽ ഇസ്‌ലാം വഹിച്ച പങ്കും ലാറ്റിനമേരിക്കയിൽ ക്രൈസ്തവത വഹിച്ച പങ്കും തിലനം ചെയ്താൽ എന്റെ ആശയം വ്യക്തമാവും[15].

പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ യൂറോപ്പിലെ പ്രബുദ്ധ വ്യക്തികൾ ക്രൈസ്തവതയെ എതിർത്തതുപേലെ ഇസ്‌ലാമിനോട് പടവെട്ടുന്നത് ഗുരുതരമായ പാതകമായിരിക്കും. കാരണം മതത്തിന്റെ പേരിൽ മധ്യകാലഘട്ടത്തിൽ നിലനിന്നിരുന്നതിൽ നിന്നും തകച്ചും വ്യത്യസ്തമാണ് ഇറാന്റെ മതപരമായ വികാരങ്ങലും മതസംസ്കാരവും. ഇസ്ലാമിനെ ക്രിസ്ത്യാനിസവുമായി താരതമ്യം ചെയ്ത ഒരേ തീരുമാന്തതിലെത്തുന്നത് അബദ്ധമാണ്. ചരിത്രാകാരനോ തത്വ ചിന്തകനോ എല്ലാ മതങ്ങളെയും ഒരേ രീതിയിൽ കാണുന്നത് സഹിക്കാം. എന്നാൽ ഒരു പ്രബുദ്ധ വ്യക്തിയുടേത് അങ്ങനെയല്ല. താൻ ജീവിക്കുന്ന സമൂഹം ഏത് തര്തതിലുള്ളതാണെന്ന് അയാൾ തിരിച്ചറിയുകയും ജനതയെ മനസ്സിലാക്കുകയും അതേ സമയം അവരുടെ ചരിത്ര സാഹചര്യം വിലയിരുത്തുകയും വേണം. മുസ്‌ലിം ബഹുജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന മതപരമായ വികരങ്ങളാണ് അവരുടെ യഥാർത്ഥ ചരിത്ര-സാംസ്കാരിക മതം എന്ന് തെറ്റിദ്ധരിക്കുകയും ദുരന്തങ്ങളുടെ നിമിത്തം എന്ന നിലയ്ക്ക് അതിനെതിരെ പോരാടുകയും ചെയ്യുക ഇസ്ലാമിക ലോകത്തെ ഒരു പ്രബുദ്ധവ്യക്തിക്ക് സംഭവിക്കാവുന്ന അബദ്ധമാണ്.പത്തൊമ്പദതാംനൂറ്റാണടിലെ ജർമൻ വ്യവസായിക സമൂഹത്തിന് ചേരന്ന പ്രത്യായശ്സ്ത്രം സ്വീകരിക്കുന്നതിന് അയാൾ തന്റെ ജനതയെ ക്ഷണിച്ചേക്കാം. അങ്ങിനെ അയാൾ ത്നറെ സമൂഹത്തിൽ വഴിതെറ്റിയ പങ്ക് വഹിക്കുന്നു. അത്തരം 'ബുദ്ധിജീവി' ജനങ്ങലെ വിദ്യാസമ്പന്നരിൽ നിന്ന് അന്യം നിർത്തി ഭയപ്പെടുത്തും. തത്ഫലമായി പിന്തിരിപ്പനും വഴിപിഴച്ചതും സാമ്രാജ്യത്വപരമായ മൂലഘടകത്തിൽ അഭയം തേടാൻ അവർ നിർബന്ധിതരാവുന്നു. മതവിരുദ്ധരായ അഭ്യസ്ത വിദ്യരൽ നിന്ന് രക്ഷപ്പെടാനാണിത്. ഇസ് ലാമിക സമൂഹങ്ങളിലെ ബഹുജനങ്ങളിൽ ബുദ്ധിജീവികൾ അപരിചിതരാവുന്നതിന്റെ പ്രധാന കാരണമിതാകാം. കണിശമായ ഔപചാരികത പുലർത്തുന്ന ശരിയായ ഒരു ബുദ്ധിജീവിക്ക് ബഹുജനങ്ങൾക്കിടയിൽ സ്ഥാനമില്ല. അയാൽ അവരുമായി ആശയവിനിമയം നടത്തുവാനും പറ്റുകയില്ല. പൊതുവായ ഭാഷയോ സംസ്കാരമോ അവർക്കില്ല എന്നത് പോലെ.

സദാ ജനങ്ങൾക്കെതിരെ നിലയുറപ്പിക്കുകയും അവരുടെ ഭഗധേയവുമായി കളിക്കുകയും അവരം ചൂഷണം ചെയ്യുകയും ചെയ്യുന്ന വഴിതെറ്റിയ പിന്തിരിപ്പൻ ഘടകങ്ങൾ ജനങ്ങളുടെ വികാരങ്ങളെയും ശ്രദ്ധയെയും വർത്തമായ പ്രശ്നങ്ങളിൽ നിന്ന് തിരിച്ചുവിട്ട് അവരെ ഭൂതകാലത്തെക്കുറിച്ച് മാത്രം ചിന്തിക്കുന്നവരാക്കുന്നതിനുള്ള ഫലപ്രദമായ ആയുധമാക്കി മത്ത്തെദുരുപയോഗപ്പെടുത്തുന്നതിനെ പ്രബുദ്ധവ്യക്തി ബോധവാനാവണം. അവർ ജനങ്ങളെ യഥാർത്ഥ, ഭൗതിക ആനുകാലിക പ്രശ്നങ്ങളിൽ നിന്ന് വഴിതിരിച്ചു വിടുന്നു. മതത്തിന്റെ പേരിൽ ജനതയെ മരണാനന്തര ജീവിതവുമായും അമൂർത്തവും അത്മനിഷ്ടവുമായ പ്രശ്നങ്ങളുമായി കെട്ടുപിണയുന്നരാക്കുന്നു. ഇതുമൂലം സുരക്ഷിതവും ഐശ്വര്യപൂർണവും സ്വതന്ത്രവുമായ ജീവിത്തിനുവേണ്ടി ശ്രമിക്കുന്നതിൽ നിന്ന് മുസ് ലിംകൾ തടയപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട അവരുടെ ചിന്തകളും ആശയങ്ങളും പോലും പരലോകത്തിൽകേന്ദ്രീകരിക്കപ്പെടുകയാണ്. ശക്തിയുടെയും പ്രചോദനത്തിന്റെയും ഏറ്റവും വലിയ ഉറവുടവും ഭമിയിൽ അർത്ഥപൂർണമായ ജീവിതം നയിക്കുന്നതിനുള്ള മാർഗദർശനവുമായിരുന്നു മതം, ഇത്മൂലം വികൃതമാക്കപ്പെടുന്നു. എത്രത്തോളമെന്നാൽ മതാനുയായികളുടെ കണ്ണും കാതും ഹൃദയവും പരലോകത്തിൽ മാത്രം കേന്ദ്രീകരിക്കുന്നു. ഐഹികജീവിതത്തിൽ ശ്രദ്ധപതിപ്പിക്കുന്നത് പ്പത്തിന്റെ ഉറവിടമായി ഗണിക്കപ്പെടുന്നു. നുഗൂഢവാദവും പരലോകശാസ്ത്രവും വളരെയേറെ പ്രോൽസാഹിപ്പിക്കപ്പെടുന്നു.

സമാകിലകരായ മിക്ക പ്രബുദ്ധവ്യക്തികളും അിറയുകയും അനുഭവിക്കുകയും ചെയ്യുന്നവയാണ് ഈ പ്രശ്നങ്ങൾ. എന്നാൽ ശരിയായ തീരുമാനത്തിലെത്താൻ മാത്രം ഗാഢമല്ല അവരുടെ വിലയിരുത്തലുകൾ. ജനങ്ങൾ യഥാർത്ഥവും ഭൗതികവുമായ ജീവിതത്തെ അവഗണിക്കാൻ വഴിയൊരുക്കുന്നു എന്ന കാരണത്താൽ മതം-അഥവാഇസ്ലാം-സമൂഹത്തിൽ നിഷേധാത്മക പങ്ക് വഹിക്കുന്നു എന്നവർകരുതുന്നു. ഗൂഢപ്രവർത്തനത്തിലേർപ്പെടുന്ന പിന്തിരിപ്പൻ ഘടകങ്ങൾ ദൃഷ്ടിഗോചരമല്ലാത്ത വിദേശഹസ്തങ്ങളോടൊപ്പം ഈ തെറ്റായ ഈ തീരുമാനത്തിൽ നിന്ന് മുതലെടുത്ത് ജനങ്ങളക്കും പ്രബുദ്ധവ്യക്തികൾക്കും ഒരേ പോലെ എതിരായി ഈല നിർണ്ണായക ശക്തി ഉപയോഗപ്പെടുത്തുന്നു. ഒരു പ്രബുദ്ധ മുസ്ലിം അനുകരണവും സാമൂഹ്യ പ്രശ്നങ്ങളെ സംബന്ധിച്ച തെറ്റായ ധാരണയും ഉപേക്ഷിക്കണം. അതം ജനങ്ങലിൽ ഇപ്പോൾ വഹിക്കുന്ന ദുഷിച്ച പങ്കിന്, തന്റെ സമൂഹത്തിന്റെ ദാർശനികാടിത്തറ ഒരുക്കുന്ന മതമായും യഥാർത്ഥ ഇസ്ലാമിക സംസ്കാരമായും ബന്ധമില്ല എന്ന വസ്തുത കൂടി അവർ മനസ്സിലാക്കണം. സർവോപരി മധ്യകാലഘട്ടത്തിൽ ക്രൈസ്തവത നേരിട്ട മതവിരുദ്ധ അനുഭവം ഇസ് ലാമിക ലോകത്തേക്ക് വ്യാപിപ്പിക്കരുത്. ഭൂതകാലത്തും വർത്തമാനകാലത്തും പ്രത്യയശാസ്ത്ര ബോധങ്ങൾ എന്തായാലും ഇസ്ലാമിക സമൂഹത്തിലെ ഒരു പ്രബുദ്ധ വ്യക്തി അനിവാര്യമായും ഇസ്ലാമോളജിസ്റ്റാവണം. ഇസ് ലമിനെ മനസ്സിലാക്കിക്കഴിഞ്ഞാൽ "തെറ്റായ തുടക്കം", തെറ്റിദ്ധാരണ, അപ്രസക്തമായ വിലയിരുത്തൽ യുക്തി പരമല്ലാത്ത ബന്ധങ്ങൾ എന്നിവ കാരണമായി ജനങ്ങളുടെ അധ്വാനവും ബുദ്ധിയും ഭീകരമായ രീതിയിൽ വിനഷ്ടമാവുന്നതിനെ അതിശയത്തോടെ അയാൾ തിരിച്ചറിയും.

കഴിഞ്ഞ രണ്ടു ശതകങ്ങളിൽ നമ്മുടെ മതത്തെ നിയന്ത്രിച്ചവർ ഒരു വശത്ത് അതിനെ ഇപ്പോഴത്തെ നിശ്ചലാവസ്ഥയിലേക്ക് പരിവർത്തിപ്പിച്ചു. മറുവശത്ത് വർത്തമാന കാലത്തെയും നമ്മുടെ തലമുറയുടെയും കാലത്തിന്റെയും ആവശ്യങ്ങളും മനസ്സിലാക്കി പ്രബുദ്ധ ജനത മതത്തെ മനസ്സിലാക്കിയതുമില്ല. ഇതാണ് നമ്മുടെ ദുരന്തം. ഇതിന്റെ ഫലമായി നമ്മുടെ ഇസ്ലാമിക സമൂഹത്തിന് അതിന്റെ വിമോചനത്തിന് ആവശ്യമായ മതബോധം സ്വായത്തമാക്കാൻ കഴിഞ്ഞില്ല. ഠമാചനം നേടുന്നതിന് അതിനെ പ്രാപ്തമാക്കാൻ കഴിവുറ്റ സമൃദ്ധമായ ചരിത്രവും സംസ്കാരവുമുള്ള ഇസ്ലാം കൈവശമുണ്ടായിരുന്നിട്ടു കൂടി. ബുദ്ധിജീവികൾ ഇസ് ലാമിനോട് തെറ്റായി സമരം ചെയ്തു. സ്വന്തം നേട്ടങ്ങൾ പെരുപ്പിക്കാൻ പിന്തിരിപ്പന്മാർ ജനങ്ങളെ മയക്കിക്കിടത്തി. അതേ

സമയം യഥാർത്ഥ ഇസ്‌ലാം അജ്ഞാതമായിക്കിടന്നു, ചരിത്രത്തിന്റെ അടിത്തട്ടിൽ തട വിലാക്കപ്പെട്ട അവസ്ഥയിൽ ജനങ്ങൾ തങ്ങളുടെ നിശ്ചലവും പരിമിതവുമായ പാരമ്പര്യ ങ്ങളിൽ കുഴിച്ചു മൂടപ്പെട്ടു. ബുദ്ധിജീവികൾ ജനങ്ങിൽ നിന്നൊറ്റപ്പെടുകയും അവരാൽ വെറുക്കപ്പെടുകയും ചെയ്തു.

ഐഹിക ജീവിതത്തിന്റെ യഥാർത്ഥവും വസ്തുനിഷ്ഠവുമായ പ്രശ്നങ്ങളിൽ നിന്ന് ജന വികാരത്തെ പരലോകത്തേക്കും അമൂർത്തവും ആത്മനിഷ്ഠവുമായ പരിഗണനകളി ലേക്കും തിരിച്ചു വിടുന്ന വ്യക്തിഗത ചിന്താസരണികളാണ് കത്തോലിക്കാമതവും ബുദ്ധ ദർശനവും വേദമതവും താവോയിസവും എന്ന് പാശ്ചാത്യരും പൗരസ്ത്യരുമായ ബുദ്ധി ജീവികൾക്കറിയാം. അതിനപ്പുറം തങ്ങളുടെ അതിനപ്പുറം തങ്ങളുടെ സമൂഹങ്ങൾക്ക് അധികാരവും ഉത്തരവാദിത്തവും വസ്തുനിഷ്ഠതയും പ്രദാനം ചെയ്യുകയാണ് അവ രുടെ കർത്തവ്യം എന്നും അവർ തിരിച്ചറിയുന്നു. എന്നാൽ നമ്മുടെ മത സംസ്കാരം -വിശിഷ്യാ ഇസ് ലാമിന്റെ ഒരതുല്യ വ്യാഖ്യാനമായ ശീഇസം-പൂർണ്ണമായും പ്രസ്തുത ചിന്താധാരകളുടേയും മതങ്ങളുടെയും വിരുദ്ധ സിന്താന്തമാണെന്ന് അവർ മനസ്സിലാക്കു ന്നില്ല. അുസ് ലിംകളുടെ വർത്തമാനാവസ്ഥ മധ്യകാല ക്രൈസ്തവരുടേതിന് സമാ നമാണെന്നു കരുതുന്ന പ്രബുദ്ധ വ്യക്തി, പത്തൊമ്പതാം നൂറ്റാണ്ടിലെ ബുദ്ധിജീവികൾ ക്രൈസ്തവതയെ എതിർത്തതുപോലെ, ഇസ്‌ലാമിനെ എതിർക്കുക എന്ന അബദ്ധം ചെയ്യുന്നു. നേരത്തേ സൂചിപ്പിച്ച പിന്തിരിപ്പന്മാരുണ്ടാക്കിയതാണ് ഈ ആശയക്കുഴപ്പം.

പതിനാറ് മുതൽ പതിനെട്ട് വരെനൂറ്റാണ്ടുകളിൽ പ്രബുദ്ധ ക്രിസ്ത്യാനി-പ്രൊട്ടസ്റ്റന്റ് എന്തായിരുന്നു ചെയ്തുകൊണ്ടിരിന്നത്? ക്രൈസ്തവതയുടെ പുരഗനാത്മശ വശങ്ങളെ അവരണിച്ചുകൊണ്ട് ചർച്ചും പുരോഹിത്യവും പീഢനങ്ങൾക്കും ദുരിതങ്ങൾക്കും വഴി വെക്കുകയായിരുന്നു എന്ന് ചൂണ്ടിക്കാണിക്കുകയാണ് അയാൾ ചെയ്തത്. അതിലുപരി യായി അവൻ സന്യാസിമഠപ്രസ്ഥാനങ്ങളെയും അന്തർദർശിത്വത്തെയും പ്രോത്സാഹിപ്പി ച്ചു. ഇങ്ങനെ മതനവീകരണം നടപ്പിൽ വരുത്തുന്നതിനും ക്രിസ്ത്യൻ പ്രൊട്ടസ്റ്റാന്റിസം വളർന്നു വരുന്നതിനും തന്റെ മതത്തിന്റെ ഉണരുന്നതും അഭിപ്രേരണ നൽകുന്നതുമായ വശങ്ങളെ പുനരുദ്ധരിക്കുകയും സജീവമാക്കുകയും വേണമെന്നു പ്രബുദ്ധ വ്യക്തി മന സ്സിലാക്കി.[16] പക്ഷെ, ഇസ്‌ലാമിന്റെ സ്ഥിതി ഇതുപോലെയല്ല. ഇസ്‌ലാം ഒരിക്കലും ഉന്നി ദ്രവും അഭിപ്രേരണ നൽകുന്നതുമായ വശങ്ങളെ അവഗണിച്ചിട്ടില്ല. “രക്തവും ഖഡ്ഗവും”, “നേതൃത്വവും നീതിയും” എന്നീരണ്ടു മുദ്രാവാക്യങ്ങൾ വളരെ വ്യക്തമായ രീതിയിൽ ശീഇസത്തിന്റെ രണ്ടു പ്രതീകാത്മക സത്തകളായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്ഥാനവും അവബോധവും വളർത്തിയെടുക്കുന്ന പ്രക്രയയുടെ പ്രസക്തമായ മാന ങ്ങൾക്ക് രൂപം നൽകുന്നത് ഇവയാണ്. ഇസ്‌ലാമിക ചരിത്രത്തിലുടനീളം ഈ മുദ്രാവാ ക്യങ്ങൾ നിലനിന്നിട്ടുണ്ട്. ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തിന്റേയും സംസ്കാരത്തി ന്റെയും മുഴുവൻ വശങ്ങളിലും ജനങ്ങൾ തീർച്ചയായും ഹുസൈന്റെ വിപ്ലവം[17] വാത്സ ല്യപൂർവ്വം നിലനിർത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം അവർ വർഷം തോറും അനുസ്മരിക്കുകയും അതിൽ വിലപിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ പ്രവാചകനും മറ്റു മതനേതാക്കളും ജനങ്ങളെ സദാ സമരത്തിലേക്ക് (ജീഹാദ്) ക്ഷണി ച്ചിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ട് ഇന്നും യഥാർത്ഥത്തിൽ ഫലമൊന്നും ദൃശ്യമാകുന്നി ല്ല? അുദ്രാവാക്യങ്ങൾ ആധികാരികവും യഥാർത്ഥവുമായിരുന്നെങ്കിൽ വ്യാഖ്യാനം നിഷേധാത്മകമായിരുന്നു എന്നതാണ് ഇതിന് കാരണം. രൂപം കേടുപറ്റാതെ സൂക്ഷിക്ക്പ പെട്ടു. ഉള്ളടക്കം വികൃതമായിരുന്നു. ഹുസൈന്റെ രക്തത്തിന്റെ തിളപ്പിനെ വിലപിക്കു ന്നകണ്ണീരാക്കി മരവിപ്പിക്കൽ യന്ത്രം പ്രവർത്തത്തിച്ചുകൊണ്ടിരിക്കുന്നുവെന്നതു പോലെ യാണ്. കർബല വിസ്മരിപ്പിക്കപ്പെട്ടിട്ടില്ല.. ഇസ്‌ലാമിന്റെ വാൾ വിസ്മൃതമായി വിലാപദി നങ്ങളിൽ അന്യോന്യം കഴുത്തറുക്കുന്നതിന് വോണ്ടിയാണ് ഇപ്പോൾ ഈ വാൾ ഉപ യോഗിക്കപ്പെടുന്നത്.

പ്രബുദ്ധനായ മുസ്‌ലിം ഇങ്ങനെ വഞ്ചിതനാവരുത്.[18] ഇന്ത്യൻ സംസ്കാരത്തെപ്പോലെ മുച്ചൂടും ആധ്യാത്മികമോ ചൈനക്കാരുടേതുപോലെ തികച്ചും നിഗൂഢാത്മകമോ യവന

രുടേതു പോലെ തീർത്തും ദാർശനികമോ പാശ്ചാത്യരുടേതുപോലെ പൂർണ്ണമായും ഭൗതികമോ സാങ്കേതികമോ അല്ലാത്ത ഒരു സംസ്കാരം തനിക്കുണ്ട് എന്ന് വസ്തുതയെക്കുറിച്ച് അവൻ ബോധവാനാവണം. വിശ്വാസത്തിന്റെയും ആദർശത്തിന്റെയും ആത്മീയതയുടേയും സമന്യമാണവൻ. സമതയുടെയും നൂതിയുടെയും ചൈനതന്യം നിറഞ്ഞു നിൽക്കുന്ന ജീവൻ തുടിക്കുന്നു ചുണക്കുട്ടി. ഈ പ്രത്യയശാസ്ത്രമാണ് ഇസ് ലാമിക സമൂഹങ്ങൾക്കും പരമ്പരാഗത പൗരസ്ത്യ സമൂഹങ്ങൾക്കും ഏറെ ആവശ്യം അതിനാൽ അന്യ ഗ്രന്ഥകർത്താക്കളുടെ രചനകൾ പരിഭാഷപ്പെടുത്തുന്നതിനു പകരം-ഒരു നിലയ്ക്കും അത് പൊതുജനങ്ങൾക്ക് ഗുണം ചെയ്യില്ല-പ്രബുദ്ധമുസ്ലിം തന്റെ സമൂഹത്തിന്റെ ജീവദായകവും ശക്തിയുമത്തുമായ സത്തകണ്ടുപിടിച്ച് ഊറ്റിയെടുക്കുകയും സംസ്കരിക്കുകയുമാണ് ചെയ്യുക. അവൻ ചലനാത്മക സംസ്കാര സന്ദർഭത്തിലും സമൂഹത്തിലും തന്റെ ജനവതയുടെ ബോധത്തിലും സ്ഥാനമുറപ്പിക്കും.

മറ്റു മതങ്ങളിൽ നിന്ന് ഭിന്നമായി ഇസ്ലാം ദാരിദ്ര്യത്തെ ശപിക്കുന്നു. ഇതാണ് ഈ സത്തയുടെ ഒരു സവിശേഷത. ഇസ്ലാമിന്റെ പാഠശാലയിൽ പരിശീലനം നേടിയ മഹാനായ അബൂദർറ് പറയുന്നു: “ദാരിദ്ര്യം ഒരു വാതിൽക്കൂടി വീട്ടിൽ പ്രവേശിക്കുമ്പോൾ മതം മറ്റേ വാതിലിൽകൂടി പുറത്തു പോവുന്നു.” പട്ടിണിയും കഷ്ടക്കാടുമായി കഴിയുന്ന ആളുകൾക്ക് കറകളഞ്ഞതും വിനയാന്വിതവുമായ ഹൃദയമുണ്ടാകുമെന്നും അതിനാൽ അദൃശ്യ പ്രചോദനങ്ങൾ സ്വീകരിക്കാൻ പങ്ങശമാവുമെന്നും അവകാശപ്പെടുന്ന മതത്തിന് വിപരീതമാണിത്. ഒഴിഞ്ഞ വയറിന് എല്ലാം നഷ്ടമാവുന്നു. സാമ്പത്തിക പ്രശ്നങ്ങളുള്ള സമൂഹം ആത്മീയ ധനം കൂടി നഷ്ടപ്പെടുത്തുന്നു. ദരിദ്ര രാജ്യത്ത് സദാചാരം എന്നു വിളിക്കുന്നത് വഴി പിഴച്ച ആചാരങ്ങളെയും ശീലങ്ങളെയും മാത്രമാണ്. ആത്മീയതയെ അല്ല.

ഇമാം അലിയുടെ ജീവിതരീതിയെ പോപ്പിന്റേതുമായി താരതമ്യപ്പെടുത്തി നോക്കുക. ഇസ്ലാമിക സംസ്കാരത്തിന്റെ ചലനാത്മകവശങ്ങൾ വഹിക്കുന്നതിനുള്ള ഒരു മാർഗ്ഗമിതാണ്. അലി അധികാരമേറ്റപ്പോൾ നിലവിലുള്ള വ്യത്യസ്ത ശമ്പള സ്കെയിലുകൾ മുഴുവൻ റദ്ദാക്കി എല്ലാവർക്കും തുല്യശമ്പളം നൽകാൻ തുടങ്ങി. സമൂഹത്തിൽ സുപ്രദാനമായ സാമൂഹിക രാഷ്ട്രീയ നിലയിലുള്ള ഉന്നത പദവിയിലെ സൈനികോഫീസർക്കും അയാളുടെ ഭൃത്യനും ഒരേ ശമ്പളം. സമത്വം എന്ന തത്വത്തോടു ഇത്രമാത്രം പ്രബുദ്ധ പുലർത്തുന്ന വല്ല ഭരണകൂടവും ഇക്കാലത്തുണ്ടോ? ഇങ്ങനെയൊരു നടപടിയെടുക്കാൻ തയാറുള്ള ഏതെങ്കിലും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുണ്ടോ ഇന്ന്? ഇസ്ലാമിന് രൂപം നൽകുന്ന ചായ്‌വുകളും ലക്ഷ്യങ്ങളും അഭിവീക്ഷണവും നാം സ്പഷ്ടമാക്കുക. തങ്ങളുടെ സമൂഹത്തിലും സംസ്കാരത്തിലും സ്ഥാനമുറപ്പിക്കാനും ജനങ്ങളുമായി ധാരണയിലാവാനും അവരിൽനിന്ന് അന്യവൽക്കരിക്കപ്പെടാതിരിക്കാൻ അവരുടെ മതത്തെ (ഇസ്ലാമിന്) അവലംഭിക്കുവാനും മാത്രമല്ല. മതത്തിന്റെ ഘടകങ്ങൾ പ്രബോധനം ചെയ്യുവർത്തമാനത്തിന് പകരം ഭൂതകാലത്തെക്കുറിച്ച് ചിന്തിക്കാനല്ല എന്ന് സത്യസന്തമായി ചിന്തിക്കാനും പ്രബുദ്ധവ്യക്തികളോട് നാം പറയണം. നിരങ്കുശമായ പോരാട്ടവും (ജിഹാദ്),നീതി (അദാലത്ത്)യുമാണ്. ഈ ഘടകങ്ങൾ. ഇസ്ലാം അപ്പത്തിന്റെ കാര്യം ശ്രദ്ധിക്കുന്നു. ഇഹലോകത്തിലെ സജീവ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ളതാണ് അതിന്റെ പരലോക ശാസ്ത്രം. അതിന്റെ ദൈവം മനുഷ്യന്റെ അന്തസ്സിനെ മാനിക്കുന്നു. പ്രവാചകൻ ആയുധധാരിയാണ്.

നീതി കേവലമൊരു മതതത്വമല്ല. ഇസ്ലാമിന്റെ മുഴുവശങ്ങളെയും ഭരിക്കുന്ന ചേതനയാണത്. പ്രവാചകന്മാരുടെ നിയോഗം ഈ ലക്ഷ്യാർത്ഥമായിരുന്നു. ഒരിക്കൽ ഇമാം അലി തന്റെ സുഹൃത്തുക്കളിൽ ഒരാളായ മീസം കാരക്കകൾ രണ്ട് കൂമ്പാരമായി തിരിച്ചു വ്യത്യസ്ത വിൽക്കുന്നത് കാണാനിടയായി. പഴങ്ങൾ പലതരമാക്കി അല്ലാഹുവിന്റെ ജനങ്ങളെ വിവിധ തട്ടുകളിൽ വിഭജിച്ചു നിർത്താൻ തനിക്ക് അനുവാദമില്ലെന്ന് അദ്ദേഹം മീസമിനെ ദേഷ്യത്തോടെ ഓർമ്മിച്ചു. എന്നിട്ടദ്ദേഹം സ്വന്തം കൈകൾകൊണ്ട് കാരക്കകൾ കൂട്ടിക്കലർത്തി. അവ ഒര് വിലയ്ക്ക് വിൽക്കാൻ കല്പിച്ചു. അബൂദർറിന്റെ

പ്രവർത്തനത്തെ സെന്റ് പോളിന്റേതുമായി താരതമ്യപ്പെടുത്തുക. രണ്ടു പേരെക്കുറിച്ചും ഒരേ വിധിപ്രസ്താവിക്കുന്നത് പ്രബുദ്ധതയാവില്ല. പ്രത്യുത കേവലം വിവരക്കേടിന്റെയും അനീതിയുടെയും അഭ്യാസക്കാഴ്ചയാവും യഥാർത്ഥത്തിലത്. ജീവിതകാലം മുഴുവൻ ചൂഷണത്തിനെതിരെ പൊരുതുകയും ആ പോരാട്ടത്തിൽ മരണം വരിക്കുകയും ചെയ്ത ആബൂദർറിനെ “വിശപ്പിൻമേലാണ് ദൈവത്തിന്റെ ആലയങ്ങൾ പടുത്തുയർത്തപ്പെട്ടിരുക്കുന്നത്” എന്നും “വിശപ്പിനെ തുടർന്ന് ദൈവത്തിന്റെ വെളിപാടുണ്ടാവുന്നു” എന്നും വാദിച്ച സെന്റ് പോളുമായി തുലനം ചെയ്യാവതല്ല.

തത്വചിന്തകനും ചരിത്രകാരനും തങ്ങളാഗ്രഹിക്കുന്ന ഏത് രീതിയിലും മതത്തെക്കുറിച്ച് പഠിക്കാവുന്നതാണ്. പ്രബുദ്ധവ്യക്തി ഒരു കേവലപ്രതിഭാസം എന്ന നിലയ്ക്ക് മതത്തെ ശാസ്ത്രീയമായോ ആത്മനിഷ്ഠമായോ വിലയിരുത്താവതല്ല. തന്റെ മതത്തിന്റെ സാമൂഹ്യനിയോഗം എന്തെന്ന് ഓരോ പ്രബുദ്ധവ്യക്തിയും സ്വയം കണ്ടുപിടിക്കണം. വളരെ പ്രധാനമാണിത്. കാരണം ഒരു പ്രബുദ്ധവ്യക്തിക്ക് സംഭവിക്കുന്ന അബദ്ധം ഒരു എഴുത്തുകാരന് പറ്റുന്ന അബദ്ധത്തിന് സമമല്ല. അതൊരു സമൂഹ നായകന്റെ, വിമോചകന്റെ, പ്രവാചകന്റെ മനുഷ്യ ചരിത്രത്തിലെ എല്ലാ പ്രവാചകന്മാരുടേയും പിന്തുടർച്ചക്കാരന്റെ അബദ്ധമാകുന്നു.

ഇവിടെ ഉന്നയിക്കപ്പെട്ട വാദമുഖങ്ങൾ സംഗ്രഹിക്കാം. പ്രവാചക തുല്യമായ ദൗത്യമുള്ള വ്യക്തി എന്നാണ് “പ്രബുദ്ധൻ” എന്നതിന്റെ സ്പഷ്ട നിർവ്വചനം. നമ്മുടെ സംസ്കാരവും ഇതുതന്നെ. അങ്ങിനെയാവുമ്പോൾ നിലവിലുള്ള സാമൂഹ്യ സംഘർഷങ്ങളെ സാമൂഹ്യസന്ദർഭത്തിൽ നിന്ന് അതിലെ അംഗങ്ങളുടെ ആത്മബോധവും വികാരങ്ങളുമായി പരിവർത്തിക്കുകയാണ് അത്തരമൊരു വ്യക്തിയുടെ ലക്ഷ്യവും ഉത്തരവാദിത്തവും സമകാലിക സമൂഹത്തിൽ നിന്നും സാമൂഹ്യ ജീവിതത്തിൽ നിന്നുമാണ് പ്രബുദ്ധ വ്യക്തി അസംസ്കൃത വസ്തുക്കൾ ശേഖരിക്കേണ്ടത്. പ്രബുദ്ധവ്യക്തിക്ക് പൊതുവായ മൂല്യങ്ങളും സവിശേഷതകളുമുള്ള ഒരു മാതൃകയില്ല. പ്രബുദ്ധൻ എപ്പോഴൊക്കെ തന്റെ മതത്തിൽ നിന്ന് പിന്തിരിയുന്നുവോ അപ്പോഴൊക്കെ സമൂഹവും അയാളിൽ നിന്ന് പുറം തിരിയുന്നു വെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട് നമ്മുടെ സ്വയം ചരിത്രവും അനുഭവവും. മതമാണ് നമ്മുടെ സമൂഹത്തിന്റെ പ്രഥമ ചൈതന്യം. പ്രബുദ്ധവ്യക്തിയുടെ മതവിരോധം പ്രബുദ്ധരായ യുവതലമുറയിൽനിന്ന് ഫലവും ലാഭവും നേടുന്നതിനുള്ള സാധ്യതയെക്കുറിച്ച് ബോധമുണ്ടാവുന്നതിൽ നിന്നും സമൂഹത്തെ തടയുന്നു.തങ്ങളുടെ നിസ്തുല ലോകവീക്ഷണവും അവബോധവും കാരണം പ്രബുദ്ധ വ്യക്തികൾക്ക് തങ്ങളുടെ തങ്ങളുടെ സമൂഹത്തിലെ ബഹു ജനങ്ങളെ ചലിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഫലപ്രദവും സുദീർഘവുമായ പങ്കു വഹിക്കാൻ കഴിയും. അപായം, പിന്തിരിപ്പത്തം, അഴിമതി, കാലപ്പൊരുത്തമില്ലാത്ത കാര്യം, ആശയക്കുഴപ്പം തുടങ്ങിയ വൈവിധ്യമാർന്ന ഘടകങ്ങളെക്കുറിച്ച് പ്രബുദ്ധവ്യക്തികൾ തങ്ങളെ പഠിപ്പിക്കുമെന്ന്  സമൂഹം തീവ്രമായി പ്രതീക്ഷിക്കുന്നുണ്ട്. നീതിയും നേതൃത്വവുമാണ് ഇസ്ലാമിക സംസ്കാരത്തിന്റെ മുഖ്യചൈതന്യം. ഇസ് ലാം മറ്റു മതങ്ങളെപ്പോലെയല്ല. മറ്റു മതങ്ങൾ അതിനെ വെല്ലുവിളിക്കുന്നു. അവയിലുള്ള വിശ്വാസം തുറന്നു പറയുന്നു. അവ പൊള്ളയാണെന്നു പ്രഖ്യാപിക്കുന്നു.[19] സമകാലീന ജനങ്ങൾക്കാകെ ഉത്തമ മാതൃകയായ മതത്തെയും കാഴ്ചപ്പാടിനെയും ആസ്പദമാക്കിയുള്ളതാണ് നമ്മുടെ സമൂഹം. എന്തുകൊണ്ടെന്നാൽ നമ്മുടെ മതം “രക്തസാക്ഷിത്വത്തിന്റെ പാരമ്പര്യമുള്ളതാണ്”. ഈ മതത്തിന്റെ പുണ്യവാളന്മാരും ഒറ്റപ്പെട്ട ഗുഹകളിലോ മഠങ്ങളിലോ വെച്ച് സ്വാഭാവിക കാരണങ്ങളാൽ മൃതിയടഞ്ഞിട്ടില്ല. രണാങ്കണത്തിലോ കരാഗ്രഹത്തിലോ രക്തസാക്ഷികളാവുകയായിരുന്നു അവരെല്ലാവരും.

ജനങ്ങളെ വഴി നടത്തുന്നതിനും മോചിപ്പിക്കുന്നതിനും വേണ്ടി, നവ്യമായൊരു സ്നേഹത്തിനും വിശ്വാസത്തിനും ഊർജസ്വലതയ്ക്കും ജന്മം നൽകുന്നതിനുവേണ്ടി, ജനഹൃദയങ്ങളിലും മനസ്സുകളിലും പ്രകാശം ചൊരിയുന്നതിനു വേണ്ടി, അജ്ഞത, അന്ധവി

ശ്വാം, ക്രൂരത, സമകാലീന ഇസ്‌ലാമിക സമൂഹങ്ങളിലെ അധപ്പതനം എന്നീ വിവിധ വിഷയങ്ങളെക്കുറിച്ച് അവരെ ബോധവത്ക്കരിക്കുന്നതിനു വേണ്ടി പ്രബുദ്ധ വ്യക്തി “മതം” കൊണ്ടാരംഭിക്കണം. നമ്മുടെ പ്രത്യേകമായ മതം സംസ്കാരം എന്നാണ് ഞാനി ത്കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ന് മുഴച്ചു നിൽക്കുന്ന മതം എന്നല്ല. മധ്യകാലഘട്ടത്തിലെ ക്രൈസ്തവതയുടേതിന് സമാനമായ ഒരിസ്‌ലാമിക പ്രൊട്ടസ്റ്റാന്റിസത്തിൽ നിന്നാണ് ആരംഭിക്കേണ്ടത്. സമൂഹത്തിന്റെ വിധിയെയും ചിന്താഘതിയെയും ഇസ് ലാമിന്റെ പേരിൽ വിഡ്ഢീകരിക്കുകയും തടഞ്ഞ് നിർത്തുകയും ചെയ്ത് അധഃപതിപ്പിക്കുന്ന ഘചകങ്ങളെ മുഴുവൻ നശിപ്പിക്കണം. യേശുവിനെ വിമോചകനായവതരിപ്പിക്കുന്ന തിനെ ന്യായീകരിക്കേണ്ടിയിരുന്ന ശൂന്യഹസ്തമായ ക്രിസ്ത്യൻ പ്രൊട്ടസ്റ്റന്റിസത്തിന് വിപരീതമായി ഇസ്‌ലാമിക പ്രൊട്ടസ്റ്റന്റിസത്തിന് വലിച്ചെടുക്കാൻ അനവധി സ്രോത സ്സുകളും ഘചകങ്ങളുമുണ്ട്. അത്തരമൊരുപ്രസ്ഥാനം ധാരാളം ഊർജ്ജം പ്രസരിപ്പി ക്കും. പ്രബുദ്ധരായ മുസ്‌ലിംകളെ അത് താഴെ പറയുന്ന കാര്യങ്ങൾക്ക് പ്രാപ്തമാക്കു കയും ചെയ്യും.

1. നമ്മുടെ സമൂഹത്തിന്റെ സാംസ്കാരിക ശേഖരങ്ങൾ പുറത്തെടുക്കുകയും പരിഷ്ക രിക്കുകയും ചെയ്യുക. ക്ഷയോന്മുഖവും തിങ്ങി നിൽക്കുന്നതുമായ ഘടകങ്ങളെ ഊർജ്ജവും ചലനവുമായി പരിവർത്തിപ്പിക്കുക.
2. നിലവിലുള്ള സമൂഹ്യ, വർഗ്ഗ സംഘർഷങ്ങളെ, കലാസാഹിത്യങ്ങളും സംസാര വൈഭവങ്ങളും, കൈവശമുള്ള അധികാരം, മറ്റുസാധ്യതകൾ എന്നിവയും ഉപയോ ഗിച്ച്, സമൂഹ്യോത്തരവാദിത്താവബോധവുമായി രൂപാന്തരപ്പെടുത്തുക.
3. “ബുദ്ധിജീവിയുടെ ദ്വീപിനും” “പൊതുജനങ്ങളുടെ തീരത്തിനുമിടയിൽ” അനുദിനം വിസ്തൃതമായി വരുന്ന വിടവ് നികത്തുക. ഇരുവർക്കുമിടയിൽ അടിപ്പത്തിന്റെയും പരിചയത്തിന്റെയും ധാരണയുടെയും കൂട്ടായ വിനിമയത്തിന്റെയും ഒരുപാലം പണി യുക. അങ്ങനെ ചലനാത്മകവും ജീവദായകവുമായ മതം ജീവിതത്തെ സേവിക്കുന്ന തായി മാറണം.
4. മതം അത് അനർഹമായി ധരിച്ചവർക്ക് അപ്രാപ്യമാക്കുക. വൈയക്തികാവശ്യ ങ്ങൾക്ക് മതത്തെ ഉഫയോഗിക്കുകയാണ് അവരുടെ ഉദ്ദേശ്യം. അതുവഴി ജനങ്ങളെ പ്രചോദിപ്പിക്കാനാവശ്യമായ ഊർജ്ജം സംഭരിക്കുകയും.
5. ഒരു മതനവോത്ഥാനത്തിന് സമാരംഭം കുറിക്കുക. സജീവവും ചലനനത്മകവുമായ അധികാരവും നീതിയുമുള്ള മതത്തിലേക്ക് തിരിച്ചു പോവുകവഴി, അതിലൂടെ മറുവ ശത്ത് സമൂഹത്തിലെ പിന്തിപ്പൻ ശക്തികളെ നിർവ്വീര്യമാക്കകയും മറു വശത്ത് ജന ങ്ങളെ മയക്കുമരുന്നുകൊടുത്ത് മയക്കുവാനുപയോഗിക്കുന്ന ഘടകങ്ങളിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്യുക. ഇത്തരമൊരു നവോത്ഥാനം തൊടുത്തു വിടക വഴി ഇതുവരെ മയക്കുകയായിരുന്ന ഘടകങ്ങൾ പുനരുദ്ധരിക്കുന്നതിനും ബോധ◌ം നൽകുന്നതിനും അന്ധ വിശ്വാസത്തിനെതിരെ പൊരുതുന്നതിനുമായി ഉപയോഗിക്ക പ്പെടും. അതിനും പുറമെ സമൂഹത്തിലെ ആധികാരിക സംസ്കാരത്തിലേക്ക് മടങ്ങു കയും അതിനെ ആശ്രയിക്കുന്നത് പടിഞ്ഞാറൻ സാംസ്കാരിക ക്രമണത്തെ പ്രതി രോധിക്കുന്നതുമായ സാംസ്കാരിക സ്വാതന്ത്ര്യത്തെ പുനർജനിപ്പിക്കുകയും സജീവ മാക്കുകയും ചെയ്യും.
6. അവസാനമായി, ജനകീയ മതത്തിന്റെ ലക്ഷണമായ അന്ധമായ അനുസരണവും അനുകരണ വാഴ്ചയും തുടച്ചു നീക്കി അതിന് പകരമായി സ്വതന്ത്രാന്വേഷണത്തി ന്റെ(ഇജ്തിഹാദ്) അക്രമണോന്മുഖവും വിപ്ലവാത്മകവുമായ ചൈതന്യത്തെ കൊണ്ടുവരിക. സമൂഹത്തിലെ ഗംഭീരമായ ഊർജ്ജ ശേഖരത്തെ നവീകരിക്കു കയും ഊറ്റിയെടുക്കുകയും ചെയ്യുന്ന, കാലഘട്ടത്തെ പ്രബുദ്ധമാക്കുകയും വർത്ത മാന തലമുറയെ ഉണർത്തുകയും ചെയ്യുന്ന ഒരു മതനവീകരണ പ്രസ്ഥാനത്തിലൂടെ ഇവയെല്ലാം പൂർത്തീകരിക്കാവുന്നതാണ്. മേൽപ്പറഞ്ഞ കാരണത്താലാണ് തന്റെ ജനതയുടെ ചരിത്രത്തിന്റെയും അനുഭവങ്ങളുടെ ആഴങ്ങളിൽ നിന്ന് ഉയർന്നുവന്ന ബോധമുള്ള ഒരധ്യാപകനെപ്പോലെ, ഞാൻ പ്രബുദ്ധ വ്യക്തി പുരോഗമനാത്മകമായ

സ്വയം ബോധത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നത്. കാരണം നമ്മുടെ ജനതയ്ക്കാവശ്യം സ്വയം ബോധമാണ്. പ്രബുദ്ധരായ മുസ്‌ലിം ജീവികൾക്ക് "വിശ്വാസവും".

## കുറിപ്പുകൾ

1 'ഇൻതിഫാദ്' എന്ന ഖുർആനിക പദത്തിന് നിസ്സഹായനാക്കലൽ, ബലഹീനനാക്കൽ എന്നൊക്കെയാണർത്ഥം.

ഇസ്തിബ്ദാദ്(ഏകാധിപത്യം), ഇസ്തിഅ്മാർ(സാമ്രാജ്യത്വം), ഇസ്തിസ്മാർ(ചൂഷണം) തുടങ്ങിയവയ്ക്ക് സമാനമായ ഒരു നിഷ്പന്നമാണത്. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ സംഭവിച്ച ഇസ്തിദ്ആഫിന്റെ(മർദ്ദനം) പലരൂപങ്ങളാണ് വാസ്തവത്തിലവ. ജനങ്ങൾ സാമ്പത്തികമായും (ചൂഷണം) രാഷ്ട്രീയമായു(ഏകാധിപത്യം) ദേശീയമായും(സാമ്രാജ്യത്വം) സാംസ്കാരികമായും(സ്തംഭിപ്പിക്കൽ) ദുർബലരാക്കപ്പെട്ടപ്പോഴോ, ഇവയിൽ ഒന്നുമാത്രമാണോ കൂടിച്ചേർന്ന നിലയിലോ, ഇസ്തിദ് ആഫ് ഉണ്ടായി. അതിന്റെ ഇരകളാണ് മുസ്തദ് അഫൂൻ (മർദിതർ). മരുഭൂമിയിൽ മർദ്ദനം നിരോധിക്കുകയും ആ വർഗ്ഗത്തെ മോചിപ്പിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് ഖുർആന് പറയുന്നു. അതിനാൽ അതിന്റെ സന്ദേശം അനശ്വരമാകുന്നു. എന്നാൽ അതിനു പകരമായി മർദ്ദനത്തിന്റെ പ്രകടിതയ രൂപങ്ങളായ അടിമത്തം, സാമ്രാജ്യത്വം, ഏകാധിപത്യം മുതലായവയെ കുറിച്ചു മാത്രമാണ് അതിന്റെ പ്രതിപാദ്യമെങ്കിൽ അതിന്റെ സന്ദേശത്തിന്, സ്വാതന്ത്ര്യം, ജനാധിപത്യം, ലിബറലിസം(അഥവാ അടിമത്ത നിഷേധം) എന്നിവയുടെ സംസ്ഥാപനത്തെ തുടർന്നുള്ള പ്രാധാന്യം നഷ്ടപ്പെടുകയായിരുന്നു. അങ്ങിനെ ചരിത്രപരമായി മൂല്യം മാത്രമേ അതിനുണ്ടാകുമായിരുന്നുള്ളൂ. മറ്റു ദുരിതങ്ങൾ ഗ്രസിക്കുമായിരുന്നു. വർഗ്ഗചൂഷണം മൂലവും, കല, സാഹത്യം, ദർശനം, പ്രത്യയശാസ്ത്രം പ്രചാരണം, ആത്മജ്ഞാനവാദം, വ്യക്തിവാദം, ആശയവാദം, ലഹരികൾ അല്ലെങ്കിൽ ജനങ്ങളുടെ ഉത്തരവാദിത്തവും ബോധവും നശിപ്പിക്കുന്ന മറ്റു മാർഗ്ഗങ്ങൾ ഇവയൊക്കെയാണ് മറ്റു ദുരിതങ്ങൾ. അതിലുപരി ഖുർആന്റെ സന്ദേസം വ്യത്യസ്തമായ ഒരു യുഗത്തിൽ പ്രയോഗിക്കാവതല്ല. മനുഷ്യത്വ പരമല്ലാത്ത വ്യവസ്ഥിതികളെയും ഘടനകളെയും എതിർക്കാനും വ്യാഖ്യാനിക്കാനും കഴിയുന്ന ഒരു പുതിയ പ്രത്യശാസ്ത്രത്തെ തേടിക്കൊണ്ടിരിക്കുകയായിരുന്നു ബുദ്ധിജീവികൾ. "ദൈവത്തെ മർദ്ധിതന്റെ തമ്പുരാൻ" എന്നു വിളിച്ചതിന്റെ പേരിൽ യഥാസ്ഥിതിക മതനേതാക്കൾ എന്നെ വിമർശിക്കുന്നതായി ഒരു സുഹൃത്ത് ഒരിക്കൽ എനിക്ക് താക്കീത് നൽകി. പ്രഭുക്കന്മാർക്കും ഭരണാധികാരികൾക്കും വ്യത്യസ്തമായ ദൈവം ഉണ്ടെന്നു വ്യക്തമായി സചിപ്പിക്കുകയായിരുന്നു അതിലൂടെ. പ്രവാചകന്റെയും ഇമാം അലിയുടെയും കാലത്ത് ഈ വിമർശകന്മാർ ജീവിച്ചിരുന്നെങ്കിൽ എന്ന് ഞാനാഗ്രഹിക്കുകയാണെങ്കിൽ എന്ന് ഞാൻ പ്രതികരിച്ചു. എങ്കിൽ അവർക്ക് ഈ "ഉൾക്കാഴിചയുള്ള" നിർദ്ദേശങ്ങൾ നൽകാൻ ഇക്കൂട്ടർക്ക് കഴിയുമായിരുന്നു. ആ അവസരം അവർക്ക് നഷ്ടമായി. ദൈവത്തിന്റെ ഗ്രന്ഥവും ഇമാം അലിയുടെ നഹ്ജുൽബലാഗയും അവർ തിരുത്തണം. എന്നിട്ട് അവരെ ഈ ബഹുദൈവത്വത്തിൽ(ശിർക്കിൽ) നിന്ന് ശുദ്ധീകരിക്കുകയും വേണം. വിശേഷിച്ച് ഖുർആനിലെ ഒടുവിലത്തെ അധ്യായം അവർ തിരുത്തേണ്ടതുണ്ട്. ആ അധ്യായം ദൈവത്തെ മുഴുവനായി ജനങ്ങളോട് ബന്ധപ്പെടുത്തുന്നു. "പറയുക: ജനങ്ങളുടെ നാഥനിൽ ഞാനഭയം തേടുന്നു. ജനങ്ങളുടെ രാജാവ്, ജനങ്ങളുടെ ആരാധ്യൻ"(14:1-3) "ജനങ്ങൾ"(അന്നാസ്) എന്നപദത്തിന് പകരം ലോകങ്ങൾ (അൽ ആലമീൻ)എന്ന് അവർ തിരുത്തട്ടെ. (അധികം പരിഭാഷഖരും വ്യഖ്യാതാക്കളും അന്നാസ് എന്ന് ഖുർആൻ പ്രയോഗിച്ച അറബി പദത്തിന് "മാനവരാശ്" എന്നല്ല "ജനങ്ങൾ"

ഇരുപതാം നൂറ്റാണ്ടിൽ അതിന് കല്പിക്കപ്പെടുന്ന അർത്ഥത്തിൽ-എന്നാണ് അർത്ഥം നൽകുന്നത് എന്ന് ഇവിടെ ചൂണ്ടിക്കാണിക്കണം.

2. 'റൂശൻഫിക്ർ' ദ്വയാർത്ഥമുള്ള ഒരു പേർഷ്യൻ പദമാണ്. മുനവ്വിറുൽ ഫികിർ എന്ന അറബി പദത്തിൽ നിന്നാണിതിന്റെ ഉൽഭവം. ജലാൽ അലി അഹ്മദിന്റെ 'ഖിദ്മത്ത് വഖിയാനത്തെ റൂശാൻഫിക്ർ' (തെഹ്റാൻ;റവാഖ്1358/1979) എന്ന പുസ്തകത്തിൽ ഇതിന്റെ വിവരണമുണ്ട്. ഇതിനെ ഇംഗ്ലീഷിലെ ഗലാതതാമൂ ഹോത എന്ന പദത്തോട് താരതമ്യപ്പെടുത്തുകയാണ് സാധാരണ ചെയ്യാറ്. പക്ഷെ ഈ പാഠം കാണിച്ചു തരുന്നതു പോലെ ഡോ.ശരീഅത്തി അതിന് രണ്ട്വ്യത്യസ്ത അർത്ഥങ്ങൾ കൽപിക്കുന്നു. ചിലപ്പോൾ അദ്ദേഹം അതിന് ബുദ്ധിജീവി എന്നും മറ്റുചിലപ്പോൾ സാമൂഹ്യ പ്രവാചകൻ എന്നും അർത്ഥം നൽകുന്നത് കാണാം. സന്ദർഭത്തിനനുസരിച്ച് ഈ പദത്തിന് 'ബുദ്ധിജീവി' എന്നോ 'പ്രബുദ്ധവ്യക്തി' എന്നോ പരിഭാഷ നൽകിയിരിക്കുന്നു (എഡിറ്റർ)
3. പേർഷ്യക്കാരുടെ ഒരു സാധാരണ സാംസ്കാരിക ഇനമാണ് പുസ്തക ജോത്സ്യം. ഖുർആനോ പന്ത്രണ്ടാം നൂറ്റാണ്ടിലെ മഹാനായ ഇറാനിയൻ കവി ഹാഫിസിന്റെ സമാഹാരമോ ഇതിനായുപയോഗിക്കുന്നു. ഗുരുതരമായ എന്തെങ്കിലും ധർമ്മ സങ്കടമോ തീരുമാനമെടുക്കേണ്ട പ്രശ്നമോ വന്നാൽ ഒരാൾ ഇവയിലൊരു ഗ്രന്ഥം തുറക്കുന്നകിട്ടുന്ന പേജിലെ ഉള്ളടക്കം ഒന്നുകിയൽ ഉറപ്പ് അല്ലെങ്കിൽ നിരുത്സാഹം നൽകും.(എഡിറ്റർ).
4. ഖാജർരാജാക്കൻമാരിലെ ഉപാന്ത്യനായ മുഹമ്മദ് അലിഷായുടെ പട്ടാളക്കാർക്കെതിരെ തബ്രീസിൽ ചെറുത്തിൽപ് പ്രസ്ഥാനം നയിച്ച രണ്ടു നേതാക്കളിലൊരാളാണ് സത്താർഖാൻ (മരണം 1292/1913). തബ്രീസിലെ ൊരു സാധു കച്ചവടക്കാരനായിരുന്നു. ഹാജ് ഹസൻ ഖറാച്ചഭാഗിയുടെ പുത്രനായിരുന്നുസത്താർ(എഡിറ്റർ)
5. അല്ലാമാ മുഹമ്മദ് ഖസ്വിനി (1877-1949) ഇരുപതാം നൂറ്റാണ്ടിലെ ഇറാനിലെ സാഹിത്യചരിത്ര രംഗത്തെ ഒരു പ്രമുഖ പണ്ഡിതൻ. ിസ് ലാമിക മാതൃകയിലും യുറോപ്യൻ മാതൃകയിലുമുള്ള സികൂളുകളിൽ അദ്ധേഹം പരശീലനം നേടിയിരുന്നു. ഭരഘടനാ വിരുദ്ധ പ്രസ്ഥാനത്തിന്റെ തലവനായ ശൈഖ് ഫദിലുല്ലാനൂറാനിയാണ് കർമ്മ ശാസ്ത്രത്തിൽ അദ്ധേഹത്തിന്റെ ഗുരു.(എഡിറ്റർ)
6. അലി അക്ബർ ദെഹ്കുദാ(1880-1955) പണ്ഡിതനും ഭാഷാശാസ്തരജ്ഞനും വിജ്ഞാനകോശനിർമ്മാതാവും പത്രപ്രവർത്തകനും ഭരഘടനാ പ്രസ്ഥാനത്തിലെ സജീവംഗവുമാ.ിലുന്നു. തെഹ്റാനിലും വിയന്നയിലും പഠിച്ചു. ഇറാനിലേക്ക് തിരിച്ചുവന്നപ്പോൾ ഭരഘടനാ വിപ്ലവത്തിന്റെ നടുവിലാണെത്തിയത്. ്ദ്ധേഹത്തിന്റെ ഉപഹാസലേഖനങ്ങൾ പ്രമുഖ ദിനപത്രമായ'സൂർഇസ്റാഫീ'ലിൽ പ്രസിദ്ധപ്പെടുത്തി. രാഷ്ട്രീയ സ്വധീനം ചെലുത്തുന്നവയായിരുന്നു അവ. മത്രമല്ല പത്രപ്രവർത്തനത്തിൽ ഒരു പുതിയ ശൈലിയുടെ തുടക്കവും. പിന്നീട് അദ്ധേഹം പ്രർലിമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. രാഷട്രീയത്തിൽ ത്ൽപര്യം നശിച്ചപ്പോൾ അദ്ധേഹം തന്റെ ഏറ്റവും വലിയ സംഭാവനയായ ഗ്രന്ദത്തിന്റെ-തന്റെ തന്നെ പേരിൽ നാമകരണം ചെയ്യപ്പെട്ട 'ലുഗത്ത്മെദ്ഹ്ഖുദാ' എന്ന വിജ്ഞാനകോശ സദൃശമായ നിഘണ്ടു- രചനയിലേക്ക് തിരിഞ്ഞു.(എഡിറ്റർ)
7. ഭവിയിൽ കുടിയേറുന്നതിന് വേണ്ടി ഫലഭുയ്ഷ്ടമായ സ്ഥലം കണ്ടിപിടിക്കാനുള്ള അന്വേഷണവുമായി മുമ്പോട്ട് ഒരു ഗോത്രം ചുമതലപ്പെടുത്തുന്ന വ്യക്തിയാണ് 'അർറാഇദ്'അയാൾ ഫലഭൂയിഷ്ടമായ നിലം കണ്ടെത്തിയാൽ മാത്രം പോര സുരക്ഷിതത്വത്തിന്റെ നിലവാരം തിട്ടപ്പടുത്തുകയും ശത്രുഗോത്രങ്ങളിൽ നിന്നും സാധ്യമായുള്ള അപകടങ്ങളിൽ നിന്നുമുള്ള അകലം കണക്കാക്കുകയും വേണം.

8. ഇസ ലാമിക ലേകവീക്ഷണത്തിൽ ഹിക്മത് എന്ന പദത്തിന്റെ അർത്ഥം " എല്ലാ മനുഷ്യവിജ്ഞാനങ്ങളുടേയും അടിത്തറ" എന്നാണ്. ശസ്ത്രങ്ങളുടെ വർഗീകരണത്തെകുറിച്ച പ്രബന്ധത്തിൽ ഇബ്നുസീന (അവിസന്ന) അക്കാലത്തെ എല്ലാ ശാസ്തരമേഖലകളെയും സൂചിപ്പിക്കാൻ ഹിക്മത് ഉപയോഗിച്ചിട്ടുണ്ട്. പിന്നീട ദ്ധേഹം സൈദ്ധാന്തികവും പ്രായോഗുകവപനായ വിഭാഗങ്ങാക്കി വിഭജിച്ചു. ഹികമത് ആർജ്ജിക്കുന്നതോടെ ഒരാൾ പ്രബുദ്ധനാവുന്നുവെന്നും തന്റെ അസ്തിത്വത്തെക്കുറിച്ചു ബോധവാനാവുന്നു എന്നും സങ്കൽപിക്കപ്പെടുന്നു.(എഡിറ്റർ).
9. അബ്ബാസിയക്കൾ എങ്ങിനെ ജനങ്ങളെ രാഷ്ട്രീയ രഹിതമാക്കി എന്നും ശാസ്ത്ര പുരോഗതിയും കല, സാഹിത്യം, ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ, ദാർശനിക സംവാദങ്ങൾ, വിവർത്തനം, അന്യജനതകളുടെ പൈതൃകവും സംസ്കാരവും അനുകിക്കൽ എന്നിവയും പ്രോത്സാഹിപ്പിച്ചുകൊണ്ട് 'തെറ്റ്' 'ശരി' പ്രശ്നങ്ങളിൽനിന്നും രാഷ്ട്രീയ പ്രശ്നങ്ങളിൽ നിന്നും അവരുടെ ശ്രദ്ധ തിരിച്ചുവിട്ടു. എന്നും ഇസ്ലാം ശനാസി(മശ്ഹദ്,1968) യിൽ ഞാൻ ചൂണ്ടിക്കാണിച്ചുട്ടുണ്ട്. മത ശാസ്ത്രങ്ങലുടെ വികാസം മതത്തിന്റെ സുപ്രധാന പ്രശ്നങ്ങളെ വ്യത്യതയിലേക്ക് തള്ളി.
10. ഫ്രാൻസ് ഫാനനെപ്പോലെയുള്ളവരെയാണ് പടിഞ്ഞാറ് യൂറോപ്യർക്കാവശ്യം എന്ന് സാർത്ര് കരുതുന്നത് കൗതുകകരമാണ്. ഫാനന്റെ the wretched of the erth എന്ന കൃതിയുടെ മുഖവുരയിൽ സാർത്ര് പറയുന്നു: "ആഫ്രിക്കക്കാരനെഴുതിയ ഈ പുസ്തകം ഒരു ബോംബാണ്. ഈ പാശ്ചാത്യ വിരുദ്ധ കൃതി മുതലാളിത്ത നാഗരികതയുടെ ഹൃദയവും ബൂർഷ്വാവേശ്യാലയവുമായ പാരീസിൽ പ്രചരിപ്പിക്കുന്നത് ഞാനിഷ്ടപ്പെടുന്നു. പടിഞ്ഞാറൻ സാധാരണക്കാർക്ക് ഇത്തരമൊരു പൊട്ടിത്തെറി ആവശ്യമാണ്".
11. 1941നും 1953നുമിടയ്ക്കുള്ള കാലം ഇറാനിൽ ഭരണഘടനാ പുനരുജ്ജീവന (ഇഹ്യായെ മശ്ദൂതിയാത്)ത്തിന്റെ വർഷങ്ങളായിരുന്നു. ഈ കാലയളവിൽ ഇറാൻ ഉന്നത നിലവാരത്തിലുള്ള ജനാധിപത്യ സ്വാതന്ത്ര്യം അനുഭവിച്ചു. ഏക ഛത്രാധിപതിയായ റിസാഷായെ സഖ്യസേന ഇറാനിൽ നിന്ന് പുറത്താക്കി. അയാളുടെ മകൻ എന്തെങ്കിലും നിയന്ത്രണം സ്ഥാപിക്കാൻ കഴിയാത്തത്ര ചെറുപ്പമായിരുന്നു. ഈ ഘട്ടത്തെയാണ് ശരീഅത്തി സൂചിപ്പിക്കുന്നത് (എഡിറ്റർ).
12. അഹ്മദ് കിസ്റവിയും അയാളുടെ അനുയായികളുമാണ് സൂചന. ഉപരിപ്ലവമെന്ന് അവർ വിലയിരുത്തുന്ന പുസ്തകങ്ങൾ ആഴ്ചയിലൊരിക്കൽ അവർ കത്തിക്കാറുണ്ടായിരുന്നു.(എഡിറ്റർ)
13. ഇരുപതാം നൂറ്റാണ്ടിൽ ഇറാനിലെ ഏറ്റവും സ്വാധീനമുള്ള പണ്ഡിതനും നിയമജ്ഞനും ചരിത്രകാരനും എഴുത്തുകാരനുമാണ് സയ്യിദ് അഹ്മദ് കിസ്റവി. അദ്ദേഹം 1890ൽ തബ്സിൽ ജനിച്ചു. ശിയാ വിരുദ്ധകാഴിചപ്പാടുകൾ കാരണം 1946ൽ ഫദാഇയാനെ ഇസ്ലാമി (ഇസ്ലാമിനു വേണ്ടി ഉഴിഞ്ഞുവെച്ചവർ)ന്റെ അനുയായികളാൽ വധിക്കപ്പെട്ടു.

    അറബി, ഫ്രഞ്ച്, ഇംഗ്ലീഷ്, റഷ്യൻ ഭാഷകൾ അദ്ദേഹത്തിനറിയാമായിരുന്നു. ഇറാൻ ചരിത്രത്തെയും സാമൂഹ്യ രാഷ്ട്ടീയ ജീവിതത്തെയും സംബന്ധിച്ച് ഏതാണ്ട് എഴുപത് കൃതികൾ രചിച്ചുട്ടുണ്ട്. പ്രമുഖ കൃതിയായ 'താരീഖെമശ്റൂതാഹും' ഇതിൽ പെടുന്നു. ഇവയ്ക്കു പുറമെ 'പർച്ചം' എനവ്ന ദിനപത്രവും 'പൈമാൻ' എന്നൊരു ജേണലും പ്രസിദ്ധീകരിച്ചു (എഡിറ്റർ).
14. ഉസ്മാനിയാ ഖിലാഫത്ത് നിലനിന്നിരുന്ന കാലത്ത് ദേശീയത ഇസ്ലാമിനെ നശിപ്പിക്കാനുള്ള സാമ്രാജ്യത്വ ഖഡ്ഗമായിരുന്നു. ഇംഗ്ലീഷുകാരനായ ലോറൻസ് ഓഫ് അറേബ്യ(1888-1935)യും ഫൈസൽ രാജാവും (ഭരണകാലം 1921-23)മായിരുന്നു ഇതിന്റെ നേതാക്കൾ.

15. ലാറ്റിനമേരിക്കയിലെ ബുദ്ധിജീവികൾ എങ്ങിനെയാണ് കത്തോലിക്കാ മതത്തെ വ്യാഖ്യാനിച്ചതിനെക്കുറിച്ച് ഡോ.ശരീഅത്തി ബോധവാനല്ല എന്നു വ്യക്തം. ഒരു പണ്ഡിതൻ ചൂണ്ടിക്കാണിച്ചതുപോലെ ശരീഅത്തിയുടെ ഇസ്‌ലാമിനോടുള്ള സമീപനം "വിമോചനശാസ്ത്രത്തിന്റെ" വാക്താക്കളുടെ ക്രൈസ്തവമത വ്യഖ്യാനത്തിന് സദൃശമാണെന്ന് വാസ്തവം. ബഹ്മാൻ ബാക്താരിയുടെ "Religion and Politcs: The middle East and Latin America"ൽ നിന്ന് ഇത് മനസ്സലാക്കാം. പി.എച്ച.ഡി പ്രബന്ധം വിർജീനിയ സർവകലാശാല1984(എഡിറ്റർ).

16. പ്രൊട്ടസ്റ്റന്റ് നേതാക്കൾ പറയാറുണ്ടായിരുന്നു: " ജനങ്ങളേ, ജീവിതത്തിന്റെ ഭൗതിക വശങ്ങൾ അവഗണിക്കണമെന്നും അതിന്റെ ആന്തരിക സത്തയിൽ മാത്രമേ ശ്രദ്ധ പതിപ്പിക്കാവൂ എന്നും പൂർണ്ണമായും വിരക്തി നേടണമെന്ന് ക്രിസ്തുമതം ഒരിക്കലും നിങ്ങളോടാവശ്യപ്പെട്ടിട്ടില്ല. നമുക്ക് അധികാരവും സാമൂഹി സുരക്ഷിതത്വവുമാണ്ടായാൽ ദൈവം സന്തോഷിക്കുകയാണ് ചെയ്യുക." ചുരുക്കത്തിൽ പിന്തിരിപ്പന്മാർ മതത്തിന്റെ പുരോഗമനാത്മ വശങ്ങൾ അരികിലേക്ക് അടിച്ചുകൂട്ടി മാറ്റി വെച്ചപ്പോൾ പരിഷ്കർത്താക്കൾ ആ വശങ്ങൾ ഉയർത്തിക്കാട്ടുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഐഹിക ജീവിത സംബന്ധിയാണവ.

17. സൂചന കർബലാ സംഭവം. ഹുസൈൻ(റ) രക്തസാക്ഷിത്വം ശിയാക്കളുടെ മുഖ്യ പ്രദോനമാണ്. ശരീഅത്തിയുടെ "രക്തസാക്ഷ്യം" (ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്) വായിക്കുക. (വിവർത്തകൻ)

18. വിപ്ലവം, നീതി, യുദ്ധം എന്നീ പ്രശ്നങ്ങളുമായി ജീവിതത്തിൽ ഒന്നും ചെയ്യാനില്ലാത്ത മറ്റൊരു ഇമാമിന്റെ കഥ തീർച്ചയായും വിഷയമാവുകയും പ്രാർത്ഥനകൾക്ക് ഊന്നൽ കൊടുക്കുകയുമാണെങ്കിൽ ബുദ്ധിജീവികൾ എന്ന നിലയിൽ നാം സംഭവങ്ങളുടെ ഈ പുരോഗമനാത്മ വശങ്ങളിൽ ഊന്നണം. പ്രാർത്ഥനവും വിരക്തിയും വ്രതവും ആരാധനയുമാണ് മതത്തിന്റെ തൂണുകൾ എന്നു പറയുന്നതെങ്കിൽ നീതിയും നേതൃത്വവും സമരവുമാണ് മതത്തിന്റെ സ്തംഭങ്ങൾ എന്ന് പറഞ്ഞ്കൊണ്ട് പ്രബുദ്ധ വ്യക്തികൾ അതിനെ എതിർക്കേണ്ടതുണ്ട്.

19. ഖുർആനിലെ 'ഖാഫിറു'കളൊക്കെ "മതരഹിതർ" അല്ല. ഈ സൂക്തം ശ്രദ്ധിക്കുക: 'സ്വർണ്ണവും വെള്ളിയും പൂഴ്ത്തി വെക്കുകയും അവ ദൈവമാർഗ്ഗത്തിൽ വ്യയം ചെയ്യാതിരിക്കുകയും ചെയ്യുന്നവർക്ക് (മുഹമ്മദേ) വേദനാ പൂർണ്ണമായി അന്ത്യത്തെക്കുറിച്ച് നീ വാർത്തയറിയിക്കുക".(9:34); ഇതും "അല്ലാഹുവിന്റെ സന്ദേശങ്ങളിൽ അവിശ്വസിക്കുകയും പ്രവാചകന്മാരെ അന്യായമായി കൊല്ലുകയും ജനങ്ങളിൽ നീതി അനുശാസിക്കുന്നവരെ വധിക്കുകയും ചെയ്യുന്നവരെ വേദനയേറിയ ശിക്ഷയെക്കുറിച്ച് വാർത്തയറിയിക്കുക."(9:20)കാഫിറിന്റെ മതമെന്തെന്നു ഇതിൽ നിന്നു ഗ്രഹിക്കാം. ഒരു വശത്ത് ജനങ്ങൾക്കിടയിൽ പ്രവാചകന്മാരുടെ പാരമ്പര്യം നിലനിറുത്താനും നീതിയും സമത്വവും സുസ്ഥാപിക്കുവാനും കഠിനയത്നം ചെയ്യിന്നവരാണുള്ളത്. മറുവശത്ത് പ്രവാചകന്മാരുടെ നീതിക്കും സമത്വത്തിനും എതിരെ നിലകൊള്ളുന്നവരും. മതം, "നിഷേധം" എന്നിവയിൽ നിന്ന് ഇസ്‌ലാമിന്റെ ചരിത്രപരവും വർഗ്ഗാധിഷ്ഠിതവുമായ മനസ്സിലാക്കലാണിത്. 'മതനിഷേധിയെ നീ കണ്ടുവോ?, അനാഥകളെ ആട്ടിയോടിക്കുകയും അഗതിക്ക് അർഹതപ്പെട്ട ആഹാരം കൊടുക്കാൻ പ്രേരിപ്പിക്കാതിരിക്കുകയും ചെയ്യുന്നവനാണവൻ" (107-13).